ഇന്ത്യൻ ചർച്ച് ഓഫ് ക്രൈസ്റ്റ്
കേരള റീജിയൻ

# എസ്ഥേർ
# യോനാ

പ്രഭാത പ്രാർത്ഥനാപരമ്പര
ജനുവരി 2024

# ആമുഖം

*(അവിടുന്ന്) അവർക്കു ജീവിക്കുവാനുള്ള കൃത്യമായ സ്ഥലങ്ങളും കാലാവധികളും നിശ്ചയിച്ചു* – അപ്പ 17:26

2023ന്റെ അവസാന ദിവസമാണ് ഇന്ന്. കടന്നുപോയ വർഷത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ നിങ്ങളുടെ ഹൃദയവികാരങ്ങൾ എന്തൊക്കെയാണെന്ന് എനിക്കു നിശ്ചയമില്ല. എന്നാൽ ഒരു കാര്യം എനിക്ക് ഉറപ്പുണ്ട്. ബൈബിൾ വചനത്തിൽ പറയുന്നതുപോലെ, അവിടുന്നാണ് നമ്മുക്കു ജീവിക്കാനുള്ള സ്ഥലവും നമ്മുടെ കാലാവധികളും എല്ലാം നിശ്ചയിച്ചു വച്ചിരിക്കുന്നത്. സകലദേശത്തെയും സകലജനതകളെയും സൃഷ്ടിച്ചതു ദൈവമാണെന്ന് പൗലോസ് ആഥൻസിലെ ആളുകളോടു സംസാരിക്കുന്നതിനിടയിലാണ് അവരുടെ സ്ഥലങ്ങളും സമയങ്ങളും നിശ്ചയിച്ചുവച്ചിരിക്കുന്നതു ദൈവമാണ് അദ്ദേഹം സൂചിപ്പിച്ചത്.

എന്റെ ദിവസങ്ങളും സമയങ്ങളും തീരുമാനിച്ചുവച്ചിരിക്കുന്നത് അവിടുന്നാ

ണ്...

നിങ്ങളുടെ ദിവസങ്ങളും സമയങ്ങളും തീരുമാനിച്ചുവച്ചിരിക്കുന്നത് അവിടുന്നാണ്...

നിങ്ങൾ ഇതു വിശ്വസിക്കുന്നുവോ? ഇതെല്ലാം ദൈവം നിശ്ചയിച്ചുവച്ചിരിക്കുന്നു എന്ന്...

ഒരു പക്ഷേ നിങ്ങൾ പറയുമായിരിക്കും; "എന്റെ വാഗ്ദാനങ്ങൾ നിവർത്തിക്കുന്നതിൽ ഞാൻ വീഴ്ചവരുത്തി, എന്റെ പരിശുദ്ധിയിൽ ഞാൻ കളങ്കപ്പെട്ടു, എന്റെ പ്രാർത്ഥനാജീവിതത്തിൽ ഞാൻ പരാജയപ്പെട്ടു"... അങ്ങനെ നിരവധി കാര്യങ്ങൾ.

എന്നിരുന്നാലും, നിശ്ചയിച്ചുവച്ചിരിക്കുന്നവൻ ദൈവമാണ്. നമ്മുടെ പരാജയങ്ങൾ ദൈവനിശ്ചയങ്ങളെ തടസ്സപ്പെടുത്തുന്നില്ല. നമ്മുടെ പരാജയങ്ങളിൽക്കൂടിപോലും പ്രവർത്തിക്കാൻ കഴിവുള്ളവനാണ് അവിടുന്ന്. നാം എടുത്ത മോശം തീരുമാനങ്ങളിൽക്കൂടിയും ദൈവം പ്രവർത്തിക്കുന്നു, എന്നിരുന്നാലും ദൈവമാണ് കാര്യങ്ങൾ തീരുമാനിക്കുന്നുവൻ.

വേദപുസ്തകം മുഴുവൻ വായിച്ചു തീർത്തതിലൂടെ ഞാൻ മനസ്സിലാക്കിയ ഒരു കാര്യമെന്നത്, എന്റെ തീരുമാനങ്ങൾ ദൈവനിശ്ചയങ്ങളെ തടസ്സപ്പെടുത്തുന്നില്ല എന്നതാണ്. ദൈവം എന്നെക്കാൾ ജ്ഞാനിയാണ്. എന്റെ അനുദിനതീരുമാനങ്ങളെക്കാൾ വളരെ ഉന്നതമാണ് അവിടുത്തെ നിശ്ചയങ്ങൾ. ഈ ഉലകത്തിൽ നടക്കുന്ന സകലകാര്യങ്ങളുടെയും മീതെ ദൈവത്തിനു പരമാധികാരമുണ്ട്.

ദൈവത്തിന്റെ പ്രവൃത്തികളിലൂടെ അവിടുത്തെ പരമാധികാരം വെളിപ്പെടുത്തുന്നതെപ്രകാരമെന്ന് ബൈബിളിലെ ഓരോ ഏടുകളും വ്യക്തമാക്കുന്നു. ഓരോ കഥയും നമ്മുടെ മുന്നിലൂടെ കടന്നുപോകുമ്പോൾ നമുക്കുമുന്നിൽ തെളിവായി വ്യക്തമാകുന്ന ഒരു സംഗതിയെന്നത്, പരമാധികാരിയായ ഒരു ദൈവം നമുക്കുണ്ട് എന്നു തന്നെയാണ്.

ഒരു പുതുവർഷത്തിലേക്കു നാം നാളെ പ്രവേശിക്കുമ്പോൾ 41 ദിവസം നീളുന്ന ഒരു പ്രഭാതപ്രാർത്ഥനാ പരമ്പര നമുക്കായി ഒരുക്കിയിരിക്കുന്നു, ആദ്യം

എസ്ഥേർ പുസ്തകത്തിൽ നിന്നും പിന്നീട് യോനാ പുസ്തകത്തിൽ നിന്നും. ബൈബിളിൽ സകല കഥാഖ്യാനങ്ങളിലും എന്നതുപോലെ ഈ രണ്ടു കഥയിലും ദൈവത്തിന്റെ പരമാധികാരത്തെ സുന്ദരമായി ചിത്രീകരിക്കുന്നതു നമുക്കു കാണാനാകും.

ഈ പരമ്പരയിലൂടെ കടന്നുപോകാനും ദൈവത്തിന്റെ പരമാധികാരം ആസ്വദിച്ച് ആഘോഷിക്കാനും ഈ ദിവസങ്ങളിൽ പ്രതിജ്ഞാബദ്ധരാകാം.

തടസ്സപ്പെടാതെ ഈ പരമ്പരയിലൂടെ ഫലപ്രദമായി കടന്നുപോകുന്നതിന് ഞാൻ കുറച്ചു നിർദ്ദേശങ്ങൾ വയ്ക്കട്ടെ:

- മറ്റൊരു സഹോദരുമായി/സഹോദരിയുമായി ഈ പാഠഭാഗങ്ങൾ അനുദിനം ഒരുമിച്ചുചെയ്യുക, അതു മുഖാമുഖമായാലും ഓൺലൈനിലായാലും.

- അതല്ലെങ്കിൽ ഒരു ചെറുകൂട്ടമായി ഒരുമിച്ചിരുന്നു ചെയ്യുക, സൂമിലൂടെയാകാം.

- അതുമല്ലെങ്കിൽ മറ്റൊരു സഹോദര നോട്/സഹോദരിയോട് ഇക്കാര്യ ത്തെക്കുറിച്ചു കണക്കുചോദിക്കാൻ ഏർപ്പാടുചെയ്യുക, എല്ലാദിവസവും.

- നമുക്കു പരസ്പരം ഉയരങ്ങളിലേക്കു വിളിക്കാം, അതിലൂടെ ക്രിസ്തു വിന്റെ ശരിയായ ശരീരമെന്ന നില യിൽ നമുക്കു വ്യാപരിക്കാം.

സവിശേഷമായ ഒരു പുതു വർഷത്തെ നമുക്കു നോക്കിപാർക്കാം, 2024നെ.

ദൈവം നിങ്ങളെ അനുഗ്രഹിക്ക ട്ടെ, എല്ലാവർക്കും മനോഹരമായ ഒരു വർഷം നേരുന്നു.

# എസ്ഥേർ: നിങ്ങളുടെ ജീവിതത്തിലെ ദൈവത്തിന്റെ പരമാധി കാരം

## ദിനം 1


2024ലേക്ക് എല്ലാവർക്കും സ്വാഗതം. ഈ പുതുവർഷത്തിലേക്കു നാം പ്രവേശിക്കുമ്പോൾ, ബൈബിളിലെ അതിശയമുളവാക്കുന്ന ഒരു പുസ്തകത്തിലൂടെ കടന്നുപോയിക്കൊണ്ട് നമ്മുടെ ഹൃദയങ്ങളെ നമുക്കു ചൂടുപിടിപ്പിക്കാം. ഈ പരമ്പരയെ **"ഒരു നക്ഷത്രത്തിന്റെ കഥ"** എന്ന പേരുവിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എസ്ഥേർ ശരിക്കും ഒരു താരമാണ്. (സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ ഞാൻ തീർച്ചയായും കാണാൻ ആഗ്രഹിക്കുന്ന ഒരു ആത്മാവാണ് എസ്ഥേറും മൊർദ്ദെഖായും എല്ലാം.. വാസ്തവം പറഞ്ഞാൽ ആ പട്ടികയിൽ അനേകം പേരുകൾ ഇടംപിടിച്ചിട്ടുണ്ട്).

ഒരു ബാലികയോ അല്ലെങ്കിൽ ഒരു രാജകുമാരിയോ പ്രധാന കഥാപാത്ര മായി വരുന്ന അനേകം കഥകൾ നമുക്കു പരിചിതമാണ്. അത്തരം കഥകൾ നാം വായിക്കുമ്പോൾ അതു നമ്മെ ഉത്സാഹ പ്പെടുത്തും, ആ കഥയോ നോവലോ വായിച്ചതിൽ അല്ലെങ്കിൽ ആ സിനിമ കണ്ടതിൽ നാം സന്തോഷിക്കുകയും ചെയ്യും. സിന്ഡ്രെല്ല, ബ്യൂട്ടി ആന്റ് ദി ബീസ്റ്റ്, സ്നോ വൈറ്റും ഏഴു കുള്ളന്മാ രും, സ്ലീപ്പിംഗ് ബ്യൂട്ടി, ലിറ്റിൽ മെർമെ യ്ഡ്, മോവാനാ, സൂട്ടോപിയ, ഫ്രോസൻ, ബ്രേവ്, ടാംഗിൾഡ്, ഇങ്ങനെ നിരവധി കഥാപാത്രങ്ങൾ ആ പട്ടികയിൽ ഓർമ്മയിലുണ്ട്. ഇതല്ലാത്ത യഥാർത്ഥ ജീവിത കഥകളും ധാരാളമു ണ്ട്.

നിങ്ങൾക്കു പ്രിയപ്പെട്ട കഥയോ കഥാപാത്രമോ ഏതാണ്? ഈ കഥകളി ലെല്ലാം നമ്മുടെ ശ്രദ്ധപിടിച്ചുപറ്റുന്ന, നമ്മെ നിമഗ്നമാക്കുന്ന ഒരു ഘടകമുണ്ടാ കും. അത്തരത്തിലുള്ള ഒരു ബൈബിൾ കഥയാണ് എസ്ഥേറിന്റേത്.

'എസ്ഥേർ' എന്ന ഗ്രീക്കു പേരിന്റെ അർത്ഥം 'നക്ഷത്രം' എന്നാണ്.

ഹെബ്രായ ഭാഷയിൽ അവളുടെ പേര് 'ഹദാസ്സാ' എന്നാണ്, 'മിർട്ടിൽ' എന്നാണ് ഈ പേരിന്റെ അർത്ഥം. ഒരു ചെടിയുടെ പേരാണിത്. ഈ ചെടിയുടെ പ്രത്യേകത എന്താണ്? മിർട്ടിൽ ചെടി ബാബിലോണിയൻ സ്വദേശിയാണ്, ഇസ്രായേലിലേക്ക് അതു പറിച്ചു നടപ്പെട്ടു. ഔഷധഗുണങ്ങളുള്ള ഈ ചെടിയുടെ പൂവ് സവിശേഷമായ ആകൃതിയിലുള്ളതാണ്, ഒരു നക്ഷത്രവിസ്ഫോടനം പോലെ അതിന്റെ നടുക്കു കാണാം, അതിനാലാകണം ഈ പേരു വരാൻ കാരണമായത് (ചിത്രം നോക്കുക). ഈ പേരിന്റെ മറുനാമമാണ് സ്റ്റെല്ല എന്നത്, ഈ പേരിന്റെ അർത്ഥവും നക്ഷത്രം എന്നാണ്. ബൈബിളിലെ എല്ലാ സംഭവങ്ങളിലെയും



കഥകളിലെയും താരം ദൈവമാണെന്ന് നമുക്കെല്ലാവർക്കും അറിയാം, അങ്ങനെയുള്ള ഒരു അർത്ഥത്തിൽ നോക്കുമ്പോൾ. എന്നാൽ ദൈവം താരമായുള്ള ഈ പുസ്തകത്തിലെ പ്രത്യക്ഷതാരം എസ്ഥേറാണ്, അതിനാലാണ് ഈ പുസ്തകം എസ്ഥേറിന്റെ പേരിൽ അറി

യപ്പെടുന്നത്. ഈ പുസ്തകം ആരാണ് എഴുതിയത് എന്ന കാര്യത്തിൽ വ്യക്ത തയില്ല. (എസ്ഥേറും മൊർദ്ദെഖായും ഒരുമിച്ചാണെന്നു കരുതപ്പെടുന്നു).

ഈ പുസ്തകത്തെക്കുറിച്ച് താത്പര്യകരമായ ചിലകാര്യങ്ങളുണ്ട്. ദൈവം എന്ന വാക്ക് ഈ പുസ്തക ത്തിൽ ഉപയോഗിക്കുന്നില്ല, ദൈവത്തെ ക്കുറിച്ചുള്ള പരാമർശവുമില്ല. മോശയെ ക്കുറിച്ചോ ന്യായപ്രമാണത്തെക്കുറിച്ചോ പരാമർശിക്കുന്നില്ല, വിശ്വാസത്തെക്കുറി ച്ചുള്ള പരാമർശവും ഇല്ല. ഈ പുസ്ത കത്തിൽനിന്നും ഒരു ഭാഗവും എടുത്ത് പുതിയനിയമത്തിൽ ഉദ്ധരിച്ചിട്ടില്ല. എഴു തിയത് ആരെന്നും നിശ്ചയമില്ല. എന്നി രുന്നാലും ഈ പുസ്തകത്തിലൂടെ നാം കടന്നുപോകുമ്പോൾ, നാം എല്ലാവരും ദൈവസന്നിധിയിൽ പ്രാധാന്യമുള്ളവ രാണ് എന്ന തിരിച്ചറിവ് നമുക്കു ലഭിക്കു ന്നു. വലിയ അത്ഭുത പ്രവർത്തികളിലൂ ടെയും, ചരിത്രത്തിലൂടെയും, അതിശയ കരമായ സംഭവങ്ങളിലൂടെയും, ചെറി യവരും വലിയവരുമായ പലവ്യക്തിക ളിലൂടെയുമെല്ലാം ദൈവം പ്രവർത്തി ക്കുന്നത് തീർച്ചയായും നാം കണ്ടിട്ടുണ്ട്. എന്നാൽ ഈ വകകളിലൂടെ മാത്രമല്ല

ദൈവം പ്രവർത്തിക്കുന്നത്. നമ്മുടെ ജീവിതത്തിലെ അനുദിനവ്യാപാരങ്ങളിലൂടെയും ദൈവം പ്രവർത്തിക്കുന്നു, എന്റെയും നിങ്ങളുടെയും സാധാരണമായ-വിരസതയുളവാക്കുന്ന-അനുദിനപ്രവർത്തികളിലൂടെതന്നെ. ഇത്തരം പ്രവൃത്തികളെ/സംഭവങ്ങളെ ദൈവം തിരഞ്ഞെടുക്കുകയും, വിശാലവും വലുതും മെച്ചവുമായ തന്റെ പദ്ധതികളിലേക്ക് അവയെ ഇണക്കിച്ചേർക്കുകയോ നിരത്തിവയ്ക്കുകയോ ചെയ്യുന്നു. ദൈവനാമം ഈ പുസ്തകത്തിൽ കാണുന്നില്ലെങ്കിലും ദൈവകരം നാം തെളിവായിത്തന്നെ ഈ പുസ്തകത്തിലെ സംഭവങ്ങളിൽ കാണുന്നു. John Nelson Darby എന്ന ദൈവശാസ്ത്രജ്ഞൻ പറഞ്ഞതുപോലെ, രംഗപടങ്ങൾക്കു പിന്നിലാണ് ദൈവം നിൽക്കുന്നത്, എന്നാൽ ആ രംഗങ്ങൾ പിന്നിൽ നിന്നു ചലിപ്പിക്കുന്നവൻ ദൈവം തന്നെയാണ്.

നമ്മെസംബന്ധിച്ച ചില ചോദ്യങ്ങൾക്ക് ഉത്തരം നല്കുന്ന ഒരു പുസ്തകം തന്നെയാണ് എസ്ഥേർ പുസ്തകം: ധാരാളംപേർ ദൈവത്തെ ധിക്കരിച്ചു ജീവിക്കുമ്പോൾ ഞാൻ

മാത്രം ദൈവത്തെ സർവ്വാത്മനാ അനുസരിച്ചു ജീവിക്കുന്നതുകൊണ്ട് എന്തു ഗുണമാണുള്ളത്? ഞാൻമാത്രം ദൈവഹിതം അനുസരിച്ചു ജീവിക്കുമ്പോൾ അതെങ്ങനെ ശരിയാകും? അനുദിനമുള്ള എന്റെ ബൈബിൾ വായനയോ പ്രാർത്ഥനയോ മുടങ്ങിയാൽ അതെങ്ങനെ ലോകത്തെ ബാധിക്കും? ഞാൻ വിശ്വാസം പങ്കുവച്ചില്ലെങ്കിൽ അതുകൊണ്ട് എന്തു കുഴപ്പമാണ് ഉണ്ടാവുക? പ്രയാസങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും നാം കടന്നുപോകുമ്പോൾ നമുക്കുണ്ടാകുന്ന ചോദ്യങ്ങളും നിരവധിയാണ്: എന്നേക്കാൾ മോശമായ ആളുകൾ സന്തോഷിച്ചും ആഘോഷിച്ചും ജീവിക്കുന്നു ഞാൻ ദൈവഹിതം അനുസരിക്കണമെന്ന മനോഭാവത്തോടെ ജീവിച്ചു കഷ്ടപ്പെടുന്നു - ഇതിനൊക്കെ എന്താണർത്ഥം? ദൈവത്തെ പരിഗണിക്കാത്തയാളുകൾ എത്ര സന്തോഷത്തോടെയാണ് ജീവിക്കുന്നത്?

ഇന്നു (അല്ലെങ്കിൽ അടുത്തകാലത്തായി) നിങ്ങളെ മഥിക്കുന്ന ചോദ്യങ്ങൾ എന്തൊക്കയാണ്? നിങ്ങളുടെ ജീവിതത്തിലേക്കു പ്രയാസങ്ങൾ കടന്നുവരുമ്പോൾ നിങ്ങളിൽ തലപൊ

ക്കുന്ന സംശയങ്ങൾ എന്തൊക്കെയാണ്?

ഒരു കാര്യം തീർച്ചയായും അറിയുക - നിങ്ങളുടെ ജീവിതം ദൈവത്തെ സംബന്ധിച്ച് പ്രധാനപ്പെട്ടതാണ്, നിങ്ങളുടെ ആത്മാവ് ദൈവത്തിനു പ്രധാനപ്പെട്ടതാണ്, നിങ്ങളുടെ പ്രയത്നങ്ങൾ ദൈവത്തിനു പ്രധാനപ്പെട്ടതാണ്, നിങ്ങളുടെ വിശ്വസ്തത ദൈവമുമ്പാകെ മൂല്യമുള്ളതാണ്. ഈവകകാര്യങ്ങളിൽ എസ്ഥേർ പുസ്തകത്തിന്റെ പ്രസക്തി വലുതാണ്.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങളുടെ ജീവിതത്തിൽ ഉൾപ്പെട്ടിരിക്കുന്ന വ്യത്യസ്തതരക്കാരായ ആളുകളെയും വിവിധങ്ങളായ സാഹചര്യങ്ങളെയും ഓർത്തു പ്രാർത്ഥിക്കുക.


നിങ്ങൾ കടന്നുപോകുന്ന കാര്യങ്ങളിൽ ദൈവഹിതമെന്തെന്നും ദൈവപദ്ധതി എന്തെന്നും തിരിച്ചറിയാനായി പ്രാർത്ഥിക്കുക.

# ദിനം 2

**അദ്ധ്യായം 1:1**

1ഹിന്ദുദേശം മുതൽ കൂശ്‌വരെ 127 സംസ്ഥാനങ്ങളിൽ അഹശ്വേരോശ് വാണിരുന്ന കാലത്ത്,*

ക്രിസ്തുവിന് 483 വർഷം മുമ്പാണ് ഈ കഥ അരങ്ങേറുന്നത്. (അതായത് ഏകദേശം 2500 വർഷങ്ങൾക്കു മുമ്പ്. അക്കാലത്ത് കേരളം ഒരു സംസ്ഥാനമായി രൂപപ്പെട്ടിട്ടില്ല, കേരളത്തിന്റെ ഭാഗങ്ങളും തമിഴ്നാടിന്റെ ഭാഗങ്ങളും ചേർന്നുള്ള ഭൂപ്രദേശത്തു വാണിരുന്നത് ചേര രാജവംശമായിരുന്നു. (ചിത്രം: ചേര രാജവംശത്തിന്റെ നാണയം.




കടപ്പാട്: hindujafoundation.org). ചേര രാജവംശത്തിന്റെ നേതൃത്വത്തിൽ കയറ്റിറക്കുമതികൾ അക്കാലത്തു നടന്നിരു

--------------------------

*എല്ലാവചനങ്ങളും എടുത്തുപയോഗിച്ചിരിക്കുന്നത് The Holy Bible, New International Versionന്റെ മലയാളം പരിഭാഷയിൽനിന്നുമാണ് (NIBV, 2000), വേറെ സൂചനകൾ നല്കിയിട്ടില്ലെങ്കിൽ.

ന്നു. ചേരരാജവംശത്തെക്കുറിച്ചു സൂചന നല്കുന്ന ഒരു ചെറിയ ശിലാലിഖിതം വയനാട്ടിലെ എടക്കൽ ഗുഹയ്ക്കുള്ളിൽ ഉണ്ടെന്നുള്ളത് താത്പര്യമുണർത്തുന്ന ഒരു കാര്യമായേക്കും.




(ചിത്രം: എടക്കൽ ഗുഹയിലെ ശിലാലിഖിതങ്ങൾ. കടപ്പാട്: mywayanad.com). 2000 വർഷങ്ങൾക്കുമുമ്പ്, യേശുവിന്റെ ജീവിതകാലത്ത്, ഇവിടെ എന്തു സംഭവിച്ചിരിക്കാം എന്ന് ചിലസ്ഥലങ്ങളിൽ ഞാൻ പ്രാർത്ഥിക്കുമ്പോൾ ഒരു കൗതുകത്തിനു ചിന്തിക്കാറുണ്ട്. നമുക്കറിയാത്ത കാര്യങ്ങളാണ് അതെല്ലാം.

ബി സി 483ൽ അക്കാലത്തെ പേർഷ്യൻ കാലഘട്ടത്തിലാണ് ഈ കഥ തുടങ്ങുന്നത്. ചരിത്രത്താളുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ സാമ്രാജ്യമായിരുന്നു അക്കാലത്തെ പേർഷ്യൻ സാമ്രാജ്യം (പാർസ്യ എന്നു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു). മേദ്യ-പേർഷ്യ സാമ്രാജ്യം (Mede-Persian Empire) എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. അക്കാദമിക് പുസ്തകങ്ങളിൽ അക്കാമെനിയൻ

സാമ്രാജ്യം (Achaemenian Empire) എന്നാണു രേഖപ്പെടുത്തിയിരിക്കുന്നത്. ചരിത്രപരമായി ഇരുമ്പുയുഗ കാലഘട്ട മായിരുന്നു ഇത്. മഹാനായ കോരശ് ചക്രവർത്തിയാണ് (Cyrus the Great or Cyrus II) ഈ സാമ്രാജ്യത്തിന്റെ സ്ഥാപകൻ. (ചിത്രം: ഇറാനിലെ Fars പ്രവിശ്യയിൽ സ്ഥിതിചെയ്യുന്ന കോരശ് രണ്ടാമന്റെ ശവകുടീരം). കോരശ് രണ്ടാമൻ എന്നും അദ്ദേഹം



അറിയപ്പെടുന്നു. (ഏശയ്യാ 44:28ലെ പ്രവചനം പോലെ ബാബിലോൺ രാജാവിനെ കോരശ് കീഴ്പ്പെടുത്തി. ബാബിലോണിന്റെ അടിമത്തത്തിൽ നിന്നും ആദ്യപറ്റം ഇസ്രായേൽമക്കളെ സ്വന്തം നാട്ടിലേക്കു തിരിച്ചുപോകാൻ സഹായിച്ചത് ഇദ്ദേഹമാണ് - എസ്രാ യുടെ പുസ്തകത്തിൽ നാം വായിക്കു ന്നതുപോലെ. അദ്ദേഹത്തിന്റെ ശാസനം 2 ദിനവൃത്താന്തം 36:22–23ൽ നമുക്കു കാണാനാകും). (ചിത്രം: ബ്രിട്ടീഷ് മ്യൂസിയത്തിൽ സ്ഥിതിചെ യ്യുന്ന Cyrus cylinder. തന്റെ സാമ്രാ ജ്യത്തിലെ അന്യദേശ അടിമകൾക്ക്



അവരുടെ നാട്ടിലേക്കു തിരിച്ചു പോകാൻ രാജാവ് അനുമതി നല്കിയകാര്യം ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു).

മേദ്യ-പേർഷ്യൻ സാമ്രാജ്യം ഇന്ത്യമുതൽ എത്യോപ്യ (കുശ്) വരെ നീണ്ടുകിടക്കുന്ന വിസ്തൃതമായ ഒരു സാമ്രാജ്യമായിരുന്നു, ഇന്നത്തെ രാജ്യങ്ങളായ തുർക്കി, ഇറാഖ്, ഇറാൻ, പാക്കിസ്ഥാൻ, യോർദ്ദാൻ, ലെബനോൻ, ഇസ്രായേൽ, ഈജിപ്റ്റിന്റെ ചില ഭാഗങ്ങൾ, സുഡാൻ, ലിബിയ, അറേബ്യ മുതലായവയെല്ലാം അന്ന് ഈ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. എസ്ഥേർ പുസ്തകത്തിൽ വിവരിക്കുന്ന കാര്യങ്ങളെ സാധൂകരിക്കുന്ന പുരാവസ്തു തെളിവുകൾ നിരവധിയാണ്.

2 അഹശേരോശ് രാജാവ് ശൂശൻരാജധാനിയിൽ തന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ, 3 തന്റെ വാഴ്ചയുടെ മൂന്നാം ആണ്ടിൽ തന്റെ സകല പ്രഭുക്കന്മാർക്കും ഭൃത്യന്മാർക്കും

ഒരു വിരുന്നു നല്കി; പാർസ്യ
യിലെയും മേദ്യയിലെയും
സൈന്യാധിപന്മാരും പ്രഭുക്ക
ന്മാരും സംസ്ഥാനപതികളും
അവന്റെ സന്നിധിയിൽ ഉണ്ടായി
രുന്നു. 4അന്ന് അവൻ തന്റെ രാജ
കീയ മഹത്ത്വത്തിന്റെ ഐശ്വ
ര്യവും തന്റെ മഹിമാധിക്യത്തിന്റെ
പ്രതാപവും വളരെ നാളുകൾ, 180
ദിവസങ്ങളോളം പ്രദർശിപ്പിച്ചു.

അഹശ്വേരോസ് (Ahasuerus) രാജാവ് ഇന്ത്യമുതൽ എത്യോപ്യവരെ നീണ്ടു കിടന്ന 127 പ്രവിശ്യകളെ ഭരിക്കുന്ന രാജാവായിരുന്നു. അദ്ദേഹത്തിന്റെ ഗ്രീക്കുപേരാണ് കൂടുതൽ സുപരിചിതം, സെർക്സെസ് (Xerxes). അദ്ദേഹത്തിന്റെ മകനായ അർതാസെർക്സെസിന്റെ (Artaxerxes) പാനപാത്രവാഹകനായിരുന്നു നെഹെമിയാവ്. ജെറുസലേമിലേക്കു തിരിച്ചുപോയി തകർന്നുകിടന്ന ചുറ്റുമതിലുകൾ പണിയാൻ നെഹമ്യാവിന് അനുമതിനല്കിയത് ഈ രാജാവാണ്).

വിപുലമായ ഒരു വിരുന്നുമായിട്ടാണ് എസ്ഥേർ പുസ്തകം തുടങ്ങുന്ന

ത്, സർക്കാർ ചിലവിൽ നടത്തപ്പെട്ട ആറുമാസം നീണ്ട ബൃഹത്തായ ഒരു വിരുന്ന്. ഈ വിരുന്നിന് ഒരു ചരിത്ര പശ്ചാത്തലമുണ്ട്. ബി സി 483ൽ ആണ് ഈ കഥ ആരംഭിക്കുന്നത്. അതിനും 103 വർഷം മുമ്പ് ബി സി 586ൽ ബാബ ിലോൺ രാജാവായ നെബുഖദ്നെസ്സർ രണ്ടാമൻ ജെറുസലേം യൂദാ ദേശങ്ങളെ കീടഴക്കിയിരുന്നു. (അതിനുമുമ്പ് അസ്സീ റിയൻ സാമ്രാജ്യം യൂദാദേശം ഒഴികെ യുള്ള ഇസ്രായേൽ ഗോത്രങ്ങളെ മുഴു വൻ കീഴടക്കിയിരുന്നു. എന്നാൽ അസ്സീ റിയൻ സാമ്രാജ്യത്തെയും യൂദാദേശ ത്തെയും ബാബിലോൺ സാമ്രാജ്യം കീഴടക്കിയപ്പോൾ ഇസ്രായേൽ മക്കൾ മുഴുവൻ ബാബിലോൺ അടിമത്തത്തി ലായി). ഇപ്പോൾ മേദ്യ-പേർഷ്യൻ സാമ്രാജ്യം ബാബിലോണിനെ കീഴട ക്കി. എന്നാൽ ബൈബിളിലെ ദാനിയേ ലിന്റെ പ്രവചനപ്രകാരം ഗ്രീക്കു സാമ്രാജ്യം ബാബിലോണിനെ കീഴട ക്കും, അതു നമുക്കറിയാം (ദാനിയേൽ രണ്ടാം അദ്ധ്യായം). എസ്ഥേർ ഒന്നാം അദ്ധ്യായത്തിൽ പറയുന്ന കാര്യങ്ങൾ നടക്കുമ്പോൾ, പേർഷ്യയുടെ പടിഞ്ഞാ റുഭാഗത്തായി ഗ്രീക്കു സാമ്രാജ്യം ശക്തിപ്രാപിച്ചുവരുന്നുണ്ടായിരുന്നു,

മാസിഡോണിയയിലെ ഫിലിപ്പ് രാജാവിന്റെ നേതൃത്വത്തിൽ. അദ്ദേഹത്തിന്റെ മകനായ മഹാനായ അലക്സാണ്ടർ ദാനിയേലിന്റെ പ്രവചനം നിറവേറ്റി, ഗ്രീക്കു സാമ്രാജ്യം മേദ്യ-പേർഷ്യ സാമ്രാജ്യത്തെ കീഴടക്കി. ആകയാൽ അഹശ്വേരോശ് രാജാവ് ഇത്രയും വിപുലമായി ഒരു വിരുന്ന് നടത്തിയത് തന്റെ സാമ്രാജ്യത്തിലെ രാജ്യത്തലവന്മാർക്ക് വളർന്നുവരുന്ന ഗ്രീക്കു സാമ്രാജ്യത്തെ ചെറുക്കാനുള്ള തന്റെ യുദ്ധപദ്ധതികൾ വ്യക്തമാക്കിക്കൊടുക്കാൻ വേണ്ടിയായിരുന്നു എന്നാണ് പണ്ഡിതർ വിശ്വസിക്കുന്നത്. ലോകത്തിലെ ഏറ്റവും വിപുലവും സമ്പന്നവുമായ സാമ്രാജ്യം തങ്ങളുടെ ശക്തിയും നൈപുണ്യവും കാണിച്ച് തങ്ങളുടെ കീഴിലുള്ള രാജ്യത്തലവന്മാരെ ആകർഷിക്കാനുള്ള ഒരു വിരുന്നായിരുന്നു ഇത്.

അഞ്ചാം വാക്യത്തിലേക്കു നമുക്കു പോകാം.

5ആ നാളുകൾക്കു ശേഷം രാജാവ് ശൂശൻ രാജധാനിയിൽ ഉണ്ടായിരുന്ന വലിയവരും ചെറിയവരുമായ സർവ്വജനത്തിനും രാജകൊട്ടാരത്തിലെ ഉദ്യാനത്തിൽ വച്ച് ഏഴു

ദിവസം വിരുന്നു നല്കി.

ഈ വലിയ വിരുന്നിനുശേഷം രാജാവ് തന്റെ ഉദ്യോഗസ്ഥർക്കും പ്രമാണിമാർക്കുമായി മറ്റൊരു വിരുന്നുനല്കി, ബൃഹത്തായ തന്റെ ശ്രമങ്ങളിൽ തന്നെ വിജയിപ്പിക്കാൻ സഹായിച്ച തന്റെ കൊട്ടാരത്തിലുള്ളവരെ ആദരിക്കാൻ വേണ്ടി. തലസ്ഥാനത്തുണ്ടായിരുന്ന സകല രാജധാനി നിവാസികളും അവിടെയുണ്ടായിരുന്നു.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ഭൂതകാലത്തിന്റെയും വർത്തമാനകാലത്തിന്റെയും ഭാവികാലത്തിന്റെയും ദൈവമാണ് നമ്മുടെ ദൈവം. ദൈവത്തിന്റെ പരമാധികാരത്തിൽ വിശ്വാസമർപ്പിച്ചു പ്രാർത്ഥിക്കുക.

ഈ കാലഘട്ടത്തിലും വരുവാനുള്ള കാലഘട്ടത്തിലും തന്റെ പദ്ധതികളും ഹിതവും നിറവേറ്റാനുള്ള ആലോചനകളിൽ നിങ്ങളെ യഥാവിധി ഉൾപ്പെടുത്താനായി പ്രാർത്ഥിക്കുക.

# ദിനം 3

രാജകൊട്ടാരത്തിലെ ഒരുക്കങ്ങളുടെ മിഴിവുകൾ നമ്മുടെ ശ്രദ്ധയിലേക്കു കൊണ്ടുവരുന്നു.

**എസ്ഥേർ 1:6–9**

6അവിടെ വെൺകൽത്തൂണുകളി
ന്മേൽ വെള്ളിവളയങ്ങളിൽ ചണ
നൂലും ധൂമ്രനൂലുംകൊണ്ടുള്ള ചര
ടുകളാൽ വെള്ളയും പച്ചയും നീല
യുമായ ശീലകൾ തൂക്കിയിരുന്നു;
ചുവന്നതും വെളുത്തതും
മഞ്ഞയും കറുത്തതുമായ വെൺക
ല്ലുകൾ പതിച്ചിരുന്ന തളത്തിൽ
പൊൻകസവും വെള്ളികസവു
മുള്ള ശയ്യകൾ ഉണ്ടായിരുന്നു.
7വിവിധാകൃതിയിലുള്ള പൊൻപാ
ത്രങ്ങളിലായിരുന്നു അവർക്കു കുടി
ക്കുവാൻ കൊടുത്തത്; രാജപദ
വിക്ക് തക്കവണ്ണം ധാരാളം രാജകീ
യ വീഞ്ഞും ഉണ്ടായിരുന്നു. 8രാജ
കല്പനപ്രകാരം, അതിഥികൾ
അവരവരുടെ ഇഷ്ടംപോലെ കുടി
ക്കുവാൻ അനുവദിച്ചിരുന്നു;
ആരെയും നിർബ്ബന്ധിക്കരുതെന്ന്

രാജാവ് സേവകരോടു നിർദ്ദേശിച്ചി
രുന്നു. 9രാജ്ഞിയായ വസ്ഥിയും
അഹശ്വേരോശ് രാജാവിന്റെ രാജ
ധാനിയിൽവച്ച് സ്ത്രീകൾക്ക് ഒരു
വിരുന്നു നല്കി.

വിശിഷ്ടമായ കൽത്തളങ്ങളിൽ സ്വർണ്ണം കൊണ്ടും വെള്ളികൊണ്ടും നിർമ്മിച്ച ഇരിപ്പിടങ്ങളും, കൊട്ടാരത്തിലെ അലങ്കാരങ്ങളുടെ വിശിഷ്ടതയും നമുക്ക് സങ്കല്പിക്കാൻ മാത്രമേ കഴിയൂ. ലോകത്തിലെ ഏറ്റവും സമ്പന്ന രാജകൊട്ടാരത്തിലെ വിരുന്ന്, ഭക്ഷണവും വിനോദങ്ങളും വീഞ്ഞും എല്ലാം ഒരിക്കലും തീരാതെ വന്നുകൊണ്ടിരിക്കുന്നു. സ്ത്രീകൾക്കുവേണ്ടി വസ്ഥി രാജ്ഞിയും വിരുന്നൊരുക്കിയിരുന്നു.

10ഏഴാം ദിവസം അഹശ്വേരോശ്
രാജാവ് വീഞ്ഞിന്റെ ലഹരിയിൽ
ആനന്ദിച്ചിരിക്കുമ്പോൾ മെഹു
മാൻ, ബിസ്ഥാ, ഹർബ്ബോനാ,
ബിഗ്ധാ, അബഗ്ധാ, സേഥർ,
കർക്കസ് എന്നിങ്ങനെ രാജധാനി
യിൽ ശുശ്രൂഷചെയ്യുന്ന ഏഴു
ഷണ്ഡന്മാരോട്: 11“ജനങ്ങ
ളെയും പ്രഭുക്കന്മാരെയും വസ്ഥി

**രാജ്ഞിയുടെ സൗന്ദര്യം കാണിക്കേണ്ടതിന് അവളെ രാജകിരീടം ധരിപ്പിച്ച് രാജസന്നിധിയിൽ കൊണ്ടുവരുവിൻ'' എന്നു കല്പിച്ചു; അവൾ കാഴ്ചയ്ക്ക് സുന്ദരിയായിരുന്നു. 12എന്നാൽ ഷണ്ഡന്മാർ മുഖാന്തരം അയച്ച രാജകല്പന നിരാകരിച്ച് വസ്ഥി രാജ്ഞി ചെല്ലാതിരുന്നു. അതുകൊണ്ട് രാജാവ് കോപാകുലനായി; അവന്റെ കോപം അവന്റെ ഉള്ളിൽ ജ്വലിച്ചു.**

ആ കാലഘട്ടങ്ങളിലെ സാംസ്കാരിക പ്രത്യേകതകൾ അനുസരിച്ച്, സ്ത്രീകളും പുരുഷന്മാരും വെവ്വേറെയായിട്ടാണ് ഒത്തു കൂടിയിരുന്നത്. പരസ്യപ്രത്യക്ഷതകളിൽ അവർ ഒരുമിച്ചു പങ്കെടുക്കാറില്ലായിരുന്നു. എന്നാൽ ഈ വിരുന്നുകളുടെയെല്ലാം അവസാനദിവസം രാജാവിന് തന്റെ കൈവശമുള്ള ഒരു സുന്ദര സ്വത്തിനെ കൊട്ടാരവാസികളുടെ മുന്നിൽ പ്രദർശിപ്പിക്കാൻ ആഗ്രഹം തോന്നി. തന്റെ ഭാര്യയായ വസ്ഥിരാജ്ഞിയെ. എന്നാൽ രാജാവിന്റെ ഹിതം നിറവേറ്റാനോ കല്പന അനുസരിക്കാനോ അവൾ തയ്യാറായി

ല്ല. എന്തുകൊണ്ടായിരുന്നു അവൾ അതു ചെയ്യാതിരുന്നത്? തന്റെ രഹസ്യ സ്വത്തായ രാജ്ഞിയെ ഇപ്രകാരം പരസ്യമായി കൊട്ടാരവാസികളുടെമുന്നിൽ പ്രദർശിപ്പിക്കാൻ രാജാവ് തുനിഞ്ഞതിന്റെ കാരണമെന്താണ്?

വസ്ഥിരാജ്ഞിതന്നെ പേർഷ്യൻ സാമ്രാജ്യത്തിലെ ഒരു ട്രോഫി ആയിരുന്നു. അഹശ്വേരോശ് രാജാവിന്റെ മുതുമുത്തച്ഛനും, പേർഷ്യസാമ്രാജ്യ സ്ഥാപകനായ കോരശ് രണ്ടാമൻ രാജാവു കീഴടക്കിയ ബാബിലോൺ സാമ്രാജ്യത്തിലെ രാജാവായ നെബുഖദ്നെസ്സർ രാജാവിന്റെ പേരമകളായിരുന്നു വസ്ഥി. ഇപ്പോൾ കൊട്ടാരത്തിൽ വിരുന്നിനു സന്നിഹിതരായിരുന്ന തന്റെ സൈന്യത്തലവന്മാരുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടാളികളുടെയും ആത്മവിശ്വാസം പരകോടിയിൽ എത്തിക്കാനായി, അവർ ഉന്മത്തരായിരിക്കുമ്പോൾ, അവരുടെ സൈന്യശക്തിയുടെ മികവു പ്രദർശിപ്പിക്കലായിരുന്നു രാജാവിന്റെ ലക്ഷ്യം. അവരുടെ സൈന്യശക്തിയുടെയും യുദ്ധതന്ത്രങ്ങളുടെയും മികവിന്റെ വിജയക്കൊടിയായിരുന്നു വസ്ഥി രാജ്ഞി. അക്കാരണത്താൽ

തന്നെയാണ് തന്റെ ഭാര്യയെ, രാജ്യത്തിന്റെ രാജ്ഞിയെ, പ്രജകളുടെ മുന്നിൽ അവതരിപ്പിക്കാൻ രാജാവു സന്നദ്ധനായത്. എന്തുകൊണ്ടാണ് വസ്ഥി രാജ്ഞി വരാതിരുന്നതെന്ന് ഇപ്പോൾ നിങ്ങൾക്ക് ഊഹിക്കാം. (തന്റെ മുതുമുത്തച്ഛന്മാരെയും ബന്ധുക്കളെയെല്ലാം പരാജയപ്പെടുത്തി, തന്റെ രാജ്യവും കൊട്ടാരവും കൊള്ളയടിച്ചുനശിപ്പിച്ച്, തന്നെയും തന്റെ ആളുകളെയും അടിമകളാക്കി വച്ചുകൊണ്ടിരിക്കുന്ന യുദ്ധവെറിയന്മാർ ലഹരിയുടെ മൂർദ്ധന്യത്തിലായിരിക്കുമ്പോൾ അവരുടെ മുമ്പാകെ പ്രത്യക്ഷപ്പെടാൻ വസ്ഥിക്കു തീർച്ചയായും ബുദ്ധിമുട്ടായിരുന്നിരിക്കും. ഇതുകൊണ്ടായിരിക്കും ഇത്രയും ശക്തനായ രാജാവിന്റെയും ശക്തരായ അവന്റെ ഉദ്യോഗസ്ഥരുടെയും മുമ്പാകെ ഹാജരാകാൻ അവൾ മടിച്ചത്).

രാജാവു കോപാകുലനായി എന്നു മാത്രമല്ല, അവന്റെ ഉള്ളിൽ കോപം ജ്വലിച്ചു എന്നും പന്ത്രണ്ടാം വാക്യത്തിൽ നമുക്കു കാണാം. അഹശ്വേരോശ് രാജാവ് തന്റെ ക്രോധത്തെപ്രതി പ്രസിദ്ധനാണ്. അദ്ദേഹത്തിന്റെ സാമ്രാ

ജ്യത്തിന്റെ പടിഞ്ഞാറുഭാഗത്ത് ഒരിക്കൽ ഒരു പാലം പണിതു. എന്നാൽ അപ്രതീക്ഷിതമായിവന്ന ഒരു കൊടുങ്കാറ്റ് ഈ പാലത്തെ തകർത്തുകളഞ്ഞു. കോപംകൊണ്ടു തുള്ളിയ രാജാവ് അതു പണിത 300 പേരെ കൊന്നൊടുക്കിയതുമാത്രമല്ല, കടലിലേക്ക് ഇറങ്ങിച്ചെന്ന് കടലിനെ മുഷ്ടിചുരുട്ടി ഇടിച്ചു എന്നു ചരിത്രം പറയുന്നു. ഇല്ല എന്ന ഒരു ഉത്തരം എടുക്കാൻ രാജാവു പഠിച്ചിട്ടേയില്ല. ഇനിയിപ്പോൾ വസ്ഥിരാജ്ഞിയുടെ വിധിയെന്താകും?

13നീതിന്യായകാര്യങ്ങളിൽ പരിജ്ഞാനികളായ എല്ലാവരോടും ആലോചിക്കുക പതിവായിരുന്നതിനാൽ കാലജ്ഞന്മാരായ ആ വിദ്വാന്മാരോട് രാജാവ് അഭിപ്രായം ചോദിച്ചു. 14രാജമുഖം കാണുന്നവരും രാജ്യത്തെ പ്രഥമസ്ഥാനീയരുമായ കെർശനാ, ശേഥാർ, അദ്മാഥാ, തർശീശ്, മേരെസ്, മർസെന, മെമൂഖാൻ എന്നിങ്ങനെ പാർസ്യയിലെയും മേദ്യയിലെയും ഏഴു പ്രഭുക്കന്മാരോടുതന്നെ. 15ഷണ്ഡന്മാർ മുഖാന്തരം അഹശ്വേരോശ് രാജാവ് അയച്ച കല്പന വസ്ഥി

രാജ്ഞി അനുസരിക്കാത്തതു കൊണ്ട് രാജധർമ്മമനുസരിച്ച് അവളോടു ചെയ്യേണ്ടത് എന്ത്? എന്ന് രാജാവ് ചോദിച്ചു.

ഭൂലോകത്തിന്റെ പകുതി ഭാഗത്തോളം ഭരിക്കുന്ന അതിശക്തനായ അഹശ്വേരോശ് രാജാവിനെപ്പോലെ ഒരാൾ നീതി ന്യായ കാര്യങ്ങളിൽ പരിജ്ഞാനികളായ തന്റെ ഉദ്യോഗസ്ഥരോടു ആലോചിക്കാതെ തീരുമാനങ്ങൾ എടുത്തിരുന്നില്ല എന്ന കാര്യം താത്പര്യജനകമല്ലേ? അദ്ദേഹത്തിന്റെ കോപത്തിന്റെ തീവ്രതയാൽ എന്തുവേണമെങ്കിലും ചെയ്യാൻ രാജാവിനു കഴിയുമായിരുന്നു. എന്നിരുന്നാലും രാജ്യത്തെ സംബന്ധിച്ച കാര്യങ്ങളിൽ തന്നെക്കാൾ താഴ്ന്നതലത്തിലുള്ള ആളുകളുടെ ഉപദേശം തേടുന്നത് അദ്ദേഹത്തെ സംബന്ധിച്ച് പതിവാക്കിയ ഒരു കാര്യമായിരുന്നു.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങളുടെ കോപവും മറ്റു വ്യക്തിപരമായ പ്രശ്നങ്ങളും എപ്രകാരമാണു നിങ്ങൾ കൈകാര്യം ചെയ്യുന്നത്?

നിങ്ങളുടെ ജീവിതത്തിൽ ഉരുത്തിരിയുന്ന കാര്യങ്ങൾക്ക് നിങ്ങളുടെ ജീവിതത്തിൽ ഉൾപ്പെട്ടിരിക്കുന്നവരോടു ഉപദേശം തേടുന്നതിൽ ശുഷ്കാന്തി കാണിക്കുന്നുണ്ടോ?

വിനയംനിറഞ്ഞ ഒരു ഹൃദയത്തിനായി പ്രാർത്ഥിക്കുക.

## ദിനം 4

**എസ്ഥേർ 1:16–22**

16അതിന് മെമൂഖാൻ രാജാവി
നോടും പ്രഭുക്കന്മാരോടും ഉത്തരം
പറഞ്ഞത്: “വസ്ഥിരാജ്ഞി രാജാ
വിനോടുമാത്രമല്ല, അഹശ്വേരോശ്
രാജാവിന്റെ സർവ്വസംസ്ഥാനങ്ങളി
ലുമുള്ള സകല പ്രഭുക്കന്മാരോടും
ജനങ്ങളോടും അന്യായം ചെയ്തി
രിക്കുന്നു. 17രാജ്ഞിയുടെ ഈ
പ്രവൃത്തി സകല സ്ത്രീകളും
അറിയും; അഹശ്വേരോശ് രാജാവ്
വസ്ഥിരാജ്ഞിയെ തന്റെ
മുമ്പാകെ കൊണ്ടുവരുവാൻ കല്പി
ച്ചയപ്പോൾ അവൾ ചെന്നില്ലല്ലോ
എന്നു പറഞ്ഞ് അവർ തങ്ങളുടെ
ഭർത്താക്കന്മാരെ നിന്ദിക്കും.
18ഇന്നുതന്നെ രാജ്ഞിയുടെ
പ്രവൃത്തി കേട്ട് പാർസ്യയിലെയും
മേദ്യയിലെയും പ്രഭു പത്നിമാർ
രാജാവിന്റെ സകല പ്രഭുക്കന്മാ
രോടും അങ്ങനെതന്നെ പറയും;
ഇങ്ങനെ നിന്ദയും അമർഷവും
വർദ്ധിക്കും. 19 രാജാവിനു സമ്മത
മാണെങ്കിൽ വസ്ഥി ഇനിയും
അഹശ്വേരോശ് രാജാവിന്റെ

സന്നിധിയിൽ വരരുതെന്ന് തിരുമുമ്പിൽനിന്ന് ഒരു രാജകല്പന പുറപ്പെടുവിക്കുകയും അതു മാറ്റുവാൻ കഴിയാത്തവിധം പാർസ്യരുടെയും മേദ്യരുടെയും രാജധർമ്മത്തിൽ എഴുതിക്കുകയും രാജാവ് അവളുടെ രാജ്ഞിസ്ഥാനം അവളെക്കാൾ ഉത്തമയായ മറ്റൊരുവൾക്കു കൊടുക്കുകയും വേണം.
20ഈ രാജകല്പന ഇത്ര വിസ്തൃതമായ രാജ്യത്ത് – ഇതു മഹാരാജ്യമല്ലോ – പരസ്യമാകുമ്പോൾ സകല ഭാര്യമാരും വലിയവരോ ചെറിയവരോ ആയ തങ്ങളുടെ ഭർത്താക്കന്മാരെ ബഹുമാനിക്കും.''
21ഈ വാക്ക് രാജാവിനും പ്രഭുക്കന്മാർക്കും ഇഷ്ടമായി; രാജാവ് മെമൂഖാന്റെ വാക്കുപോലെ ചെയ്തു.
22രാജാവ് തന്റെ സകല സംസ്ഥാനങ്ങളിലേക്കും അതതിന്റെ ലിപിയിലും ഓരോ ജനതയ്ക്കും അതതിന്റെ ഭാഷയിലും, 'ഓരോ പുരുഷനും തന്റെ ഭവനത്തിന്റെ അധിപനായിരിക്കണം' എന്നുള്ള കത്തുകൾ അയച്ചു.

മെമൂഖാന്റെ ഉപദേശപ്രകാരം ഒരു

പുതിയ രാജകല്പന നിലവിൽ വന്നു, ഓരോ ഭാര്യയും അവളുടെ ഭർത്താവിനെ ബഹുമാനിക്കണം എന്ന കല്പനയായിരുന്നു അത്. പേർഷ്യൻ സമ്പ്രദായങ്ങളിൽ ഒന്ന്, രാജകല്പനയെ വേറെയാർക്കും തിരുത്താനോ നിർവ്വീര്യമാക്കാനോ കഴിയില്ല എന്നതാണ്, അതു പുറപ്പെടുവിച്ച രാജാവിനുപോലും. അതുകൊണ്ട് വസ്ഥിയുടെ രാജ്ഞിസ്ഥാനം ഇല്ലാതെയായി, ഇനി ഒരാൾക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. (ഇപ്പോൾ നിങ്ങളിൽ ചിലർ ചിന്തിക്കുന്നുണ്ടാകും, അതുകൊണ്ടാണ് ഞാൻ ഉപദേശമൊന്നും എടുക്കാത്തത്, ഞാൻ എന്റെ ഹൃദയം പറയുന്നതു കേൾക്കുന്നത്. പെട്ടെന്ന് ഒരു നിഗമനത്തിലേക്ക് എടുത്തു ചാടേണ്ട, കഥ തുടങ്ങിയിട്ടേയുള്ളൂ). വസ്ഥി തീർച്ചയായും ഒരു വീര്യപുത്രിതന്നെയായിരുന്നു, അവൾ ഒറ്റയ്ക്കു വിചാരിച്ചപ്പോൾ രാജാവിന്റെ മുഴുവൻ ഉപദേഷ്ടാക്കൾക്കും ഒരുമിച്ച് ഒരു രാജകല്പനയുടെ മറവിൽ ഒളിക്കേണ്ടിവന്നു. അവരുടെ താൻപോരിമയെ കാത്തുരക്ഷിക്കാൻ രാജാവിൽനിന്നും ഒരു ഉത്തരവ് അവർ നേടിയെടുത്തു.

സ്നേഹവും, അനുസരണവും,

ആദരവും, വിശ്വസ്തതയുമൊക്കെ നിയമം പാസ്സാക്കുന്നതിലൂടെയോ കല്പന പുറപ്പെടുവിക്കുന്നതിലൂടെയോ നേടിയെടുക്കാൻ പറ്റുമോ? സ്നേഹത്തിനുമാത്രമേ സ്നേഹം നേടാൻ കഴിയൂ. രണ്ടാം അദ്ധ്യായത്തിലേക്ക്..

**എസ്ഥേർ 1:1**

അതിനുശേഷം അഹശ്വേരോശ് രാജാവിന്റെ കോപം ശമിച്ചപ്പോൾ അവൻ വസ്ഥിയെയും അവൾ ചെയ്തതിനെയും അവളെക്കുറിച്ചു കല്പിച്ച വിധിയെയും ഓർത്തു.

ഒന്നും രണ്ടും അദ്ധ്യായങ്ങൾക്കിടയിൽ ഒരു വലിയ കാര്യം നടന്നുകഴിഞ്ഞു. ചരിത്രപരമായി നോക്കുമ്പോൾ, ഒരു യുദ്ധം നടന്നു കഴിഞ്ഞു. അഹശ്വേരോശ് രാജാവ് ഗ്രീക്കുകാരുടെ ചിലഭാഗങ്ങൾ പോയി ആക്രമിച്ചു തിരിച്ചുവന്നു, തെർമ്മോപെയിൽ യുദ്ധം (Battle of Thermopylae) എന്നാണ് ഈ പോരാട്ടം അറിയപ്പെടുന്നത്. പടിഞ്ഞാറുഭാഗത്തായി ഗ്രീക്കു സാമ്രാജ്യം ശക്തിപ്പെട്ടു വരുന്നതായി നേരത്തേ പറഞ്ഞത് ഓർമ്മയുണ്ടാകുമല്ലോ? വിചാരിച്ചതുപോലെ എളുപ്പമായിരുന്നില്ല ആ

പോരാട്ടം. ഗ്രീക്കിലെ സ്പാർട്ടൻ (Spartan, ഗ്രീക്കിലെ പോരാളികളുടെ സമൂഹം) നായകൻ ലീയോനിഡാസ് (Leonidas) ധീരരായ തന്റെ 300 പടയാളികളോടൊപ്പം പേർഷ്യൻ സൈന്യത്തെ ചെറുത്തുനിന്നു. (300 എന്ന പേരിലുള്ള ഒരു ഇംഗ്ലീഷ് സിനിമ ഈ സംഭവത്തെ ആധാരമാക്കിയുള്ളതാണ്). പേർഷ്യക്കാർ യുദ്ധം ജയിച്ചെങ്കിലും അവർ വിചാരിച്ചതുപോലെയല്ല കാര്യങ്ങൾ പോയത്. ഗ്രീക്കു പടയാളികൾ വ്യക്തിഗതമായി യുദ്ധമികവു പുലർത്തുന്ന പോരാളികൾ ആയിരുന്നു, പേർഷ്യക്കാരെ പോലെ ആയിരുന്നില്ല. അഹശ്വേരോശ് രാജാവ് യുദ്ധമുഖത്തുനിന്നും നിരാശനായി തിരികെവന്നു. അദ്ദേഹം വിചാരിച്ചതുപോലെ ഒരു കേക്കു കഷണമായിരുന്നില്ല ആ യുദ്ധം, തീർച്ചയായും ഭാവിയിൽ തന്നെ ഉറ്റുനോക്കുന്ന അപകടം രാജാവു മണത്തറിയുന്നുണ്ടായിരുന്നു. കൊട്ടാരത്തിൽ അദ്ദേഹത്തിനു തന്റെ ഭാര്യയുടെ അസാന്നിദ്ധ്യം തിരിച്ചറിയാൻ കഴിഞ്ഞു, എന്നാൽ അവളുടെ അടുത്തേക്കു തിരികെപ്പോകാൻ സാദ്ധ്യമല്ലായിരുന്നു.

2അപ്പോൾ രാജാവിന്റെ സേവക

രായ ഭൃത്യന്മാർ പറഞ്ഞത്: ‘‘രാജാവിനുവേണ്ടി സൗന്ദര്യമുള്ള യുവതികളായ കന്യകമാരെ അന്വേഷിക്കട്ടെ. 3രാജാവ് രാജ്യത്തിലെ സകല സംസ്ഥാനങ്ങളിലും ഉദ്യോഗസ്ഥന്മാരെ നിയമിക്കണം; അവർ സൗന്ദര്യമുള്ള യുവതികളായ കന്യകമാരെയെല്ലാം കൊണ്ടുവന്ന് ശൂശൻ രാജധാനിയിലെ അന്തഃപുരത്തിൽ രാജാവിന്റെ ഷണ്ഡനും അന്തഃപുരപാലകനുമായ ഹേഗായിയുടെ മേൽനോട്ടത്തിൽ ഏല്പിക്കുകയും അവർക്കു ശുദ്ധീകരണത്തിനു വേണ്ട വസ്തുക്കൾ കൊടുക്കുകയും ചെയ്യട്ടെ. 4രാജാവിന് ഇഷ്ടപ്പെടുന്ന യുവതി വസ്ഥിക്കു പകരം രാജ്ഞിയായിരിക്കട്ടെ.’’ ഈ കാര്യം രാജാവിന് ഇഷ്ടമായി; അവൻ അങ്ങനെ തന്നെ ചെയ്തു.

അസ്വസ്ഥനായ രാജാവിനെ സമാശ്വസിപ്പിക്കാൻ കൊട്ടാരത്തിൽ സ്വന്തമായ ഒരു ഭാര്യയില്ല എന്ന കാര്യം രാജാവു തിരിച്ചറിയുന്നു, അവളെക്കുറിച്ചു താൻ പുറപ്പെടുവിച്ച കല്പന രാജാവ് ഓർത്തു. തന്റെ അന്തഃപുര

ത്തിൽ ധാരാളം സ്ത്രീകൾ ഉണ്ടായിരുന്നെങ്കിലും, സ്വന്തമെന്നു പറയാൻ ഒരു ഭാര്യയില്ലായിരുന്നു.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങളുടെ ഭാര്യയെ/ഭർത്താവിനെയും മക്കളെയും കുടുംബത്തെയും സഹോദരീസഹോദരന്മാരെയും വിലമതിച്ചുകൊണ്ട് ദൈവത്തിനു നന്ദി പറയുക.

നിങ്ങളുടെ ജീവിതത്തിൽ അവർക്കു നല്കുന്ന മൂല്യം എന്തെന്ന് കാര്യമായിത്തന്നെ ചിന്തിച്ചുനോക്കുക. അവർക്കുവേണ്ട സമയവും ആദരവും നല്കുവാൻ തീരുമാനിക്കുക.

# ദിനം 5

രാജാവിന് ഒരു ഭാര്യ അത്യാവശ്യ മാണെന്ന് തന്റെ പരിചാരകർക്കു മനസ്സി ലായി. ആകയാൽ അവർ ഒരു പദ്ധതി ഒരുക്കി. സാമ്രാജ്യം മുഴുവൻ ഉൾപ്പെ ടുന്ന ഒരു ലോകസുന്ദരി മത്സരം നട ത്തിച്ച് അതിൽനിന്നും ഒരു രാജ്ഞിയെ കണ്ടെത്താനുള്ള പദ്ധതി. ഇത്തരം വാഴ്ചകളുടെയും അധികാരികളുടെയും ഒരു ലോകത്തിലല്ല നാം ഇപ്പോൾ ജീവി ക്കുന്നത് എന്നത് എത്ര വലിയ ഒരു കാര്യമാണ്. രാജ്യത്തുള്ള എന്തും രാജാ വിന്റെ ഒരു സാമഗ്രിയാണ്. എനിക്കിതു വേണം എന്നു രാജാവു പറഞ്ഞാൽ അതിനെ ആർക്കും നിഷേധിക്കാനാവി ല്ല. അക്കാലത്ത് നിങ്ങളുടേതായി യാതൊന്നുമില്ല, അതു നിങ്ങൾ തന്നെ യായാലും, നിങ്ങളുടെ ജീവിതപങ്കാളി യായാലും, മക്കളായാലും, നിങ്ങളുടെ സമ്പത്തായാലും നേട്ടങ്ങളായാലും ഒന്നും. (ഓർക്കുക, ഇസ്രായേൽ മക്കൾ ഒരു രാജാവിനെ ചോദിച്ചപ്പോൾ ദൈവം അവർക്കു നല്കിയ മുന്നറിയിപ്പും ഇതു തന്നെയാണ്. ഞാൻ നിങ്ങൾക്കു രാജാ വായുണ്ട്, ഞാൻ നിങ്ങളെ സംരക്ഷിച്ചു കൊള്ളാം എന്നെല്ലാം ദൈവം അവ

രോടു പറഞ്ഞു. നിങ്ങൾ ഒരു രാജാവിനെ തിരഞ്ഞെടുത്താൽ അവൻ നിങ്ങൾക്ക് ഒരു ഭാരമായിത്തീരും എന്നും).

ഇന്നു നമുക്ക് ഒരു രാജാവുണ്ട്, രാജാവായ യേശു, നമ്മിൽനിന്നും ഒന്നും ആവശ്യപ്പെടുകയോ എടുത്തു കൊണ്ടുപോവുകയോ ചെയ്യാത്ത ഒരു രാജാവ്, പകരം തനിക്കുള്ള സകല തിനും നമ്മെ അവകാശിയാക്കുന്ന രാജാവ്, അതു തന്റെ സിംഹാസനമായാലും തന്റെ പരിശുദ്ധിയായാലും തന്റെ നീതിയായാലും. പേർഷ്യൻ സാമ്രാജ്യം ഇപ്പോൾ യോഗ്യയായ ഒരു പെൺകുട്ടിയെ തിരയുന്ന തിരക്കിലാണ്.

**എസ്ഥേർ 2:5–8**

5എന്നാൽ ശൂശൻ രാജധാനിയിൽ
ബെന്യാമീന്യനായ കീശിന്റെ മക
നായ ശിമെയിയുടെ മകനായ
യായീരിന്റെ മകനായ മൊർദ്ദെ
ഖായി എന്നു പേരുള്ള ഒരു യെഹൂ
ദൻ ഉണ്ടായിരുന്നു. 6ബാബി
ലോൺ രാജാവായ നെബുഖദ്നേ
സർ യെഹൂദാരാജാവായ യെഖൊ
ന്യാവിനോടുകൂടെ പിടിച്ചുകൊ

ണ്ടുകൊണ്ടുപോയിരുന്ന തടവുകാരുടെ കൂട്ടത്തിൽ അവനെയും യെരുശലേമിൽനിന്നു കൊണ്ടുപോയിരുന്നു. 7അവൻ തന്റെ ഇളയപ്പന്റെ മകളായ എസ്ഥേർ എന്ന ഹദസ്സയ്ക്ക് മാതാപിതാക്കൾ ഇല്ലാത്തതുകൊണ്ട് അവളെ വളർത്തിയിരുന്നു. ഈ യുവതി സുന്ദരിയും സുമുഖിയും ആയിരുന്നു; അവളുടെ അപ്പനും അമ്മയും മരിച്ചശേഷം മൊർദ്ദെഖായി അവളെ തനിക്കു മകളായി എടുത്തു. 8രാജകല്പനയും വിളംബരവും പ്രസിദ്ധമായപ്പോൾ അനേകം യുവതികളെ കൊണ്ടുവന്ന് ശൂശൻരാജധാനിയിൽ ഹേഗായിയുടെ മേൽനോട്ടത്തിൽ ഏല്പിച്ചു; എസ്ഥേരിനെയും രാജധാനിയിലെ അന്തഃപുരപാലകനായ ഹേഗായിയുടെ മേൽനോട്ടത്തിൽ കൊണ്ടുവന്നു.

മോർദ്ദെഖായിയെ കഥയുടെ ഈ ഭാഗത്ത് അവതരിപ്പിക്കുന്നു. സാമ്രാജ്യവ്യാപകമായി ഒരു രാജ്ഞിസ്ഥാനാർത്ഥിയെ തിരയുന്ന വിവരം അറിഞ്ഞ മോർദ്ദെഖായ് തന്റ അനന്തരവളായ എസ്ഥേറിനെ ഈ അവസരം

ഉപയോഗപ്പെടുത്താൻ പ്രചോദിപ്പിച്ചു. എസ്ഥേർ എന്നത് ഹെബ്രായഭാഷയിലുള്ള ഒരു പേരല്ല, ബാബിലോണിലെ രതിദേവതയായ ഇഷ്താറിൽ (വീനസ്) നിന്നും രൂപപ്പെട്ട പേരാണിത്. ഹദസ്സ എന്നാൽ മിർട്ടിൽ ആണ് എന്നു നാം കണ്ടു. മൊർദ്ദെഖായ് എന്ന പേരും മർദ്ദൂഖിൽ നിന്നും രൂപപ്പെട്ടതാണ്, ബാബിലോണിന്റെ കാവല്ക്കാരനായ ദൈവമാണ് മർദ്ദൂഖ്.

ഈ കഥയിലൂടെ കടന്നുപോകുമ്പോൾ നാം തീർച്ചയായും ചെയ്യേണ്ട ഒരു കാര്യമെന്തെന്നാൽ, ചരിത്രത്തിലൂടെയും ആളുകളുടെ അനുദിനപ്രവൃത്തികളിലൂടെയും ദൈവം എപ്രകാരം പ്രവർത്തിക്കുന്നു എന്ന് കാണുന്നതാണ്. ദൈവത്തിന്റെ പേര് ഈ പുസ്തകത്തിൽ ഇല്ലെങ്കിലും ദൈവകരത്തിന്റെ ശക്തമായ പ്രവൃത്തികൾ ഈ പുസ്തകത്തിൽ നാം കാണുന്നു. എസ്ഥേറും മോർദ്ദെഖായിയും അന്യദേശത്ത് യുദ്ധത്തിൽ ബന്ധികളാക്കി കൊണ്ടുവന്നു ജീവിക്കുന്ന ആളുകളാണ്.

9ആ യുവതിയെ അവന് ഇഷ്ടമായി; അവളോട് അനുഭാവം

തോന്നി; അവൻ പെട്ടെന്ന് അവ ളുടെ ശുദ്ധീകരണത്തിനു വേണ്ട വസ്തുക്കളും ഭക്ഷണത്തിനുള്ള ഓഹരികളും രാജധാനിയിൽനിന്നു കൊടുക്കേണ്ട ഏഴു ദാസിമാ രെയും അവൾക്കു കൊടുത്തു; അവളെയും അവളുടെ ദാസിമാ രെയും അന്തഃപുരത്തിലെ ഉത്തമ മായ സ്ഥലത്താക്കി.

എസ്ഥേർ സുന്ദരിയായിരുന്നു എന്നു മാത്രമല്ല, മറ്റുള്ളവർക്കു പ്രസാദം തോന്നുന്ന സ്വഭാവസവിശേഷതകളും അവൾക്കുണ്ടായിരുന്നു. സൗന്ദര്യമത്സര മേധാവിയായ ഹേഗായ്ക്ക് അവളോടു പ്രിയം തോന്നി, വിശേഷപ്പെട്ട രീതി യിൽ അവളെ സംരക്ഷിക്കാൻ ഏർപ്പാ ടുചെയ്യുകയും അവളെ ശുശ്രൂഷിക്കാൻ ഏഴ് ജോലിക്കാരെ ഏർപ്പെടുത്തുകയും ചെയ്തു. പന്ത്രണ്ടുമാസം നീണ്ടു നിൽക്കുന്ന സൗന്ദര്യവർദ്ധകശുശ്രൂ ഷയ്ക്ക് അവൾ വിധേയയാകേണ്ടതു ണ്ടായിരുന്നു. സ്ത്രീകൾ ഒരുങ്ങു വാൻവേണ്ടി എടുക്കുന്ന സമയത്തെക്കു റിച്ചു പരാതിപറയാത്ത പുരുഷന്മാർ ഇല്ല ായെന്നു പറയാം. ഇവിടെ രാജാവിനു പോലും തന്റെ വധുവാകാൻ പോകുന്ന

വളെ കാണാനായി 12 മാസത്തെ അവ ളുടെ ഒരുക്കം കാത്തിരിക്കണം.

യേശുശിഷ്യന്റെ യഥാർത്ഥസമ്പത്ത് അവന്റെ/അവളുടെ സ്വഭാവമഹിമതന്നെയാണ്, ചർമ്മത്തിനുമീതെയുള്ള കാഴ്ചകളോ നേട്ടങ്ങളോ അല്ല. കർത്താവിനെ കേന്ദ്രീകരിച്ചുള്ള ആത്മവിശ്വാസം കൈമുതലായുള്ള ഓരോ പുരുഷനും സ്ത്രീയും ചെറുത്തുനിൽക്കാൻ കഴിയാത്തവിധം അത്യാകർഷകരാണ്.

സ്ത്രീസൗന്ദര്യമായാലും പുരുഷസൗന്ദര്യമായാലും ബൈബിൾ എപ്പോഴും അതിനെ വിലമതിക്കുന്നുഎന്നു നമുക്കു കാണാം, വേദപുസ്തകം സൗന്ദര്യത്തിനെതിരല്ല. അതേസമയം തന്നെ തിരുവചനങ്ങൾ അകമേയുള്ള സൗന്ദര്യത്തെ ചൂണ്ടിക്കാണിക്കുന്നു, കാരണം പുറമേയുള്ള സൗന്ദര്യത്തെക്കാൾ വിലമതിപ്പുള്ളത് അകമേയുള്ള സൗന്ദര്യത്തിനാണ്. വാസ്തവത്തിൽ, അകമേയുള്ള സൗന്ദര്യത്തിന്റെ പ്രതിഫലനം തന്നെയാണ് ഒരു വ്യക്തിയുടെ പുറമേയുള്ള സൗന്ദര്യം.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങളുടെ അകമേയുള്ള സൗന്ദര്യവല്കരണം എത്രമാത്രം നന്നായി പോകുന്നു? മാറ്റം വരുത്തേണ്ട കാര്യങ്ങളെ മനസ്സിലാക്കി, ദൈവമുന്നിൽ പ്രാർത്ഥനയായി കൊണ്ടുചെല്ലുക.

# ദിനം 6

എസ്ഥേറിന്റെ ഒരുക്കം കഴിയാൻ ഒരുവർഷമെടുക്കും, അവൾ ഒരുങ്ങിവരുമ്പോഴേക്കും നമുക്ക് എന്തൊക്കെയാണു ചുറ്റും നടക്കുന്നതെന്നു നോക്കാം. കാരണം, ചുറ്റിനടക്കുന്നതൊന്നും കറങ്ങിത്തിരിഞ്ഞുവരാതിരിക്കില്ല.

മനുഷ്യവംശത്തെക്കുറിച്ച് താത്പര്യജനകമായ ഒരു സംഗതിയെന്താണെന്നുവച്ചാൽ, ഒരാളും തന്റെ ബാഹ്യരൂപത്തിലും ഭംഗിയിലും തൃപ്തരല്ല എന്നതാണ്. ചിലയാളുകൾ അവരുടെ ബാഹ്യരൂപത്തെക്കുറിച്ച് കേമമായി ചിന്തിക്കുന്നവരാണ്, ചിലയാളുകൾ തങ്ങളുടെ രൂപത്തെക്കുറിച്ച് ചിന്തിക്കുന്നേയില്ല, കാരണം ചിന്തിച്ചിട്ട് ഒരു കാര്യവുമില്ല എന്നതുതന്നെ. നീണ്ടമുടിയുള്ളവർക്കു ചുരുണ്ടമുടിവേണം, സ്വർണ്ണത്തലമുടിയുള്ളവർക്കു കറുത്തമുടിവേണം, ഇരുണ്ട ചർമ്മമുള്ളവർക്കു വെളുത്തചർമ്മം വേണം, വെളുത്ത ചർമ്മക്കാർക്കു വെയിലുകൊള്ളിച്ച നിറംവേണം, മെലിഞ്ഞവർക്കു വണ്ണംവേണം, വണ്ണമുള്ളവർക്കു മെലി

യണം, ആരോഗ്യമുള്ള ശരീരമുള്ള വർക്കുപോലും ശരീരത്തിൽ മാറ്റം വരുത്തണം. ആളുകളുടെ തൃപ്തമല്ലാത്ത ഈ മനസ്സാണ് സൗന്ദര്യവർദ്ധകവ്യവസായത്തെ 25 ലക്ഷം കോടിയുടെ ആഗോളഭീമനാക്കുന്നത്. അവരിൽ പലരുടെയും മാന്യമല്ലാത്ത പ്രവർത്തനരീതികൾ പ്രശസ്തവുമാണ്. 2500 വർഷങ്ങൾക്കുമുമ്പും ഇക്കാര്യത്തിൽ വലിയ വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല. ദൈവം നിങ്ങൾക്കു നല്കിയതിൽ ആത്മവിശ്വാസം കണ്ടെത്തുക, നിങ്ങൾ സന്തോഷവാന്മാരും സംതൃപ്തിയുള്ളവരുമാകും.

10-12 വാക്യങ്ങളിലേക്ക്.

10എസ്ഥേർ സ്വജനത്തെക്കുറിച്ചോ ബന്ധുക്കളെക്കുറിച്ചോ വെളിപ്പെടുത്തിയിരുന്നില്ല; അവ വെളിപ്പെടുത്തരുതെന്ന് മൊർദ്ദെഖായി അവളോടു കല്പിച്ചിരുന്നു. 11എന്നാൽ എസ്ഥേർ എങ്ങനെ കഴിയുന്നുവെന്നും അവൾക്കു എന്തു സംഭവിക്കുന്നുവെന്നും അറിയുന്നതിന് മൊർദ്ദെഖായി എല്ലാ ദിവസവും അന്തഃപുരമുറ്റത്തു നടന്നിരുന്നു. 12ആറു മാസം മൂർതൈലം

കൊണ്ടും ആറുമാസം സുഗന്ധദ്രവ്യങ്ങൾകൊണ്ടും കന്യകമാർ തങ്ങളുടെ ശുദ്ധീകരണം പൂർത്തിയാക്കണമായിരുന്നു. ഈ 12 മാസങ്ങൾക്കു ശേഷം ഓരോ കന്യകയ്ക്കും അഹശ്വേരോശ് രാജാവിന്റെ സന്നിധിയിൽ ചെല്ലുവാനുള്ള അവസരം ലഭിച്ചിരുന്നു.

വലിയ ഒരു അവസരം എന്നു തോന്നിച്ച ഒരു കാര്യം കുഴപ്പംപിടിച്ച ഒരു കാര്യമാകുമെന്ന ലക്ഷണങ്ങൾ കാണിക്കാൻ തുടങ്ങി, പത്താം വാക്യം നല്കുന്ന സൂചനയനുസരിച്ച്. ഏതെങ്കിലും ഒരു രാജകീയകുടുംബപാരമ്പര്യം എസ്ഥേറിനില്ല, പേർഷ്യൻ സൈന്യം യുദ്ധത്തടവുകാരായി പിടിച്ചുകൊണ്ടുവന്ന ഒരു യഹൂദബാലികയാണ് എസ്ഥേർ. തന്റെ കൂടെയുള്ള രാജസേവകരോടുപോലും അവൾ ഇക്കാര്യം വെളിപ്പെടുത്തിയില്ല. വേറെയൊരു കാര്യം എന്താണെന്നുവച്ചാൽ, മോശയുടെ ന്യായപ്രമാണപ്രകാരം ഇത് തെറ്റായ ഒരു പ്രവൃത്തിയുമാണ്, യഹൂദപശ്ചാത്തലത്തിൽ നിന്നുമല്ലാതെ ദൈവജനതയ്ക്കു വിവാഹം കഴിക്കാൻ സാദ്ധ്യമല്ലായിരുന്നു. പേർഷ്യൻ രാജാ

ക്കന്മാർ മറ്റു രാജകുടുംബങ്ങളിൽനിന്നേ കല്ല്യാണം കഴിക്കുമായിരുന്നുള്ളൂ എന്നത് ഇതിനോടൊപ്പം സമ്മർദ്ദമുയർത്തുന്ന മറ്റൊരു വാസ്തവമാണ്. ഒരു കാര്യം കൂടിയുണ്ട്; എസ്ഥേർ ഈ ഉദ്യമത്തിൽ പരാജയപ്പെട്ടാൽ അവൾ എത്തിച്ചേരുന്നത് രാജാവിന്റെ അന്തഃപുരത്തിൽ ഒരു വെപ്പാട്ടിയായിട്ടാണ്, അവൾ രാജാവിന്റെ ലൈംഗീകദാസിയായിത്തീരും, പുറം ലോകം കാണാൻ അവൾക്കു പിന്നീടു കഴിയില്ല. ആകയാൽ ദൈവത്തോടു അനുസരണക്കേടുകാണിക്കുന്നു എന്ന ഭയം ഒരുഭാഗത്തും, പരാജയത്തിന്റെ അനന്തരഫലങ്ങൾ മറുഭാഗത്തുമായി എസ്ഥേറിനെ ചൂഴ്ന്നുനില്ക്കുന്നു. ഇനി ഈ മത്സരത്തിൽ ജയിച്ചാൽപോലും താൻ ഒളിപ്പിച്ചുവച്ച യഹൂദസ്ത്രീ എന്ന രഹസ്യം രാജാവിനുമുന്നിലെത്തിയാൽ ഉണ്ടാകുന്നതെന്തെന്ന ഭയവും ഇവിടെയുണ്ട്. ഇതെല്ലാം മനസ്സിലാക്കുന്ന മോർദ്ദെഖായ്, കൊട്ടാരത്തിനുവെളിയിൽ ഉലാത്തിക്കൊണ്ടിരുന്നു. ഇതിനെല്ലാം ഇടയിൽ, രൂപാന്തരം പ്രാപിച്ച ഒരു യുവതിയായി എസ്ഥേർ പ്രത്യക്ഷപ്പെടുന്നു.

13-17 വാക്യങ്ങളിലേക്ക് വേഗം:

13അപ്പോൾ ഓരോ കന്യകയും
രാജസന്നിധിയിലേക്കു ചെല്ലും;
അന്തഃപുരത്തിൽനിന്നു രാജധാനി
വരെ തന്നോടുകൂടെ കൊണ്ടുപോ
കേണ്ടതിന് അവൾ ചോദിക്കുന്ന
തെന്തും അവൾക്കു കൊടുത്തിരു
ന്നു. 14സന്ധ്യാസമയത്ത് അവൾ
ചെല്ലുകയും പ്രഭാതകാലത്ത്,
രാജാവിന്റെ ഷണ്ഡനും വെപ്പാട്ടി
കളുടെ പാലകനുമായ യശസ്ഗ
സിന്റെ മേൽനോട്ടത്തിലുള്ള രണ്ടാ
മത്തെ അന്തഃപുരത്തിലേക്കു മട
ങ്ങിപ്പോകുകയും ചെയ്യും; രാജാ
വിന് അവളോട് ഇഷ്ടം തോന്നി
അവളെ പേരു വിളിച്ചിട്ടല്ലാതെ
പിന്നെ അവൾക്കു രാജസന്നിധി
യിൽ ചെല്ലുവാൻ കഴിയുമായിരു
ന്നില്ല. 15എന്നാൽ മൊർദ്ദെഖായി
തനിക്കു മകളായിട്ടെടുത്തിരുന്ന
അവന്റെ ഇളയപ്പനായ അബീഹ
യിലിന്റെ മകളായ എസ്ഥേരിന്
രാജസന്നിധിയിൽ ചെല്ലുവാൻ
അവസരം വന്നപ്പോൾ അവൾ
രാജാവിന്റെ ഷണ്ഡനും അന്തഃപു
രപാലകനുമായ ഹേഗായി പറഞ്ഞ
തല്ലാതെ മറ്റൊന്നും ചോദിച്ചില്ല.
എന്നാൽ എസ്ഥേരിനെ കണ്ട

**എല്ലാവർക്കും അവളോടു പ്രീതി തോന്നി. 16അങ്ങനെ എസ്ഥേരിനെ അഹശ്വേരോശ് രാജാവിന്റെ വാഴ്ചയുടെ ഏഴാം ആണ്ട് തേബേത്ത് മാസമായ പത്താം മാസത്തിൽ രാജധാനിയിൽ അവന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടു ചെന്നു. 17രാജാവ് എസ്ഥേരിനെ മറ്റു സ്ത്രീകളെക്കാൾ അധികം സ്നേഹിച്ചു; സകല കന്യകമാരിലും അധികം കൃപയും അനുഭാവവും അവളോടു തോന്നിയതിനാൽ അവൻ രാജകിരീടം അവളുടെ തലയിൽ വച്ച് അവളെ വസ്ഥിക്കുപകരം രാജ്ഞിയായി അവരോധിച്ചു.**

സൗന്ദര്യ-രൂപഭംഗി-വർദ്ധകശുശ്രൂഷയ്ക്കും, നിയമകാര്യങ്ങളിലും പെരുമാറ്റമര്യാദകളിലും ആചാരമര്യാദക്രമങ്ങളിലും കൊട്ടാരമര്യാദകളിലുമെല്ലാം പരിശീലനം ലഭിച്ചശേഷം, രാജാവിനുമുന്നിൽ പ്രത്യക്ഷപ്പെടാൻ എസ്ഥേറിനുനിശ്ചയിച്ച സമയമായി. രാജാവിനു മുന്നിൽ അവൾക്കിഷ്ടമുള്ള ഒരു കാഴ്ച കൊണ്ടുപോകാൻ അവൾക്കു കഴിയുമായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ

പോലും തന്റെ പരിശീലകനായ ഹേഗായിയുടെ ഉപദേശപ്രകാരമാണ് അവൾ പ്രവർത്തിച്ചത്. രാജാവിന്റെ മനസ്സ് ഹേഗായിയേക്കാൾ നന്നായി അറിയുന്ന വേറെയാരാണുള്ളത്?

എസ്ഥേർ രൂപാന്തരം പ്രാപിച്ചു, നമുക്കും നമ്മെ രൂപാന്തരപ്പെടുത്തുന്നതിനായി കുറച്ചു സമയം ചിലവഴിക്കാം.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങളുടെ രൂപഭംഗിയെയും കഴിവുകളെയും ഓർത്ത് ദൈവത്തിനു നന്ദി പറയുക. കർത്താവ് നിങ്ങളിൽനിന്നും പ്രതീക്ഷിക്കുന്ന വ്യക്തിത്വത്തിൽ നിങ്ങൾക്കുള്ള പോരായ്മകൾ വിശദമായി പരിശോധിക്കുക. രൂപാന്തരത്തിനായി പ്രാർത്ഥിക്കുക.

# ദിനം 7

അവിവാഹിതരും ജീവിതപങ്കാളിയെ അന്വേഷിക്കുന്നവരുമായ സഹോദരീ സഹോദരന്മാരോട് എനിക്ക് ഒരു വാക്കു പറയാനുണ്ട്, ദാമ്പത്യപങ്കാളിയെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ചാണത്. അതു തീർച്ചയായും നിങ്ങളുടെ അധികാരപരിധിയിൽപ്പെടുന്ന ഒരു കാര്യം തന്നെയാണ്. ഒരു തീരുമാനം എടുത്തുകഴിഞ്ഞാൽപിന്നെ നല്ലതിനായാലും ചീത്തതിനായാലും അതിൽ നിന്നും പിന്തിരിയാൻ കഴിയുകയുമില്ല. നിങ്ങളുടെ തീരുമാനം നിങ്ങളുടെ കുടുംബപരവും ആത്മീകവും വ്യക്തിത്വപരവും സാമൂഹ്യപരവും ഭാവിപരവുമായ കാര്യങ്ങളിൽ വൻസ്വാധീനം ചെലുത്താൻ പോകുന്ന ഒന്നാണ്. അതുകൊണ്ട്, ദൈവീകമായ കുടുംബജീവിതം എന്തെന്നും വിവാഹബന്ധം എന്തെന്നും മനസ്സിലാക്കുന്ന പക്വതയും ആത്മീയതയുമുള്ളവരോട് ഒരു വാക്കു ചോദിക്കുന്നത് ജ്ഞാനപൂർണ്ണമായ ഒരു പ്രവൃത്തിയാണ്. സങ്കല്പത്തിൽ മാത്രം ദാമ്പത്യബന്ധവും കുടുംബജീവിതവും കാണുന്നവരോട് അഭിപ്രായം ആരായാൻ എളുപ്പമാണ്, കാരണം, അവർ

നിങ്ങളുടെ കാതിന് ഇമ്പമായതായിരിക്കും സംസാരിക്കുന്നത്. എന്നാൽ സ്ത്രീയെയും പുരുഷനെയും അറിയുന്ന ആത്മീയപക്വതയുള്ള ഒരു വ്യക്തിയിൽ നിന്നും ഉപദേശം സ്വീകരിക്കുക.

രാജാവ് എസ്ഥേറിൽ പ്രീതിതനായി. ഒരു ഔദ്യോഗിക ചടങ്ങിനു നോക്കിനിൽക്കാതെ (ഔദ്യോഗികചടങ്ങുകൾ പിന്നീടു നടത്തി), രാജാവ് എസ്ഥേറിനെ തന്റെയും തന്റെ സാമ്രാജ്യത്തിന്റെയും രാജ്ഞിയായി അവരോധിച്ചു. (വേറെവാക്കുകളിൽ പറഞ്ഞാൽ എസ്ഥേറിനെ രാജാവ് കയ്യേറ്റം ചെയ്തില്ല). ദൈവം പ്രവർത്തിക്കുന്ന രീതികൾ നോക്കുക! നിങ്ങൾ സ്വയം വിനീതരാവുകയും മുതിർന്നവരുടെ നിർദ്ദേശങ്ങൾ പാലിക്കാൻ തയ്യാറാകുകയും ചെയ്യുമ്പോൾ. എക്കാലഘട്ടത്തിലേയും ശക്തനായ ഒരു രാജാവിന്റെ മുന്നിൽപോലും നിങ്ങൾ സുരക്ഷിതരാണ്. ഈ കഥ ആദ്യമായിട്ടല്ല നാം കാണുന്നത്, അബ്രാഹാം, സാറാ, ഇസഹാക്ക്, ദാനിയേൽ, ജോസഫ്, റൂത്ത്, ഹന്നാ, ദാവീദ്, യോനാ, ജോസഫും-മറിയവും, പൗലോസ്... തുടർന്നുകൊണ്ടേ

യിരിക്കുന്ന പട്ടികയാണിത്.

ആഘോഷത്തിന്റെ സമയമാണിനി; വാക്യം 18–20

18രാജാവ് തന്റെ സകല പ്രഭുക്കന്മാർക്കും ഭൃത്യന്മാർക്കും എസ്ഥേരിന്റെ വിരുന്നായി ഒരു വലിയ വിരുന്നു നടത്തി; അവൻ സംസ്ഥാനങ്ങൾക്ക് ഒരു വിമോചനവും (നികുതി ഇളവ്) കല്പിച്ചു; രാജപദവിക്കൊത്തവണ്ണം സമ്മാനങ്ങളും കൊടുത്തു. 19രണ്ടാം പ്രാവശ്യം കന്യകമാരെ കൊണ്ടുവന്നപ്പോൾ മൊർദ്ദെഖായി രാജാവിന്റെ വാതിൽക്കൽ ഇരിക്കുകയായിരുന്നു. 20മൊർദ്ദെഖായി കല്പിച്ചതനുസരിച്ച് എസ്ഥേർ സ്വജനത്തെക്കുറിച്ചും ബന്ധുക്കളെക്കുറിച്ചും വെളിപ്പെടുത്തിയിരുന്നില്ല; എസ്ഥേർ മൊർദ്ദെഖായിയുടെ അടുക്കൽ വളർന്നുവന്നകാലത്തെപ്പോലെ തുടർന്നും അവന്റെ കല്പന അനുസരിച്ചുപോന്നു.

പുസ്തകത്തിൽ പറയുന്നതനുസരിച്ച് കൊട്ടാരത്തിലെ നാലാമത്തെ വിരുന്ന്, എസ്ഥേറിന്റെ കിരീടധാരണത്തോ

ടനുബന്ധിച്ചു നടത്തപ്പെട്ടത്. ഇത്തരം കാര്യങ്ങളെല്ലാം നടക്കുമ്പോഴും, ഒരു കാര്യം സവിശേഷമായി രേഖപ്പെടുത്തണമെന്ന് ദൈവാത്മാവ് ഉറപ്പുവരുത്തുന്നത് നമുക്കിവിടെയും കാണാം, തന്റെ രക്ഷകർത്താവായ മൊർദ്ദെഖായിയെ സർവ്വാത്മനാ അനുസരിക്കുന്ന എസ്ഥേറിന്റെ മനോഭാവം.

കഥാതന്തുവിലേക്ക് ഒരു ഭാഗം കൂടി ഉൾപ്പെടുത്തപ്പെടുന്നതു നമുക്കു കാണാം, ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നു നമുക്കു കാണിച്ചുതരാൻ;

വാക്യം 21–23:

21അക്കാലത്ത് മൊർദ്ദെഖായി രാജാവിന്റെ വാതിൽക്കൽ ഇരിക്കുമ്പോൾ രാജവാതിൽക്കാവൽക്കാരിൽ രണ്ടു ഷണ്ഡന്മാരായ ബിഗ്ഥാനായും തേരെശും കോപിച്ച് അഹശ്വേരോശ് രാജാവിനെ വധിക്കുവാൻ ഗൂഢാലോചന നടത്തി. 22മോർദ്ദെഖായി കാര്യം അറിഞ്ഞ് എസ്ഥേർ രാജ്ഞിക്ക് അറിവുകൊടുത്തു; എസ്ഥേർ അത് മോർദ്ദെഖായി

യുടെ പേരിൽ രാജാവിനെ ബോധിപ്പിച്ചു. 23അന്വേഷണം നടത്തിയപ്പോൾ കാര്യം സത്യമാണെന്നറിഞ്ഞ് അവരെ രണ്ടുപേരെയും കഴുവിന്മേൽ തൂക്കിക്കൊന്നു; ഇത് രാജസന്നിധിയിൽ വച്ച് ദിനവൃത്താന്തപുസ്തകത്തിൽ രേഖപ്പെടുത്തി.

എസ്ഥേർ രാജ്ഞിപദമേറിയതിനു ശേഷം മൊർദ്ദെഖായ് രാജവാതിൽക്കൽ ഇടംപിടിച്ചത് നമുക്കിവിടെ കാണാം. കൊട്ടാരവാതില്ക്കൽ ഇരിക്കുക എന്നാൽ അക്കാലത്തെ ഒരു ന്യായാധിപസ്ഥാനമോ അല്ലെങ്കിൽ ഉദ്യോഗസ്ഥസ്ഥാനമോ ലഭിച്ചു എന്നാണെന്നു നമുക്കു മനസ്സിലാക്കാം. ദൈവം രംഗങ്ങൾ ഓരോന്നോരോന്നായി ചലിപ്പിക്കുന്നതു നമുക്കു കാണാം. രംഗപടങ്ങൾ മാറുമ്പോൾ ആദ്യം നമുക്ക് മനസ്സിലാക്കാനും താദാത്മ്യം പ്രാപിക്കാനും സാധിക്കുന്നില്ല, എന്നാൽ ദൈവത്തെ സംബന്ധിച്ച് എല്ലാം സുവ്യക്തമാണ്, സുരക്ഷിതവും പരമോന്നതവുമായ തന്റെ അധികാരത്തിൻകീഴിൽ എല്ലാം സുവ്യക്തവുമാണ്. രാജാവിനെതിരായ ഒരു ഗൂഢാ

ലോചനയെക്കുറിച്ച് മനസ്സിലാക്കാൻ ദൈവം ഒരു അവസരം കൊടുത്തു. അദ്ദേഹം അക്കാര്യം രാജ്ഞിയെ അറിയിച്ചു, രാജ്ഞി അതു രാജാവിനെ ധരിപ്പിച്ചു, ഇക്കാര്യത്തിലെ മോർദ്ദെഖായുടെ പങ്കിനെ ഉയർത്തിക്കാണിച്ചുകൊണ്ട്. ഇക്കാര്യം അന്വേഷിച്ച് ശരിയെന്നു ബോധ്യംവന്ന രാജാവ് കുറ്റവാളികളായ വ്യക്തികളുടെ ജീവനെടുത്തു ശിക്ഷിച്ചു.

എന്നാൽ മോർദ്ദെഖായി ചെയ്ത ഉപകാരത്തിന് പ്രത്യുപകാരമൊന്നും ലഭിച്ചില്ല, അതുവരെ. അതുവരെയെന്ന വാക്ക് സമാശ്വാസം നല്കുന്ന ഒന്നാണ്, കാരണം അതു പ്രത്യാശയ്ക്കു വകനല്കുന്നു. നാം സ്വയം മറന്നു മറ്റുള്ളവർക്ക് ഉപകാരം ചെയ്യുകയോ, നന്മയും നീതിയും പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ നമുക്ക് ഉടൻതന്നെ പ്രതിഫലം ലഭിച്ചെന്നു വരികയില്ല. പ്രതിഫലം ദൈവം വൈകിപ്പിക്കുന്നുവെന്നു കാണുമ്പോൾ ഒരു കാര്യം ഉറപ്പാക്കുക, തക്കതായ വലിയ ഒരു സമയം ദൈവം ഒരുക്കി കാത്തിരിക്കുന്നു, വിശേഷപ്പെട്ട രീതിയിൽ പ്രവർത്തിക്കാൻ. അതു നിങ്ങളെസംബന്ധിച്ച് ഏറ്റവും വേണ്ട

പ്പെട്ട ഒരു സമയമായിരിക്കും, ദൈവം തീരുമാനിക്കുന്ന ആ സമയത്ത് നിങ്ങൾക്കു മഹത്വവും ആദരവും കൈവരും.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

മറുപടിലഭിക്കാത്ത നിങ്ങളുടെ പ്രാർത്ഥനകളെ നിങ്ങൾ എപ്രകാരം കാണുന്നു. നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിങ്ങൾ ഉദ്ദേശിക്കുന്ന സമയത്ത് മറുപടിലഭിക്കാതിരിക്കുമ്പോൾ, ദൈവമുന്നിൽ നിങ്ങൾ എത്രവിശേഷപ്പെട്ടവരാണ് എന്നകാര്യം വചനങ്ങൾ പരിശോധിച്ചു മനസ്സിലാക്കുക.

**പ്രായോഗികമായി:**

ഇന്നത്തെ കൂട്ടായ്മയിൽ, നിങ്ങളെ സഹായിച്ചിട്ടുള്ള വ്യക്തികളോട് നിങ്ങൾക്കുള്ള ആദരവു പങ്കുവയ്ക്കുക, മറ്റുള്ളവരെ ശുശ്രൂഷിക്കുന്ന വ്യക്തികളെ അഭിനന്ദിക്കുക.

# ദിനം 8

തിരിച്ചു പ്രതീക്ഷിക്കാതെ മറ്റുള്ള വർക്കു നല്കുന്നതിനെക്കുറിച്ച് വചനം സംസാരിക്കുന്നുണ്ട്. നാം കൊടുക്കു ന്നത് നമ്മുടെ സന്തോഷത്തിനുവേണ്ടി യാകരുത്, പകരം ദൈവഹിതം നിറവേ റ്റാനും ദൈവകല്പന അനുസരിക്കാനു മാണ്. മറ്റുള്ളവരുടെ മുന്നിൽ ഒരു മാതൃ കയാകാൻ വേണ്ടിപോലുമാകരുത് നാം നല്കുന്നത്, പകരം, കൊടുക്കുക എന്ന ദൈവപ്രകൃതിയിൽ പങ്കുകൊള്ളുവാൻ വേണ്ടിയാകണമത്. ഈ ലോകത്തിൽ നിങ്ങൾ ശ്രദ്ധിക്കപ്പെട്ടുപോലുമില്ലായിരി ക്കും, എന്നാൽ ദൈവം തന്റെ പ്രതി ഫലവാഗ്ദാനത്തിൽ വിശ്വസ്തനാണ്, ചിലപ്പോൾ അത് ഈ ലോകത്തിലായി രിക്കും, ചിലത് അങ്ങേ ലോകത്തിൽ ആയിരിക്കും. എന്നിരുന്നാലും ദൈവം തീർച്ചയായും തന്റെ വാഗ്ദാനം നിറവേ റ്റും. മറ്റുള്ളവർക്കു നന്മചെയ്യുന്നതിൽ നമുക്ക് ശ്രമശാലികളായിരിക്കാം, പ്രത്യേ കിച്ച് ദൈവകുടുംബത്തിൽ ഉള്ളവർക്ക്. സഭയ്ക്കുവേണ്ടി ദാനംചെയ്യുന്നതിൽ നിങ്ങളുടെ മനോഭാവം എപ്രകാരമുള്ള താണ്?

മത്തായി 10:42

ഈ ചെറിയവനിൽ ഒരുത്തന്, അയാൾ എന്റെ ശിഷ്യനായതുകൊണ്ട്, ഒരു പാത്രം തണുത്തവെള്ളം കൊടുക്കുന്ന ഒരുവന് ഒരിക്കലും തന്റെ പ്രതിഫലം നഷ്ടമാവുകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.

എബ്രായർ 10:34–35

34തടവുകാരോടു നിങ്ങൾ സഹ
താപം കാണിച്ചു. നിങ്ങളുടെ
സ്വത്തുക്കൾ അപഹരിക്കപ്പെട്ട
പ്പോൾ, മികച്ചതും ശാശ്വതവുമായ
സമ്പത്തു നിങ്ങൾക്കുണ്ടെന്ന് അറി
ഞ്ഞുകൊണ്ട് നിങ്ങൾ അതു
സന്തോഷത്തോടെ സഹിച്ചു.
35അതുകൊണ്ടു മഹാപ്രതി
ഫലമുള്ള നിങ്ങളുടെ ധൈര്യം
ഉപേക്ഷിക്കരുത്.

മോർദ്ദെഖായിയെ സംബന്ധിച്ച്, തനിക്കു കിട്ടാനുള്ളത് പേർഷ്യ രാജാവിന്റെ ദിനവൃത്താന്തപുസ്തകത്തിൽ രേഖപ്പെടുത്തിയതു വഴി ഭദ്രമായി പൊതിഞ്ഞുവയ്ക്കപ്പെട്ടു.

നമുക്കിനി മൂന്നാം അദ്ധ്യായത്തിലേക്കു പോകാം:

1അനന്തരം അഹശ്വേരോശ്
രാജാവ് ആഗാഗ്യനായ ഹമ്മെദാ
ഥയുടെ മകനായ ഹാമാന് ഉന്നത
പദവി കൊടുത്ത് അവനെ തന്നോ
ടുകൂടെയുള്ള മറ്റു പ്രഭുക്കന്മാരെ
ക്കാൾ ഉയർന്ന സ്ഥാനം നല്കി
ആദരിച്ചു. 2രാജാവിന്റെ
വാതിൽക്കലുണ്ടായിരുന്ന രാജഭൃ
ത്യന്മാരൊക്കെയും ഹാമാനെ
കുമ്പിട്ടു നമസ്കരിച്ചു; രാജാവ്
അവന്റെ കാര്യത്തിൽ അങ്ങനെ
കല്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ
മൊർദ്ദെഖായി അവനെ കുമ്പിടു
കയോ നമസ്കരിക്കുകയോ
ചെയ്തില്ല. 3അപ്പോൾ രാജാവിന്റെ
വാതിൽക്കൽ ഉണ്ടായിരുന്ന രാജ
ഭൃത്യന്മാർ മൊർദ്ദെഖായിയോട്:
''നീ രാജകല്പന ലംഘിക്കുന്നത്
എന്ത്?'' എന്നു ചോദിച്ചു. 4അവർ
ഇങ്ങനെ ദിവസംപ്രതി അവനോടു
പറഞ്ഞിട്ടും അവൻ അവരുടെ
വാക്കു കേൾക്കാതിരുന്നതിനാൽ
മൊർദ്ദെഖായിയുടെ പെരുമാറ്റം
വിലപ്പോകുമോ എന്നു കാണേണ്ട
തിന് അവർ അത് ഹാമാനോട്

അറിയിച്ചു; താൻ യെഹൂദനാണെന്ന് അവൻ അവരോടു പറഞ്ഞിട്ടുണ്ടായിരുന്നു. 5മൊർദ്ദെഖായി തന്നെ കുമ്പിട്ടു നമസ്കരിക്കുന്നില്ലെന്നു കണ്ട് ഹാമാൻ കോപാകുലനായി. 6എന്നാൽ മൊർദ്ദെഖായിയെ മാത്രം കൈയേറ്റം ചെയ്യുന്നത് അപമാനകരമാണെന്ന് അവനു തോന്നി; മൊർദ്ദെഖായിയുടെ ജാതി ഇന്നതെന്ന് അവർ വെളിപ്പെടുത്തിയിരുന്നതുകൊണ്ട് അഹശ്വേരോശിന്റെ രാജ്യത്തെല്ലായിടത്തുമുണ്ടായിരുന്ന മൊർദ്ദെഖായിയുടെ ജാതിക്കാരായ യെഹൂദന്മാരെയൊക്കെയും നശിപ്പിക്കേണ്ടതിന് ഹാമാൻ അവസരം അന്വേഷിച്ചു.

കഥയുടെ ഒഴുക്കിലേക്ക് പുതിയൊരു മാനംകൂടെ കൊണ്ടുവരപ്പെടുന്നു, ഇപ്പോൾ കഥയിലെ വില്ലനെ നമുക്ക് പരിചയപ്പെടുത്തുന്നു, ഹമ്മെദാഥായുടെ മകനും ആഗാഗ്യനുമായ ഹാമാൻ. ഇയാളെപ്പറ്റിയുള്ള വിശദീകരണങ്ങളിലേക്കു നമുക്കു പിന്നീടു തിരികെവരാം. ഇപ്പോൾ ഇയാൾ പേർഷ്യൻ സാമ്രാജ്യത്തിൽ പരമോന്നത സ്ഥാന

ത്തേക്ക് ഉയർത്തപ്പെട്ട ഒരാളാണ്, രാജസന്നിധിയിലുള്ള സകല ഉന്നതർക്കും പ്രഭുക്കന്മാർക്കും മുകളിലുള്ള ഒരു സ്ഥാനം നല്കപ്പെട്ടയാൾ. അവന്റെ മുന്നിൽ സകലരും മുട്ടുകുത്തിവീണ് ആദരവർപ്പിച്ചു. ഇക്കാര്യത്തെപ്രതി ഒരു രാജകല്പന പുറപ്പെടുവിച്ചിട്ടുണ്ടെന്ന സൂചനയും രണ്ടാം വാക്യത്തിൽ നല്കുന്നു. കൊട്ടാരവാതിൽക്കൽ ഉണ്ടായിരുന്നു സകലരും അവനെ ആദരിച്ചു, മൊർദ്ദെഖായ് ഒഴികെ. രാജവാതിൽക്കൽ ഉണ്ടായിരുന്ന മറ്റുള്ളവർ ഈ അനുസരണക്കേടിന് മൊർദ്ദെഖായിക്ക് സൂചനനല്കി. എന്നാൽ മൊർദ്ദെഖായ് അവർക്കും ചെവികൊടുത്തില്ല. ആകയാൽ അവർ ഇക്കാര്യം ഹാമാന്റെ ശ്രദ്ധയിൽപ്പെടുത്തി.

ഒരു ഗൂഢാലോചന കണ്ടെത്തിയപ്പോൾ മൊർദ്ദെഖായി അതു തനിക്ക് അനുകൂലമാക്കി ഉപയോഗിച്ചു, അതേപോലെതന്നെ മൊർദ്ദെഖായിയുടെ രാജകല്പനാധിക്കാരം മറ്റു ഉദ്യോഗസ്ഥർ ഹാമാന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു, തീർച്ചയായും ഹാമാന്റെ പ്രീതി വേണ്ടെന്നുവയ്ക്കേണ്ട ഒരു കാര്യമല്ലല്ലോ? എന്നാൽ അക്കൂട്ടത്തിൽ

മറ്റൊരുകാര്യം കൂടി അവർ ഹാമാനോടു വെളിപ്പെടുത്തി, മൊർദ്ദെഖായ് ഒരു യഹൂദനാണെന്ന കാര്യം. എസ്ഥേറോ മൊർദ്ദെഖായിയോ മറ്റാരും അറിയരുതെന്ന് ആഗ്രഹിച്ച കാര്യംതന്നെ.

ദൈവരാജ്യത്തിൽ രഹസ്യങ്ങൾക്ക് വലിയ ആയുസ്സില്ല എന്ന കാര്യം പ്രത്യേകം പറയേണ്ടല്ലോ? തുറന്ന ഹൃദയവും ജീവിതവുമാണ് ദൈവഹിതം, നിങ്ങളെ സഹായിക്കാൻ കഴിയുന്നവരുടെയടുത്ത് തീർച്ചയായും ഹൃദയം തുറക്കുക.

മൊർദ്ദെഖായ് ഹാമാന്റെ മുന്നിൽ വീണുനമസ്ക്കാതിരുന്നത് എന്തുകൊണ്ടായിരിക്കും? ഞാൻ ആദ്യം വിചാരിച്ചത്, പത്തുകല്പനകൾ അതു വിലക്കുന്നതുകൊണ്ടായിരിക്കുമെന്നാണ്. (പുറപ്പാട് 20:4–6 4യാതൊരു വിഗ്രഹവും ഉണ്ടാക്കരുത്; മീതേ സ്വർഗ്ഗത്തിലോ താഴെ ഭൂമിയിലോ ഭൂമിക്കു കീഴേ വെള്ളത്തിലോ ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. 5അവയെ നമസ്കരിക്കുകയോ ആരാധിക്കുകയോ ചെയ്യരുത്, നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള

ദൈവം ആകുന്നു; എന്നെ വെറുക്കുന്ന വരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തല മുറവരെ മക്കളുടെമേൽ സന്ദർശിക്കു കയും, 6എന്നെ സ്നേഹിച്ച് എന്റെ കല്പനകൾ പ്രമാണിക്കുന്നവർക്ക് ആയിരും തലമുറകൾവരെ ദയകാണി ക്കുകയും ചെയ്യുന്നു). എന്നാൽ മറ്റുചിലകാര്യങ്ങളും പരിഗണിക്കേണ്ടതു ണ്ട്. സാറയുടെ മരണശേഷം ഒരു കല്ലറ വാങ്ങിക്കുന്നതിനെ സംബന്ധിച്ചു സംസാരിക്കുമ്പോൾ ഹിത്യരുടെമുന്നിൽ താണുവീണു നമസ്കരിക്കുന്ന അബ്രാ ഹാമിനെ നമുക്ക് ഉല്പത്തി 23ൽ കാണാം. ഏസാവിന്റെമുന്നിൽ ഏഴുത വണ നിലത്തുവീണു നമസ്കരിക്കുന്ന യാക്കോബിനെ നമുക്ക് ഉല്പത്തി 33ൽ കാണാം. ജോസഫിന്റെ സഹോദരന്മാർ അവനുമുന്നിൽ സാഷ്ടാംഗം നമസ്ക രിക്കുന്നത് ഉൽപ്പത്തി 43ലും 48ലും കാണാം. തന്റെ പിതാവിനുമുന്നിൽ നില ത്തോളം ശിരസ്സുകുനിക്കുന്ന ജോസഫി നെയും നമുക്കു കാണാം. തന്റെ ഭാര്യാ പിതാവിനുമുന്നിൽ ശിരസ്സുകുനിക്കുന്ന മോശയെ നമുക്ക് പുറപ്പാട് 18ൽ കാണാം. യോനാഥാന്റെ മുന്നിൽ മൂന്നു തവണ വീണു നമസ്കരിക്കുന്ന ദാവീ

ദിനെ 1 ശമുവേൽ 20ൽ കാണാം. 1 ശമുവേൽ 24ൽ ദാവീദ് ശൗൽ രാജാവിനു മുന്നിൽ സാഷ്ടാംഗം നമസ്കരിക്കുന്നതു കാണാം. മൊർദ്ദെഖായ് ഹാമാനുമുന്നിൽ വീണു നമസ്കരിക്കാതിരിക്കാനുള്ള കാരണം തീർച്ചയായും വേറൊന്നാണ്, ഹാമാന്റെ പേരിൽത്തന്നെ ആ കാരണം ഒളിച്ചിരിപ്പുണ്ട് - ആഗാഗ്യനായ ഹാമാൻ.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

- നിങ്ങളുടെ ഹൃദയവികാരങ്ങളെയും മനോഭാവങ്ങളെയും ചിന്താരീതികളെക്കുറിച്ചു നല്ലരീതിയിൽ ഒരു കണക്കെടുപ്പു നടത്തി ദൈവമുമ്പാകെ സമർപ്പിക്കുക.

- സഭയ്ക്കുവേണ്ടി നിങ്ങൾ നല്കുന്ന സാമ്പത്തിക ദാനങ്ങളെക്കുറിച്ചും പരിശോധിക്കുക. എതൊക്കെ രീതിയിൽ മാറ്റം വരുത്താനാകും? പ്രാർത്ഥനയോടെ തീരുമാനിക്കുക.

# ദിനം 9

ഉന്നതസ്ഥാനത്തുള്ള ഒരു വ്യക്തിയോടുള്ള ആദരവോ ബഹുമാനമോ സ്നേഹമോ പ്രദർശിപ്പിക്കാനും അഭിവാദ്യം ചെയ്യാനുംവേണ്ടി ആവ്യക്തിക്കുമുന്നിൽ കുമ്പിടുന്നത് പ്രശ്നമുള്ള ഒരു കാര്യമല്ല. 1 പത്രോസ് 2:17 നോക്കുക: എല്ലാവരെയും ആദരിക്കുവിൻ, സഹോദരസമൂഹത്തെ സ്നേഹിക്കുവിൻ, ദൈവത്തെ ഭയപ്പെടുവിൻ, രാജാവിനെ ആദരിക്കുവിൻ. എന്നാൽ വിഗ്രഹങ്ങളുടെമുന്നിൽ കുമ്പിടുന്നതും ദൈവമല്ലാതെ മറ്റാരെയെങ്കിലും ആരാധിക്കുന്നതും കല്പനകളാൽ വിലക്കിയിരിക്കുന്നു. മുന്നിൽ കുമ്പിടുവാനുള്ള യോഗ്യത ഹാമാനില്ല എന്ന കാരണത്താലാണ് മൊർദ്ദെഖായ് അവനുമുമ്പിൽ കുമ്പിടാതിരുന്നത്.


വാക്യം 5, കാര്യങ്ങൾ ചൂടുപിടിക്കാൻ തുടങ്ങി, മൊർദ്ദെഖായ് തന്റെ മുന്നിൽ വീണു വണങ്ങുന്നില്ല എന്ന കാര്യം ഹാമാനും ശ്രദ്ധിച്ചുതുടങ്ങി. അവന്റെ ക്രോധത്തിൽ മൊർദ്ദെഖായിയെ മാത്രമല്ല, ഇസ്രായേൽ വംശത്തെ മുഴുവൻ നശിപ്പിക്കാൻ

ഹാമാൻ തീരുമാനിച്ചു.

വാക്യം 7

7അഹശ്വേരോശ് രാജാവിന്റെ വാഴ്ചയുടെ പന്ത്രണ്ടാം ആണ്ടിൽ നീസാൻ മാസമായ ഒന്നാം മാസത്തിൽ അവർ ആദാർ എന്ന പന്ത്രണ്ടാം മാസംവരെയുള്ള ഓരോ ദിവസത്തെയും ഓരോ മാസത്തെയും കുറിച്ച് ഹാമാന്റെ മുന്നിൽ പൂര് എന്ന ചീട്ടിട്ടുനോക്കി.

ഹാമാൻ തയ്യാറെടുപ്പുകൾ തുടങ്ങി, ചീട്ടിട്ട് തീയതിവരെ നിശ്ചയിച്ചുവച്ചു. യഹൂദരുടെ കലണ്ടറിലെ ആദ്യ മാസം നീസാൻ മാസമാണ്. കുറിവീണത് പന്ത്രണ്ടാം മാസമായ ആദാർ മാസത്തിലേക്കാണ്. ഇക്കാര്യത്തിലും ദൈവം പ്രവർത്തിച്ചു. (യഹൂദകലണ്ടറുമായുള്ള താരതമ്യം നോക്കുക. ദിവസങ്ങളുടെ എണ്ണത്തിൽ വ്യ



ത്യാസമുണ്ട്. അതിനാൽ അധിവർഷം വരുമ്പോൾ അവർ ഒരു മാസം കൂട്ടി ച്ചേർക്കുന്നുണ്ട്).

വാക്യം 8–9

8പിന്നെ ഹാമാൻ അഹശ്വേരോശ് രാജാവിനോട്: "നിന്റെ രാജ്യ ത്തിലെ സകല സംസ്ഥാനങ്ങളിലു മുള്ള ജനതകളുടെ ഇടയിൽ ഒരു ജനത ചിന്നിച്ചിതറിക്കിടക്കുന്നു; അവരുടെ ന്യായപ്രമാണങ്ങൾ മറ്റു ള്ള സകല ജനതകളിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു; അവർ രാജാവിന്റെ പ്രമാണങ്ങൾ അനുസ രിക്കുന്നതുമില്ല; അതുകൊണ്ട് അവ രോടു സഹിഷ്ണുത പാലിക്കു ന്നത് രാജാവിനു യോഗ്യമല്ല.
9രാജാവിനു സമ്മതമാണെങ്കിൽ അവരെ നശിപ്പിക്കുന്നതിന് സന്ദേശം എഴുതി അയയ്ക്കണം; എന്നാൽ ഞാൻ കാര്യവിചാരകന്മാ രുടെ കൈയിൽ 10,000 താലന്ത് വെള്ളി രാജാവിന്റെ ഭണ്ഡാരത്തി ലേക്കു കൊടുത്തയയ്ക്കാം" എന്നു പറഞ്ഞു.

അവ്യക്തരീതിയിലുള്ള ഒരു കല്പ

നയാണ് ഹാമാൻ എഴുതിയുണ്ടാക്കി രാജാവിനെക്കൊണ്ട് തുല്യംചാർത്തിയത്, കാരണം അവന് അതു ദുരുപയോഗം ചെയ്യാൻ കഴിയണം. എന്തായിരുന്നു കല്പന? ഇന്ത്യമുതൽ എത്യോപ്യവരെ നീണ്ടുകിടക്കുന്ന ഒരു സാമ്രാജ്യമായതുകൊണ്ട്, ജനസമൂഹങ്ങളും അവരുടെ സാംസ്കാരിക സവിശേഷതകളും വിഭിന്നങ്ങളാണ്. അതിൽ ഏതെങ്കിലും ഒന്ന് രാജാവിന്റെ കല്പനകൾ അനുസരിക്കുന്നില്ലെങ്കിൽ അവരെ നശിപ്പിക്കാനുള്ള അനുമതിയാണിത്. പതിനായിരം താലന്തു വെള്ളിനല്കാമെന്ന ഒരു വാഗ്ദാനം നടത്തിയാണ് അവൻ ഇതു ചെയ്യിച്ചത്. യേശുവിന്റെ കാലഘട്ടത്തിൽ ഒരു താലന്ത് എന്നത് 34 കിലോഗ്രാം തൂക്കമായിരുന്നു. പേർഷ്യൻ കാലഘട്ടത്തിൽ ഇതു വ്യത്യസ്തമായിരിക്കാം. ബി സി 425ൽ മരിച്ച ഹീരോദോത്തസ് എന്ന പേർഷ്യൻ ചരിത്രകാരൻ ചൂണ്ടിക്കാണിക്കുന്നതനുസരിച്ച് (എസ്ഥേറിന്റെ കഥതുടങ്ങുന്നത് ബി സി 483ലാണ്), പേർഷ്യൻ സാമ്രാജ്യത്തിന്റെ വാർഷികവരുമാനം 15000 താലന്തു വെള്ളിയാണ്. അങ്ങനെനോക്കുമ്പോൾ ഹാമാൻ വാഗ്ദാനംചെയ്തത് ചില്ലറ തുകയല്ല, രാജ്യവരുമാന

ത്തിന്റെ മൂന്നിൽരണ്ടുഭാഗമാണത്. അത്രയും ധനം ആരുടെയും കയ്യിൽ ഉണ്ടാവുകയില്ല. എന്നാൽ ഹാമാന്റെ കണക്കുകൂട്ടലുകൾ വ്യക്തമാണ്. യഹൂദരെ മുഴുവൻ കൊന്നൊടുക്കിയാൽ ഈ പണം സ്വരൂപിക്കുവാൻ അവനു നിസ്സാരമായി കഴിയും (പതിമൂന്നാം വാക്യം നല്കുന്ന സൂചനപോലെ).

രാജാവിനെ സംബന്ധിച്ച് പണം അത്യാവശ്യമായിരുന്നുവെങ്കിലും - കാരണം വലിയ യുദ്ധപുറപ്പാടിനുള്ള ഒരുക്കത്തിലായിരുന്നു അദ്ദേഹം - ഹാമാന്റെ വാഗ്ദാനം രാജാവു സ്വീകരിച്ചില്ല. എന്നാൽ തനിക്കിഷ്ടമുള്ളതു ചെയ്യാനുള്ള സമ്മതം രാജാവ് ഹാമാനുനല്കി.

വാക്യം 10-11

10അപ്പോൾ രാജാവ് തന്റെ മുദ്രമോതിരം കൈയിൽനിന്ന് ഊരി അഗാഗ്യനായ ഹമ്മെദാഥയുടെ മകനും യെഹൂദന്മാരുടെ ശത്രുവുമായ ഹാമാനു നല്കി. 11 രാജാവ് ഹാമാനോട്; "ഞാൻ ആ വെള്ളിയോടൊപ്പം ആ ജനതയെയും നിനക്കു ദാനം ചെയ്യുന്നു; നിനക്കു നല്ല

തെന്നു തോന്നുന്നത് അവരോടു ചെയ്തുകൊള്ളുക'' എന്നു പറഞ്ഞു.

യഹൂദരുടെ ശ്രതുവായ ഹാമാൻ എന്നാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. രാജാവിൽ അവനുള്ള സ്വാധീനം നോക്കുക - രാജാവ് തന്റെ മുദ്രമോതിരം ഊരി ഹാമാനു നല്കി. ഇനിയെന്താണു സംഭവിക്കാൻ പോകുന്നത്?

വാക്യം 12-15:

12അങ്ങനെ ഒന്നാം മാസം പതിമൂന്നാം തീയതി രാജാവിന്റെ കാര്യദർശികളെ വിളിച്ചു; ഹാമാൻ കല്പിച്ചതുപോലെ അവർ രാജപ്രതിനിധികൾക്കും ഓരോ സംസ്ഥാനത്തിലെ ദേശാധിപതികൾക്കും അതതു ജനതയുടെ പ്രഭുക്കന്മാർക്കും അതതു സംസ്ഥാനത്തിന് അവിടത്തെ ലിപിയിലും അതതു ജനതയ്ക്ക് അവരുടെ ഭാഷയിലും എഴുതി; അഹശ്വേരോശ് രാജാവിന്റെ നാമത്തിൽ അതെഴുതി, രാജമോതിരംകൊണ്ടു മുദ്രവച്ചു. 13ആദാർ മാസമായ

പന്ത്രണ്ടാം മാസം പതിമൂന്നാം
തീയതിതന്നെ സകല യെഹൂദന്മാ
രെയും കുഞ്ഞുങ്ങളെയും സ്ത്രീക
ളെയും കൊന്നു മുടിക്കുകയും
അവരുടെ വസ്തുവകകൾ കൊള്ള
യടിക്കുകയും ചെയ്യണമെന്ന് രാജാ
വിന്റെ സകല സംസ്ഥാനങ്ങളി
ലേക്കും സന്ദേശവാഹകർ വഴി
കത്തുകൾ അയച്ചു. 14ജനങ്ങ
ളെല്ലാം ആ ദിവസത്തേക്കു തയ്യാ
റായിരിക്കേണ്ടതിന് രാജകല്പന
യുടെ ഒരു പകർപ്പ് ഓരോ സംസ്ഥാ
നത്തിലും വിളംബരം ചെയ്തു.
15സന്ദേശവാഹകർ രാജകല്പന
യുമായി വേഗത്തിൽ പുറപ്പെട്ടു;
ശൂശൻ രാജധാനിയിലും ആ
കല്പന വിളംബരം ചെയ്തു;
രാജാവും ഹാമാനും മദ്യപിക്കുവാ
നിരുന്നു; ശൂശൻ പട്ടണമോ സംഭ്ര
മത്തിലായി.

ഇത്തരം സന്ദർഭങ്ങളിൽ എന്തു ചെയ്യണമെന്ന് ദാവീദിനറിയാം.

സങ്കീർത്തനം 37:7

"യഹോവയുടെ മുമ്പിൽ മൗനമായിരുന്നു അവിടുത്തേക്കായി ക്ഷമ

യോടെ കാത്തിരിക്കുക; മനുഷ്യൻ തങ്ങളുടേതായ വഴികളിൽ വിജയം നേടുന്നതും തങ്ങളുടെ കുതന്ത്രങ്ങൾ നടപ്പിൽവരുത്തുന്നതും കണ്ട് അസ്വസ്ഥമാകരുത്."

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങളെ അടിക്കടി മുഷിപ്പിക്കുന്ന ആകുലതകൾ എന്തൊക്കെയാണ്? സങ്കീർത്തനം 37ലൂടെ പ്രാർത്ഥിക്കുക.

# ദിനം 10

എസ്ഥേർ 3:14–15ലൂടെ തുടരാം:

14ജനങ്ങളെല്ലാം ആ ദിവസ
ത്തേക്കു തയ്യാറായിരിക്കേണ്ടതിന്
രാജകല്പനയുടെ ഒരു പകർപ്പ്
ഓരോ സംസ്ഥാനത്തിലും വിളം
ബരം ചെയ്തു. 15സന്ദേശവാഹകർ
രാജകല്പനയുമായി വേഗത്തിൽ
പുറപ്പെട്ടു; ശൂശൻ രാജധാനിയിലും
ആ കല്പന വിളംബരം ചെയ്തു;
രാജാവും ഹാമാനും മദ്യപിക്കുവാ
നിരുന്നു; ശൂശൻ പട്ടണമോ സംഭ്ര
മത്തിലായി.

യഹൂദരുടെ വിനാശദിവസം തീരുമാനമായി, ഒരൊറ്റദിവസത്തിൽത്തന്നെ സകലയഹൂദരെയും കൊന്നുമുടിച്ച് ഉന്മൂലനം ചെയ്യാൻപോകുന്നു, അവരുടെ വസ്തുവകകൾ കൊള്ളയടിക്കാനും. ഹാമാൻ പദ്ധതിയൊരുക്കിയത് ചെറിയകാര്യത്തിനല്ല. ഹാമാൻ ഇപ്പോൾ സന്തോഷവാനാണ്, കാര്യങ്ങൾ താൻ ഉദ്ദേശിക്കുന്ന ഗതിയിൽതന്നെ പുരോഗമിക്കുന്നു, മാത്രമല്ല രാജാവിന്റെ 'ഗ്ലാസ്സ്മേറ്റ്' കൂടിയാണ് ഇപ്പോൾ ഹാമാൻ. തന്റെ കയ്യിലെ ഒരു

കരുവായി രാജവുമാറിയിരിക്കുന്നു എന്നു തോന്നാം. എന്നാൽ തലസ്ഥാനത്തുള്ള യഹൂദർ ഭയപരവശരായി, വധശിക്ഷയുടെ വാൾ അവരുടെ തലയ്ക്കു മീതെ തൂങ്ങിയിരിക്കുന്നു.

ദൈവം ഭയചകിതനാണോ, ഒരിക്കലുമില്ല. ദൈവത്തെ സംബന്ധിച്ച് ഹാമാൻ ഒരു മനുഷ്യവ്യക്തിമാത്രമാണ്. നാം ഉൾപ്പെടുന്ന സകലവ്യക്തികളും ദൈവത്തിനുമുന്നിൽ പുഴുസമാനരാണ്, എന്നിരുന്നാലും യേശുവിന്റെ രക്തത്താൽ ദൈവം നമ്മെ ആദരിച്ചു മഹത്വപ്പെടുത്തി. നമ്മെക്കാൾ ഏറെമുമ്പ് യഹൂദരെ താൻ വിലമതിക്കുന്ന നിധിയായി ദൈവം തിരഞ്ഞെടുത്തു, തന്റെ ഉടമ്പടിയിലൂടെ. അവരെ അനുഗ്രഹിക്കുന്ന വാക്കുകളിലൂടെ മോശ അവർക്കുവേണ്ടി എഴുതിയത് ആവർത്തനം 33:29ൽ നമുക്കു വായിക്കാം:

യിസ്രായേലേ, നീ ഭാഗ്യവാൻ, നിന്നെപ്പോലെ യഹോവയാൽ രക്ഷിക്കപ്പെട്ട ജനം ഏതുള്ളൂ? അവിടുന്നു നിന്റെ പരിചയും സഹായകനും നിന്റെ മഹിമയുടെ വാളും ആകുന്നു. നിന്റെ ശത്രുക്കൾ നിന്റെ മുമ്പിൽ കീഴടങ്ങും, നീ

**അവരുടെ ഉന്നതസ്ഥലങ്ങൾ ചവിട്ടിമെതിക്കും.**

ഇന്നത്തെ കാലഘട്ടത്തിൽ അനുഗ്രഹിക്കപ്പെട്ട ആ ജനത ആരാണ്? ദൈവത്തിന്റെ വിലമതിപ്പുള്ള നിധി?

ഓർക്കുക, ദൈവം പ്രതിസന്ധികളിലും ദൈവമാണ്, നല്ലസമയങ്ങളിലും സന്തോഷനാളുകളിലും മാത്രമല്ല. സമാധാനത്തിലും അസമാധാനത്തിലുമെല്ലാം ദൈവം സന്നിഹിതനാണ്. സകലത്തിനും മീതെ നിയന്ത്രണമുള്ളവനുമാണ്.

ഇസ്രായേൽ ജനതയുടെ മുതുമുതുമുത്തച്ഛനായ ഇസ്ഹാക്കിന്റെ ഒരു അവസ്ഥയിലാണ് അവരിപ്പോൾ (ഉല്പത്തി 22). ജീവനോടെ കയ്യും കാലും കെട്ടി വിറകിന്റെമീതെ ഇസ്ഹാക്കിനെ വച്ച ഒരു സാഹചര്യം ഓർക്കുക, ബലിയർപ്പിക്കപ്പെടാൻവേണ്ടി നോക്കിയിരിക്കുന്നു, കത്തിയും ഉയർത്തപ്പെട്ടിരിക്കുന്നു, തന്നെ രക്ഷിക്കാൻ ഇനി ആർക്കും സാദ്ധ്യമാവില്ല. മോരിയാമലയിലേക്ക് ദൈവംതന്നെ വരേണ്ടിവന്നു, ഇസ്ഹാക്കിനെ രക്ഷിക്കാൻ.

ഇവിടെയും മുഴുവൻ യഹൂദജന തയെയും വിറകിൻമീതെ വച്ചിരിക്കുന്ന അവസ്ഥയിലാണ്, അക്കാലഘട്ട ത്തിലെ ഏറ്റവും ശക്തനായ ഭരണാധി കാരിയുടെ ഉത്തരവിനാൽ കയ്യും കാലും കെട്ടപ്പെട്ട്. ദൈവീകമായ ഒരു ഇടപെടൽതന്നെ ഇവിടെ ആവശ്യമു ണ്ട്, പേർഷ്യൻ രാജാവിനേക്കാൾ ശക്ത നായ ഒരുവൻതന്നെ ഇടപെട്ടാൽമാത്രമേ ഇസ്രായേൽ സമൂഹമെന്ന ഈ പുതിയ ഇസ്ഹാക്കിനെ മോചിപ്പിക്കാനാകൂ. ശക്തനായ മറ്റൊരു രാജാവ് ഉദയം ചെയ്ത് അവരെ മോചിപ്പിക്കേണ്ടിവരും, എന്നാൽ അത് അത്രപെട്ടെന്ന് നട ക്കുന്ന കാര്യമല്ല. മാത്രമല്ല അങ്ങനെ യൊരാൾ അക്കാലത്ത് ഇല്ലതാനും. വിമോചകരുടെ വിമോചകനായ ദൈവം മാത്രമാണ് അവർക്കുള്ള പ്രത്യാശ. എന്തു സംഭവിച്ചുവെന്ന് നമുക്കു നോക്കാം.

**എസ്ഥേർ 4:1–3**

1സംഭവിച്ചതൊക്കെയും അറിഞ്ഞ
പ്പോൾ മൊർദ്ദെഖായി വസ്ത്രം
കീറി പരുക്കൻ വസ്ത്രം ധരിച്ച്,
ചാരം വാരിയിട്ടുകൊണ്ട് പട്ടണ
ത്തിന്റെ നടുവിൽ ചെന്ന്

അതിദുഃഖത്തോടെ അത്യുച്ച
ത്തിൽ നിലവിളിച്ചു. 2അവൻ
രാജാവിന്റെ പടിവാതിൽവരെ
വന്നു; എന്നാൽ പരുക്കൻവസ്ത്രം
ധരിച്ചുകൊണ്ട് ആർക്കും രാജാ
വിന്റെ പടിവാതിലിനകത്തു പ്രവേ
ശിച്ചുകൂടായിരുന്നു. 3രാജാവിന്റെ
കല്പനയും വിളംബരവും ചെന്ന
ഓരോ സംസ്ഥാനത്തും യെഹൂദ
ന്മാരുടെ ഇടയിൽ മഹാദുഃഖവും
ഉപവാസവും കരച്ചിലും വിലാ
പവും ഉണ്ടായി; പലരും പരുക്കൻ
വസ്ത്രം ധരിച്ച് ചാരത്തിൽ കിട
ന്നു.

മൊർദ്ദെഖായിയുടെ പ്രതികരണം നോക്കുക, അവൻ വസ്ത്രം കീറി, ചാക്കുവസ്ത്രവും ചാരവും ധരിച്ചിരിക്കുന്നു. കാരണം, തന്റെ ജനതയ്ക്കുവന്നുചേർന്ന ഈ ദുർഘടങ്ങൾക്കെല്ലാം കാരണം തന്റെ സ്വഭാവദാർഢ്യമാണ്. ഹാമാന്റെ മുന്നിൽ മുട്ടുമടക്കാൻ തനിക്കായില്ല, കാരണം അവന് അതിനുള്ള യോഗ്യതയുണ്ടെന്ന് മൊർദ്ദെഖായ് കരുതിയില്ല.

ചാക്കുവസ്ത്രധാരിയായ ഒരാൾക്ക്

രാജസന്നിധിയിൽ പ്രവേശനമില്ല എന്ന കാര്യം താത്പര്യമുളവാക്കുന്ന ഒന്നല്ലേ? (നനുത്തവസ്ത്രങ്ങൾ ധരിക്കുന്നവർ രാജകൊട്ടാരങ്ങളിലാണുള്ളത് എന്ന ഒരു പരാമർശം യേശുവിൽനിന്നും നമുക്കു കാണാം - മത്തായി 11:8). യാഥാർത്ഥ്യം പലപ്പോഴും ഭയാനകമാണ്, പുറംകാഴ്ചകൾ തെറ്റിദ്ധരിപ്പിക്കുന്നവയും. അധികാരികളും വാഴ്ചകളും വ്യക്തികളുമെല്ലാം യാഥാർത്ഥ്യങ്ങളെ മൂടിവയ്ക്കാൻ ശ്രമിക്കുന്നവരാണ്, എല്ലാക്കാലത്തും. യാഥാർത്ഥ്യം മൂടിവയ്ക്കാൻ കഴിയുമായിരിക്കും എന്നാൽ എല്ലാക്കാലത്തേക്കും അതു സാദ്ധ്യമല്ല. നിലവിളി നമ്മുടെ ഉള്ളിലെ അവസ്ഥയെ ഉറക്കെ പ്രഖ്യാപിക്കുന്നു.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നമ്മുടെ ചുറ്റുമുള്ള നഷ്ടപ്പെട്ട ആത്മാക്കളുടെ ദുരവസ്ഥയെക്കുറിച്ച് കൂടുതൽ ബോധവാന്മാരും ബോധ്യമുള്ളവരാകുവാനായി പ്രാർത്ഥിക്കുക, അവരുടെ പുറം കാഴ്ചകളിൽ ആകൃഷ്ടരായി ചതിക്കപ്പെടാതിരിക്കുക.

ഈ വർഷം, കുറച്ച് ആത്മാക്കളെ രക്ഷി

ക്കാൻ നിങ്ങൾക്കു കഴിയാനായി പ്രാർത്ഥിക്കുക, കഠിനമായി ശ്രമിക്കുക.

# ദിനം 11

ഉറക്കെയുള്ള നിലവിളിയോടു കൂടി മൊർദ്ദെഖായിയും കൂട്ടരും ദൈവത്തിലേക്കു തിരിഞ്ഞപ്പോൾ ദൈവത്തിന്റെ പ്രവർത്തികളെ അവർക്കു കാണാനായി. ദൈവത്തിന്റെ പ്രവൃത്തികൾ എപ്രകാരമാണെന്ന് നമുക്കു നോക്കാം...

വാക്യം 4-9

4എസ്ഥേരിന്റെ ദാസിമാരും ഷണ്ഡന്മാരും വന്ന് അത് രാജ്ഞിയെ അറിയിച്ചപ്പോൾ അവൾ അത്യന്തം ദുഃഖിച്ചു; മൊർദ്ദെഖായിയുടെ പരുക്കൻവസ്ത്രം മാറ്റി അവനു ധരിക്കുവാൻ അങ്കി കൊടുത്തയച്ചു; എന്നാൽ അവൻ അതു വാങ്ങിയില്ല.
5അപ്പോൾ എസ്ഥേർ തന്റെ ശുശ്രൂഷയ്ക്ക് രാജാവ് നിയോഗിച്ചിരുന്ന ഷണ്ഡന്മാരിൽ ഒരുവനായ ഹഥാക്കിനെ വിളിച്ചു; മൊർദ്ദെഖായിയുടെ അടുക്കൽ ചെന്ന് അത് എന്തെന്നും അതിന്റെ കാരണം എന്തെന്നും അറിയേണ്ടതിന് അവനു കല്പന കൊടുത്തു.

6അങ്ങനെ ഹഥാക്ക് രാജാവിന്റെ
പടിവാതിലിനു മുമ്പിൽ പട്ടണ
ത്തിന്റെ വിശാലസ്ഥലത്ത്
മൊർദ്ദെഖായിയുടെ അടുക്കൽ
ചെന്നു. 7മൊർദ്ദെഖായി തനിക്കു
സംഭവിച്ചതും യെഹൂദന്മാരെ നശി
പ്പിക്കുന്നതിനായി ഹാമാൻ രാജഭ
ണ്ഡാരത്തിലേക്കു കൊടുക്കാ
മെന്നു വാഗ്ദാനം ചെയ്ത തുക
യുടെ കാര്യവും അവനോട് അറി
യിച്ചു. 8അവരെ നശിപ്പിക്കേണ്ട
തിന് ശൂശനിൽ പ്രസിദ്ധപ്പെടുത്തി
യിരുന്ന രാജകല്പനയുടെ പകർപ്പ്
അവൻ അവന്റെ കൈയിൽ
കൊടുത്തു; ഇത് എസ്ഥേറിനെ
കാണിച്ചു വിവരം അറിയിക്കു
വാനും അവൾ രാജസന്നിധിയിൽ
ചെന്ന് തന്റെ ജനത്തിനുവേണ്ടി
അപേക്ഷയും യാചനയും കഴിക്കേ
ണ്ടതിന് അവളോട് ആജ്ഞാപി
ക്കുവാനും പറഞ്ഞു. 9അങ്ങനെ
ഹഥാക്ക് ചെന്ന് മൊർദ്ദെഖായി
യുടെ വാക്കുകൾ എസ്ഥേറിനെ
അറിയിച്ചു.

മൊർദ്ദെഖായി ചാക്കുവസ്ത്രം ധരിച്ചു നടക്കുന്നത് എസ്ഥേറിന്റെ ശുശ്രൂ

ഷകർ കണ്ടെത്തി അവളെ അറിയിച്ചു. മൊർദ്ദെഖായിക്ക് വസ്ത്രം കൊടുത്തു വിട്ടെങ്കിലും മൊർദ്ദെഖായ് അതു സ്വീകരിച്ചില്ല. കാര്യം കൂടുതൽ ഗുരുതരമാണെന്നു കണ്ട എസ്ഥേർ തന്റെ ശുശ്രൂഷകനായ ഹഥാക്കിനെ കാര്യം തിരക്കാനായി പറഞ്ഞയച്ചു. കൊട്ടാരത്തിനുവെളിയിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് വിശദമായ ഒരു വിവരണം മൊർദ്ദെഖായ് അവൾക്കു നല്കി. തെളിവിനായി രാജകല്പനയുടെ പകർപ്പും നല്കി. ഈ സാഹചര്യത്തിൽ അടിയന്തിരമായി ഇടപെടണം എന്ന് മോർദ്ദെഖായ് എസ്ഥേറിനോട് അപേക്ഷിക്കുകയും ചെയ്തു.

സഹായിക്കാൻ എസ്ഥേറിന് ബുദ്ധിമുട്ടൊന്നും ഉണ്ടാകുമായിരുന്നില്ല, എന്നാൽ ചിലപ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടായിരുന്നു.

വാക്യം 10–11

**10എസ്ഥേർ മൊർദ്ദെഖായിയോടു ചെന്നു പറയുവാൻ ഹഥാക്കിനു കല്പന കൊടുത്തത്: 11"ഒരു പുരുഷനോ സ്ത്രീയോ വിളിക്കപ്പെടാതെ രാജാവിന്റെ അടുക്കൽ അകത്തെ പ്രാകാരത്തിൽ ചെല്ലു**

മ്പോൾ ആ വ്യക്തി ജീവനോടിരിക്കേണ്ടതിന് രാജാവ് തന്റെ പൊൻചെങ്കോൽ ആ വ്യക്തിക്കു നേരെ നീട്ടുന്നില്ലെങ്കിൽ ആവ്യക്തിയെ കൊല്ലണമെന്നുള്ള രാജനിയമം രാജാവിന്റെ സകല ഭൃത്യന്മാരും രാജാവിന്റെ സംസ്ഥാനങ്ങളിലെ ജനവും അറിയുന്നു; എന്നാൽ എന്നെ ഈ 30 ദിവസത്തിനുള്ളിൽ രാജാവിന്റെ അടുക്കൽ ചെല്ലുവാൻ വിളിച്ചിട്ടില്ല.''

നമുക്ക് ഊഹിക്കാൻ കഴിയുന്ന ഒരു കാര്യമെന്തെന്നാൽ, ഹാമാൻ രാജാവിനെ കയ്യിലെടുത്തിരിക്കുകയാണെന്നാണ്, മദ്യവും സ്ത്രീയുമെല്ലാം നല്കി. രാജ്ഞിയായ എസ്ഥേറിന്റെ മുഖം രാജാവു കണ്ടിട്ട് ഒരുമാസമായിരിക്കുന്നു. തീർച്ചയായും രാജാവ് വലിയരീതിയിലുള്ള യുദ്ധപദ്ധതികൾ ആസൂത്രണം ചെയ്യുന്ന സമയവുമാണ്, വേറെയാരെയും തന്റെ അടുക്കലേക്കു വിളിക്കാതിരിക്കാൻ ഇതൊരു കാരണവുമായിരിക്കാം. എന്നാൽ വിളിക്കപ്പെടാതെ രാജാവിന്റെ സന്നിധിയിലേക്കു ചെല്ലുന്നവർക്കുമുന്നിൽ രണ്ടു സംഗതികൾ മാത്രമാണുള്ളത്, ഒന്നിൽ പരാജയപ്പെട്ടാൽ

മറ്റേത് ഉറപ്പ്. എന്തുകൊണ്ടായിരിക്കും ഇങ്ങനെ?

എസ്ഥേറിന്റെ സമകാലീകനായ ഹീരോദോത്തസ് ഇക്കാര്യത്തിലേക്ക് വെളിച്ചം വീശുന്നുണ്ട്. രാജാക്കന്മാർ പൊതുവേ തങ്ങളെ മറ്റുള്ളവരിൽ നിന്നും മാറ്റിനിർത്തിയിരുന്നത് സാധാരണമായിരുന്നു. മിക്കവാറും രാജാക്കന്മാർ മറ്റുള്ളവരാൽ കൊല്ലപ്പെടുകയാണുണ്ടാകുന്നത്. തന്റെ ശത്രുവും മിത്രവും ആരാണെന്നകാര്യം തിരിച്ചറിയാൻ ബുദ്ധിമുട്ടുമാണ്. ശ്രദ്ധിക്കാതെ വിടുന്ന ഓരോ നിമിഷവും അപകടം പതിയിരിക്കാവുന്ന കോണുകളാണ്. സുരക്ഷയും സ്വകാര്യതയും മാന്യതയും മുൻനിറുത്തിയാണ് രാജാക്കന്മാരുടെ സന്നിധിയിലേക്ക് വിളിക്കാതെ കടന്നുവരാൻ ആർക്കും കഴിയാതിരുന്നത്. എസ്ഥേർ തന്റെ നിസ്സഹായാവസ്ഥ മൊർദ്ദെഖായിയെ അറിയിച്ചു, മൊർദ്ദെഖായുടെ മറുപടി നമുക്കു നോക്കാം:

വാക്യം 12-14

12അവർ എസ്ഥേറിന്റെ വാക്കുകൾ മൊർദ്ദെഖായിയോട് അറിയിച്ചു. 13 മൊർദ്ദെഖായി എസ്ഥേറിനോടു

മറുപടി പറയുവാൻ കല്പിച്ചത്: "നീ രാജകൊട്ടാരത്തിൽ വസിക്കുന്നതുകൊണ്ട് യെഹൂദന്മാരുടെ കൂട്ടത്തിൽനിന്ന് നീ മാത്രം രക്ഷപ്പെട്ടുവെന്ന് വിചാരിക്കരുത്. 14നീ ഈ സമയത്തു മൗനമായിരുന്നാൽ യെഹൂദന്മാർക്കു മറ്റൊരു സ്ഥലത്തുനിന്ന് ആശ്വാസവും വിമോചനവും ഉണ്ടാകും; എന്നാൽ നീയും നിന്റെ പിതൃഭവനക്കാരും നശിച്ചുപോകും; ഇങ്ങനെയുള്ള ഒരു കാലത്തിനായിട്ടല്ലയോ നീ രാജ്ഞിസ്ഥാനത്തു വന്നിരിക്കുന്നത്? ആർക്ക് അറിയാം?"

ദൈവം വിടുതൽ നല്കുമെന്ന വിശ്വാസം മൊർദ്ദെഖായിക്ക് ഉണ്ടായിരുന്നു, അതുകൊണ്ടുതന്നെയാണ് അദ്ദേഹം പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്തത്. അതുകൊണ്ടുതന്നെയാണ് ഈ പ്രശ്നത്തിൽ ഇടപെട്ടു പ്രവർത്തിക്കാൻ അദ്ദേഹം ഒരുമ്പെടുന്നതും. പ്രത്യാശയും ഉറപ്പും നല്കുന്ന മൊർദ്ദെഖായിയുടെ ഈ വാക്കുകൾ നമ്മുടെ ഹൃദയത്തിലും ബുദ്ധിയിലും അനുദിനജീവിതവ്യാപാരങ്ങളിൽ അലയടിക്കേണ്ടതുണ്ടെന്നു ഞാൻ വിശ്വസി

ക്കുന്നു - ആശ്വാസവും വിമോചനവും എനിക്കു കൈവരും കാരണം ഞാൻ എന്റെ വിമോചകന്റെ കയ്യിൽ, കർത്താവായ യേശുവിന്റെ കയ്യിൽതന്നെ സുരക്ഷിതനാണ്.

എന്നാൽ എസ്ഥേറിനെ വെല്ലുവിളിച്ചുകൊണ്ടുള്ള മൊർദ്ദെഖായിയുടെ വാക്കുകൾ അതേപോലെതന്നെ നമ്മിൽ പ്രതിധ്വനിക്കേണ്ടതുണ്ട് - "ഇങ്ങനെയുള്ള ഒരു കാലത്തിനായിട്ടല്ലയോ നീ രാജ്ഞിസ്ഥാനത്തു വന്നിരിക്കുന്നത്? ആർക്ക് അറിയാം?" ഇങ്ങനെയൊരു കാലഘട്ടത്തിൽ യേശുവിന്റെ ശിഷ്യനായി ജീവിക്കാൻ ദൈവം നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു. ഈ ദുർഘടസമയങ്ങളിൽ ദൈവത്തിനായി പ്രവർത്തിക്കാൻവേണ്ടിത്തന്നെയല്ലേ യത്? ആർക്കറിയാം?

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നമുക്കുചുറ്റുമുള്ള സമൂഹത്തിൽ നുഴഞ്ഞുകയറി ഒരു ശാപമായി വ്യാപൃതമായിക്കൊണ്ടിരിക്കുന്ന മയക്കുമരുന്നിന്റെ സ്വാധീനത്തെയും ഉപയോഗത്തെയും കുറിച്ച് ഉപവസിച്ചു

പ്രാർത്ഥിക്കുക.

ഇടംകൈയിൽനിന്നും വലംകൈ വേർതിരിച്ചറിയാൻ സാധിക്കാത്ത സ്കൂൾ വിദ്യാർത്ഥികളിലേക്കു പോലും ഈ തിന്മ വേഗത്തിൽ വ്യാപരിച്ചു കൊണ്ടിരിക്കുന്നു. ഈ തലമുറയെ ഈ വിപത്തിൽനിന്നും വിടുവിക്കാനായി നിരന്തരം പ്രാർത്ഥിക്കുക.

# ദിനം 12

നമുക്കുമുന്നിലേക്കു കടന്നുവരുന്ന മറ്റൊരുചോദ്യം ഇതാണ്, ഹാമാനെപ്പോലെ ഒരാൾ യഹൂദവംശത്തെ മുഴുവൻ നശിപ്പിക്കാൻ തുനിഞ്ഞിറങ്ങുന്നതിന്റെ പൊരുൾ എന്താണ്? സാത്താനിലേക്കും അവന്റെ ദുഷ്ടപദ്ധതികളിലേക്കുമാണ് ഇവിടെ വിരൽ ചൂണ്ടപ്പെടുന്നത്. മനുഷ്യവർഗ്ഗത്തിന്റെ വിമോചകൻ യഹൂദവംശത്തിൽനിന്നുമാണ് വരുവാൻ പോകുന്നത്, അവന്റെ വരവിനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനത യഹൂദജനതയാണ്. ഇവരെ മുച്ചൂടും മുടിച്ചാൽ ലോകരക്ഷകന്റെ വരവിനെ എന്നന്നേക്കുമായി തടയാൻ കഴിയുമെന്ന് സാത്താൻ ചിന്തിക്കുന്നു.

വെളിപാട് 12:1-4 വാക്യങ്ങളിൽ ഈ ചിത്രം വ്യക്തമായി വരച്ചുകാണിക്കുന്നുണ്ട്. പ്രസവവേദനയാൽ പുളയുന്ന ഒരു സ്ത്രീയെ നമുക്കിവിടെകാണാം, അവൾ പ്രസവിക്കുന്ന ശിശുവിനെ ജീവനോടെ കൊത്തിപ്പറിക്കുവാൻവേണ്ടി അവൾക്കുമുന്നിൽ നിലകൊള്ളുന്ന ഒരു വലിയ ചുവന്ന വ്യാളിയെയും നമുക്കു കാണാം. വെളിപാടു

പുസ്തകത്തിൽ, ജനിച്ചയുടനെ ഈ ശിശുവിനെ ദൈവസിംഹാസനത്തിലേക്കു പിടിച്ചെടുത്ത് രക്ഷിക്കുന്ന കാഴ്ചയും കാണാം. (കൂടുതൽ വായിക്കുന്നതിനായി ഗോർഡൻ ഫെർഗൂസന്റെ 'Revelation Revealed' എന്ന പുസ്തകം വായിക്കുക. അതിന്റെ മലയാളം പരിഭാഷ എന്റെ പക്കലുണ്ട്). എസ്ഥേറിന്റെ പുസ്തകത്തിൽ ആ സ്ത്രീയെ, രക്ഷകന്റെ അമ്മയായ ഇസ്രായേൽ ദേശത്തെ, കൊല്ലാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന സാത്താനെ നമുക്കു കാണാം. ഈ ലോകത്തിലേക്കുള്ള രക്ഷകന്റെ ആഗമനത്തെ എന്തുവിലകൊടുത്തും തടയാൻ. യേശു സാത്താനെ വിളിക്കുന്നത് സകലനന്മയുടെയും വിനാശകൻ എന്നാണ്, കൊല്ലാനും നശിപ്പിക്കാനുമായി മാത്രം വരുന്നവൻ. എന്നാൽ യേശു വന്നത് നമുക്ക് നിത്യജീവൻ നല്കാനാണ്, ജീവിതം അതിന്റെ പൂർണ്ണതയിൽ നമുക്കു സമ്മാനിക്കാൻ.

ഇവിടെ എസ്ഥേർ അവളുടെ വിശ്വാസം വീണ്ടെടുത്തു. വാക്യം 15-17:

15അതിന് എസ്ഥേർ മൊർദ്ദെഖായിയോടു മറുപടി പറയുവാൻ

കല്പിച്ചത്: 16"നീ ചെന്ന് ശൂശ
നിൽ ഉള്ള എല്ലാ യെഹൂദന്മാ
രെയും ഒന്നിച്ചുകൂട്ടി നിങ്ങൾ മൂന്നു
ദിവസം രാവും പകലും ഭക്ഷിക്കു
കയോ പാനം ചെയ്യുകയോ
ചെയ്യാതെ എനിക്കുവേണ്ടി ഉപവ
സിക്കുവിൻ; ഞാനും എന്റെ ദാസി
മാരും അങ്ങനെതന്നെ ഉപവ
സിക്കും; പിന്നെ ഞാൻ നിയമപ്ര
കാരമല്ലെങ്കിലും രാജാവിന്റെ അടു
ക്കൽ ചെല്ലും; ഞാൻ നശിക്കുന്നു
വെങ്കിൽ നശിക്കട്ടെ". 17അങ്ങനെ
മൊർദ്ദെഖായി ചെന്ന് എസ്ഥേർ
കല്പിച്ചതുപോലെയൊക്കെയും
ചെയ്തു.

മൂന്നു ദിവസം ഉപവസിക്കാനുള്ള ഒരു നിർദ്ദേശം എസ്ഥേർ നല്കി. മൂന്നു ദിവസത്തെ പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ശേഷം രാജസന്നിധിയിലേക്കു വിളിക്കാതെതന്നെ ചെല്ലാൻ എസ്ഥേർ തീരുമാനിച്ചു. ഞാൻ നശിക്കുന്നുവെങ്കിൽ നശിക്കട്ടെ എന്ന് എസ്ഥേർ പറയുന്നു. എസ്ഥേർ പറഞ്ഞത് യുക്തിക്കു നിരക്കുന്നതാണ്. യഹൂദർക്കുവേണ്ടി അവൾ ഇപ്പോൾ നിലകൊണ്ടില്ലെങ്കിൽ അവളും അക്കൂട്ടത്തിൽ മരിക്കും,

അവൾ ഒരു യഹൂദസ്ത്രീയാണ് എന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ധാരാളം പേർ ഉണ്ടാകും. എന്നാൽ വിളിക്കപ്പെടാതെ രാജസന്നിധിയിലേക്കു കയറിച്ചെന്നാൽ ജീവിക്കാനുള്ള സാദ്ധ്യത അമ്പതു ശതമാനമാണ്. അവൾ ജീവിച്ചാൽ അവളുടെ സമൂഹവും അവളോടൊപ്പം ജീവനിലേക്കു തിരിച്ചുവരും. (ഇതേസാഹചര്യത്തിലൂടെ കടന്നുപോയ നാലു കുഷ്ഠരോഗികളുടെ കഥ നിങ്ങളുടെ ഓർമ്മയിലേക്കു വരുന്നുണ്ടാകും, 2 രാജാക്കന്മാർ 7ൽ നമുക്ക് ആ കഥ കാണാം).

ദൈവമക്കളായ നമ്മെ സംബന്ധിച്ച് നമ്മുടെ പോരാട്ടങ്ങൾ നാം പോരാടുന്നത് മുട്ടിന്മേലും വിശപ്പിനാലുമാണ്, പ്രാർത്ഥനയാലും ഉപവാസത്താലും നമ്മെത്തന്നെ ദൈവമുന്നിൽ കീഴ്പ്പെടുത്തി വിനയപ്പെടുത്തിത്തന്നെ. തന്റെ പന്തിരുവരെ തിരഞ്ഞെടുക്കുന്നതിനുമുമ്പായി യേശു രാത്രിമുഴുവൻ പ്രാർത്ഥിച്ചു, അവിടുന്ന് തീർച്ചയായും ഉപവസിച്ചിരിക്കണം. പൗലോസിനെയും ബർണ്ണാബാസിനെയും വിജാതീയരുടെ അടുക്കലേക്കു വിടുന്നതിനു മുമ്പ് അവർ ഒരുമിച്ച് ഉപവസിച്ചു

പ്രാർത്ഥിക്കുന്നു, അപ്പ 13ൽ. എസ്രായും നെഹെമിയാവും തങ്ങളുടെ ദൗത്യത്തിനായി ഇറങ്ങിത്തിരിക്കുന്നതിനുമുമ്പ് ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതുകാണാം. തന്റെ ദൗത്യശുശ്രൂഷ തുടങ്ങുന്നതിനുമുമ്പ് നാല്പതു ദിവസം ഉപവസിക്കുന്ന യേശുവിനെയും നമുക്കു കാണാം. ഒരു അശുദ്ധാത്മാവിനെ പുറത്താക്കാൻ ശിഷ്യന്മാർക്കു കഴിയതെവന്നപ്പോൾ യേശുനല്കിയ ഉപദേശം പ്രാർത്ഥനയും ഉപവാസവുമാണ്. ദൈവത്തിന്റെ വഴിനടത്തിപ്പുണ്ടാകാനായി പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന്യം അപ്പസ്തോലപ്രവൃത്തി പുസ്തകത്തിലെ വിവിധ സാഹചര്യങ്ങൾ നമുക്കു മാതൃകയായി നിൽക്കുന്നു.

നമ്മുടെ മുന്നിലുള്ള പോരാട്ട കളങ്ങൾ വിജയിക്കുന്നത് നമ്മുടെ ശക്തിയാൽ സാദ്ധ്യമല്ല, അവയെ വിജയിക്കാൻ നമുക്ക് ഉപവാസത്തിലും പ്രാർത്ഥനയിലുമുള്ള ആശ്രയം വേണം. സഹോദരീ സഹോദരന്മാരെ നിങ്ങളുടെ മുന്നിലുള്ള അടർക്കളങ്ങൾ ഏതൊക്കെയാണ്? നിങ്ങളുടെ ഉറക്കം

കളയുകയും, രാവും പകലും നിങ്ങളെ ചിന്താമഗ്നരാക്കുകയും, നിങ്ങളെ ശല്യപ്പെടുത്തുകയും അനാവശ്യരീതികളിൽ പ്രതികരിക്കാൻ നിങ്ങളെ ഇടയാക്കുകയും, നിങ്ങളുടെ സന്തോഷം കെടുത്തുകയും ആത്മീയമായ ഒരു നിർവികാരതയിലേക്കു നിങ്ങളെ തള്ളിവിടുകയും ചെയ്യുന്ന നിങ്ങളുടെ സ്വന്തം പോരാട്ടങ്ങൾ? നിങ്ങളുടെ പോരാട്ടം വിജയത്തിലേക്കു നയിക്കുന്ന "മന്ത്രം" ഇപ്പോൾ നിങ്ങൾക്ക് അറിയാം. നിങ്ങളുടെ പോരാട്ടം എപ്രകാരമുള്ളതുമായ്ക്കൊള്ളട്ടെ – വ്യക്തിപരമോ, ബന്ധങ്ങളിലെ ഇടർച്ചയെസംബന്ധിച്ചോ, ആശയപരമായതോ, നിങ്ങളുടെ ജീവിതപങ്കാളിയെയും മക്കളെയും കുറിച്ചുള്ളതോ, സാമൂഹികമോ, മാനസികമോ, ആകട്ടെ, അതല്ലെങ്കിൽ ഏതെങ്കിലും വചനത്തെ അടിസ്ഥാനമാക്കിയുള്ള ആശയവ്യക്തതയില്ലായ്മയോ, സഭയെ സംബന്ധിച്ച എന്തെങ്കിലും കാര്യമോ ആകട്ടെ, നിങ്ങളുടെ പോരാട്ടങ്ങളിലേക്ക് ദൈവത്തെ കൊണ്ടുവരിക, ഉപവാസത്താലും പ്രാർത്ഥനയാലും, നിങ്ങളുടെ പോരാട്ടത്തിൽ നിങ്ങൾ സുരക്ഷിതസ്ഥാനം കൈവരിക്കുന്നതു നിങ്ങൾക്കു കാണാൻ കഴിയും.

മൂന്നുദിവസത്തെ അവരുടെ ഉപവാസപ്രാർത്ഥന ഇസ്രായേൽമക്കളുടെ ഭാഗധേയം മാത്രമല്ല മാറ്റിയെഴുതിയത്, മുഴുവൻ മനുഷ്യരാശിയുടെയും തലവര മാറ്റിയെഴുതാൻ ഇടയാക്കി. ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശേഷം എസ്ഥേർ അവളുടെ ജനത്തിനുവേണ്ടി സ്വന്തം ജീവിതം കയ്യിലെടുക്കാൻ തീരുമാനിച്ചു.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങളുടെ ജീവിതത്തിലെ പോരാട്ടങ്ങളെക്കുറിച്ചും പരിശുദ്ധിയെസംബന്ധിച്ച പോരാട്ടങ്ങളെക്കുറിച്ചും ഒരു വ്യക്തതനല്കി നിങ്ങളെ മുന്നോട്ടു നയിക്കാനായി ദൈവസന്നിധിയിൽ കുറച്ചധികം സമയം ചിലവഴിച്ചു പ്രാർത്ഥിക്കുക. ഏറ്റുപറയാനുള്ള പാപങ്ങൾ ഏറ്റുപറയുക.

ഉപവാസത്തോടു പ്രാർത്ഥയോടുംകൂടി എല്ലാകാര്യങ്ങളിലും ദൈവത്തെ ആശ്രയിച്ചു മുന്നോട്ടുപോകുന്ന ഒരു ശീലം വളർത്തിയെടുക്കുക.

# ദിനം 13

**എസ്ഥേർ 5:1–5**

1മൂന്നാം ദിവസം എസ്ഥേർ രാജ
വസ്ത്രം ധരിച്ചുകൊണ്ട് രാജധാനി
യുടെ അകത്തെ പ്രാകാരത്തിൽ
ചെന്ന് രാജഗൃഹത്തിനുനേരേ
നിന്നു; രാജാവ് രാജധാനിയിൽ
രാജഗൃഹത്തിന്റെ വാതിലിനു
നേരേ തന്റെ സിംഹാസനത്തിൽ
ഇരിക്കുകയായിരുന്നു. 2എസ്ഥേർ
രാജ്ഞി പ്രാകാരത്തിൽ നിൽക്കു
ന്നത് രാജാവ് കണ്ടപ്പോൾ അവന്
അവളോടു കൃപതോന്നി; തന്റെ
കൈയിൽ ഇരുന്ന പൊൻ
ചെങ്കോൽ രാജാവ് എസ്ഥേരിനു
നേരേ നീട്ടി; എസ്ഥേർ അടുത്തു
ചെന്ന് ചെങ്കോലിന്റെ അഗ്രം
തൊട്ടു. 3രാജാവ് അവളോട്:
“എസ്ഥേർരാജ്ഞിയേ, എന്തു
വേണം? എന്താകുന്നു നിന്റെ
അപേക്ഷ? രാജ്യത്തിന്റെ പകുതി
യോളമായാലും നിനക്കു തരാം”
എന്നു പറഞ്ഞു. 4അതിന്
എസ്ഥേർ: “രാജാവിനു തിരു
വുള്ളം ഉണ്ടായി ഞാൻ രാജാവി
നുവേണ്ടി ഒരുക്കിയിരിക്കുന്ന വിരു

ന്നിന് രാജാവും ഹാമാനും ഇന്നു വരണം'' എന്ന് അപേക്ഷിച്ചു. 5''എസ്ഥേർ പറഞ്ഞതുപോലെ ചെയ്യുവാൻ ഹാമാനെ വേഗം വരുത്തുവിൻ'' എന്ന് രാജാവ് കല്പിച്ചു; അങ്ങനെ രാജാവും ഹാമാനും എസ്ഥേർ ഒരുക്കിയ വിരുന്നിനു ചെന്നു.

വിളിക്കപ്പെടാതെ തന്റെ മുന്നിലെത്തിയ എസ്ഥേറിനോട് രാജാവ് കരുണ കാണിച്ചു. അവളെകൊല്ലാൻ വിധിച്ചില്ലെന്നു മാത്രമല്ല രാജ്യത്തിന്റെ പകുതിപോലും അവൾക്കു വാഗ്ദാനം ചെയ്യുകയും ചെയ്തു. ദൈവജനം തങ്ങളുടെ യജമാനന്മാരുടെയും ഭരണാധികാരികളുടെയും മാത്രമല്ല, ശത്രുക്കളുടെ മുന്നിൽപോലും പ്രീതിപാത്രങ്ങളാകുന്നത് ബൈബിളിലെ ഒരു സ്ഥിരം കാഴ്ചയാണ്. അബ്രാഹാം പോയ ഇടങ്ങളിലെല്ലാം അവിടെയുള്ളവരുടെ പ്രീതി പിടിച്ചുപറ്റി, രാജാക്കന്മാരുടെയും അധികാരികളുടെയും പ്രീതിപിടിച്ചുപറ്റാൻ ദാവീദിനും സാധിച്ചു, തന്റെ യജമാനന്മാരുടെ പ്രീതി ജോസഫിനോടുകൂടെയും ഉണ്ടായിരുന്നു. രാജാവിന്റെ വിശിഷ്ടഭോജ്യങ്ങളും വീഞ്ഞും വേണ്ട

പകരം സസ്യഭക്ഷണം മതിയെന്നുവച്ച, അടിമകളായ ഇസ്രായേൽജനതയിൽ നിന്നും തിരഞ്ഞെടുത്ത ദാനിയേലിനും തന്റെ സുഹൃത്തുക്കൾക്കും അസാധാരണമായി രീതിയിൽ അവരുടെ പരിശീലകന്റെ പ്രീതി ലഭിച്ചു. അടിമത്തത്തിൽ നിന്നും പുറപ്പെട്ടുവന്ന ഇസ്രായേൽ ദേശത്തോടു പ്രീതി തോന്നിയിട്ട് ഈജിപ്തുവാസികൾ അവർക്കു ധാരാളം സ്വർണ്ണവും ആഭരണങ്ങളും മറ്റും നല്കി. അപ്പസ്തോലപുസ്തകവും ഇതുപോലെയുള്ള ദൈവപ്രവൃത്തികൾ ധാരാളമായി നിരത്തുന്നു. മറ്റുള്ളവരുടെ മുന്നിൽ ഇതുപോലെ പ്രീതിപാത്രങ്ങളാകേണ്ടതിന് നാം ഒരുകാര്യം ചെയ്യേണ്ടതുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു - ദൈവത്തിനുമുന്നിൽ നാം പ്രീതിപാത്രങ്ങൾ ആകണം. അവിടെയാണ് ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും പ്രാധാന്യം നാം കാണുന്നത്.

തീർച്ചയായും നമ്മുടെ ഭാഗത്തുനിന്നുമുള്ള ഒരുക്കവും വേണം - എസ്ഥേർ തന്റെ വീട്ടുവസ്ത്രംധരിച്ചുകൊണ്ടല്ല രാജാവിനുമുന്നിലേക്കു പോയത്, തന്റെ രാജകീയ വസ്ത്രം അണിഞ്ഞുകൊണ്ടു തന്നെയാണ്. വിദ്യാർത്ഥികളേ, നിങ്ങ

ളുടെ ഭാഗത്തുനിന്നുമുള്ള ഒരുക്കത്തോടൊപ്പം, ഉപവാസവും പ്രാർത്ഥനയും പരീക്ഷയ്ക്കായുള്ള നിങ്ങളുടെ ഒരുക്കത്തിന്റെ ഭാഗമാകണം, നിങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ട ഏതുകാര്യത്തിനുമുള്ള ഒരുക്കത്തിന്റെ ഭാഗവും.

രാജവാഗ്ദാനത്തിനുമുന്നിൽ എസ്ഥേർ ചെയ്തത് എന്താണ്? അദ്ദേഹത്തെ ഒരു വിരുന്നിനു ക്ഷണിച്ചു. നമ്മുടെ നാട്ടുജ്ഞാനം പറയുന്നതു പോലെ: ഒരു പുരുഷന്റെ ഹൃദയത്തിലേക്കുള്ള വാതിൽ തുറക്കുന്നത് അവന്റെ വായിലൂടെയാണ്. യേശുവിന്റെ ശിഷ്യരാക്കുവാൻ വേണ്ടി മറ്റുള്ളവരിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള ഒരു വഴി അവരുമായി നല്ല ബന്ധം സ്ഥാപിച്ചെടുക്കുക എന്നതുതന്നെയാണ്. ബന്ധങ്ങൾ തുടരുകതന്നെചെയ്യുക, സുവിശേഷം സ്വീകരിക്കുവാൻ ദൈവം അവരുടെ ഹൃദയം തുറക്കില്ലെന്ന് ആർക്കറിയാം? യുവജനങ്ങളെസംബന്ധിച്ചും വാസ്തവമിതാണ്, അവർക്കു ഭക്ഷണം നല്കുക, അവർ നിങ്ങളുടെയടുത്തേക്കു വീണ്ടും വരും.

തീൻമേശയിലെ വിഭവങ്ങൾ ആസ്വദിക്കുന്നതിനിടയിൽ രാജാവ്

രാജ്ഞിയുടെ ഹൃദയത്തിലേക്ക് ഒന്നെത്തിനോക്കുവാൻ ശ്രമിക്കുന്നു, അവളുടെ ഹൃദയത്തെ മഥിക്കുന്നത് എന്തെന്നു മനസ്സിലാക്കാൻ. എന്നാൽ അടുത്ത ദിവസംകൂടി ഹാമാനെയും കൂട്ടി വിരുന്നിനുവരണം എന്ന ഒരു ആഗ്രഹമാണ് എസ്ഥേർ പ്രകടിപ്പിച്ചത്.

6വീഞ്ഞുവിരുന്നിൽ രാജാവ്
എസ്ഥേരിനോട്: "നിന്റെ അപേക്ഷ
എന്ത്? അതു നിനക്കു ലഭിക്കും;
നിന്റെ ആഗ്രഹം എന്ത്? രാജ്യ
ത്തിന്റെ പകുതിയോളമായാലും
അതു നിവർത്തിച്ചു തരാം" എന്നു
പറഞ്ഞു. 7അതിന് എസ്ഥേർ:
"എന്റെ അപേക്ഷയും ആഗ്ര
ഹവും ഇതാകുന്നു: 8രാജാവിന്
എന്നോടു കൃപയുണ്ടെങ്കിൽ,
എന്റെ അപേക്ഷയും ആഗ്രഹവും
നിറവേറ്റുവാൻ രാജാവിനു തിരുവു
ള്ളമുണ്ടെങ്കിൽ, രാജാവും
ഹാമാനും ഞാൻ നാളെ ഒരുക്കുന്ന
വിരുന്നിനു വരണം; നാളെ ഞാൻ
രാജാവ് കല്പിച്ചതുപോലെ
ചെയ്തുകൊള്ളാം" എന്നു പറ
ഞ്ഞു.

എസ്ഥേർ ഈ സാഹചര്യം കൈകാര്യം ചെയ്യുന്നത് വളരെ ശ്രദ്ധാപൂർവ്വമാണെന്നു നമുക്കു കാണാൻ കഴിയും. ഹാമാന്റെ ഉപജാപം വെളിപ്പെടുത്തുന്നതിനോടൊപ്പം, തന്നെ സംബന്ധിച്ച രഹസ്യങ്ങളും എസ്ഥേറിനു വെളിപ്പെടുത്തേണ്ടിവരും. കഴിഞ്ഞ 9 വർങ്ങളോളമായി താൻ രാജാവിൽ നിന്നും മറച്ചുവച്ച രഹസ്യം. ഈ സമയത്താകട്ടെ എസ്ഥേറിനോടുള്ളതിനേക്കാൾ കൂടുതൽഅടുപ്പം രാജാവ് കാണിക്കുന്നത് ഹാമാനോടുമാണ്, ഹാമാനെ എല്ലാദിവസവും കാണുന്നു എസ്ഥേറിനെ ഒരുമാസമായി കണ്ടിട്ടുമില്ല. എന്നാൽ വേറൊരു ദിശയിൽ നോക്കുമ്പോൾ, ദൈവത്തിനു പ്രവർത്തിക്കാൻ എസ്ഥേർ വഴിയൊരുക്കുന്നു എന്നു മനസ്സിലാക്കാനും സാധിക്കും. നോക്കൂ, അവൾ ഇതിനായി ഇറങ്ങിത്തിരിച്ചത് ദൈവകരം മുറുകെപ്പിടിച്ചിട്ടാണ്, വ്യക്തിപരമായി ഉപവസിച്ചു പ്രാർത്ഥിച്ച് ഒരുങ്ങി, അവളുടെ ചുറ്റുമുള്ളവരെയും മുഴുവൻ ദേശത്തെക്കൊണ്ടും അവൾക്കുവേണ്ടി പ്രാർത്ഥിപ്പിച്ചു. രാജ്ഞിപദമേറിയപ്പോഴും ധനവും പ്രശസ്തിയുമെല്ലാം കുമിഞ്ഞുകൂടിയപ്പോഴും അടിസ്ഥാനപരമായ

തന്റെ ധാർമ്മികമൂല്യങ്ങൾ എസ്ഥേർ കൈവിട്ടുകളഞ്ഞില്ല. ഇതിനിടയിൽ എന്തു സംഭവിച്ചു എന്നു നോക്കാം, എസ്ഥേർ 5:9

> 9അന്ന് ഹാമാൻ സന്തോഷവും ആനന്ദവുമുള്ളവനായി പുറപ്പെട്ടു പോയി; എന്നാൽ രാജാവിന്റെ വാതില്ക്കൽ മൊർദ്ദെഖായി എഴുന്നേല്ക്കാതെയും തന്നെ കൂസാതെയും ഇരിക്കുന്നതു കണ്ട് ഹാമാന് മൊർദ്ദെഖായിക്കുനേരെ കോപം ജ്വലിച്ചു.

മൊർദ്ദെഖായി ഹാമാനുമുന്നിൽ അന്നു രാത്രിയും വീണു തൊഴുത് ആദരവു പ്രദർശിപ്പിച്ചില്ല, മരണഖഡ്ഗം തന്റെ തലയ്ക്കുമീതെ തൂങ്ങിക്കിടക്കുമ്പോഴും, മോർദ്ദെഖായ് തന്റെ സ്വഭാവ ദാർഢ്യം കൈമോശപ്പെടുത്തിയില്ല, സകലതും തനിക്കെതിരെയായിട്ടും.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങൾക്ക് അടുപ്പമില്ലാത്ത ഒരു ശിഷ്യനുമായി സമയം ചിലവഴിക്കുകയും പരസ്പരം അറിയുകയും, ഒരുമിച്ചു

പ്രാർത്ഥിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക (ശരി, ഇന്നു പറ്റിയില്ലെങ്കിൽ ഈ ആഴ്ചയിൽത്തന്നെ അതു ചെയ്യുക).

# ദിനം 14

എസ്ഥേർ 5:9ൽ തുടരാം

ഒരു മനുഷ്യജീവിയിൽ ഉണ്ടാകേണ്ട ഏറ്റവും ശ്രേഷ്ഠമായ ഒരു ഗുണവിശേഷമാണ് ഹൃദയത്തിലെ സ്വഭാവദൃഢത അല്ലെങ്കിൽ ഹൃദയപരമാർത്ഥത (integrity of heart). നാം ദൈവത്തിന്റെ കൂടെയായിരിക്കുമ്പോൾ നമ്മിൽ ഹൃദയപരമാർത്ഥത ഉണ്ടാകണമെന്ന് ദൈവം ആവശ്യപ്പെടുന്നു. എന്താണ് സ്വഭാവദൃഢത അല്ലെങ്കിൽ ഹൃദയപരമാർത്ഥത? ഈ വാക്കിന് മറ്റു ചിലവാക്കുകളുമായി വേർപെടുത്താനാവാത്ത ബന്ധമുണ്ട് - സത്യസന്ധത, വിശ്വസ്തത, നീതിബോധം, തുറന്നമനോഭാവം മുതലായവ.

ചിലവചനങ്ങളിൽ നമുക്ക് വിപരീത അർത്ഥത്തിലുള്ള പദങ്ങൾ കാണാൻ കഴിയും. സദൃശവാക്യം 10:9 "**നേരുള്ള** മനുഷ്യൻ നിർഭയനായി നടക്കും. **വക്രത** പ്രവർത്തിക്കുന്നവന്റെ സ്ഥിതി വെളിപ്പെട്ടുവരും." സദൃശവാക്യം 11:3 "നേരുള്ളവരുടെ സത്യസന്ധത അവരെ വഴിനടത്തും, **വഞ്ചക**

രുടെ കാപട്യമോ അവരെ നശിപ്പിക്കും.'' യേശുവിന്റെ ഹൃദയപരമാർത്ഥത പരസ്യമായിരുന്നു. കൈസർക്കു കപ്പം നല്കുന്നകാര്യത്തിൽ തന്നെ പരീക്ഷിക്കാൻ വന്ന പരീശന്മാർ (ദുർലക്ഷ്യത്തോടെയാണെങ്കിലും) അക്കാര്യം ഏറ്റുപറഞ്ഞു: ''ഗുരോ, അങ്ങ് സത്യവാനും സത്യത്തിന് അനുസൃതമായി ദൈവീകമാർഗ്ഗം ഉപദേശിക്കുന്നവനാണെന്നു ഞങ്ങൾക്ക് അറിയാം. അങ്ങ് മനുഷ്യരുടെ മുഖം നോക്കാത്തവനാകയാൽ ആർക്കും അങ്ങയെ സ്വാധീനിക്കുവാൻ സാദ്ധ്യമല്ല.'' ഇയ്യോബിന്റെ ഉദാഹരണവും നമ്മുടെ മുന്നിലുണ്ട് (2:3, 2:9). സ്വഭാവദാർഢ്യം കൈവശംവച്ചുകൊണ്ടിരിക്കുന്നതിനെ തന്റെ ഭാര്യ ശകാരിക്കുന്നതു നമുക്കിവിടെ കാണാം. നമ്മുടെ ഈ കാലഘട്ടത്തിന്റെ ഒരു ശാപമെന്നത് സ്വഭാവദൃഢതയുള്ള പുരുഷന്മാരും സ്ത്രീകളും വളരെ വിരളമാണെന്നുള്ളതാണ്, പ്രത്യേകിച്ച് അധികാരത്തിലിരിക്കുന്നവർ. പരിപൂർണ്ണനായ ഒരു വ്യക്തിയാകാനല്ല ദൈവം നമ്മിൽനിന്നും കാംക്ഷിക്കുന്നത്, പകരം, നീതിയെ മുറുകെപിടിക്കുന്നവരും തന്റെ തെറ്റുകളും വീഴ്ചകളും മറച്ചുവയ്ക്കാതെ തുറന്നു

സമ്മതിക്കുന്നവരും ആകുവാനാണ്. മൊർദ്ദെഖായിയുടെ ഹൃദയപരമാർത്ഥതയ്ക്ക് ദൈവമുമ്പാകെ വലിയമാനം നേടിയിരുന്നു. തന്റെ ബോധ്യങ്ങളിൽ വെള്ളംചേർക്കാൻ അവൻ ശ്രമിച്ചില്ല, ഹാമാന്റെ ദുഷ്ടതയ്ക്കുമുന്നിൽ തലകുനിക്കാനും അവൻ തുനിഞ്ഞില്ല. ഇപ്പോൾ അവനായി കരുതിവച്ചിരിക്കുന്നത് എന്താണ്?

തന്റെ മുമ്പിലുണ്ടായിരുന്ന വഴികളിൽ ഒന്നുമാത്രം അവൻ തിരഞ്ഞെടുത്തു, ദൈവത്തിലേക്കു തിരിയുക എന്ന വഴി, മനുഷ്യനിലേക്കല്ല - അക്കാര്യം അവനു നല്ല നിശ്ചയവുമായിരുന്നു. ദാവീദിനെ ഓർക്കാം, ദൈവമുമ്പാകെ മൂന്നു കാര്യങ്ങൾ തിരഞ്ഞെടുക്കാനായി നിരത്തിവച്ചിട്ടുണ്ടായിരുന്നു (മൂന്നുവർഷത്തേക്ക് ദേശത്തുള്ള ക്ഷാമം, മൂന്നു മാസം ശത്രുക്കളുടെ വാളിൽനിന്നുമുള്ള പരാജയം, ദൈവത്തിന്റെ വാളിനാൽ മൂന്നു ദിവസത്തേക്കുള്ള ശിക്ഷ - ദേശത്തുമുഴുവൻ വ്യാപിക്കുന്ന മൂന്നു ദിവസത്തെ പകർച്ചവ്യാധി; 2 ശമുവേൽ 24). എന്നാൽ ദാവീദ് ഇതിൽനിന്നും ഒന്നും തിരഞ്ഞെടുത്തില്ല, പകരം, തീരുമാനം ദൈവത്തിനു വിട്ടുകൊടുത്തു, ദൈവക

രത്തിന്റെ കാരുണ്യത്തിൽ ആശ്രയിക്കുന്നതാണ് ഏറ്റവും ഉത്തമമെന്ന ഉറച്ച ബോധ്യം ദാവീദിനുണ്ടായിരുന്നതിനാൽ. മൊർദ്ദെഖായുടെ മുന്നിലുണ്ടായിരുന്ന വഴികൾ എന്തൊക്കെയായിരുന്നു? (രാജാവിനുമുന്നിൽ ചെന്നു യാചിക്കുക, ശത്രുവായ ഹാമാനുമുന്നിൽ ഒരു സമാധാനവഴി തേടുക, തന്റെ ആളുകളെയെല്ലാം കൂട്ടിച്ചേർത്ത് ശക്തമായ ഒരു മുന്നേറ്റം നടത്തുക, ശക്തനായ വേറൊരു രാജാവിനുമുന്നിൽ അഭയം തേടി തന്റെ ജനങ്ങളെ രക്ഷിക്കുക, അല്ലെങ്കിൽ ഹാമാൻ വാഗ്ദാനം ചെയ്തതിലും വലിയ ഒരു തുക നല്കി രാജാവിനെ സമീപിക്കുക. എന്നാൽ ഈ വഴികൾ ഒന്നും ഉറപ്പുള്ള വഴികൾ അല്ല). കാര്യങ്ങൾ അങ്ങേയറ്റം വഷളാക്കുന്നതെന്തെന്നാൽ, പേർഷ്യൻ രാജാക്കന്മാരുടെ കല്പനകൾ പുറപ്പെടുവിച്ചു കഴിഞ്ഞാൽ പിന്നെ മാറ്റാൻ കഴിയുന്നതുമല്ല. ഹാമാനാണെങ്കിൽ കൂടുതൽ വെറിപൂണ്ട് ക്രോധാക്രാന്തനായുമിരിക്കുന്നു, ഇസ്രായേൽമക്കളുടെ വിധി മാറ്റാൻ പറ്റാത്തവിധത്തിൽ ഉറപ്പിക്കപ്പെട്ടു.

മൊർദ്ദെഖായ്ക്കുനേരെ ഹാമാൻ

രോഷാകുലനായെങ്കിലും അവനു താങ്ങാൻ കഴിയാത്തത്ര ദുരന്തം നല്കണമെന്ന തീരുമാനത്തിൽ ഹാമാൻ അവിടെനിന്നും പോയി.

വാക്യം 10–13

10എങ്കിലും ഹാമാൻ ആത്മനിയന്ത്രണം പാലിച്ചുകൊണ്ട് തന്റെ വീട്ടിൽ ചെന്ന് സ്നേഹിതന്മാരെയും ഭാര്യയായ സേരെശിനെയും വിളിച്ചുവരുത്തി. 11ഹാമാൻ അവരോടു തന്റെ ധനമാഹാത്മ്യവും പുത്രബഹുത്വവും രാജാവ് തനിക്കു നൽകിയ ഉന്നത പദവിയും പ്രഭുക്കന്മാർക്കും രാജഭൃത്യന്മാർക്കും ഉപരിയായി തന്നെ ഉയർത്തിയിരിക്കുന്നതും വിവരിച്ചു പറഞ്ഞു. 12ഹാമാൻ തുടർന്നു പറഞ്ഞത്: ‘‘എസ്ഥേർ രാജ്ഞി താൻ ഒരുക്കിയ വിരുന്നിന് എന്നെയല്ലാതെ മറ്റാരെയും രാജാവിനോടു കൂടെ ചെല്ലുവാൻ അനുവദിച്ചില്ല; നാളെയും രാജാവിനോടൊപ്പം ചെല്ലുവാൻ എന്നെ ക്ഷണിച്ചിരിക്കുന്നു. 13എങ്കിലും യെഹൂദനായ മൊർദ്ദെഖായി രാജാവിന്റെ വാതിൽക്കൽ ഇരിക്കുന്നതു കാണു

ന്നിടത്തോളം ഇതുകൊണ്ടൊന്നും എനിക്ക് ഒരു തൃപ്തിയും ഇല്ല".

ഹാമാന്റെ വംശത്തെ മുഴുവൻ കൊല്ലാനുള്ള ഉത്തരവു കയ്യിലുണ്ടായിട്ടും ഹാമാൻ രോഷം ഉള്ളിലടക്കി വീട്ടിലേക്കു പോകുന്നു. അവിടെ ചെന്ന് തന്റെ ആളുകളോടെല്ലാം തന്റെ നേട്ടങ്ങളെപ്പറ്റിയും താൻ സ്വന്തമാക്കിയ സമ്പത്തിനെപ്പറ്റിയും വമ്പുപറയുന്നു, എങ്കിലും മൊർദ്ദെഖായ് തന്റെ മുന്നിൽ മുട്ടുമടക്കാത്തത് തനിക്കൊരു തലവേദനയാണെന്നും. അവന്റെ ഇപ്പോഴത്തെ നിലപാടിനെക്കുറിച്ച് ഓർത്തുനോക്കുക – പേർഷ്യൻ സാമ്രാജ്യത്തിൽ രാജാവിനൊപ്പമുള്ള ഒരു സ്ഥാനവും സ്വാധീനവും, തന്റെ തലയിൽ കിരീടം ഇല്ലാ എന്നതുമാത്രമേ ഒരു കുറവായുള്ളൂ. എന്നാൽ ഇതിനൊന്നും തന്റെ ഹൃദയത്തിനു സംതൃപ്തി നല്കാൻ സാധിച്ചില്ല. ദൈവഭക്തിയോടുകൂടിയുള്ള സംതൃപ്തി വലിയ നേട്ടം തന്നെയാണ് (1 തിമോത്തി 6:6).

നമ്മിലെ പാപപ്രകൃതി പ്രവർത്തിക്കുന്ന രീതികൾ അതിശയകരവും കൗതുകകരവുമല്ലേ, നമ്മിലെ പാപപ്ര

കൃതിക്ക് ആ "ഒരുകാര്യം" ലഭിക്കാതെ തൃപ്തിയാകുന്നില്ല, ആ "ഒരുകാര്യം" നമ്മുടെതന്നെ വലിയവീഴ്ചയ്ക്ക് ഇട വരുത്തിയാൽപോലും. ബാക്കിയെല്ലാം നന്നായി പോയാലും, ഒരാൾ നമ്മെക്കുറിച്ച് നെഗറ്റീവായി സംസാരിച്ചത്, ഒരു കാര്യം മോശമായി പോയത്, ഒരാൾ നിങ്ങളെ അഭിനന്ദിക്കാതിരുന്നത് - ബാക്കിയെല്ലാം നന്നായിപോയാലും അതുമാത്രം മതി നിങ്ങളുടെ സന്തോഷവും സംതൃപ്തിയും നശിപ്പിക്കാൻ. കുരങ്ങന്മാരെ പിടിക്കാൻ ചില ഗ്രാമവാസികൾ ഒരുക്കിവയ്ക്കുന്ന ധാന്യകെണി ഓർമ്മവരുന്നു.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ആ "ഒരുകാര്യം" മുറുകെപ്പിടിക്കുന്ന അനാരോഗ്യകരവും വിനാശകരവുമായ ഒരു പ്രകൃതിയോ സ്വഭാവപ്രകൃതമോ നിങ്ങളിലുണ്ടോ?

അതു മനസ്സിലാക്കുന്നുണ്ടെങ്കിൽ അത്തരം "എല്ലാമുണ്ട് എന്നാലും അക്കാര്യം" എന്ന മർക്കടമുഷ്ടി സ്വഭാവത്തിൽനിന്നും സ്വാതന്ത്ര്യം നേടാനായി പ്രാർത്ഥിക്കുക.

**പ്രായോഗികമായി:**

ഇന്നത്തെ കൂട്ടായ്മയിൽ, ഇത്തരം വിനാശകരമായ സ്വഭാവപ്രകൃതങ്ങളെക്കുറിച്ച് ഒരു സുഹൃത്തുമായി സംസാരിക്കുക, ഇവയിൽ നിന്നും പുറത്തുവരുവാനായി ആ സുഹൃത്തിനെ കണക്കുചോദിക്കാൻ ഏല്പിക്കുക.

# ദിനം 15

**എസ്ഥേർ 5:14**

14അതിന് അവന്റെ ഭാര്യ സേരെശും അവന്റെ സകല സ്നേഹിതന്മാരും അവനോട്: "50 മുഴം ഉയരമുള്ള ഒരു കഴുമരം ഉണ്ടാക്കി മൊർദ്ദെഖായിയെ അതിന്മേൽ തൂക്കിക്കൊല്ലുവാൻ നാളെ രാവിലെ നീ രാജാവിനോട് അപേക്ഷിക്കണം; പിന്നെ നിനക്കു സന്തോഷമായി രാജാവിനോടുകൂടെ വിരുന്നിനു പോകാം" എന്നു പറഞ്ഞു. ഈ കാര്യം ഹാമാന് ഇഷ്ടമായി; അവൻ കഴുമരം ഉണ്ടാക്കിച്ചു.

നമ്മുടെ ജ്ഞാനം ശരിക്കും വെളിപ്പെടുത്തുന്ന ഒരു കാര്യംതന്നെയാണ് നമ്മുടെ സുഹൃദ്സംഘം ഏതാണെന്നുള്ളത്. ചീത്ത കൂട്ടുകെട്ട് നമ്മുടെ സ്വഭാവം വികലമാക്കും എന്നതിന് 1 കൊരിന്ത്യർ 15:33ൽ വചനം നമുക്ക് ഉറപ്പുതരുന്നു. സങ്കീർത്തനം 1:1 ദുഷ്ടന്മാരുടെ ഉപദേശപ്രകാരം നടക്കുകയോ പാപികളുടെ വഴിയിൽ നില്ക്കുകയോ പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരി

ക്കുകയോ ചെയ്യാത്ത മനുഷ്യൻ ഭാഗ്യവാൻ.

സഹോദരീ സഹോദരന്മാരെ, നിങ്ങളുടെ സുഹൃദ് വലയം തിരഞ്ഞെടുക്കുന്നതിൽ ജ്ഞാനിയാവുക. മോശം കൂട്ടുകാരോടുഞാൻ കൂട്ടുകൂടുന്നത് അവരെ നന്നാക്കാൻ വേണ്ടിയാണെന്ന ന്യായവാദം പലർക്കും നിരത്താനാകും. യേശുവിന്റെ കൂട്ടുകാരായി ചുങ്കക്കാരും വേശ്യകളും ഉണ്ടായിരുന്നില്ലേ എന്ന് അവർ ചിന്തിക്കും. നോക്കൂ, യേശുവിന്റെ ഉറ്റകൂട്ടുകാർ, യേശു ഏറ്റവുമധികം സമയം ചിലവഴിക്കുന്നവർ ആരായിരുന്നു, അപ്പസ്തോലന്മാരും ശിഷ്യഗണങ്ങളും. അവരുമായിട്ടാണ് പ്രധാനപ്പെട്ടകാര്യങ്ങൾ യേശു സംസാരിച്ചതും ഹൃദയം പങ്കുവച്ചതും. 1 കൊരിന്ത്യർ 15:33ലെ മുന്നറിയിപ്പിനെ കവച്ചുവയ്ക്കല്ലേ, നിങ്ങളുടെ ഉറ്റചങ്ങാതിമാരെ തിരഞ്ഞെടുക്കുമ്പോൾ.

ഹാമാന്റെ ഭാര്യയും സുഹൃത്തുക്കളും അവനോടു പറഞ്ഞത്, രാജാവിനെക്കൊണ്ട് എന്തും ചെയ്യിക്കാൻ നിനക്കു കഴിയും, ആകയാൽ രാവിലെ തന്നെ മൊർദ്ദെഖായെ തൂക്കിലേറ്റുക,

അതിനുശേഷം ഭൂമിയിലെ ഏറ്റവും സന്തോഷമുള്ള മനുഷ്യനായി രാജാവി നോടുകൂടെ രാജ്ഞിയുടെ അത്താഴ വിരുന്നിനുപോവുക. ഹാമാന്റെ സന്തോ ഷത്തിന് അതിരില്ലായിരുന്നു, ആ രാത്രി തന്നെ അവൻ കഴുമരമെല്ലാം തയ്യാറാ ക്കി, തന്റെ മുഖത്ത് ഒരു ദുഷ്ട ചിരിയു മായി ഉറങ്ങാൻപോയി. താൻ മാത്ര മാണു പ്രവർത്തിക്കുന്നതെന്ന് അവൻ വിചാരിച്ചു, എന്നാൽ കൂട്ടത്തിൽ പ്രവർത്തിക്കുന്ന മറ്റൊരാളുമുണ്ടായിരു ന്നു, ദൈവം.

**എസ്ഥേർ 6:1–3**

1ആ രാത്രിയിൽ രാജാവിന് ഉറങ്ങു
വാൻ കഴിഞ്ഞില്ല; അവൻ ദിനവൃ
ത്താന്തങ്ങൾ രേഖപ്പെടുത്തിയിരി
ക്കുന്ന പുസ്തകം കൊണ്ടുവരു
വാൻ കല്പിച്ചു; അത് രാജാവിനെ
വായിച്ചു കേൾപ്പിച്ചു. 2രാജാവിന്റെ
വാതിൽക്കാവൽക്കാരായ ഷണ്ഡ
ന്മാരിൽ രണ്ടുപേരായ ബിഗ്ദ്ധാ
നായും തേരെശും അഹശ്വേരോശ്
രാജാവിനെ വധിക്കുവാൻ ഗൂഢാ
ലോചന നടത്തിയ വിവരം
മൊർദ്ദെഖായി അറിവുകൊടുത്തി
രിക്കുന്നതു രേഖപ്പെടുത്തിയിരിക്കു

ന്നതു കണ്ടു. 3“ഇതിനുവേണ്ടി മൊർദ്ദെഖായിക്ക് നല്കിയ ബഹുമാനവും പദവിയും എന്ത്?” എന്ന് രാജാവ് ചോദിച്ചു. “ഒന്നും നല്കിയില്ല” എന്ന് രാജാവിനെ ശുശ്രൂഷിച്ചിരുന്ന ഭൃത്യന്മാർ പറഞ്ഞു.

ഇന്ത്യമുതൽ കുശ്വരെ 127 പ്രവിശ്യകളുടെ അധിപനായിരുന്ന രാജാവിന് അന്നുരാത്രി തന്റെ ഉറക്കത്തിന്റെ അധിപനാകാൻ സാധിച്ചില്ല. സുഖനിദ്ര ഒരു അനുഗ്രഹം തന്നെയാണ്, ഉറക്കം വരാത്ത രാത്രികളിൽ കട്ടിലിൽ തിരിഞ്ഞും മറിഞ്ഞും കിടന്നും നേരം വെളുപ്പിക്കുമ്പോൾ ഈ വിഷമസന്ധി നമുക്കു തിരിച്ചറിയാനാകും.

സദൃശവാക്യം 3:21-24 വാക്യങ്ങൾ ഇക്കാര്യത്തിൽ നല്കുന്ന ഉപദേശം നോക്കുക:

21മകനേ, ജ്ഞാനവും വകതിരിവും കാത്തുകൊൾക, അവ നിന്റെ കണ്ണിൽനിന്നു മാറിപ്പോകരുത്.
22അവ നിന്റെ ദേഹിക്കു ജീവനും, കഴുത്തിന് ആഭരണവും ആയിരിക്കും. 23അപ്പോൾ നിന്റെ വഴിയിൽ നീ സുരക്ഷിതനായി നടക്കും,

നിന്റെ പാദം ഇടറുകയുമില്ല. 24കിടക്കുമ്പോൾ നീ നിർഭയനായിരിക്കും; നിന്റെ ഉറക്കം സുഖകരവുമായിരിക്കും.

സഭാപ്രസംഗി 5:12
വേലക്കാർ ഭക്ഷിക്കുന്നത് അല്പമോ അധികമോ ആയാലും അവന്റെ ഉറക്കം സുഖകരമാണ്, എന്നാൽ സമ്പന്നന്റെ സമൃദ്ധിയോ അവന്റെ ഉറക്കം കെടുത്തുന്നു.

സദൃശവാക്യം 20:13
ദരിദ്രനാകാതിരിക്കേണ്ടതിന് നിദ്രാപ്രിയനാകരുത്; നിന്റെ കണ്ണു തുറക്കുക, എങ്കിൽ നീ ഭക്ഷണംകൊണ്ടു തൃപ്തനാകും.

നിദ്രയെ സനേഹിക്കുന്ന ഒരു വ്യക്തിയാകേണ്ട, എന്നാൽ എല്ലാദിവസവും നല്ല സുഖനിദ്ര ഉണ്ടാവുകയും ചെയ്യുക.

നിദ്രാവിഹീനനായ രാജാവ് എന്താണുചെയ്തത്? തന്റെ ചരിത്രപാഠപുസ്തകം എടുത്തുകൊണ്ടുവന്നു, തന്റെ ഉദ്യോഗസ്ഥരോട് അതു വായിച്ചു

കേൾപ്പിക്കാൻ ആവശ്യപ്പെട്ടു. ഉറക്കമില്ലാത്ത രാജാവിനുമുന്നിൽ ധാരാളം വഴികളുണ്ടായിരുന്നു, സംഗീതമോ നൃത്തമോ നാടകമോ ജാലവിദ്യകളോ മറ്റേതെങ്കിലും വിനോദോപാധികളോ രാജാവിന്റെ കല്പനയ്ക്കുമുന്നിൽ ലഭ്യമായിരുന്നു. എന്നാൽ ഇവിടെയാണ് ദൈവകരം പ്രവർത്തിക്കുന്നത് നാം കാണുന്നത്. അനേകം പേജുകളുള്ള വലിയ ഒരു പുസ്തകംതന്നെയാകണം ഇത്രവലിയ സാമ്രാജ്യത്തിലെ ദിനവൃത്താന്തപുസ്തകം, രാജസന്നിധിയിലെ അനുദിനവൃത്താന്തങ്ങൾ ഭാവിമാർഗ്ഗനിർദ്ദേശങ്ങൾക്കായി രേഖപ്പെടുത്തുന്ന പുസ്തകം. എന്നാൽ ഈ ഉദ്യോഗസ്ഥൻ വായിച്ചതാകട്ടെ മൊർദ്ദെഖായിയെക്കുറിച്ച് രേഖപ്പെടുത്തിവച്ചിരുന്ന അതേഭാഗവും. ദൈവം അതിയശവാനാണ്. വേണ്ടതു തക്കസമയത്തു നല്കി പ്രവർത്തിക്കുന്നവനാണു ദൈവം, എന്താണോ വേണ്ടത് എന്നത് അതാതിന്റെ തക്കസമയത്ത് ദൈവം പ്രദാനം ചെയ്യുന്നു.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ദൈവത്തിന്റെ സമയക്രമത്തെക്കുറിച്ചു

നിങ്ങൾക്കു സംശയങ്ങൾ ഉണ്ടോ? നിങ്ങളെ വഴിനടത്തുന്നവരുമായും വചനങ്ങളുമായും ഇക്കാര്യം പരിശോധിക്കുക, ദൈവത്തെക്കുറിച്ചുള്ള സത്യം ശരിയായി മനസ്സിലാക്കാൻ പ്രാർത്ഥനയിൽ മല്ലടിക്കുക.

# ദിനം 16

ഉറക്കമില്ലായ്മയുടെ ആലസ്യത്തിലും വിശ്രമമനോഭാവത്തിലുമെല്ലാം ആയിരുന്നെങ്കിലും രാജാവു ചോദിച്ചത് ശരിയായ ചോദ്യമായിരുന്നു, "ഇതിനു വേണ്ടി മൊർദ്ദെഖായിക്ക് നല്കിയ ബഹുമാനവും പദവിയും എന്ത്?" ഒന്നും നല്കിയില്ല, ഇതുവരെ, എന്ന മറുപടിയാണ് രാജാവിനു ലഭിച്ചത്. ദിനവൃത്താന്തപുസ്തകമെന്നത് ഓർമ്മയുടെ പുസ്തകവും കൂടിയാണ്, പ്രധാനപ്പെട്ട കാര്യങ്ങളെയും വ്യക്തികളെയും - നല്ലതും ചീത്തയും - സാമ്രാജ്യം ഭാവിയിലേക്ക് എന്നും ഓർക്കാൻ വേണ്ടി എഴുതിവച്ചത്.

ദൈവം നമ്മെ ഓർക്കുന്നു, മലാഖി 3:16-17 നോക്കുക:

16എന്നാൽ യഹോവാഭക്തന്മാർ തമ്മിൽത്തമ്മിൽ സംസാരിച്ചു, യഹോവ ശ്രദ്ധവെച്ചുകേട്ടു. യഹോവയെ ഭയപ്പെടുന്നവർക്കും അവിടുത്തെ നാമത്തെ ബഹുമാനിക്കുന്നവർക്കും വേണ്ടി അവിടെത്തെ സന്നിധിയിൽ ഒരു സ്മരണയുടെ ചുരുൾ എഴുതിവച്ചി

രിക്കുന്നു. 17സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു: ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്ക് ഒരു അവകാശനിക്ഷേപമായിരിക്കും. പിതാവ് തനിക്കു ശുശ്രൂഷചെയ്യുന്ന പുത്രനെ കരുണയോടെ സംരക്ഷിക്കുന്നതുപോലെ ഞാൻ അവരെ സംരക്ഷിക്കും.

യാതൊരുവിധബഹുമാനവും ജനം ദൈവത്തിനു നല്കാതിരുന്ന ഒരു കാലഘട്ടത്തെക്കുറിച്ചായിരുന്നു മലാഖി പരാമർശിച്ചത്. അവർ ദൈവത്തെ വെറുത്തു തള്ളിക്കളഞ്ഞിരുന്നു. എന്നാൽ ദൈവഭയം ഉണ്ടായിരുന്ന ചിലർ ഒത്തുകൂടി പരസ്പരം സംസാരിക്കുകയും പ്രബോധിപ്പിക്കുകയും, ദൈവത്തിൽ വിശ്വസിക്കാനും ദൈവത്തിൽ ആശ്രയിക്കാനും ദൈവത്തെ അനുസരിക്കാനും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അപ്പോൾ ദൈവം ചെയ്തത് എന്താണ്? ദൈവത്തെ ഭയപ്പെടുന്നവർക്കായി സ്മരണയുടെ ഒരു ചുരുൾ തന്റെ സന്നിധിയിൽ എഴുതിയുണ്ടാക്കിവച്ചു. ഞാൻ പ്രവർത്തിക്കുന്ന ദിവസത്തിൽ അവർ എനിക്ക് ഒരു അവ

കാശനിക്ഷേപമായിരിക്കും എന്നു ദൈവം പറഞ്ഞു. അനുകമ്പാപൂർണ്ണനായ ഒരു ദൈവത്തിനുമുന്നിലെ പ്രിയ പുത്രനെയും പുത്രിയെയും പോലെയാകും അവർ എന്നും ദൈവം അരുൾചെയ്തു.

ദൈവം തന്റെ പ്രതിഫലം നല്കുന്നവനാണ്, തക്കസമയത്ത്, സമയപൂർണ്ണതയിൽത്തന്നെ. മറവിക്കാരനായ ഒരാളല്ല ദൈവം. മത്തായി 10:42ൽ പറയുന്നു: ഈ ചെറിയവരിൽ ഒരുത്തന്, അയാൾ എന്റെ ശിഷ്യനായതുകൊണ്ട്, ഒരു പാത്രം തണുത്തവെള്ളം കൊടുക്കുന്ന ഒരുവന് **ഒരിക്കലും**, തന്റെ പ്രതിഫലം നഷ്ടമാവുകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.

ആ രാത്രിയിൽ അല്ലെങ്കിൽ വെളുപ്പാൻകാലത്ത്, മേശകൾ തിരിയുന്നതു നമുക്കു കാണാൻ കഴിയും.

**എസ്ഥേർ 6:4–5**

4‘‘പ്രാകാരത്തിൽ ആരാണുള്ളത്’’
എന്ന് രാജാവ് ചോദിച്ചു. മൊർദ്ദെ
ഖായിക്കുവേണ്ടി താൻ ഉണ്ടാ
ക്കിയ കഴുവിന്മേൽ അവനെ

തൂക്കിക്കൊല്ലേണ്ടതിന് രാജാവി നോട് അപേക്ഷിക്കുവാൻ ഹാമാൻ രാജധാനിയുടെ പുറത്തു പ്രാകാ രത്തിൽ വന്നു നിൽക്കുകയായിരു ന്നു. 5രാജാവിന്റെ ഭൃത്യന്മാർ അവ നോട്: ‘‘ഹാമാൻ പ്രാകാരത്തിൽ നില്ക്കുന്നു’’ എന്നു പറഞ്ഞു. ‘‘അവൻ അകത്തുവരട്ടെ’’ എന്ന് രാജാവ് കല്പിച്ചു.

രാജാവ് ഉണർന്നു, ആരവിടെ എന്ന ചോദ്യത്തിന് ഉത്തരം നല്കാൻ തക്കവണ്ണം ആ വെളുപ്പാൻ കാലത്ത് കോപംകൊണ്ട് ഉറങ്ങാൻ കഴിയാത്ത ഹാമാൻ കൊട്ടാരവാതിൽക്കൽ എത്തി ച്ചേർന്നിരുന്നു. മൊർദ്ദെഖായ്ക്കുവേണ്ടി കഴുമരം ഒരുക്കിയിരിക്കുന്നു എന്ന സന്തോഷവാർത്ത രാജാവിനെ അറിയി ക്കാൻ. മൊർദ്ദെഖായിക്കുവേണ്ടി ചലി ക്കുന്ന രണ്ടുപേർ, നിദ്രാവിഹീനനായ രാജാവും അധികമായസന്തോഷം കൊണ്ട് ഉറക്കംവരാത്ത ഹാമാനും. ഈ രണ്ടുപേരുടെയും പ്രവൃത്തികളെ ദൈവം കൂട്ടിയെടുത്തു, തന്റെ അടുത്ത രംഗത്തിനു ചരടുവലിക്കാൻ.

**എസ്ഥേർ 6:6–11**

6ഹാമാൻ അകത്തു വന്നപ്പോൾ
രാജാവ് അവനോട്: ''രാജാവ്
ബഹുമാനിക്കുവാൻ ഇച്ഛിക്കുന്ന
പുരുഷന് എന്തെല്ലാമാകുന്നു
ചെയ്തുകൊടുക്കേണ്ടത്?'' എന്നു
ചോദിച്ചു. 'എന്നെയല്ലാതെ മറ്റാരെ
യാണ് രാജാവ് അത്രയധികം
ബഹുമാനിക്കുവാൻ ഇച്ഛിക്കു
ന്നത്' എന്ന് ഹാമാൻ ഹൃദയത്തിൽ
വിചാരിച്ചു. 7ഹാമാൻ രാജാവി
നോട്: ''രാജാവ് ബഹുമാനിക്കാൻ
ഇച്ഛിക്കുന്ന പുരുഷനുവേണ്ടി
8രാജാവു ധരിക്കുന്ന രാജവ
സ്ത്രവും രാജാവ് കയറുന്ന കുതി
രയും അവന്റെ ശിരസ്സിൽ
വയ്ക്കുന്ന രാജകിരീടവും കൊണ്ടു
വരട്ടെ. 9വസ്ത്രവും കുതിരയും
രാജാവിന്റെ അതിശ്രേഷ്ഠപ്രഭുക്ക
ന്മാരിൽ ഒരുവന്റെ കൈയിൽ
ഏല്പിക്കണം; രാജാവ് ബഹുമാ
നിക്കുവാൻ ഇച്ഛിക്കുന്ന പുരുഷനെ
ആ വസ്ത്രം ധരിപ്പിച്ച് കുതിരപ്പു
റത്തു കയറ്റി പട്ടണവീഥി
യിൽക്കൂടി കൊണ്ടു നടന്ന്:
'രാജാവ് ബഹുമാനിക്കുവാൻ ഇച്ഛി
ക്കുന്ന പുരുഷന് ഇങ്ങനെ
ചെയ്യും' എന്ന് അവന്റെ മുമ്പിൽ

വിളിച്ചുപറയണം'' എന്നു പറഞ്ഞു.
10രാജാവ് ഹാമാനോട്: ''നീ വേഗം ചെന്ന് വസ്ത്രവും കുതിരയും നീ പറഞ്ഞതുപോലെ കൊണ്ടുവന്ന് രാജവാതിൽക്കൽ ഇരിക്കുന്ന യഹൂദനായ മൊർദ്ദെഖായിക്ക് ഇങ്ങനെയെല്ലാം ചെയ്യുക; നീ പറഞ്ഞതിൽ ഒന്നും കുറച്ചു കളയരുത്'' എന്നു കല്പിച്ചു.
11അപ്പോൾ ഹാമാൻ വസ്ത്രവും കുതിരയും കൊണ്ടുവന്ന് മൊർദ്ദെഖായിയെ വസ്ത്രം ധരിപ്പിച്ച് കുതിരപ്പുറത്തു കയറ്റി പട്ടണവീഥിയിൽക്കൂടി കൊണ്ടുനടന്നു: ''രാജാവ് ബഹുമാനിക്കാൻ ഇച്ഛിക്കുന്ന പുരുഷന് ഇങ്ങനെ ചെയ്യും'' എന്ന് അവന്റെ മുമ്പിൽ വിളിച്ചു പറഞ്ഞു.

ഹാമാൻ തന്റെ ജീവൻപോലും ത്യജിക്കാൻ തക്കവണ്ണം വെറുക്കുന്ന ഒരു ജോലിയാണ് രാജാവ് അവനു നല്കിയത്. സകലതും നേടിയിട്ടും, സാമ്രാജ്യത്തിൽ രണ്ടാംസ്ഥാനക്കാരനായിട്ടുമൊന്നും തൃപ്തനാകാത്ത ഹാമാന്റെ അതൃപ്തി തന്റെ നേട്ടങ്ങളുടെ നിറുകയിൽ നിന്നുള്ള വീഴ്ചയ്ക്ക് കാരണമാകുന്നു.

പൗലോസിന്റെ ഉപദേശം നമുക്ക് ഒന്നുകൂടി നോക്കാം, 1 തിമോത്തി 6:6–8
6എന്നാൽ സംതൃപ്തിയോടുകൂടിയ ദൈവഭക്തി വലിയ ആദായം തന്നെ.
7ഈ ലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നില്ല. ഇവിടെ നിന്നു നമുക്ക് ഒന്നും കൊണ്ടുപോകാനും കഴിയുന്നതല്ല.
8ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ അതുകൊണ്ടു നമുക്കു തൃപ്തിപ്പെടാം.

മൊർദ്ദെഖായിയെ സംബന്ധിച്ചാകട്ടെ, ദൈവത്തിനുമാത്രം എന്തെങ്കിലും ചെയ്യാൻ സാദ്ധ്യമാവുകയുള്ളൂ എന്ന ഒരു സാഹചര്യത്തിലായിരുന്നു അദ്ദേഹം, എന്നാൽ ദൈവം പ്രവർത്തിച്ചു. ഇസ്രായേലിന്റെ സഹായകൻ എന്നും ദൈവമക്കളുടെ സഹായകനെന്നും ദൈവത്തെ വിളിക്കുന്നത് അതുകൊണ്ടാണ്. റോമർ 8:28 എന്നാൽ, ദൈവത്തെ സ്നേഹിക്കുന്നവർക്കുവേണ്ടി, അവിടുത്തെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്കുവേണ്ടിത്തന്നേ, എല്ലാ കാര്യങ്ങളിലും അവിടുന്നു നന്മയ്ക്കായി പ്രവർത്തിക്കുന്നുവെന്നു നാം അറിയുന്നു.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങളുടെ പുറംകാഴ്ചയുടെ ഭംഗിയോർത്ത് ദൈവത്തെ സ്തുതിക്കാൻ സമയമെടുത്തതുപോലെ (ദിനം 6), നിങ്ങളിലെ സംതൃപ്തിയും നിറവും എടുത്തുകളയുന്ന കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് പരിശോധിക്കുക. സഹായത്തിനായി പ്രാർത്ഥിക്കുക.

# ദിനം 17

തിന്മനിറഞ്ഞ ഒരു ഹൃദയവുമായി രാജാവിനെ സ്വാധീനിക്കാനാണ് ഹാമാൻ ഇവിടെ എത്തിയതെങ്കിലും, രാജാവ് ഇപ്പോൾ വേറെ ഒരു മാനസികാവസ്ഥയിലാണ്. രാജാവു പ്രസാദിച്ചിരിക്കുന്ന ഒരു മനുഷ്യന് എന്തു പ്രതിഫലമാണുനല്കേണ്ടത് എന്ന് രാജാവു ഹാമാനോടു ചോദിച്ചു. ഹാമാനാകട്ടെ, ഞാനല്ലാതെ പിന്നെയാരാണ് ആ മനുഷ്യൻ എന്നു സ്വയംപൊക്കി ചിന്തിച്ചു, തന്റെ ഹൃദയാഭിലാഷമെല്ലാം രാജാവിനെ അറിയിച്ചു. ഹാമാന് രാജാവിനെപ്പോലെ ആകണമായിരുന്നു, രാജാവ് ആയിരിക്കുന്ന സ്ഥലത്ത് ആകണം, രാജാവിന്റെ വസ്ത്രം ധരിക്കണം, രാജാവിന്റെ കുതിരപ്പുറത്തേറണം, രാജാവിന്റെ അതിശ്രേഷ്ഠപ്രഭുക്കളിൽ ഒരുവൻ അവനെ വഴിനീളെ നടന്നു പുകഴ്ത്തണം. ഇതു കേട്ട രാജാവിന് ഇവയെല്ലാം ചെയ്യാൻ തിടുക്കവുമായി, ഒരു മാറ്റത്തോടെ, അതെല്ലാം ഹാമാൻ മൊർദ്ദെഖായിക്കുവേണ്ടി ചെയ്തുകൊടുക്കണം. അതിൽ ഒന്നും കുറയ്ക്കാനും പാടില്ല. രാജാവിന്റെ കല്പനയായതിനാൽ ഹാമാന് മറ്റൊരു വഴി

യുമില്ല, രാജകല്പനലംഘിച്ചാൽ തല ഉരുളും. ഹാമാന്റെ മാനസികാവസ്ഥ നിങ്ങൾക്കു സങ്കൽപ്പിക്കാൻ കഴിയും, തിളച്ചുമറിയുന്ന ഉള്ളും പുകയുന്ന പുറവും, എന്നാൽ അതിനെല്ലാം പുറമേ രാജകല്പനയോടുള്ള അനുസരണമെന്ന ഒരു പുറംതോടു ധരിച്ച് ഹാമാൻ രാജകല്പന അനുസരിച്ചു.

**എസ്ഥേർ 6:12–14**

12മൊർദ്ദെഖായി രാജവാതിൽക്കൽ മടങ്ങിവന്നു. ഹാമാൻ ദുഃഖിതനായി തലമൂടിക്കൊണ്ടു വേഗത്തിൽ വീട്ടിലേക്കു പോയി.
13തനിക്കു സംഭവിച്ചതൊക്കെയും ഹാമാൻ ഭാര്യയായ സേരെശിനോടും തന്റെ സകല സ്നേഹിതന്മാരോടും വിവരിച്ചു പറഞ്ഞു. അവന്റെ വിദ്വാന്മാരും അവന്റെ ഭാര്യ സേരെശും അവനോട്: “മൊർദ്ദെഖായിയുടെ മുമ്പിൽ നീ വീഴുവാൻ തുടങ്ങിയിരിക്കുന്നു; അവൻ യഹൂദ്യവംശക്കാരനാകുന്നുവെങ്കിൽ നീ അവനെ ജയിക്കുകയില്ല; നീ തീർച്ചയായും അവന്റെ മുമ്പിൽ വീണുപോകും” എന്നു പറഞ്ഞു.
14 അവർ അവനോടു

സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ രാജാവിന്റെ ഷണ്ഡന്മാർ വന്ന് എസ്ഥേർ ഒരുക്കിയ വിരുന്നിന് ഹാമാനെ വേഗത്തിൽ കൂട്ടിക്കൊണ്ടുപോയി.

ഇതൊന്നും തലയ്ക്കുഭാരമാകാൻ പറ്റുന്ന ഒരു മാനസികാവസ്ഥയിലായിരുന്നില്ല മൊർദ്ദെഖായ്, അവൻ സാധാരണപോലെ കൊട്ടാരവാതിൽക്കൽ തന്റെ ഇരിപ്പിടത്തിലേക്കു പോയി.

എന്നാൽ ഹാമാന്റെ തലയെ അസൂയ ശരിക്കും ബാധിച്ചു, അതൃപ്തിയും സന്തോഷമില്ലായ്മയും ഒന്നും മതിയാവോളമായില്ല എന്ന തോന്നലുമെല്ലാം ഒന്നുമില്ലായ്മയിലേക്ക് അവനെ നയിക്കുന്നു.

സദൃശവാക്യം 26:27
കുഴികുഴിക്കുന്നവൻ അതിൽത്തന്നെവീഴും; കല്ലുരുട്ടുന്നവന്റെമേൽ അതു തിരിഞ്ഞുരുളും.

എസ്ഥേറിന്റെ വിരുന്നിനു ചെല്ലാൻ ഹാമാനു വിളിവന്നു. രാജാവിന് തലേ ദിവസം രാത്രി ഉറക്കം വന്നില്ല,

പിറ്റേന്നു രാവിലെ മൊർദ്ദെഖായിയെ പകൽ മുഴുവൻ ആദരിച്ച് എഴുന്നള്ളിക്കാൻ ഹാമാനോടു കല്പിച്ചു, നിരാശനായി തിരിച്ചുവീട്ടിലെത്തിയപ്പോഴേക്ക് തന്റെ ഉപദേശകരിൽനിന്നും വയറുനിറച്ചു കിട്ടി, വൈകിട്ടായപ്പോഴേക്ക് വിരുന്നിനു പോയി, ഭയവും പ്രതികാരവും നിറഞ്ഞ ഒരു ഹൃദയത്തോടെ.

**എസ്ഥേർ 7:1–2**

1അങ്ങനെ രാജാവും ഹാമാനും എസ്ഥേർ രാജ്ഞിയോടുകൂടെ വിരുന്നിനു ചെന്നു. 2രണ്ടാം ദിവസവും വീഞ്ഞുവിരുന്നിന്റെ സമയത്ത് രാജാവ് എസ്ഥേരിനോട്: "എസ്ഥേർരാജ്ഞിയേ, നിന്റെ അപേക്ഷ എന്ത്? അത് നിനക്കു ലഭിക്കും. നിന്റെ ആവശ്യം എന്ത്? രാജ്യത്തിന്റെ പകുതിയാണെങ്കിലും അതു നിറവേറ്റപ്പെടും" എന്നു പറഞ്ഞു.

സുപ്രധാനമായ ആ ചോദ്യം രാജാവുവീണ്ടും എസ്ഥേറിനോടു ചോദിച്ചു, എന്താണു നിന്റെ അപേക്ഷ? പകുതിരാജ്യംപോലും അവൾക്കു വാഗ്ദാനം ചെയ്യപ്പെട്ടു. സ്ത്രീകളെ മനസ്സിലാക്കാ

നുള്ള പുരുഷന്മാരുടെ കഴിവ് താത്പര്യമുണർത്തുന്നതല്ലേ? സ്ത്രീകൾ സമ്പർക്കം ആഗ്രഹിക്കുന്നു, പുരുഷന്മാർ അതിനെ വിശേഷതാത്പര്യമായി കണക്കാക്കുന്നു. സ്ത്രീകൾ ബന്ധം കാംക്ഷിക്കുന്നു, പുരുഷന്മാർ അതിനെ ആഗ്രഹമായി കണക്കാക്കുന്നു. സ്ത്രീകൾ സുരക്ഷിതത്വം തേടുന്നു, പുരുഷന്മാർ അതിനെ ശാരീരിക ആവശ്യമായി കണക്കാക്കുന്നു. സ്ത്രീകൾ സ്നേഹം തേടുന്നു, പുരുഷന്മാർ അതിനെ ക്ഷണമായി കണക്കാക്കുന്നു. സ്ത്രീകൾക്ക് അവരുടെ മനോവികാരങ്ങൾ പങ്കുവയ്ക്കാൻ ശ്രമിക്കുന്നു, പുരുഷന്മാർ അതിനെ ഉപദേശം തേടലായി എടുക്കുന്നു. രാജാവിന് രാജ്ഞിയോടുള്ളതിനേക്കാൾ സ്നേഹം വീഞ്ഞിനോടാണെന്നു വ്യക്തമാണ്.

സേരെശും എസ്ഥേറും തമ്മിൽ ഒരു താരതമ്യം ഇവിടെ ഗുണകരമാണ്. സേരെശ്, ബുദ്ധിമതിയാണ് എന്നാൽ വക്രതകലർന്നവളാണ്, തീരുമാനമെടുക്കാനും പ്രവർത്തിക്കാനും തിടുക്കംകാട്ടുന്നു, കേൾക്കുന്നതിനേക്കാൾ സംസാരിക്കാൻ താത്പര്യമുള്ളവളാണ്, വിശകലനം ചെയ്യുകയും മനസ്സിലാക്കു

കയും ചെയ്യുന്നതിനേക്കാൾ വിധിപ്രസ്താവിക്കാനാണ് അവൾക്കു താത്പര്യം, പരിണതഫലം എന്തെന്നു ചിന്തിക്കാതെ പെട്ടെന്ന് തീരുമാനങ്ങളിലേക്ക് എടുത്തു ചാടുന്നു. പഴിചാരാൻ വിദഗ്ദ്ധയാണ്, ഉത്തരവാദിത്തം എടുക്കാൻ സാധിക്കാത്തവളും. എന്നാൽ എസ്ഥേറാകട്ടെ, ദൈവീക ചായ്‌വുള്ള ബുദ്ധിമതിയാണ്, പ്രാർത്ഥനാപൂർണ്ണമായി തീരുമാനങ്ങൾ എടുക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നവൾ, കാര്യങ്ങൾ പഠിക്കുന്നതിലും വിശകലനംചെയ്യുന്നതിലും സമഗ്രതകാണിക്കുന്നവൾ, വേഗത്തിൽ ഉത്തരവാദിത്തം ഏറ്റെടുക്കുന്നവൾ മറ്റുള്ളവരിൽപഴിചാരാത്തവൾ, വികാരങ്ങളും ചിന്തകളും പ്രകടിപ്പിക്കുന്നതിൽ വളരെ ശ്രദ്ധാലുവായവൾ. സേരെശ് ഒരു പരാജയമായിരുന്നു, എസ്ഥേർ ഒരു വിജയിയും. സേരെശ് അവളുടെ ഭർത്താവിന്റെ വീഴ്ചയ്ക്കു കൂട്ടായി, എസ്ഥേർ അവളുടെ ഭർത്താവിന്റെ ശ്രേഷ്ഠതയ്ക്കും.

രണ്ടുകാര്യങ്ങളാണ് രാജാവു ചോദിച്ചത്, അവളുടെ യാചനയും അവളുടെ അപേക്ഷയും. സാധാരണയായി ആളുകൾ രാജാവിനെ സമീപിക്കുന്നത്

രാജാവിന്റെ കയ്യിൽനിന്നും ഒരു പ്രതി ഫലം ലഭിക്കുവാനാണ്, സാമ്പത്തികമോ അല്ലെങ്കിൽ ഒരു ശുപാർശയോ മറ്റോ. എന്നാൽ എസ്ഥേറിന്റെ കയ്യിലുള്ളത് ഒരു യാചനയും ഒരു അപേക്ഷയുമാണ്.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങളുടെ പ്രാർത്ഥനാരീതിയെ ഒന്നു പരിശോധിക്കുക, ആവശ്യങ്ങൾ വേഗത്തിൽ നിരത്തിവയ്ക്കുന്ന പ്രാർത്ഥനയാണോ അതോ ദൈവവുമായി ബന്ധംപുലർത്താൻ സ്തുതിക്കും സ്തോത്രത്തിനും ആവശ്യത്തിനു സമയം ചിലവഴിക്കുന്ന പ്രാർത്ഥനാരീതിയാണോ?

# ദിനം 18

**എസ്ഥേർ 7:3–4**

3അതിന് എസ്ഥേർരാജ്ഞി:
"രാജാവേ, എന്നോടു കൃപയുണ്ടെ
ങ്കിൽ രാജാവിനു തിരുവുള്ളമുണ്ടെ
ങ്കിൽ, എന്റെ അപേക്ഷയാൽ
എന്റെ ജീവനെയും എന്റെ ആഗ്ര
ഹമോർത്ത് എന്റെ ജനത്തെയും
എനിക്കു നല്കേണമേ. 4ഞങ്ങളെ
കൊന്നു നശിപ്പിച്ചു നിർമ്മൂലമാ
ക്കേണ്ടതിനായി എന്നെയും എന്റെ
ജനത്തെയും വിറ്റുകളഞ്ഞിരിക്കു
ന്നുവല്ലോ; എന്നാൽ ഞങ്ങളെ അടി
മകളായി വിറ്റുകളഞ്ഞി
രുന്നുവെങ്കിൽ പോലും ഞാൻ
മിണ്ടാതിരിക്കുമായിരുന്നു; കാരണം
ഞങ്ങളുടെ കഷ്ടത രാജാവിനു
ണ്ടാകുന്ന നഷ്ടത്തോടു തുലനം
ചെയ്യാവുന്നതല്ലല്ലോ" എന്ന്
ഉത്തരം പറഞ്ഞു.

എസ്ഥേറിന്റെ യാചന അവളുടെ ജീവൻ രക്ഷിക്കണമെന്നതായിരുന്നു, അവളുടെ അപേക്ഷ അവളുടെ ജനത്തിന്റെ ജീവൻ രക്ഷിക്കണമെന്നതായിരുന്നു. അവളുടെ ആവശ്യങ്ങളെക്കാൾ

ഉപരിയായി അവളുടെ ജനത്തിന്റെ ആവശ്യങ്ങൾ അവൾ ഉയർത്തിപ്പിടിച്ചു. രാജ്ഞിയെന്ന സ്ഥാനമുപയോഗിച്ച് രാജാവിൽനിന്നും അർഹമല്ലാത്ത ഒരു നേട്ടത്തിനു താൻ ശ്രമിക്കുന്നതല്ല എന്നതും എസ്ഥേർ രാജാവിനോട് ഉണർത്തിച്ചു. എല്ലാവരും പ്രതീക്ഷിച്ചിരുന്ന കോടികൾ വിലയുള്ള ആചോദ്യം അപ്പോൾ രാജാവ് എസ്ഥേറിനോടു ചോദിച്ചു, ശത്രുവായ ഹാമാന്റെ മുന്നിൽ വച്ചുതന്നെ.

വാക്യം 5-6

5അഹശ്വേരോശ് രാജാവ്എസ്ഥേർ രാജ്ഞിയോട്: ''അവൻ ആര്? ഇങ്ങനെ ചെയ്യുവാൻ തുനിഞ്ഞവൻ എവിടെ?'' എന്നു ചോദിച്ചു. 6അതിന് എസ്ഥേർ: ''വൈരിയും ശത്രുവും ഈ ദുഷ്ടനായ ഹാമാൻ ആകുന്നു എന്നു പറഞ്ഞു.'' അപ്പോൾ ഹാമാൻ രാജാവിന്റെയും രാജ്ഞിയുടെയും മുമ്പിൽ ഭ്രമിച്ചുപോയി.

എത്ര ജ്ഞാനത്തോടെയാണ് എസ്ഥേർ ഈ സാഹചര്യം കൈകാര്യം ചെയ്തതെന്ന് നോക്കുക! ആദ്യമേ

തന്നെ അവൾ രാജാവിന്റെ പ്രീതി പിടിച്ചുപറ്റി, ആദ്യകാഴ്ചയിൽതന്നെ അവൾ അവളുടെ ആവശ്യങ്ങൾ നിരത്തിയില്ല, കാരണം രാജാവ് അവളെകണ്ടിട്ട് ഒരു മാസത്തോളമായിരുന്നു, ഹാമാനാണെങ്കിൽ രാജാവിന്റെ കൂടെ എപ്പോഴുമുണ്ടായിരുന്നു. രാജാവിനുമുമ്പിൽ പ്രീതിപാത്രമാകാൻ അവൾ നടത്തിയ നീക്കങ്ങളിൽ ഹാമാനെയും ഉൾപ്പെടുത്തി, ഹാമാന്റെ തിന്മപ്രവൃത്തികൾ ഹാമാന്റെ മുന്നിൽവച്ചുതന്നെ രാജാവിനുമുന്നിൽ അവതരിപ്പിച്ചു. രാജാവിനുമുന്നിൽ തന്റെ പ്രവൃത്തികളും ഉദ്ദേശവും തന്ത്രപൂർവ്വം അവതരിപ്പിച്ചു രക്ഷപെടാനുള്ള ഹാമാന്റെ അവസരവും തടഞ്ഞു. എസ്ഥേർ ഒരു യഹൂദസ്ത്രീയാണ് എന്ന കാര്യമാണ് ഹാമാനെസംബന്ധിച്ച് ഏറ്റവും ഞെട്ടലുളവാക്കിയ സംഗതിയെന്നു തോന്നുന്നു. രാജാവിന്റെയും രാജ്ഞിയുടെയും മുന്നിൽ ഹാമാൻ ഭയന്നുവിറച്ചുപോയി.

വാക്യം 7

7രാജാവ് ക്രോധത്തോടെ വീഞ്ഞുവിരുന്നിൽ നിന്ന് എഴുന്നേറ്റ് ഉദ്യാനത്തിലേക്കുപോയി; എന്നാൽ രാജാവ് തനിക്ക് അനർത്ഥം നിശ്ച

യിച്ചുവെന്നു കണ്ടിട്ട് ഹാമാൻ തന്റെ ജീവരക്ഷയ്ക്കായി എസ്ഥേർ രാജ്ഞിയോട് അപേക്ഷിക്കുവാൻ നിന്നു.

പൊതുവേ എല്ലാ രാജാക്കന്മാരെയും പോലെ അഹശ്വേരോശ് രാജാവും തീരുമാനങ്ങൾ എടുക്കുന്നതിനുമുമ്പ് തന്റെ ഉദ്യോഗസ്ഥവൃന്ദത്തോടു ഉപദേശം ആരായണമെന്നതിൽ പരിശീലനം സിദ്ധിച്ചവനാണ്. ഇത്രയും ചൂടുപിടിച്ച ഒരു സാഹചര്യത്തിലും രാജാവ് എന്തുചെയ്യണമെന്ന് ആലോചിക്കാൻ തോട്ടത്തിലേക്കു പോയി (എടുത്തുചാടി തീരുമാനമെടുക്കാതെ), ശരിയായ തീരുമാനമെടുക്കാൻ മനസ്സിനെ സജ്ജമാക്കാൻ വേണ്ടി.

സദൃശവാക്യം 14:8

തന്റെ വഴി തിരിച്ചറിയുവാനാണ് വിവേകിക്കു ജ്ഞാനം ലഭിച്ചിട്ടുള്ളത്; ഭോഷന്റെ ഭോഷത്തമോ വഴിതെറ്റിക്കുന്നു.

ഉപദേശമെടുക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾക്കു ചെവിയോർക്കുകയും ചെയ്യുക, നിങ്ങളുടെ ജീവിതം

അനുഗ്രഹീതമാകും. നിങ്ങളുടെ ഹൃദയം പറയുന്നതു കേൾക്കുന്ന ഒരാളാണു നിങ്ങളെങ്കിൽ (നിങ്ങളുടെ ഹൃദയം നിങ്ങളോടു പറയുന്നത് നിങ്ങൾക്ക് എല്ലാം അറിയാം എന്നാണ്), എല്ലാവിധത്തിലും പൂർണ്ണനായ ഒരു വ്യക്തിയാകണം നിങ്ങൾ, എന്നാൽ അതല്ല വാസ്തവം. നിങ്ങൾക്ക് എല്ലാം അറിയാമെന്ന് നിങ്ങളുടെ യുവരക്തം പറയും, എന്നാൽ നിങ്ങളുടെ ഉത്തരകടലാസുകൾ പറയുന്നത് നിങ്ങൾക്ക് എല്ലാം അറിയാമെന്നായിരിക്കില്ല. ഇനി എന്താണു സംഭവിക്കാൻ പോകുന്നത്?

വാക്യം 8

8രാജാവ് ഉദ്യാനത്തിൽ നിന്നും വീണ്ടും വീഞ്ഞുവിരുന്നുശാലയിലേക്കു വന്നപ്പോൾ എസ്ഥേർ ഇരിക്കുന്ന കിടക്കയിൽ ഹാമാൻ വീണുകിടക്കുകയായിരുന്നു; അപ്പോൾ രാജാവ്: ''ഇവൻ എന്റെ അരമനയിൽവച്ച് എന്റെ സാന്നിദ്ധ്യത്തിൽ രാജ്ഞിയെ ബലാൽക്കാരം ചെയ്യുമോ?'' എന്നു പറഞ്ഞു. ഈ വാക്ക് രാജാവിന്റെ വായിൽനിന്നു വീണയുടനെ അവർ ഹാമാന്റെ മുഖം മൂടി.

തിരിച്ചുവന്നരാജാവുകാണുന്നത് ഹാമാൻ രാജ്ഞിയുടെ ഇരിപ്പിടത്തിലേക്കു വീണുകിടക്കുന്നതാണ്, രാജാവിന്റെയടുത്തുപോയി യാചിക്കാതെ. രാജാവിനു കോപം വർദ്ധിച്ചു. തങ്ങളുടെ ഭാര്യയെ സംരക്ഷിക്കുന്നതിൽ പേർഷ്യാരാജാക്കന്മാർ പൊതുവേ പേരുകേട്ടവരാണ്, എന്നാൽ എല്ലാ രാജവംശങ്ങളും ഇപ്രകാരമുള്ളവരല്ല. ചില കുടുംബങ്ങൾ രാജാവിനെ സംരക്ഷിക്കാൻ ആരെയും ബലികൊടുക്കും. നമ്മുടെ ഇവിടത്തെ രാജാവിനാകട്ടെ ഒരു ദുരനുഭവം വന്നുകഴിഞ്ഞതാണ്. കുടിച്ചുമത്തനായിരുന്ന സമയത്ത് രാജ്ഞിയായ വസ്ഥിയോടു എല്ലാവരുടെയും മുമ്പിൽ വരാൻ പറഞ്ഞതും അതിനോട് അനുബന്ധമായി നടന്നതുമെല്ലാം. ഇപ്പോഴും രാജാവ് വീഞ്ഞുലഹരിയിലാണ്, ലഹരിയിലുള്ള സുഹൃത്ത് തന്റെ രാജ്ഞിയുടെ കിടക്കമേലും.

രാജാവിന്റെ കല്പന തിരുത്തിയെഴുതാൻ പറ്റാത്തതാണെന്ന് മൂന്നുപേർക്കുമറിയാം. രാജാവിന്റെ പക്ഷത്തുനിന്നു നോക്കുമ്പോൾ, ദുഷ്ടനായ ഹാമാൻ തന്നെ ചതിച്ച് തന്റെ ഭാര്യ

യുടെ വധശിക്ഷ തന്റെ കയ്യൊപ്പിട്ടു വാങ്ങിച്ച ഒരുവൻ, കരുണയ്ക്കായി തന്റെ ഭാര്യയുടെ അടുത്തുതന്നെ ചെല്ലു ന്നു. എന്തിന്? അവന്റെ ദുഷ്ടപദ്ധതി കൾ നടപ്പിലാക്കാൻ. രാജാവ് കോപം കൊണ്ടു ജ്വലിച്ചു.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ആളുകളുടെക്കുറിച്ച് അവരുടെ പിന്നിൽ നിന്നും സംസാരിക്കാനുള്ള ഒരു പ്രവ ണത നിങ്ങൾക്കുണ്ടോ? എസ്ഥേറിൽ നിന്നും പഠിക്കുക, ധൈര്യത്തോടെ സംസാരിക്കുകയും കാര്യങ്ങൾക്കു വ്യക്തതവരുത്തുകയും ചെയ്യുന്ന ഒരു വ്യക്തിയാകാൻവേണ്ടി പ്രാർത്ഥിക്കു ക.

# ദിനം 19

രാജാവിന്റെ വായിൽനിന്നും വാക്കുകൾ പുറപ്പെടേണ്ടതാമസം ഹാമാന്റെ വധശിക്ഷ ഉറപ്പാക്കിക്കഴിഞ്ഞു, വധശിക്ഷയ്ക്കുവിധിച്ചവന്റെ മുഖം മൂടി. രാജാവിനെ ഭയപ്പെടുകതന്നെവേണം, അവന്റെ അപ്രീതിക്കു പാത്രമായിക്കഴിഞ്ഞാൽ, അവർ ആരുതന്നെയായാലും, വധശിക്ഷ നേരിടേണ്ടിവരും. വസ്ഥി രാജകോപത്തിന് ശരിയല്ലാത്തവിധത്തിൽ വിധേയയായി, ഹാമാൻ ശരിയായവിധത്തിലും. മറ്റുള്ളവരെ അടിച്ചുതാഴ്ത്തി സ്വന്തംനേട്ടം ഉറപ്പിക്കുന്നവർക്ക് ഉണ്ടാകാവുന്ന ഒരു പ്രശ്നമാണ് നാം ഇനി കാണുന്നത്. അവരുടെ പ്രവൃത്തികൾ അവരിലേക്കു തന്നെ തിരിച്ചുവരും.

വാക്യം 9-10

9അപ്പോൾ രാജാവിന്റെ ഷണ്ഡന്മാരിൽ ഒരുവനായ ഹർബ്ബോനാ: ''ഇതാ, രാജാവിന്റെ നന്മയ്ക്കായി സംസാരിച്ച മൊർദ്ദെഖായിക്ക് ഹാമാൻ ഉണ്ടാക്കിയ 50 മുഴം ഉയരമുള്ള കഴുമരം ഹാമാന്റെ വീട്ടിൽ നിൽക്കുന്നു'' എന്ന് രാജസന്നിധി

യിൽ ബോധിപ്പിച്ചു; "അതി
ന്മേൽത്തന്നെ അവനെ തൂക്കി
ക്കൊല്ലുവിൻ" എന്ന് രാജാവ്
കല്പിച്ചു. 10അവർ ഹാമാനെ
അവൻ മൊർദ്ദെഖായിക്കുവേണ്ടി
നാട്ടിയിരുന്ന കഴുമരത്തി
ന്മേൽത്തന്നെ തൂക്കിക്കൊന്നു.
അങ്ങനെ രാജാവിന്റെ ക്രോധം
ശമിച്ചു.

ഹാമാനുവേണ്ടി യാചിക്കാൻ ആരുമുണ്ടായിരുന്നില്ല, ഉയരങ്ങളിലേക്കുള്ള അവന്റെ വളർച്ചയിൽ ചുറ്റുമുള്ളവരെ താഴ്ത്തിയത്, കൂടെയുണ്ടായിരുന്നവരിൽ അമർഷം ഉണ്ടാക്കി. രാജസന്നിധിയിലെ ഉദ്യോഗസ്ഥൻ തന്നെ അതിനു പകരം വീട്ടി. താൻ സത്യസന്ധമല്ലാതെ ഉണ്ടാക്കിയ നേട്ടങ്ങൾക്കു എന്തുവില കൊടുക്കേണ്ടിവരുമെന്നു ചിന്തിക്കാൻ പോലും ഹാമാൻ കൂട്ടാക്കിയില്ല.

**എസ്ഥേർ 8:1–2**

1അന്ന് അഹശ്വേരോശ് രാജാവ്
യെഹൂദന്മാരുടെ ശത്രുവായ
ഹാമാന്റെ വീട് എസ്ഥേർരാ
ജ്ഞിക്കു കൊടുത്തു; മൊർദ്ദെഖാ

യിക്കു തന്നോടുള്ള ബന്ധം ഇന്ന
തെന്ന് എസ്ഥേർ അറിയിച്ചതു
കൊണ്ട് അവന് രാജസന്നിധിയിൽ
പ്രവേശനം ലഭിച്ചു. 2രാജാവ്
ഹാമാന്റെ പക്കൽനിന്നു തിരികെ
വാങ്ങിയ തന്റെ മുദ്രമോതിരം
മൊർദ്ദെഖായിക്കു കൊടുത്തു;
എസ്ഥേർ മൊർദ്ദെഖായിയെ
ഹാമാന്റെ വീടിന് മേൽവിചാരക
നാക്കി.

ഹാമാനും, ഹാമാന്റെ ഭാര്യയും മക്കളും, താൻ നേടിയെടുത്ത സകലതും, ഒറ്റരാത്രികൊണ്ട് ഇല്ലാതായി.

സങ്കീർത്തനം 37:25

ഞാൻ ബാലനായിരുന്നു, ഇപ്പോൾ വൃദ്ധനായിരിക്കുന്നു; എങ്കിലും നീതിമാൻ നിസ്സഹായനാകുന്നതോ അവന്റെ സന്തതി ആഹാരം ഇരക്കുന്നതോ ഞാൻ കണ്ടിട്ടില്ല.

(എന്റെ ഡാഡിയുടെ ഡയറിയുടെ ഒന്നാം പേജിൽ എഴുതിവച്ച ഒരു വചനമാണിത്, ഞാൻ രഹസ്യമായി കണ്ടുപിടിച്ചത്). നമുക്ക് പ്രത്യാശനല്കുന്ന ഒരു വചനമാണിത്. ഹാമാന്റെ കാര്യത്തിൽ

ഈ വചനം നിറവേറിയില്ല, അതിനുകാരണം നിങ്ങൾക്കറിയാം.

കാര്യങ്ങൾ എല്ലാം ശുഭമായിട്ടില്ല, രാജകല്പന ഇപ്പോഴും നിലവിലുണ്ട്, മേദ്യ-പേർഷ്യൻ സാമ്രാജ്യസമ്പ്രദായങ്ങൾ അനുസരിച്ച് രാജാവ് ഒപ്പുവച്ച കല്പന തിരുത്താൻ അതേ രാജാവിനോ അല്ലെങ്കിൽ പിന്തുടർന്നുവരുന്ന മറ്റുരാജാക്കന്മാർക്കോ കഴിയില്ല. ഇതു മനസ്സിലാക്കുന്ന എസ്ഥേർ ഇവിടെ ഉണർന്നു പ്രവർത്തിക്കുന്നു:

വാക്യം 3-4

3എസ്ഥേർ പിന്നെയും രാജാവിനോടു സംസാരിച്ചു; അവന്റെ കാൽക്കൽ വീണ്, ആഗാഗ്യനായ ഹാമാന്റെ ദുഷ്ടതയും അവൻ യെഹൂദന്മാർക്കെതിരായി ആസൂത്രണം ചെയ്ത തന്ത്രവും നിഷ്ഫലമാക്കണമെന്ന് കരഞ്ഞപേക്ഷിച്ചു.
4രാജാവ് പൊൻചെങ്കോൽ എസ്ഥേരിനുനേരേ നീട്ടി; എസ്ഥേർ രാജസന്നിധിയിൽ എഴുന്നേറ്റുനിന്നു.

രാജാവിന്റെ സന്നിധിയിലേക്ക് വിളിക്കാതെ തന്നെ എസ്ഥേർ വീണ്ടു

മെത്തുന്നു, രാജാവു തന്റെ സ്വർണ്ണചെ ങ്കോൽ നീട്ടി എസ്ഥേറിനെ സ്വീകരിക്കുന്നു.

വാക്യം 5–8

5അവൾ പറഞ്ഞത്: ‘‘രാജാവിനു
തിരുവുള്ളമുണ്ടെങ്കിൽ, തിരുമു
മ്പാകെ എനിക്കു കൃപലഭിച്ചുവെ
ങ്കിൽ, രാജാവിനു കാര്യം ന്യായ
മെന്നു തോന്നുകയും തൃക്കണ്ണിൽ
എനിക്കു പ്രീതി ലഭിക്കുകയും
ചെയ്യുന്നുവെങ്കിൽ രാജാവിന്റെ
സകല സംസ്ഥാനങ്ങളിലുമുള്ള
യെഹൂദന്മാരെ നശിപ്പിച്ചുകളയേ
ണ്ടതിന് ആഗാഗ്യനായ ഹമ്മെദാ
ഥയുടെ മകനായ ഹാമാൻ തന്ത്ര
പൂർവ്വം എഴുതിയ കത്തുകൾ
ദുർബ്ബലപ്പെടുത്തേണ്ടതിനു
കല്പന അയയ്ക്കേണമേ. 6എന്റെ
ജനത്തിനു വരുന്ന അനർത്ഥവും
എന്റെ വംശത്തിന്റെ നാശവും
ഞാൻ എങ്ങനെ കണ്ടു
സഹിക്കും?’’ 7അപ്പോൾ അഹശ്വേ
രോശ് രാജാവ് എസ്ഥേർരാജ്ഞി
യോടും യെഹൂദനായ മൊർദ്ദെഖാ
യിയോടും കല്പിച്ചത്: ‘‘ഞാൻ
ഹാമാന്റെ വീട് എസ്ഥേരിനു

കൊടുത്തുവല്ലോ; അവൻ യെഹൂദന്മാരുടെമേൽ കൈയേറ്റം ചെയ്യുവാൻ തുനിഞ്ഞതുകൊണ്ട് അവനെ കഴുമരത്തിന്മേൽ തൂക്കിക്കൊന്നു. 8നിങ്ങൾക്കു ഹിതകരമായത് നിങ്ങളും രാജാവിന്റെ നാമത്തിൽ യെഹൂദന്മാർക്കുവേണ്ടി എഴുതി രാജാവിന്റെ മോതിരം കൊണ്ടു മുദ്രവയ്ക്കുവിൻ; രാജനാമത്തിൽ എഴുതുകയും രാജമോതിരം കൊണ്ടു മുദ്രവയ്ക്കുകയും ചെയ്ത രേഖയെ ദുർബ്ബലപ്പെടുത്തുവാൻ ആർക്കും സാദ്ധ്യമല്ലല്ലോ.''

എസ്ഥേറിനും മൊർദ്ദെഖായ്ക്കും ഉചിതമെന്നു തോന്നുന്ന ഒരു പരിഹാരം കണ്ടെത്തിക്കൊള്ളുവാനുള്ള അനുമതി രാജാവ് അവർക്കു നല്കി. അങ്ങനെ ഉത്തരവാദിത്തം അവരുടെ തോളിലായി.

കിട്ടാനുള്ള പ്രതിഫലം കിട്ടിക്കഴിയുമ്പോൾ ഉത്തരവാദിത്തങ്ങൾ മറക്കാതിരിക്കുന്നതിന് വലിയ ഒരു ഉദാഹരണമാണിത്. ഹാമാന്റെ വലിയ എസ്റ്റേറ്റും, വസ്തുവകകളും സ്ഥാനവുമെല്ലാം

അവർക്കു കൈവന്നു കഴിഞ്ഞു. നമ്മുടെ കാര്യം എങ്ങനെയാണ്? യേശുവിനു സ്വന്തമായുള്ള എസ്റ്റേറ്റുമുഴുവൻ (സമ്പത്തുമുഴുവൻ) ദൈവം നമുക്ക് സ്വന്തമാക്കി തന്നുകഴിഞ്ഞു (എഫേസ്യർ 2:6). അതിനുശേഷമാണ് പോയി ദൈവവേലചെയ്യാൻ നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ദൈവം നമുക്കായി സ്വർഗ്ഗത്തിൽ ഒരുക്കിവച്ചിരിക്കുന്ന മഹത്വകരമായ കാര്യങ്ങളെ ഓർത്തു ദൈവത്തിനു നന്ദിപറയുക.

# ദിനം 20

മുന്നോട്ടുപോകാൻ രാജാവിന്റെ സമ്മതം കിട്ടിയതുകൊണ്ട് അവർ എന്തു ചെയ്തുവെന്ന് നമുക്കു നോക്കാം.

വാക്യം 9–14

9അങ്ങനെ സീവാൻ മാസമായ
മൂന്നാം മാസം ഇരുപത്തിമൂന്നാം
തീയതിതന്നെ രാജാവിന്റെ കാര്യ
ദർശികളെ വിളിപ്പിച്ചു; മൊർദ്ദെ
ഖായി കല്പിച്ചതുപോലെ അവർ
യെഹൂദന്മാർക്കും ഹിന്ദുദേശംമു
തൽ കൂശ്വരെയുള്ള 127 സംസ്ഥാ
നങ്ങളിലെ രാജപ്രതിനിധി
കൾക്കും ദേശാധിപതികൾക്കും
സംസ്ഥാനപ്രഭുക്കന്മാർക്കും
ഓരോ സംസ്ഥാനത്തിലേക്കും
അവിടത്തെ ലിപിയിലും ഓരോ
ജനതയ്ക്കും അതതിന്റെ ഭാഷ
യിലും യെഹൂദന്മാർക്ക് അവരുടെ
ലിപിയിലും ഭാഷയിലും എഴുതി.
10അവൻ അഹശ്വേരോശ് രാജാ
വിന്റെ നാമത്തിൽ എഴുതി രാജ
മോതിരം കൊണ്ടു മുദ്രവച്ചു; രാജാ
വിന്റെ അശ്വഗണത്തിൽ വളർന്ന്

രാജകാര്യങ്ങൾക്ക് ഉപയോഗി
ക്കുന്ന വേഗതയേറിയ കുതിരക
ളുടെ പുറത്ത് ഈ കത്തുകളുമായി
സന്ദേശവാഹകരെ അയച്ചു. 11ഈ
കല്പനയനുസരിച്ച് അതതു പട്ടണ
ത്തിലെ യെഹൂദന്മാർ ഒന്നിച്ചു
കൂടി തങ്ങളുടെ ജീവരക്ഷയ്ക്കു
വേണ്ടി പൊരുതി നിൽക്കുവാനും
തങ്ങളെ ഉപദ്രവിക്കുവാൻ വരുന്ന
ജനതയുടെയും സംസ്ഥാനത്തി
ന്റെയും സകല സൈന്യത്തെയും
കുഞ്ഞുങ്ങളെയും സ്ത്രീകളെയും
കൊന്നു നശിപ്പിച്ചു നിർമ്മൂലമാക്കു
വാനും അവരുടെ സമ്പത്തു
കൊള്ളയടിക്കുവാനും യെഹൂദ
ന്മാർക്ക് അധികാരം കൊടുത്തു.
12അഹശ്വേരോശ് രാജാവിന്റെ
സകല സംസ്ഥാനങ്ങളിലും
ആദാർമാസമായ പന്ത്രണ്ടാം
മാസം പതിമൂന്നാം തീയതിയാണ്
യെഹൂദന്മാർക്ക് ഇതു ചെയ്യുവാ
നുള്ള അനുവാദം ഉണ്ടായിരുന്നത്.
13ആ ദിവസം യെഹൂദന്മാർ തങ്ങ
ളുടെ ശത്രുക്കളോടു പ്രതിക്രിയ
ചെയ്യുവാൻ സന്നദ്ധരായിരിക്കണ
മെന്ന് സകല ജനതകളോടും വിളം
ബരം ചെയ്യേണ്ടതിനു കൊടുത്ത

കല്പനയുടെ പകർപ്പ് ഓരോ സംസ്ഥാനത്തിലും പ്രസിദ്ധപ്പെടുത്തി. 14അങ്ങനെ സന്ദേശവാഹകർ രാജാവിന്റെ കല്പനയാൽ നിർബ്ബന്ധിതരായി രാജകാര്യങ്ങൾക്ക് ഉപയോഗിക്കുന്ന കുതിരകളുടെ പുറത്തുകയറി വേഗത്തിൽ ഓടിച്ചുപോയി. ശൂശൻ രാജധാനിയിലും കല്പന പ്രസിദ്ധപ്പെടുത്തി.

ഹാമാൻ തയ്യാറാക്കിയ രാജകല്പന രാജ്യത്തിന്റെ വിവിധ പ്രവിശ്യകളിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും അക്രമകാരികളായ ശത്രുക്കളിൽനിന്നും യഹൂദർക്കു തങ്ങളെത്തന്നെ ചെറുത്തു സംരക്ഷിക്കാൻ അവകാശം നൽകുന്ന ഒരു കല്പന മൊർദ്ദെഖായ് രൂപപ്പെടുത്തിയെടുത്തു. ഹാമാൻ തയ്യാറാക്കിയ കല്പന സഞ്ചരിക്കുന്നതിലും വേഗത്തിൽ ഈ കല്പന രാജ്യത്തിന്റെ എല്ലാ കോണിലും എത്തിച്ചേരാൻ വേണ്ട ക്രമീകരണങ്ങളും ചെയ്തു. ഹാമാൻ ചീട്ടിട്ടു തീരുമാനിച്ച അതേ ദിവസംതന്നെയാണ് ഈ കല്പന നിറവേറ്റാൻ മൊർദ്ദെഖായും തീരുമാനിച്ചത്. എസ്ഥേർ പുസ്തകം ഒരു സമാപ്തിയിൽ വരു

ന്നതു നമുക്കിവിടെ കാണാനാകും, 15-17 വാക്യങ്ങളിൽ കാണുന്നതുപോലെ, യഹൂദസമൂഹത്തിൽ വലിയ ആനന്ദവും ആഘോഷവും നടക്കുന്നതും, മറ്റുവംശക്കാർ യഹൂദരോടു കൂടുന്നതും നമുക്കു കാണാം. കാവ്യനീതിയെന്നപോലെ, മൊർദ്ദെഖായ് രാജകീയ ഉടയാടയണിഞ്ഞ് മാനിതനുമായി.

വാക്യം 15-17

15എന്നാൽ മൊർദ്ദെഖായി
നീലയും ശുഭ്രവുമായ രാജവ
സ്ത്രവും വലിയ പൊൻകിരീടവും
ചണനൂൽകൊണ്ടുള്ള രക്താംബ
രവും ധരിച്ച് രാജസന്നിധി
യിൽനിന്നു പുറപ്പെട്ടു;
ശൂശൻപട്ടണം ആർത്തു സന്തോ
ഷിച്ചു. 16യെഹൂദന്മാർക്കു വെളി
ച്ചവും സന്തോഷവും ആനന്ദവും
ബഹുമാനവും ഉണ്ടായി. 17രാജാ
വിന്റെ കല്പനയും ഉത്തരവും
ചെന്നെത്തിയ സകല സംസ്ഥാന
ങ്ങളിലും പട്ടണങ്ങളിലും യെഹൂ
ദന്മാർക്ക് ആനന്ദവും സന്തോ
ഷവും വിരുന്നും ഉത്സവവും
ഉണ്ടായി; യെഹൂദന്മാരെക്കുറി
ച്ചുള്ള ഭയം ദേശത്തെ ജനതകളി

ന്മേൽ വീണിരുന്നതുകൊണ്ട് അവ
രിൽ പലരും യെഹൂദന്മാരായി
ത്തീർന്നു.

മറ്റുള്ള ദേശക്കാർ യഹൂദരായി
ത്തീർന്നു എന്നുപറയുന്നതിന്റെ
അർത്ഥം അവർ യഹൂദരുടെ
ദൈവത്തിൽ വിശ്വസിക്കാൻ തുടങ്ങി
എന്നാണ്. വംശീയമായി അവർക്ക്
യഹൂദജനതയിൽ ചേരാൻ സാദ്ധ്യമല്ല,
എന്നാൽ യഹോവയായ ദൈവത്തിൽ
വിശ്വസിച്ച് ദൈവജനതയുടെ ഭാഗമാ
കാൻ കഴിയും. സദൃശവാക്യം 29:2ൽ
എഴുതപ്പെട്ടത് ഇവിടെ സത്യമായി:
നീതിമാന്മാർ അധികാരത്തിലിരിക്കു
മ്പോൾ ജനം സന്തോഷിക്കുന്നു;
ദുഷ്ടൻ ആധിപത്യം നടത്തുമ്പോഴോ
ജനം നെടുവീർപ്പിടുന്നു.

എസ്ഥേർ പുസ്തകത്തിന്റെ
ഒമ്പതും പത്തും അദ്ധ്യായങ്ങൾ ഈ
കല്പന യഹൂദജനത എപ്രകാരം നിറ
വേറ്റി എന്നു വിശദീകരിക്കുന്നു.

**എസ്ഥേർ 9:1–14**

1ആദാർമാസമായ പന്ത്രണ്ടാം
മാസം പതിമൂന്നാം തീയതി, രാജാ

വിന്റെ കല്പനയും ഉത്തരവും നട
പ്പാക്കേണ്ട ആ ദിവസം അടുത്തു.
ശത്രുക്കൾ യെഹൂദന്മാരുടെമേൽ
അധികാരം നേടുവാൻ ആശിച്ചി
രുന്ന ദിവസമായ അന്ന് യെഹൂദ
ന്മാർക്ക് തങ്ങളുടെ ശത്രുക്ക
ളുടെമേൽ അധികാരം നേടുവാൻ
കഴിഞ്ഞു. 2അഹശ്വേരോശ് രാജാ
വിന്റെ സകല സംസ്ഥാനങ്ങളിലും
തങ്ങളുടെ പട്ടണങ്ങളിലും തങ്ങ
ളോടു ദോഷം ചെയ്യുവാൻ ആഗ്ര
ഹിച്ചവരെ ആക്രമിക്കുന്നതിന്
യെഹൂദന്മാർ ഒന്നിച്ചുകൂടി; അവരെ
ക്കുറിച്ചുള്ള ഭയം സകല ജനതക
ളുടെയും മേൽ വീണിരുന്നതു
കൊണ്ട് ആർക്കും അവരോടെ
തിർത്തു നിൽക്കുവാൻ കഴി
ഞ്ഞില്ല. 3സകല സംസ്ഥാനപ്രഭു
ക്കന്മാരും രാജപ്രതിനിധികളും
ദേശാധിപതികളും രാജാവിന്റെ
കാര്യക്കാരും, മൊർദ്ദെഖായിയെ
ക്കുറിച്ചുള്ള ഭയം അവരുടെമേൽ
വീണിരുന്നതുകൊണ്ട് യെഹൂദ
ന്മാർക്കു സഹായം ചെയ്തു.
4മോർദ്ദെഖായി രാജധാനിയിൽ
മഹാനായിരുന്നു; മൊർദ്ദെഖായി
എന്ന പുരുഷൻ മേല്ക്കുമേൽ

ബലവാനായിത്തീർന്നതുകൊണ്ട്
അവന്റെ കീർത്തി സകല സംസ്ഥാ
നങ്ങളിലും പരന്നു. 5യെഹൂദന്മാർ
തങ്ങളുടെ ശത്രുക്കളെയെല്ലാം
വാൾകൊണ്ടു വെട്ടി നശിപ്പിച്ചുക
ളഞ്ഞു; തങ്ങളെ വെറുത്തവരോട്
തങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ
ചെയ്തു. 6ശൂശൻ രാജധാനിയിൽ
യെഹൂദന്മാർ 500 പേരെ കൊന്നൊ
ടുക്കി. 7പർശൻദാഥാ, ദല്ഫോൻ,
അസ്പാഥാ, 8പോറാഥാ, അദല്യാ,
അരീദാഥാ, 9പർമ്മസ്ഥാ, അരീസാ
യി, അരീദായി, വയെസാഥാ
10എന്നിങ്ങനെ ഹമ്മെദാഥയുടെ
മകനും യെഹൂദന്മാരുടെ ശത്രുവു
മായ ഹാമാന്റെ 10 പുത്രന്മാരെയും
അവർ കൊന്നുകളഞ്ഞു. എന്നാൽ
അവർ കവർച്ചയ്ക്കു മുതിർന്നില്ല.
11ശൂശൻ രാജധാനിയിൽ അവർ
കൊന്നവരുടെ സംഖ്യ അന്നു
തന്നെ രാജസന്നിധിയിൽ കൊണ്ടു
വന്നു. 12അപ്പോൾ രാജാവ്
എസ്ഥേർരാജ്ഞിയോട്: “യെഹൂദ
ന്മാർ ശൂശൻ രാജധാനിയിൽ 500
പേരെയും ഹാമാന്റെ 10 പുത്രന്മാ
രെയും കൊന്നൊടുക്കി; രാജാ
വിന്റെ മറ്റുസംസ്ഥാനങ്ങളിൽ

**അവർ എന്തു ചെയ്തിരിക്കും?
ഇനിയും നിന്റെ അപേക്ഷ എന്ത്?
അതു നിനക്കു ലഭിക്കും; ഇനിയും
നിന്റെ ആഗ്രഹം എന്ത്? അതു
നിവർത്തിച്ചു തരാം'' എന്നു പറ
ഞ്ഞു. 13അതിന് എസ്ഥേർ: ''രാജാ
വിനു തിരുവുള്ളമുണ്ടായി ശൂശ
നിലെ യെഹൂദന്മാർ ഇന്നത്തെ
ഉത്തരവുപോലെ നാളെയും
ചെയ്യുവാൻ അനുവദിക്കുകയും
ഹാമാന്റെ 10 പുത്രന്മാരെയും കഴു
മരത്തിൽ തൂക്കുകയും ചെയ്യ
ണമേ'' എന്നു പറഞ്ഞു.
14അങ്ങനെ ചെയ്തുകൊള്ളുവാൻ
രാജാവ് കല്പിച്ചു; ശൂശനിൽ
കല്പന പ്രസിദ്ധപ്പെടുത്തി;
ഹാമാന്റെ 10 പുത്രന്മാരെയും
അവർ കഴുവിന്മേൽ തൂക്കി.**

ദൈവവും സാത്താനും തമ്മിലുള്ള ഒരു ചതുരംഗമത്സരം (ചെസ്സ്മത്സരം) നടക്കുന്നപോലെയാണിത്. രാജാവിനെ ഉപയോഗിച്ച് സാത്താൻ ഒരു ചെക്കുപറഞ്ഞു – നിന്റെ ആളുകളുടെ അന്ത്യം ഞാൻ തീരുമാനിച്ചു. എന്നാൽ രാജ്ഞിയെ ഉപയോഗിച്ച് ദൈവം നിസ്സാരമായി സാത്താന്റെ ചെക്കിന്

ചെക്ക്മേറ്റും പറഞ്ഞു. തക്കസമയത്തു നല്കുന്ന ദൈവമാണ് നമ്മുടെ ദൈവം, രാജാക്കന്മാരുടെ രാജാവും, സകല അധികാരികളുടെമേലും അധികാരമുള്ള വനും.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ദൈവം നിങ്ങളെ ഉയർത്തുമ്പോൾ അതൊരു സ്വർഗ്ഗീയാനുഭൂതിയാണ്. നിങ്ങളെ വളർത്താനും സഭയിൽ നിങ്ങളെ ഉയർത്താനുമായി പ്രാർത്ഥിക്കുക.

# ദിനം 21

നമ്മിൽ പലർക്കും ഉണ്ടാകാവുന്ന ഒരു ചോദ്യമായിരിക്കും ഇത്രയും രക്ത ച്ചൊരിച്ചിലിന്റെ ആവശ്യമുണ്ടായിരുന്നോ എന്ന്. എന്നാൽ ഇതിന്റെ എതിർവശം ഒന്നുചിന്തിച്ചുനോക്കൂ. ഹാമാന്റെ കല്പന നിറവേറ്റപ്പെട്ടാൽ എന്തു സംഭവിക്കുമായിരുന്നു? എത്ര പേർ ഉന്മൂലനം ചെയ്യപ്പെടുമായിരുന്നു? ഇസ്രായേൽ ഭവനം മുഴുവനും, പേർഷ്യാസാമ്രാജ്യത്തിൽ അവരുടെ അംഗസംഖ്യ ഏകദേശം പത്തുലക്ഷം ആയിരുന്നെന്നു പറയപ്പെടുന്നു. ഹാമാൻ നിർമ്മിച്ചെടുത്ത രാജകല്പനയ്ക്ക് ഇപ്പോഴും ജീവനുണ്ടുതാനും. ആകയാൽ സർവ്വനാശത്തിൽനിന്നും ഇസ്രായേൽ ഭവനത്തിനു സുരക്ഷിതത്വം ലഭിക്കാൻ ഒരുപക്ഷേ ഇതായിരിക്കും ഏകമാർഗ്ഗം (എന്റെ ചിന്തയാണിത്). ഇസ്രായേല്യർ കൊന്നൊടുക്കിയത് എത്തരക്കാരെയാണെന്നും നാം നോക്കേണ്ടതുണ്ട് - അവരെ ആക്രമിക്കാൻ വന്ന ആയുധധാരികളെയും (8:11), അവരെ കൊന്നൊടുക്കാൻ ദൃഢനിശ്ചയം ചെയ്തവരെയും (9:2).

15ശൂശനിലെ യെഹൂദന്മാർ ആദാർ
മാസം പതിനാലാം തീയതിയും
ഒന്നിച്ചുകൂടി ശൂശനിലെ 300 പേരെ
കൊന്നു; എങ്കിലും അവർ
കവർച്ചയ്ക്കു മുതിർന്നില്ല. 16രാജാ
വിന്റെ സംസ്ഥാനങ്ങളിലെ മറ്റുള്ള
യെഹൂദന്മാർ ഒന്നിച്ചുകൂടി; അവർ
തങ്ങളുടെ ജീവരക്ഷയ്ക്കായി
പൊരുതി ശത്രുക്കളുടെ
കൈയിൽനിന്നു മോചനം നേടി.
അവർ തങ്ങളുടെ വൈരികളിൽ
75000 പേരെ കൊന്നുകളഞ്ഞു;
എങ്കിലും അവർ കവർച്ചയ്ക്കുമു
തിർന്നില്ല. 17ആദാർമാസം പതി
മൂന്നാം തീയതിയാണ് ഇതു നട
ന്നത്; ആ മാസം പതിനാലാം
തീയതി അവർ വിശ്രമിച്ചു; അവർ
അതിനെ വിരുന്നിനും ഉല്ലാസത്തി
നുമുള്ള ദിവസമാക്കിത്തീർത്തു.
18ശൂശനിലെ യെഹൂദന്മാർ ആ
മാസം പതിമൂന്നാം തീയതിയും
പതിനാലാം തീയതിയും ഒന്നിച്ചു
കൂടി; പതിനഞ്ചാം തീയതി അവർ
വിശ്രമിച്ച് അതിനെ വിരുന്നിനും
ഉല്ലാസത്തിനുമുള്ള ദിവസമാക്കി
ത്തീർത്തു. 19അതുകൊണ്ടു തുറ

സ്സായ പട്ടണങ്ങളിൽ പാർക്കുന്ന ഗ്രാമീണരായ യെഹൂദന്മാർ ആദാർമാസം പതിനാലാം തീയതി ഉല്ലാസത്തിനും വിരുന്നിനും വിശ്രമത്തിനുമുള്ള ദിവസമായി ആചരിക്കുകയും പരസ്പരം സമ്മാനങ്ങൾ കൊടുത്തയക്കുകയും ചെയ്യുന്നു.

കാലചക്രം തിരിഞ്ഞുകറങ്ങുന്നതും, അടിമയാക്കിവച്ചുകൊണ്ടിരുന്ന ഒരു വിദൂരദേശത്ത് ശക്തനായ ഭരണാധികാരിയായി മൊർദ്ദെഖായ് ഉയർത്തപ്പെടുന്നതും, ഇസ്രായേൽ മക്കൾ തങ്ങളുടെ ശത്രുക്കളുടെമേൽ ആധിപത്യം നേടുന്നതും നമുക്കിവിടെ കാണാം. അവരുടെ പദ്ധതികൾ നടപ്പിൽ വരുത്താനായി ഒരു ദിവസംകൂടി കൂട്ടിനല്കാൻ രാജാവിനോട് എസ്ഥേർ ആവശ്യപ്പെട്ടു, രാജാവ് അതിന് അനുമതിയും നല്കി. തങ്ങളുടെ ശത്രുക്കളിൽ നിന്നും എഴുപതുവർഷത്തോടടുത്തു നീണ്ടുനിന്ന ഇസ്രായേൽ മക്കളുടെ അടിച്ചമർത്തപ്പെടലിന് അങ്ങനെ ശുഭാന്ത്യം വന്നു. തന്നോടു വിശ്വസ്തരായിരുന്ന കുറച്ചുപേരിലൂടെ ദൈവം പ്രവർത്തിച്ചു, എല്ലാവർക്കും സ്വാതന്ത്ര്യത്തിനും സുര

ക്ഷിതത്വത്തിനും അവരുടെ വിശ്വസ്തത കാരണമാക്കി.

ഇന്ത്യമുതൽ എത്യോപ്യവരെ നീണ്ടുകിടക്കുന്ന മേദ്യ-പേർഷ്യൻ സാമ്രാജ്യത്തിൽനിന്നും ഒരൊറ്റദിവസം കൊണ്ട് തുടച്ചുനീക്കപ്പെടുവാൻ വിധിക്കപ്പെട്ട യഹൂദജനത അവരുടെ ശത്രുക്കളുടെ നേർക്കുതിരിഞ്ഞു, അഞ്ഞൂറോളം പേർ അന്നുവധിക്കപ്പെട്ടു. എന്നാൽ അതുമതിയാകാതെ, ഒരു ദിവസം കൂടി ഉത്തരവു നീട്ടിത്തരണമെന്ന് എസ്ഥേർ അപേക്ഷിച്ചതുപ്രകാരം രാജാവ് അനുമതി നല്കിയപ്പോൾ, യഹൂദരുടെ ശത്രുക്കളായ 75000 പേരെ അവർ ഭൂമുഖത്തുനിന്നും തുടച്ചുനീക്കി.

രക്തച്ചൊരിച്ചിലിനെക്കുറിച്ചുള്ള വിവരണങ്ങൾ കേൾക്കുന്നത് എപ്പോഴും മാനസികബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യമാണ്, നമ്മെ സംബന്ധിച്ച്, എന്നാൽ യഹൂദരെ സംബന്ധിച്ച് ഇതല്ലെങ്കിൽ അത് എന്ന ഒരു അവസ്ഥയേ നിലവിലുള്ളൂ, ഇടയിലുള്ള ഒരു സ്ഥലം അവർക്കില്ല. ഒന്നുകിൽ അവരുടെ ശത്രുക്കളെ കൊല്ലുക, അല്ലെങ്കിൽ അവർ കുടുംബങ്ങളോടൊപ്പം കൊല്ലപ്പെടുക.

ചരിത്രഭാരം താങ്ങുന്ന ഒരു പുസ്തകം കൂടിയാണ് എസ്ഥേർ പുസ്തകം. നമുക്ക് ചരിത്രത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കാം. എസ്ഥേർ 3:1ൽ ഹാമാനെ ഇപ്രകാരം പരിചയപ്പെടുത്തുന്നു: 1അനന്തരം അഹശ്വേരോശ് രാജാവ് ആഗാഗ്യനായ ഹമ്മെദാഥയുടെ മകനായ ഹാമാന് ഉന്നതപദവി കൊടുത്ത് അവനെ തന്നോടുകൂടെയുള്ള മറ്റു പ്രഭുക്കന്മാരെക്കാൾ ഉയർന്ന സ്ഥാനം നല്കി ആദരിച്ചു.

ഹാമാനെക്കുറിച്ചു പറയുമ്പോൾ എസ്ഥേർ പലപ്രാവശ്യം ഹാമാന്റെ കുടുംബപ്പേര് ഉപയോഗിക്കുന്നുണ്ട്, ആഗാഗ്യനായ ഹാമാൻ എന്ന്. പലനൂറ്റാണ്ടുകളിലേക്കു പിറകോട്ടുപോകേണ്ടിവരും നമുക്ക് ഈ പേരിന്റെ പ്രാധാന്യം മനസ്സിലാക്കാൻ. ആഗാഗ് എന്ന പേര് നാം ആദ്യം കാണുന്നത് സംഖ്യാപുസ്തകത്തിലാണ്, ബിലെയാം ഇസ്രായേൽ ദേശത്തെ അനുഗ്രഹിച്ചു സംസാരിക്കുമ്പോൾ. സംഖ്യ 24:7 ...അവന്റെ രാജാവ് അഗാഗിലും ശ്രേഷ്ഠൻ ആകുന്നു;

അമാലേക്യരുടെ പ്രതാപിയായ

രാജാവായിരുന്നു ആഗാഗ്. സംഖ്യ 13:29ൽ അമാലേക്യർ മരുഭൂമിയിൽ വസിക്കുന്ന ഒരു കൂട്ടരാണെന്നും നമുക്കു കാണാം. അവർക്കു സ്വന്തമായി കൃഷിയോ ഉല്പന്നനിർമ്മിതിയോ ഇല്ല മറ്റുള്ളവരെ കൊന്ന് അവരുടെ വസ്തുവകകൾ കൊള്ളയടക്കലാണ് അവരുടെ വരുമാനമാർഗ്ഗം.

മൊവാബ് രാജാവായ ബാലാക് പുറപ്പാടിന്റെ വഴിയിലായിരുന്ന ഇസ്രായേൽ ജനതയെ ശപിക്കുവാനായി ബിലെയാമിനെ ഏർപ്പെടുത്തിയപ്പോൾ അദ്ദേഹം അമാലേക്യർക്കെതിരെ ഒരു പ്രവചനം നടത്തുന്നുണ്ട്. സംഖ്യ 24:20 അവൻ അമാലേക്കിനെ നോക്കി അരുളപ്പാട് അറിയിച്ചത്: ''അമാലേക്ക് ജനതകളിൽ മുമ്പനാകുന്നു; അവന്റെ അവസാനമോ നാശം അത്രേ.''

ഈ അദ്ധ്യായത്തിന്റെ അവസാനം ബാലാക്ക് തന്റെ വഴിയിൽ പോയി എന്ന് നാം കാണുന്നു, എങ്കിലും, ബിലെയാം പിന്നീട് ബാലാക്കിനെ ഉപദേശിച്ചത് എന്താണെന്ന് നമുക്കറിയാം. ഇസ്രായേൽ പുരുഷന്മാരെ അവരുടെ സ്ത്രീകളെ ഉപയോഗിച്ചു വശീകരിച്ച്

വരുതിയിൽ കൊണ്ടുവരിക എന്നതായിരുന്നു ആ ഉപദേശം. ഇസ്രായേൽ പുരുഷന്മാർ അങ്ങനെ യഹോവയിൽനിന്നും തിരിഞ്ഞ് മൊവാബ്യരുടെ വിഗ്രഹങ്ങളെ ആരാധിക്കാൻ തുടങ്ങി. എന്നാൽ മുഴുവൻ ചിത്രവും ആയില്ല. ഇസ്രയേൽമക്കളോട് അമാലേക്യർ ചെയ്തത് എന്തെന്ന് വേറൊരിടത്ത് രേഖപ്പെടുത്തിവച്ചിട്ടുണ്ട്.

ആവർത്തനം 25:17–19

17“നിങ്ങൾ മിസ്രയീമിൽനിന്നു
പുറപ്പെട്ടുവരുമ്പോൾ വഴിയിൽവച്ച്
അമാലേക് നിന്നോടു ചെയ്തത്
ഓർത്തുകൊള്ളണം. 18അവൻ
ദൈവത്തെ ഭയപ്പെടാതെ വഴി
യിൽ നിനക്കെതിരേ വന്ന്, നീ
ക്ഷീണിച്ചും തളർന്നും ഇരിക്കു
മ്പോൾ നിന്റെ പിമ്പിൽ, പിന്നണി
യിലുണ്ടായിരുന്ന ബലഹീനരെ
യൊക്കെയും സംഹരിച്ചു. 19ആക
യാൽ നിന്റെ ചുറ്റുമുള്ള സകല
ശത്രുക്കളെയും നിന്റെ ദൈവമായ
യഹോവ നീക്കിക്കളഞ്ഞ് നിന്റെ
ദൈവമായ യഹോവ നിനക്ക് അവ
കാശമായി നല്കുന്ന ദേശത്ത്
നിനക്കു സ്വസ്ഥത തരുമ്പോൾ നീ

അമാലേക്കിന്റെ ഓർമ്മയെ ആകാശത്തിൻ കീഴിൽനിന്നു മായിച്ചുകളയണം; ഇതു മറന്നുപോകരുത്.''

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ദൈവത്തിന്റെയും ദൈവമക്കളുടെയും ശത്രുവായ സാത്താനെ നിങ്ങൾ എപ്രകാരമാണു പരിഗണിക്കുന്നത്? ലഘുവായ മനോഭാവത്തോടെയാണോ അവനെ കാണുന്നത്? ഇക്കാര്യത്തെക്കുറിച്ചു പ്രാർത്ഥിക്കുക, സാത്താനെക്കുറിച്ചു കൂടുതൽ പഠിക്കുക.

**പ്രായോഗികമായി:**

ഇന്നത്തെ കൂട്ടായ്മയിൽ, മൂന്നോനാലോ പേരുള്ള ഒരു ഗ്രൂപ്പിൽ ഇരുന്ന് സഭയുടെ ഐക്യത്തെ തകർക്കാനായി 'മാംസ-രക്ത'ത്തിലല്ലാത്ത നമ്മുടെ ശത്രുവിന്റെ ഗൂഢതന്ത്രങ്ങളെക്കുറിച്ചു ചർച്ചചെയ്യുക (എഫേസ്യർ 6:12). പ്രാർത്ഥിക്കുക.

# ദിനം 22

മോശയിലൂടെ ദൈവം ഇസ്രായേൽ ജനതയ്ക്കു നല്കിയ കല്പന യെക്കുറിച്ച് ഇന്നലെ നമ്മൾ വായിച്ചു. അമാലേക്യരുടെ പേരുതന്നെ ഭൂമുഖത്തു നിന്നും തുടച്ചു നീക്കണമെന്നും, ഇക്കാര്യം മറന്നുപോകരുത് എന്നും ദൈവം അവരോടു കല്പിച്ചു. (എന്നാൽ അവർ അതു മറക്കുകതന്നെ ചെയ്തു, അതു നമുക്കു പിന്നീടു നോക്കാം). എന്തുകൊണ്ടാണ് ദൈവം ഇപ്രകാരം കല്പിച്ചത്? ഈജിപ്തു ദേശത്തുനിന്നു പുറപ്പെട്ട്, മരുഭൂമിയിലൂടെ ക്ഷീണിതരും തളർന്നവരുമായി യാത്രചെയ്യുമ്പോൾ, അമാലേക്യർ പിറകിൽനിന്നും ആക്രമിച്ചു, പിറകിൽ നടന്നിരുന്ന സ്ത്രീകളെയും കുട്ടികളെയും പ്രായാധിക്യമേറിയവരെയും – മുഴുവൻ കൊന്നുകളയുകയും ചെയ്തു. ഇക്കാരണത്താലാണ് ദൈവം അവരോടു കോപിച്ചത്. ഒരു തവണ സംഭവിച്ച ഒരു കാര്യമല്ല ഇത്. പുറപ്പാട് 17:8ൽ അമാലേക്യർ ഇസ്രായേൽമക്കളെ ആക്രമിക്കുന്നതു നമുക്കു കാണാം. ഫറവോന്റെ സൈന്യത്തിനു മുന്നിൽ നിന്നും രക്ഷപെട്ടതിനുശേഷം ആദ്യത്തെ ആക്രമണം (ഞാൻ മനസ്സി

ലാക്കുന്നതനുസരിച്ച്). യോശുവയോട് അവർക്കെതിരെ യുദ്ധംചെയ്യാൻ മോശ ആവശ്യപ്പെട്ടു, ആ സമയത്ത് മോശ തന്റെകൈ ദൈവസന്നിധിയിലേക്കു യർത്തി പ്രാർത്ഥിച്ചുകൊണ്ടു നിന്നു. ദൈവം യോശുവയ്ക്കു വിജയം നല്കി. (അവിടെവച്ച് മോശദൈവത്തെ വിളിച്ച പേര് ആർക്കെങ്കിലും ഓർമ്മയുണ്ടോ? യഹോവ നിസ്സി). ദൈവം തുടർന്നു കല്പിച്ചതു നോക്കുക:

പുറപ്പാട് 17:14-16

14അപ്പോൾ യഹോവ മോശയോട് അരുളിച്ചെയ്തു: "ഞാൻ അമാലേക്യരുടെ ഓർമ്മ ആകാശത്തിൻ കീഴിൽനിന്നു നിശ്ശേഷം മായിച്ചുകളയും. അതുകൊണ്ടു നീ അവിസ്മരണീയമായ ഒരു കാര്യം എന്ന നിലയ്ക്ക് ഇത് ഒരു ചുരുളിൽ എഴുതിവയ്ക്കണം; യോശുവ അതു നിശ്ചയമായും കേൾക്കുകയും വേണം." 15മോശ ഒരു യാഗപീഠം പണിത് അതിനു യഹോവ നിസ്സി (യഹോവ എന്റെ കൊടി) എന്നു പേരിട്ടു. 16യഹോവയുടെ സിംഹാസനത്തിലേക്കു കൈകൾ ഉയർത്തപ്പെടുമെന്നും, യഹോവ

**അമാലേക്യരോടു തലമുറ തലമുറ യായി യുദ്ധം ചെയ്യും എന്നും അദ്ദേഹം പറഞ്ഞു.**

ദൈവം ഇക്കാര്യം എപ്രകാരം നോക്കിക്കാണുന്നു എന്നു നോക്കുക. ഇസ്രായേൽ ജനതയെ തന്റെ കുട്ടിക ളായിട്ടാണ് ദൈവം കണ്ടത്, ആവശ്യ ത്തിനു വെള്ളവും വിശ്രമവും ഇല്ലാതെ, ക്ഷീണിതരും അവശരുമായി മരുഭൂമിയി ലൂടെ അലയുന്നവർ. ഒരു യുദ്ധംചെയ്യാ നുള്ള പരിശീലനമൊന്നും അവർക്കു ലഭിച്ചിട്ടാല്ലായിരുന്നു (ഫറവോന്റെ സൈന്യത്തോട് അവർക്കു യുദ്ധംചെ യ്യേണ്ടിവന്നില്ല). അത്തരം ഒരു സമൂഹ ത്തെയാണ് അമാലേക്യർ പിന്നിൽ നിന്നും വക്രബുദ്ധിയോടെ ആക്രമിച്ചു വകവരുത്തിയത്. ഇക്കാര്യം താൻ ഓർത്തിരിക്കുന്നുവെന്ന് ദൈവം ഇസ്രാ യേലിന് ഉറപ്പുനല്കി, ഈ വിജയത്തെ ക്കുറിച്ച് എഴുതിവയ്ക്കാനും, യോശു വയെ അക്കാര്യം അറിയിക്കാനും ദൈവം കല്പിച്ചു. കാരണം യോശുവ യുടെ കരബലമല്ലായിരുന്നു അവിടെ പ്രവർത്തിച്ചത്. ദൈവം അവരെ (അമാ ലേക്യരെ) ഭൂമുഖത്തുനിന്നും തുടച്ചുനീ ക്കുമെന്ന് മോശയോടു വാഗ്ദാനം

ചെയ്യുകയും ചെയ്തു. കാരണം ദൈവ ത്തിനുനേരെ കൈകൾ ഉയർത്തപ്പെട്ടു, ദൈവം സഹായിക്കുകയും ചെയ്യും. ഞാൻ അവർക്കെതിരെ തലമുറ തലമു റയോളം യുദ്ധം ചെയ്യുമെന്ന് ദൈവം അരുൾചെയ്തു. ദൈവം തന്റെ വാക്കു പാലിച്ചുവരുന്നു - തലമുറ തലമുറക ളായി. (നാം ദൈവത്തിലേക്കു നമ്മുടെ കരങ്ങളും ഹൃദയവും ഉയർത്തുമ്പോൾ, ദൈവം വിശ്വസ്തതയോടെ നമ്മുടെ പ്രാർത്ഥന കേൾക്കുന്നു).

കഥ ഇവിടെ തീരുന്നില്ല, പുറപ്പാടു യാത്രയ്ക്കിടെ ഹോർമ്മായിൽവച്ച് കാനാന്യദേശക്കാരോടു കൂട്ടുചേർന്ന് അമാലേക്യർ ഇസ്രായേലിനെ ആക്രമി ച്ചു, സംഖ്യ 14ൽ. പിന്നീട് മോവാബ് ദേശ ക്കാരോടുചേർന്ന് അവർ ഇസ്രായേ ലിനെ ആക്രമിച്ചു, ന്യായാധിപരുടെ കാലഘട്ടത്തിൽ (ന്യായാധിപർ 3). പിന്നീട് മിദ്യാന്യരോടുകൂടിച്ചേർന്ന അവർ മിദ്യാന്യരെ ശക്തമാക്കി. (എ സ്ഥേറിന്റെ കഥ നടക്കുന്നസമയത്ത് മിദ്യാന്യർ പേർഷ്യക്കാരോടുകൂടി ച്ചേർന്ന് ലോകശക്തിയായിമാറി). ഈ സാമ്രാജ്യത്തിന്റെ തലപ്പത്തെ രണ്ടാമ ത്തെവ്യക്തിയായി ഹാമാൻ വളരുകയും

ചെയ്തു. ഇസ്രായേല്യരുടെ സമ്പത്തു ലക്ഷ്യമാക്കി, ശക്തരും തന്ത്രശാലികളുമായ അമാലേക്യർ അവരെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു. എന്നാൽ ദൈവത്തിന്റെമുന്നിൽ അവരുടെ കുതന്ത്രങ്ങൾ ഒന്നും വിജയിക്കാൻ പോകുന്നില്ല.

ദൈവം അവരെ വെറുക്കാനുള്ള മറ്റൊരു കാരണം അവർക്കു ദൈവഭയമില്ലായിരുന്നു എന്ന കാരണമാണ് (ആവർത്തനം 25:18). അമാലേക്യരെ അറിയപ്പെട്ടിരുന്നത് ''കൊള്ളക്കാർ'' എന്ന വിളിപ്പേരിലായിരുന്നു, ''നക്കിത്തുടയ്ക്കുന്നവർ'' എന്നും അവരെ വിളിച്ചിരുന്നു, പിന്നീട് ആ പേര് ''രക്തം നക്കുന്നവർ'' എന്നായി മാറി. ഏശാവിന്റെ ചെറുമകനുമായി അവർക്കു ബന്ധമുണ്ടെന്നു കാണാം (ഉല്പത്തി 36:12). അവർക്കു ദൈവഭയമില്ല എന്നു ദൈവം പറഞ്ഞതും അവരെ വെറുത്തതും എന്തുകൊണ്ടാണ്? വളരെ ക്രൂരവും കൗശലപരവുമായ ആക്രമണം നടത്തുന്നതിൽ പേരുകേട്ട മരുഭൂനിവാസികളായി അവർ മാറി. മരുഭൂമിയിൽ വസിച്ച അവരുടെ വരുമാനമാർഗ്ഗം മറ്റുള്ളരെ കൊള്ളയടിക്കലായിരുന്നു. അവരുടെ

മതപരമായ ആചാരങ്ങൾ ദൈവത്തിന് അവരോടു വെറുപ്പുതോന്നാൻ ഇടയാക്കിയ മറ്റൊരു കാര്യമാണ്. സഹോദരങ്ങൾ തമ്മിലുള്ള ലൈംഗീകബന്ധവും, മൃഗങ്ങളുമായുള്ള ലൈംഗീകവേഴ്ചയും, വ്യഭിചാരവും, ശിശുക്കളെ ബലിനല്കുന്നതും, ബലാൽസംഗവും, പരസ്യമായുള്ള ക്ഷേത്രലൈംഗീകതയും, വ്യഭിചാരികളുമായുള്ള ലൈംഗീകതയും, കൂട്ടമായുള്ള ലൈംഗീകവേഴ്ചകളും, പ്രകൃതിവിരുദ്ധമായുള്ള ലൈംഗീകപ്രവൃത്തികളുമെല്ലാം അവരുടെ മതാചാരങ്ങളുടെ ഭാഗമായിരുന്നു. തങ്ങളുടെ ചുറ്റുമുള്ള ദേശക്കാരെ, തങ്ങളുടെ മതാചാരങ്ങളിലേക്ക് ആകർഷിച്ചു വലിച്ചിഴച്ച് അവയുടെ ഭാഗമാക്കുമായിരുന്നു, ബിലെയാമിന്റെ ഉപദേശം ഓർക്കുമല്ലോ? ബാലും അശേരയും മറ്റു നിരവധി പ്രതിഷ്ഠകളും അവരുടെ ദൈവങ്ങളായിരുന്നു. അവർ ദൈവത്തിനായി അർപ്പിച്ച ശിശുക്കളുടെ ശരീരാവയവങ്ങൾ അടങ്ങിയ അനേക പേടകങ്ങൾ അവരുടെ ആരാധനാസ്ഥലങ്ങളിൽ നടത്തിയ പുരാവസ്തുഗവേഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവർക്കു ദൈവഭയമില്ലായിരുന്നു എന്നുമാത്രമല്ല, സുഖപ്പെടുത്താൻ കഴിയാത്തവിധം ക്രൂരരും

വൈകൃതങ്ങൾ നിറഞ്ഞവരുമായിരുന്നു അവർ. ഇക്കാരണങ്ങളാലൊക്കെയാണ് ദൈവം അവരെ വെറുത്തത്.

ഇനിയാണ് തിരിച്ചുകിട്ടലിന്റെ സമയം, 1 ശമുവേൽ 15ൽ ഇസ്രായേലിന് അവരുടെ ആദ്യത്തെ രാജാവ് അഭിഷിക്തനായി, അവർക്ക് ഒരു സൈന്യവും സ്വന്തമായുണ്ടായി, ഒരു രാഷ്ട്രമെന്ന നിലയിൽ അവർ സ്ഥാപിതരായി. ഇസ്രായേലിന്റെ ആദ്യരാജാവായ ശൗലിന് ദൈവം ഈ കല്പന നല്കി:

1 ശമുവേൽ 15:2-3

2സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: "യിസ്രായേൽ മിസ്രയീമിൽനിന്നു പുറപ്പെട്ടുവരുമ്പോൾ വഴിയിൽവച്ച് അമാലേക് അവരെ ആക്രമിച്ച് അവരോടു ചെയ്തത് ഞാൻ ഓർത്തിരിക്കുന്നു. 3ആകയാൽ നീ ചെന്ന് അമാലേക്യരെ തോല്പിച്ച് അവർക്കുള്ളതൊക്കെയും നിർമ്മൂലമാക്കിക്കളയുക; അവരോടു കനിവു തോന്നരുത്; പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും മുലകുടിക്കുന്നവരെയും

കാള, ആട്, ഒട്ടകം, കഴുത എന്നിവ യെയും സംഹരിച്ചുകളയുക".

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നമ്മുടെ ദൈവം ചരിത്രത്തിന്റെയും ദൈവമാണെന്ന് ഓർക്കുക, യാതൊന്നും ദൈവകരങ്ങളിൽ നിന്നും രക്ഷപെടുന്നില്ല. ദൈവപദ്ധതികളിൽ വിശ്വാസമർപ്പിച്ചു ജീവിക്കാൻ കൃപലഭിക്കാനായി പ്രാർത്ഥിക്കുക.

# ദിനം 23

എന്നാൽ ഈ കല്പന നിറവേറ്റു ന്നതിൽ ശൗൽരാജാവ് രാജകീയമായി പരാജയപ്പെട്ടു, വാക്യം 20–21:

20ശൗൽ ശമൂവേലിനോട്: ‘‘ഞാൻ യഹോവയുടെ കല്പന അനുസ രിച്ച് യഹോവ എന്നെ അയച്ച വഴി ക്കുപോയി അമാലേക്യരാജാവായ ആഗാഗിനെ കൊണ്ടുവന്നു; അമാ ലേക്യരെ നിർമ്മൂലമാക്കിക്കള ഞ്ഞു. 21 എന്നാൽ ജനം ശപ ഥാർപ്പിതവസ്തുക്കളിൽ വിശേഷ മായ ആടുമാടുകളെ കൊള്ളമുത ലിൽനിന്ന് എടുത്ത് ഗില്ഗാലിൽ നിന്റെ ദൈവമായ യഹോവയ്ക്ക് യാഗം അർപ്പിക്കുവാൻ കൊണ്ടുവ ന്നിരിക്കുന്നു’’ എന്നു പറഞ്ഞു.

ഞാൻ ദൈവത്തെ അനുസരിച്ചു, അവൻ ഏല്പിച്ച ദൗത്യം പൂർത്തിയാ ക്കി, അമാലേക്യരെ നശിപ്പിച്ചു അവ രുടെ രാജാവായ ആഗാഗിനെ കൊണ്ടു വന്നു, എന്നാൽ കുറച്ചു നല്ല കന്നുകാ ലികളെ പടയാളികൾ എടുത്തുകൊണ്ടു വന്നു. ശൗലിന്റെ പക്കൽ സുന്ദരമായ ഒരു വിശദീകരണം ഉണ്ടായിരുന്നു,

'നിന്റെ' ദൈവത്തിന് യാഗമർപ്പിക്കൻ എന്നാണ് ശൗൽ പറഞ്ഞത്. ശൗൽ നുണപറഞ്ഞതാണെന്ന് ചരിത്രം തെളിയിച്ചു, ആഗാഗിനെ ശമുവേൽ വധിച്ചുവെങ്കിലും ആഗാഗിന്റെ പിന്തുടർച്ചക്കാർ രക്ഷപെട്ടു. ദൈവം കല്പിച്ചപ്രകാരം ശൗൽ പ്രവർത്തിച്ചില്ല.

ഇക്കാരണത്താൽ ശൗലിനെ രാജസ്ഥാനത്തുനിന്നും നീക്കം ചെയ്യുമെന്ന് ദൈവം പറഞ്ഞു, 1 ശമുവേൽ 15:22–23:

22ശമുവേൽ പറഞ്ഞത്: "യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്കു പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതാകുന്നു. 23നിഷേധം മന്ത്രവാദംപോലെ പാപം ആകുന്നു, നിർബ്ബന്ധബുദ്ധി മിഥ്യാപൂജയും വിഗ്രഹാരാധനപോലെയും ആകുന്നു; നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ട് അവൻ നിന്നെയും രാജസ്ഥാനത്തുനിന്നു തള്ളിക്കളഞ്ഞിരിക്കുന്നു".

ശൗൽ നശിപ്പിച്ചെന്നു പറഞ്ഞ അമാലേക്യർ പിന്നീട് ദാവീദിനെതിരെ വരുന്നത് നാം കാണുന്നു (ശൗലിന്റെ നുണയ്ക്ക് വേറൊരു തെളിവ്), 1 ശമുവേൽ 30:1–2:

1ദാവീദും അവന്റെ ആളുകളും മൂന്നാം ദിവസം സിക്‌ലാഗിൽ എത്തിയപ്പോൾ അമാലേക്യർ തെക്കേദേശവും സിക്‌ലാഗും ആക്രമിച്ച് സിക്‌ലാഗിനെ ജയിച്ച് അതിനെ തീ വച്ചു നശിപ്പിച്ചുകളഞ്ഞിരുന്നു. 2അവിടെ ഉണ്ടായിരുന്ന വലിയവരും ചെറിയവരുമായ സ്ത്രീകളെ തടവുകാരായി പിടിച്ചുകൊണ്ട് തങ്ങളുടെ വഴിക്കുപോയി; ആരെയും കൊന്നില്ല.

തങ്ങളുടെ ദുഷ്കീർത്തി പ്രകാരം തന്നെയാണ് അമാലേക്യർ പ്രവർത്തിച്ചുകൊണ്ടിരുന്നത്, സകലതും നശിപ്പിച്ച്, നല്ലതെല്ലാം കൊള്ളയടിച്ചുകൊണ്ടുപോകുന്നവർ. ആദ്യത്തെ തന്റെ ഞെട്ടലും നിരാശയും മാറ്റിവച്ച ദാവീദ്, അവരുടെ പിന്നാലെ ചെന്നു. അവരെ പരാജയപ്പെടുത്തിയ ദാവീദ് അവർ എടുത്തുകൊണ്ടുപോയതെല്ലാം തിരിച്ചെടുത്തു, തങ്ങളുടെ ഭാര്യമാരെ ഉൾപ്പെടെ. പിന്നീട്

ഹിസ്കിയാരാജാവിന്റെ കാലത്തും അവരെ പരാജയപ്പെടുത്തിയതായി നാം വായിക്കുന്നു. എന്നിരുന്നാലും അവരുടെ നാശം പൂർണ്ണമല്ലായിരുന്നു, അവർ വളർന്നു പന്തലിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ഇവിടെ നമുക്ക് ആഗാഗ്യനായ ഹാമാനെ കാണാം.

എന്നാൽ എസ്ഥേർ പുസ്തകത്തിൽ, ഇസ്രായേൽമക്കൾ ദൈവകല്പന പൂർത്തീകരിച്ചു. ഉല്പത്തി 12:2–3 വാക്യങ്ങൾ വായിച്ച് നമുക്കീഭാഗം പൂർത്തിയാക്കാം:

2"ഞാൻ നിന്നെ ഒരു വലിയ ജനതയാക്കും; ഞാൻ നിന്നെ അനുഗ്രഹിച്ച് നിന്റെ നാമം ശ്രേഷ്ഠമാക്കും; നീ ഒരു അനുഗ്രഹമായിരിക്കും.
3നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും, നിന്നെ ശപിക്കുന്നവനെ ഞാൻ ശപിക്കും; നിന്നിലൂടെ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും."

ദൈവമക്കളുടെ പിന്നാലെ നടന്ന് ഉപദ്രവിച്ചവരാണ് അമാലേക്യർ. ഇസ്രായേലിനെ ശപിക്കാനായി ഇറങ്ങിത്തിരിച്ചവർ ശാപഗ്രസ്തരായിമാറി. അബ്രാ

ഹാമിലൂടെ ഭൂമുഖത്തുള്ള സകലജനതകളും അനുഗ്രഹിക്കപ്പെടുമെന്നുള്ളത് ദൈവം നമുക്കു നല്കിയ കല്പനയാണ്. ഇപ്പോഴാകട്ടെ അബ്രാഹാമിനാൽ അനുഗ്രഹിക്കപ്പെട്ട ആ സന്തതികൾ നാം തന്നെയാണ്, യേശുവിലൂടെ അബ്രാഹാമിന്റെ യഥാർത്ഥസന്തതികളും സകല വാഗ്ദത്തങ്ങളുടെയും അവകാശികളുമായവർ. (ഗലാത്യർ 3:7, 29 എന്നീ വാക്യങ്ങൾ നോക്കുക).

എസ്ഥേർ പുസ്തകത്തിലെ ഒമ്പതാം അദ്ധ്യായത്തിലെ 10, 15, 16 എന്നീ വാക്യങ്ങളിൽ, അവർ ശത്രുക്കളുടെ കൊള്ളമുതലിൽ കൈവച്ചില്ല എന്നു നാം വായിക്കുന്നു. ആ കൊള്ളമുതലിന്റെ വലുപ്പം എത്രയായിരുന്നു? രാജാവിനുമുന്നിൽ ഹാമാൻ വാഗ്ദാനം ചെയ്തത് പതിനായിരം താലന്ത് വെള്ളിയായിരുന്നു (ഇതിന്റെ ഉറവിടം സംശയത്തിന് ഇടനല്കുന്നതാകാം, എന്നിരുന്നാലും ഹാമാന്റെ സമൂഹം സാമാന്യം ധനികമായിരിക്കുമെന്ന് നമുക്ക് സുരക്ഷിതമായി അനുമാനിക്കാം). പേർഷ്യൻ സാമ്രാജ്യത്തിന്റെ ആകെ വരുമാനത്തിന്റെ മൂന്നിൽ രണ്ടു വരുന്ന ഒരു തുകയാണത് എന്നും നാം

കണ്ടു. (ഒരു താരതമ്യത്തിനായി, 257ലക്ഷം കോടിയാണ് ഇന്ത്യയുടെ GDP, അതിന്റെ മൂന്നിൽരണ്ടുഭാഗമെന്നു പറയുന്നത് വളരെ വലിയ ഒരു തുകത ന്നെയാണ്). സ്വപ്നസദൃശമായ ഒരു തുക കൊള്ളമുതലായി ഇസ്രായേൽമ ക്കൾക്കു ലഭിക്കുമായിരുന്നു എന്ന് തീർച്ചയായും നമുക്ക് അനുമാനിക്കാൻ കഴിയും. എന്നാൽ, എസ്ഥേർ പുസ്തകം വ്യക്തമാക്കുന്നതുപോലെ, അവർ ആ മുതലിൽ കൈവച്ചില്ല, അവരുടെ ആദ്യ രാജാവ് ശൗലിനു പറ്റിയ തെറ്റ് അവർ ആവർത്തിച്ചില്ല. ദൈവം വെറുക്കുന്ന തിനെ വെറുക്കാൻ അവർ പഠിച്ചു (ദുർഘടപാതയിലൂടെയുള്ള ഒരു പഠന മായിരുന്നു അതെങ്കിലും). പിന്നീട് അവർ വിഗ്രഹാരാധനയിലേക്കും തിരി ഞ്ഞുപോയിട്ടില്ല. കാരണം, കർത്താ വിന്റെ പർവ്വതത്തിൽ അതു നല്ക പ്പെടും എന്ന് എഴുതിയിക്കുന്നുണ്ടല്ലോ!

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ദൈവം വെറുക്കുന്ന കാര്യങ്ങളെക്കു റിച്ച് വചനത്തിൽ തിരയുക. ദൈവം വെറുക്കുന്നവയെ വെറുക്കാൻ നിങ്ങൾക്കും കഴിയുന്നതിന് പ്രാർത്ഥി ക്കുക.

# ദിനം 24

ഈ പുസ്തകത്തിന്റെ പശ്ചാത്തലം ചെറുതായി ഒന്നുകൂടി നോക്കാം. ദാവീദിന്റെ ഗൃഹം എന്ന് അറിയപ്പെടുന്ന പന്ത്രണ്ടു ഗോത്രങ്ങളടങ്ങിയ ഇസ്രായേൽ രാഷ്ട്രം ശലമോന്റെ ഭരണകാലത്തിനുശേഷം രണ്ടായി വിഭജിക്കപ്പെട്ടു. യൂദാ ഗോത്രം ഒറ്റയ്ക്കും (തെക്കൻ ദേശം) ബാക്കിയുള്ള പതിനൊന്നു ഗോത്രങ്ങൾ ഒന്നുചേർന്ന് ഇസ്രായേൽ (വടക്കൻ ദേശം) എന്നും അറിയപ്പെട്ടു. ഇസ്രായേൽ ദേശത്തെ അസ്സീറിയൻ സാമ്രാജ്യം കീഴടക്കി, പിന്നീട് ബാബിലോൺ സാമ്രാജ്യം യൂദാദേശത്തെയും അസ്സീറിയൻ സാമ്രാജ്യത്തെയും കീഴടക്കി അതുവഴി ഇസ്രായേൽ ദേശവും അവരുടെ അധീനതയിലായി. ആദ്യത്തെ ലോകവൻശക്തിയെന്ന് അറിയപ്പെട്ടിരുന്നത് ബാബിലോൺ സാമ്രാജ്യമാണ്, എന്നാൽ അതിലും ശക്തരായ മേദ്യ-പേർഷ്യ സാമ്രാജ്യം ഉയർന്നുവന്ന് ബാബിലോണിനെ കീഴടക്കി. (മഹാനായ കോരശ് രാജാവിനാൽ സ്ഥാപിതമായത്, ചരിത്രപാഠപുസ്തകങ്ങളിൽ അക്കാമെനിയൻ സാമ്രാജ്യം എന്നു വിളിക്കുന്നു).

തുർക്കി, ഇറാഖ്, ഇറാൻ, പാക്കിസ്ഥാൻ, യോർദ്ദാൻ, ലെബനോൻ, ഇസ്രായേൽ, ഈജിപ്തിന്റെ ഭാഗങ്ങൾ, സുഡാൻ, ലിബിയ, അറേബ്യ മുതലായ രാജ്യങ്ങൾ ഉൾപ്പെടുന്ന ഇന്ത്യമുതൽ എത്യോപ്യവരെ പരന്നു കിടക്കുന്ന വിപുലമായ ഒരു സാമ്രാജ്യമായിരുന്നു അത്.

പേർഷ്യൻ രാജാക്കന്മാർ പിന്നീട് ഇസ്രായേൽമക്കൾക്കു സ്വന്തം ദേശത്തെക്കു തിരികെപ്പോകാൻ അനുമതി നല്കിയെങ്കിലും 50,000 വരുന്ന ആളുകൾ മാത്രമേ തിരികെപ്പോയുള്ളൂ. പത്തുലക്ഷം വരുന്ന ഒരു ജനത പേർഷ്യൻ ദേശത്തുതന്നെ തുടർന്നു. അവരെക്കുറിച്ചുള്ള കഥകളാണ് നാം എസ്ഥേർ മുതലായ പുസ്തകങ്ങളിൽ വായിക്കുന്നത്, അവർ കടന്നുപോയ ഒരു ദുർഘടസന്ധിയാണ് എസ്ഥേർ പുസ്തകത്തിൽ നാം കാണുന്നത്, അതു മറികടക്കാൻ ദൈവം എപ്രകാരം സഹായിച്ചുവെന്നതും. മൂന്നാം ലോകശക്തിയായി ഉയർന്നുവന്നത് ഗ്രീക്കു സാമ്രാജ്യമായിരുന്നു. മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ നേതൃത്വത്തിൽ സാമ്രാജ്യം മുഴുവനും ഗ്രീക്ക് സംസ്കാരവും ഗ്രീക്ക് മൂല്യ

ങ്ങളും ഉൾക്കൊള്ളുന്ന ഭാഗങ്ങൾ സ്ഥാപിച്ചു, ഈ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കാനായി പാതകൾ നിർമ്മിക്കുകയും ചെയ്തു. പിന്നീട് ഉദയം ചെയ്ത റോമാസാമ്രാജ്യം ഗ്രീക്കുകാരെ പരാജയപ്പെടുത്തുകയും അവർ നിർമ്മിച്ച പാതകൾ രാജപാതകളാക്കി മാറ്റുകയും ചെയ്തു. പുതിയനിയമ കാലഘട്ടമായപ്പോഴേക്ക്, ലോകം മുഴുവൻ വ്യാപിച്ച ഗ്രീക്കുഭാഷയും ഗ്രീക്ക്-റോമൻ സാംസ്കാരികതയും വികസിതമായ പാതകളും ക്രിസ്തുവിന്റെ സന്ദേശം വഹിച്ചുകൊണ്ടുപോയ മിഷണറിമാർക്ക് ആ സന്ദേശം ലോകം മുഴുവൻ എത്തിക്കാൻ സഹായകമാവുകയും ചെയ്തു.

ഇനി ഈ പുസ്തകത്തിന്റെ അവസാനഭാഗത്തേക്കു നമുക്കു പോകാം.

**എസ്ഥേർ 9:20–28**

20അഹശ്വേരോശ് രാജാവിന്റെ
സകല സംസ്ഥാനങ്ങളിലും
അടുത്തും അകലെയുമുള്ള സകല
യെഹൂദന്മാർക്കും ഇക്കാര്യങ്ങൾ
അറിയിച്ചുകൊണ്ടുള്ള കത്തുകൾ
മൊർദ്ദെഖായി അയച്ചു; 21'ആണ്ടു

തോറും ആദാർമാസം പതിന്നാലും
പതിനഞ്ചും തീയതികൾ അവർ
ആചരിക്കണം; 22ശത്രുക്കളിൽ
നിന്ന് യഹൂദന്മാർക്കു മോചനം
ലഭിച്ച ദിവസങ്ങളും തങ്ങളുടെ
ദുഃഖത്തെ സന്തോഷമായും വിലാ
പത്തെ ഉത്സവമായും തീർത്ത
മാസവും ആയതിനാൽത്തന്നെ.
അവ അവർ വിരുന്നിനും ഉല്ലാസ
ത്തിനുമുള്ള ദിവസങ്ങളായും പര
സ്പരം സമ്മാനങ്ങളും ദരിദ്രർക്കു
ദാനങ്ങളും കൊടുത്തയയ്ക്കുന്ന
ദിവസങ്ങളായും ആചരിക്കണം.'
23അങ്ങനെ യെഹൂദന്മാർ തങ്ങൾ
തുടങ്ങിയിരുന്നതും മൊർദ്ദെഖായി
തങ്ങൾക്ക് എഴുതിയിരുന്നതുമായ
കാര്യങ്ങൾ പ്രാവർത്തികമാക്കി.
24അഗാഗ്യനായ ഹമ്മെദാഥാ
യുടെ മകനും എല്ലാ യെഹൂദന്മാ
രുടെയും ശത്രുവുമായ ഹാമാൻ
യെഹൂദന്മാരെ നശിപ്പിക്കേണ്ടതിന്
അവർക്കെതിരെ ഉപായം ചിന്തി
ക്കുകയും അവരെ നശിപ്പിക്കേണ്ട
തിന് പൂര് എന്ന ചീട്ട് ഇടുകയും
ചെയ്തിരുന്നു. 25എന്നാൽ
എസ്ഥേർ രാജസന്നിധിയിൽ
എത്തിയപ്പോൾ അവൻ യെഹൂദ

ന്മാർക്കെതിരായി ചിന്തിച്ചിരുന്ന
തന്ത്രം അവന്റെ തലയിലേക്കു
തന്നെ തിരിയേണ്ടതിനും അവ
നെയും അവന്റെ പുത്രന്മാരെയും
കഴുമരത്തിൽ തൂക്കേണ്ടതിനും
രാജാവ് രേഖാമൂലം കല്പിച്ചതു
കൊണ്ട് 26പൂര് എന്ന പദവുമായി
ബന്ധപ്പെടുത്തി അവർ ആ ദിവ
സത്തെ പൂരീം എന്നു വിളിച്ചു. ഈ
കത്തിലെ സകല കാര്യങ്ങളും
അതിൽ അവർതന്നെ കണ്ടെത്തി
യവയും അവർക്കു സംഭവിച്ച
വയും പരിഗണിച്ച് 27ഈ രണ്ടു
ദിവസങ്ങളും തങ്ങളും തങ്ങളുടെ
സന്തതികളും തങ്ങളോടു ചേരുന്ന
വരും നിർദ്ദിഷ്ടസമയത്ത്, എഴുത
പ്പെട്ടിരിക്കുന്നതുപോലെ വർഷം
തോറും വീഴ്ചകൂടാതെ ആചരിക്കു
വാൻ യെഹൂദർ തീരുമാനിച്ചുറച്ചു.
28ഈ ദിവസങ്ങൾ സകല തലമു
റകളിലും സകല കുടുംബങ്ങളിലും
സകല സംസ്ഥാനങ്ങളിലും സകല
പട്ടണങ്ങളിലും ഓർക്കത്തക്ക
വണ്ണം ആചരിക്കണം; ഈ പൂരീം
ദിവസങ്ങൾ യെഹൂദന്മാരുടെ
മദ്ധ്യേനിന്നു മാറ്റപ്പെടുകയോ അവ
യുടെ ഓർമ്മ തങ്ങളുടെ സന്തതി

കളിൽനിന്ന് ഇല്ലാതാകുകയോ ചെയ്യരുത്.

തങ്ങളെ വിടുവിച്ച ഈ സംഭവത്തെ ആസ്പദമാക്കി പൂരീം എന്ന ഒരു വിശേഷദിവസം കൊണ്ടാടാൻ ഇസ്രായേൽ തീരുമാനിച്ചു. ആവർത്തനപുസ്തകത്തിലോ, മോശയുടെ പ്രമാണങ്ങളിലോ ഒന്നും ഈ തിരുനാൾ നാം കാണുന്നില്ല, കാരണം അതു പിന്നീടു നടപ്പിൽവന്നതാണ്. സമ്മാനങ്ങളും ഭക്ഷണവിഭവങ്ങളും ആഘോഷങ്ങളുമായി യഹൂദ ജനത ഇപ്പോഴും പൂരീം ദിനം ആഘോഷിക്കുന്നുണ്ട്. ആ ദിവസങ്ങളിൽ അവർ ഉണ്ടാക്കുന്ന ഒരു പലഹാരത്തിന്റെ പേര് ഹാമന്താഷ് എന്നാണ്, ഹാമാന്റെ ചെവി എന്നാണ് ഈ പേരിന്റെ അർത്ഥം (ചിത്രം കാണുക). പൂരീം ആഘോഷ ദിവസങ്ങളിൽ അവർ എസ്ഥേർ പുസ്തകം വായിക്കുകയും ചെയ്യും.



ഹീബ്രൂ ബൈബിളിൽ മൂന്നു പ്രധാന ഭാഗങ്ങളാണുള്ളത്, തോറാ, നെവ്വിം, കെറ്റുവിം എന്നിങ്ങനെ (ചു

വടെ നല്കിയിരിക്കുന്ന പട്ടിക കാണുക. അതിൽ കെറ്റുവിം എന്നു വിളിക്കുന്ന വിഭാഗത്തിന്റെ അവസാനമുള്ള ചെറിയ ഒരു ഉപവിഭാഗത്തിലാണ് എസ്ഥേർ പുസ്തകം ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ ഉപവിഭാഗത്തിന്റെ പേര് അഞ്ചു മെഗില്ലോത്ത് അല്ലെങ്കിൽ അഞ്ചു ചുരുളുകൾ എന്നാണ്. ഉത്തമഗീതം, റൂത്ത്, വിലാപങ്ങൾ, സഭാപ്രസംഗി, എസ്ഥേർ എന്നിവയാണ് ഈ ചുരുളുകൾ. യഹൂദ സുനഗോഗുകളിൽ ചില വിശേഷദിവസങ്ങളിലാണ് ഈ പുസ്തകങ്ങൾ ഓരോന്നും വായിക്കുന്നത്. ഉത്തമഗീതം പെസഹാനാളിലും, റൂത്ത് പെന്തക്കോസ്തുനാളിലും (ശാവോത്ത്), വിലാപങ്ങൽ തിഷാ-ബവ് നാളിലും (ജെറുസലേം ദേവാലയം നശിപ്പിച്ചതിന്റെ ഓർമ്മദിവസം), സഭാപ്രസംഗി കൂടാരത്തിരുനാൾ ദിവസങ്ങളിലും (സുക്കോത്ത്), എസ്ഥേർ പൂരീം നാളുകളിലും വായിക്കുന്നു.

പുസ്തകത്തിന്റെ പിന്നീടുള്ള ഭാഗം ഈ കല്പന നിറവേറ്റപ്പെടുന്നതിനെക്കുറിച്ചും, പത്താം അദ്ധ്യായം ഒരു സമാപ്തിവാക്ക് എന്നപോലെയുമാണ് (ദയവായി നിങ്ങൾതന്നെ വായിക്കുക).

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങളുടെ ബൈബിൾ വായനാശീലം എങ്ങനെയുള്ളതാണ്? അതിൽ മാറ്റം വരുത്തണമെന്ന് തോന്നുന്നുണ്ടോ? പ്രാർത്ഥനയോടുകൂടി തീരുമാനമെടുക്കുക.

ഹീബ്രൂ ബൈബിളിലെ പുസ്തകങ്ങൾ (തനക് എന്നും മിഖ്റാ എന്നും വിളിക്കുന്നു):

ഹീബ്രൂ ബൈബിളിനെ പ്രധാനമായും മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു

1. **തോറാ** (ന്യായപ്രമാണം)
2. **നെവ്വിം** (പ്രവാചകർ)
3. **കെറ്റുവിം** (രചനകൾ)

1. **തോറാ** (ന്യായപ്രമാണം)
   ഉല്പത്തി
   പുറപ്പാട്
   ലേവ്യ
   സംഖ്യ
   നിയമാവർത്തനം

**2. നെവ്വിം** (പ്രവാചകർ)

☞ *ആദിമകാല പ്രവാചകർ:*
യോശുവ
ന്യായാധിപർ
ശമുവേൽ
രാജാക്കന്മാർ

☞ *പിന്നീടുള്ള പ്രവാചകർ*
ഏശയ്യാവ്
യിരമ്യാവ്
യെഹെസ്കേൽ
12 പേർ

**3. കെറ്റുവിം** (രചനകൾ)

☞ *ഇമെറ്റ്* (സത്യം)
സങ്കീർത്തനങ്ങൾ
സദൃശവാക്യങ്ങൾ
ഇയ്യോബ്

☞ *മെഗില്ലോത്ത്* (ചുരുളുകൾ)
ഉത്തമഗീതം
റൂത്ത്
വിലാപങ്ങൾ
സഭാപ്രസംഗി
എസ്ഥേർ

ദാനിയേൽ
എസ്രാ, നെഹെമിയാ
ദിനവൃത്താന്തങ്ങൾ

(ആകെ 35 പുസ്തകങ്ങൾ. ശമുവേൽ, രാജാക്കന്മാർ, ദിനവൃത്താന്തം, എസ്രാ -നെഹെമിയാവ് എന്നിവയെ രണ്ടായിട്ടല്ല, ഒരു പുസ്തകമായാണ് പരിഗണിക്കുന്നത്. അവ ഇരട്ടിക്കുമ്പോൾ നമ്മുടെ കണക്കായി - 39)

# ദിനം 25

ദൈവത്തിന്റെ കരുതലും നല്കലും അടിവരയിടുന്ന ഒരു പുസ്തകമായിട്ടാണ് എസ്ഥേർ പുസ്തകം നില കൊള്ളുന്നത്. സമയങ്ങളുടെയും കാല ങ്ങളുടെയും ദൈവമാണ് അവിടുന്ന്. സമയത്തിന്റെ മൂർദ്ധന്യത്തിലും പാക ത്തിലും ദൈവം കൃത്യമായി പ്രവർത്തി ക്കുന്നു. ESV ബൈബിൾ വിശദീകരിക്കു ന്നതനുസരിച്ച്, എസ്ഥേർപുസ്തകം ചുരുൾ നിവർത്തുന്നത് പത്തു വർഷത്തെ കാലയളവിലാണ്. അഹശ്വേ രോശ് രാജാവിന്റെ മൂന്നാം വർഷത്തി ലാണ് രാജാവ് ആറുമാസം നീണ്ടുനി ല്ക്കുന്ന ഒരു വിരുന്നൊരുക്കിയത്. ഒന്നും രണ്ടും അദ്ധ്യായത്തിൽ പറയുന്ന കാര്യ ങ്ങൾ നടക്കുന്നത് നാലുവർഷത്തെ കാലയളവിലാണ്. യഹൂദരെ കൊല്ലുവാ നായി ഹാമാൻ കല്പന ഒപ്പിടുവിക്കു ന്നതിന് വീണ്ടുമൊരു അഞ്ചുവർഷമെടു ത്തു. കൊല്ലുവാൻ നിശ്ചയിച്ച ദിവസ ത്തിന് ഒരു വർഷംകൂടെ ദൈർഘ്യമു ണ്ടായിരുന്നു, നാം കണ്ടതുപോല. എന്നാൽ രണ്ടുമാസത്തിനുശേഷം മോർദ്ദെഖായുടെ കല്പന നിലവിൽവ ന്നു, യഹൂദർക്കു തങ്ങളുടെ നിലനിൽപ്പ്

ഉറപ്പുവരുത്താമെന്ന കല്പന. എട്ടുമാസങ്ങൾക്കുശേഷം ഈ കല്പന നിറവേറാൻ 48 മണിക്കൂർ എടുത്തു. അഞ്ചുമുതൽ ഏഴുവരെയുള്ള അദ്ധ്യായങ്ങളിൽ പറയുന്ന കാര്യങ്ങൾ 48 മണിക്കൂറിൽ നടന്ന കാര്യങ്ങളാണ്. ഈ പുസ്കം വായിച്ചുതീർക്കാൻ നമുക്ക് കുറച്ചുസമയം മാത്രമേ വേണ്ടൂ. ദൈവം പ്രവർത്തിക്കുന്നതു നാം കാണുന്നില്ലെങ്കിൽ പോലും ദൈവം പ്രവർത്തിക്കുന്നു. ദൈവം പ്രവർത്തിക്കുന്നതും തന്റെ വാഗ്ദാനങ്ങൾ നിറവേറ്റുന്നതും കാണാൻ നാം ജീവിച്ചിരിക്കുന്നില്ലെങ്കിൽപോലും ദൈവം പ്രവർത്തിക്കുന്നു.

ദൈവത്തിന്റെ കരുതൽ പ്രവൃത്തികൾ അതിശയകരമാണ്. കുറച്ച് ഉദാഹരണങ്ങൾ നോക്കുക: ഒരു വലിയ ക്ഷാമം വരുന്നുവെന്നു ദൈവം കണ്ടു, ഈജിപ്തുമാത്രമേ ഇതിനെ അതിജീവിക്കൂ എന്നും ദൈവം കണ്ടു, കാരണം അവർക്ക് അതിനുള്ള ഉത്പാദനക്ഷമത യുണ്ടായിരുന്നു. ഈജിപ്തിലെ ഒരു ഉന്നത ഉദ്യോഗസ്ഥന്റെയടുക്കലേക്ക് ദൈവം ജോസഫ് എന്ന ഒരു ബാലനെ അയച്ചു, തന്റെ സഹോദരങ്ങളുമായുണ്ടായ സഹോദരവഴക്കിന്റെ അനന്തര

ഫലമായി. വിദേശരാജ്യത്ത് രണ്ടാം സ്ഥാന തലവനായി ഉയർന്ന ജോസഫിന്റെ വിശ്വസ്തത തന്റെ മുഴുവൻ കുടുംബാംഗങ്ങളുടെയും രക്ഷയ്ക്കു കാരണമായി, യാക്കോബിന്റെ മക്കൾ ഒരു ജനതയായി വളരാനും അതു കാരണമായി. ദാനിയേൽ വേറൊരു ഉദാഹരണമാണ്, ബാബിലോൺ സാമ്രാജ്യത്തിൽ രാജാവിനുകീഴിൽ രണ്ടാം സ്ഥാനത്തെത്താൻ ദാനിയേലിന്റെ വിശ്വസ്തതയെ ദൈവം ഉപയോഗിച്ചു. ജോസഫും മറിയവും മറ്റൊരു ഉദാഹരണമാണ്, അവർ നസ്രത്തിലായിരുന്നു, എന്നാൽ പ്രവചനങ്ങൾ അനുസരിച്ചു യേശു ജനിക്കേണ്ടത് ബെത്‌ലഹേമിലും. ഓരോ ആളുകളും താന്താങ്ങളുടെ സ്വദേശത്തുവന്ന് കനേഷുമാരിയിൽ പങ്കെടുക്കണമെന്ന ഒരു ചിന്ത ദൈവം രാജാവിന്റെ മനസ്സിൽ നല്കി. ജനസംഖ്യാ കണക്കെടുപ്പ് ഏതു രീതിയിൽ വേണമെങ്കിലും നടത്താം. സുവിശേഷ സന്ദേശം അക്കാലത്ത് വാണിരുന്ന ഏറ്റവും പ്രതാപിയായ ചക്രവർത്തിയുടെ മുമ്പിൽ എത്തുന്നതിനുവേണ്ടി ദൈവം പ്രവർത്തിച്ചത് മറ്റൊരു ഉദാഹരണമാണ്. റോമൻ പൗരനും യഹൂദനുമായ ഒരു വിദ്യാസമ്പന്നനെ, ഇക്കാര്യ

ത്തിനായി ദൈവം യേശുവിന്റെ ശിഷ്യനാക്കി. സീസർ (കൈസർ) തന്റെ പരാതിക്കു തീർപ്പുകല്പിക്കണമെന്ന് ആവശ്യപ്പെടാനും അതുവഴി സീസറിന്റെ മുന്നിൽ എത്താനും പൗലോസിനെ ദൈവം ഉപയോഗിച്ചു. അതുപോലെ തന്നെ സുശക്തമായ വിജാതീയ കോട്ടകൾ തകർത്ത് സുവിശേഷം ജാതികളുടെ ഇടയിലേക്ക് എത്തണമെന്ന ദൈവനിയോഗത്തിനും പൗലോസിന്റെ പശ്ചാത്തലം കാരണമായി.

എസ്ഥേർ പുസ്തകം നമ്മെ വിടുവിക്കുന്നവങ്കലേക്കു വിളിക്കുന്നു - യേശുവിലേക്ക്. സകലവഴിയും അടഞ്ഞുള്ള ഒരു പ്രതിസന്ധിഘട്ടത്തിൽ ഇസ്രായേൽ ജനത ഒന്നടങ്കം എത്തിനിൽക്കുമ്പോഴും ഒരു രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷ അവരിൽ ഉണ്ടായിരുന്നു. ദൈവത്താൽ തള്ളിക്കളയപ്പെട്ടവരും, രാഷ്ട്രവും വസ്തുവകകളുമെല്ലാം നഷ്ടപ്പെട്ടവരുമായി അസ്ഥിത്വം നഷ്ടപ്പെട്ട് അന്യരാജ്യത്തിൽ ബന്ധികളും അടിമകളുമാക്കി പിടിച്ചുകൊണ്ടുവന്ന ഒരു സ്ഥിതിവിശേഷത്തിലാണ് അവർ ഉണ്ടായിരുന്നത്. എന്നാൽ അവരിൽ വിശ്വസ്തരായിരുന്നവർ ദൈവ

ത്തിൽനിന്നും ഒരു വിമോചകനെ പ്രതീക്ഷിച്ചുകൊണ്ടേയിരുന്നു. നമുക്ക് ഇന്ന് ശക്തനായ ഒരു വിമോചകനുണ്ട്, അവനോടു നമുക്കു നന്ദിപറയാം.

ദൈവത്തോടുള്ള നമ്മുടെ വിശ്വസ്തതയിലേക്കും, അനുസരണയിലേക്കും നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്ന ഒരു പുസ്തകം കൂടിയാണ് എസ്ഥേർ പുസ്തകം. ഒരാൾമാത്രം ദൈവത്തിനുമുന്നിൽ വിശ്വസ്തതയോടെ നിൽക്കുന്നത് ഈ ലോകത്തിൽ നിങ്ങൾ ഒരാൾ മാത്രമേയുള്ളു എന്ന സാഹചര്യമാണെങ്കിൽ പോലും, ദൈവം നിങ്ങളുടെ വിശ്വസ്തതയ്ക്കു പ്രതിഫലം നല്കും, അവിടുത്തെ പദ്ധതികൾക്കായി നിങ്ങളെ ഉപയോഗിക്കുകയും ചെയ്യും. നമ്മുടെ മുന്നിലുള്ള പോരാട്ടങ്ങൾ മുട്ടിന്മേൽനിന്ന് നമ്മെ എളിമപ്പെടുത്തുന്നതുവഴിയാണ് നാം വിജയിക്കുന്നത്, പണത്താലോ വിഭവസമൃദ്ധിയാലോ ആയുധബലത്താലോ ആൾബലത്താലോ ഒന്നുമല്ല. മൂന്നുദിവസത്തെ ഉപവാസപ്രാർത്ഥന ഒരു ദേശത്തിന്റെ ഭാഗധേയം മാറ്റിക്കുറിച്ചു, അതിന്റെ ഗുണഭോക്താക്കൾ നമ്മളും കൂടിയാണ്.

എസ്ഥേർ പുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്ന മറ്റൊരുകാര്യം, സകലതിന്റെയും നിയന്ത്രണത്തിൽ ദൈവമുണ്ടെന്നുള്ളതാണ്. നമ്മുടെ സദ്പ്രവർത്തികളെയെല്ലാം അവൻ സസൂക്ഷ്മം നിരീക്ഷിക്കുന്നു, ഉടൻതന്നെ ഒരു പ്രതിഫലം നമുക്കു ചിലപ്പോൾ ലഭിക്കുന്നില്ലായിരിക്കും, എന്നാലും ദൈവം അതിനെ മെച്ചമാക്കിയെടുക്കുകയും മികച്ച രീതിയിലുള്ള പ്രതിഫലം നല്കുകയും ചെയ്യുന്നു.

എസ്ഥേർ പുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്ന മറ്റൊരുകാര്യം, നായകസ്ഥാനമോ മറ്റു സ്ഥാനമാനങ്ങളോ ദൈവം നല്കുന്നത് നമ്മെ ശുശ്രൂഷകരാക്കാൻ വേണ്ടിയാണ്, ശുശ്രൂഷിക്കപ്പെടുന്നവരാക്കാൻ വേണ്ടിയല്ല. നമുക്കു മഹത്വം എടുക്കുന്നതിനുവേണ്ടിയല്ല, പകരം ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുവേണ്ടിയാണ്. സ്ഥാനമാനങ്ങളുടെ ഗുണഭോക്താവാകാൻ വേണ്ടിയല്ല, പകരം ദൈവവിളിക്കുവേണ്ടി നമ്മെത്തന്നെ പാനീയയാഗമാക്കാൻ വേണ്ടിയാണ്.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ഈ പുസ്തകത്തിൽനിന്നും നിങ്ങൾക്കു പെറുക്കിയെടുക്കാൻ സാധിച്ച കാര്യങ്ങൾ എന്തൊക്കെയാണ്? അവ എഴുതിവയ്ക്കുക, അവയിലൂടെ പ്രാർത്ഥിക്കുക,

പഠിച്ചകാര്യങ്ങൾ നിങ്ങളുടെ ബോധ്യങ്ങളാക്കിയെടുക്കുക. നിങ്ങളുടെ പ്രാർത്ഥനാപങ്കാളികളുമായി ഇക്കാര്യങ്ങൾ പങ്കുവയ്ക്കുക.

# ദിനം 26

അവസാനമായി ചെറുതല്ലാത്ത ഒരു കാര്യം കൂടി, എസ്ഥേർ പുസ്തകം നമ്മുടെ മുന്നിലേക്കുവയ്ക്കുന്നത് ദൈവത്തിന്റെ കരുണയെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ്.

**എസ്ഥേർ 5:1–3**

1മൂന്നാം ദിവസം എസ്ഥേർ രാജ
വസ്ത്രം ധരിച്ചുകൊണ്ട് രാജധാനി
യുടെ അകത്തെ പ്രാകാരത്തിൽ
ചെന്ന് രാജഗൃഹത്തിനുനേരേ
നിന്നു; രാജാവ് രാജധാനിയിൽ
രാജഗൃഹത്തിന്റെ വാതി
ലിനുനേരേ തന്റെ സിംഹാസന
ത്തിൽ ഇരിക്കുകയായിരുന്നു.
2എസ്ഥേർ രാജ്ഞി പ്രാകാര
ത്തിൽ നിൽക്കുന്നത് രാജാവ് കണ്ട
പ്പോൾ അവന് അവളോടു കൃപ
തോന്നി; തന്റെ കൈയിൽ ഇരുന്ന
പൊൻചെങ്കോൽ രാജാവ് എസ്ഥേ
രിനുനേരേ നീട്ടി; എസ്ഥേർ
അടുത്തു ചെന്ന് ചെങ്കോലിന്റെ
അഗ്രം തൊട്ടു. 3രാജാവ് അവളോട്:
“എസ്ഥേർരാജ്ഞിയേ, എന്തു
വേണം? എന്താകുന്നു നിന്റെ

അപേക്ഷ? രാജ്യത്തിന്റെ പകുതി യോളമായാലും നിനക്കു തരാം'' എന്നു പറഞ്ഞു.

നമ്മുടെ ദുരവസ്ഥകണ്ടപ്പോൾ ദൈവം തന്റെ സുവർണ്ണചെങ്കോൽ നമുക്കു നേരേ നീട്ടി. എന്തായിരുന്നു ആ ചെങ്കോൽ? യേശുവിന്റെ കുരിശാണ് കരുണയുടെ ആ ചെങ്കോൽ, ചോര യിൽ മുക്കിയ ഒരു ചെങ്കോൽ. അവി ടുത്തെ സന്നിധിയിൽ പ്രവേശിക്കാൻ നമുക്ക് കരുണലഭിച്ചെന്നു മാത്രമല്ല, ''ദൈവമക്കളാകാനും'', ''ദൈവത്തിന്റെ മഹത്വത്തിന്റെ അവകാശികളാകാനും'' നമുക്ക് അവസരം തന്ന ഒരു ചെങ്കോലാ ണത്. യഹോവ ദൈവമായുള്ള ജനത തീർച്ചയായും ഭാഗ്യംചെയ്ത ഒരു ജന തതന്നെയാണ്. ഓർക്കുക, എസ്ഥേർ അവളുടെ തലമുറയിലെ ഭാഗ്യനക്ഷത്ര മായിരുന്നുതുപോലെ, നിങ്ങളോരോരു ത്തരും നിങ്ങൾ ജീവിച്ചിരിക്കുന്ന തല മുറയുടെ ''ഭാഗ്യനക്ഷത്ര''മാണ്. ഇനി പറയൂ, നിങ്ങളുടെ കഥയെന്താണ്?

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

യേശുവിന്റെ കുരിശുമരണത്തിലൂടെ

പ്രാർത്ഥിക്കുക, യേശുകടന്നുപോയ വേദനകളുടെ ആഴത്തെക്കുറിച്ചു ധ്യാനിക്കുക.

ഒരു അഭ്യർത്ഥനകൂടി, നിങ്ങളിൽനിന്നും കേൾക്കാൻ എനിക്ക് ആഗ്രഹമുണ്ട്. ഈ പരമ്പര നിങ്ങളെ എപ്രകാരം സ്വാധീനിച്ചെന്നും നിങ്ങളെ എപ്രകാരം സഹായിച്ചെന്നും അറിയിക്കുക, ഞാൻ നന്ദിയുള്ളവനായിരിക്കും.

നന്ദി, ദൈവം അനുഗ്രഹിക്കട്ടെ.

# യോനാ: മറ്റുള്ളവരുടെ ജീവിതത്തിലെ ദൈവ ത്തിന്റെ പരമാധികാരം

## ദിനം 27

*യോനായുടെ പുസ്തകം - ഒരു ആമുഖം*

നാം ജീവിക്കുന്ന രാജ്യത്ത് എത്ര മാത്രം പാപം കുമിഞ്ഞുകൂടുന്നു എന്ന കാഴ്ചയുമായാണ് നമ്മുടെ ദിനപത്ര ങ്ങളും വാർത്താ ചാനലുകളുമെല്ലാം ദിനംപ്രതി നമ്മുടെ മുന്നിലെത്തുന്നത്. ശിശുക്കളെ ദുരുപയോഗംചെയ്യുന്നതുമു തൽ കൊലപാതകപരമ്പരകളും ഭീകര വാദങ്ങളും എല്ലാംകൊണ്ട് നമ്മുടെ ലോകം അക്രമാസക്തിയും വിദ്വേ ഷവും അഴിമതിയും നിറഞ്ഞ ഒരു ലോകമായി കാണപ്പെടുന്നു. ഇവ യെല്ലാം കാണുകയും കേൾക്കുകയും

ചെയ്യുമ്പോൾ, നമ്മിൽചിലയാളുകൾ ഇതിന്റെയെല്ലാം തിക്താനുഭവങ്ങൾ അനുഭവിക്കുകയും ചെയ്യുമ്പോൾ, ദൈവത്തിൽ നിന്നുമുള്ള ന്യായവിധി യുടെ ആവശ്യം എത്രമാത്രമുണ്ടെന്ന് നാം മനസ്സിലാക്കുന്നു. കണ്ണിൽചോരയി ല്ലാത്ത ഇത്തരക്കാർക്കെതിരെ ഒരു പ്രതി കാരരോഷം വന്നുപതിക്കേണ്ടതുണ്ടെന്ന് നാം തീക്ഷ്ണമായി ആഗ്രഹിക്കുന്ന സാഹചര്യംപോലും ഉണ്ടാകുന്നു. അത്തരം രോഷചിന്തകൾക്കിടയിൽ നിൽക്കുന്ന നിങ്ങളോട്, ദൈവത്തിന് അവരോടുള്ള കരുണയുടെ സുവിശേഷ വുമായി അതേ ജനങ്ങളുടെ അടുത്തേ ക്കുതന്നെ പോകുവാൻ ദൈവംതന്നെ ആവശ്യപ്പെട്ടാൽ നിങ്ങളുടെ പ്രതിക രണം എന്തായിരിക്കും?

അത്തരം ഒരു നിയോഗമാണ് യോനായ്ക്കു നല്കപ്പെട്ടത്. മഹത്ത രമായ ഒരു സാമ്രാജ്യമായിരുന്നു അശ്ശൂർ, എന്നാൽ ഭീകരമായ രീതിയിൽ തിന്മനി റഞ്ഞതും, സർവ്വോപരി ഇസ്രായേൽ ഏറ്റവും ഭയപ്പെട്ടിരുന്ന ശത്രുവുമായ ഈ അശ്ശൂർദേശത്തേക്ക് പോകാനുള്ള നിർദ്ദേശം. തന്റെ ദേശത്തോടും തന്റെ ജനത്തോടും അശ്ശൂർസൈന്യം

പ്രവർത്തിച്ച മൃഗീയക്രൂരതകളുടെയും സമാനതകളില്ലാത്ത ദുഷ്ടതകളുടെയും കഥകൾ കേട്ടുകൊണ്ടായിരിക്കണം യോനാ വളർന്നത്. അതുകൊണ്ടാണ് ആ ദുഷ്ടദേശത്തേക്കു പോകാനും മാനസാന്തരത്തിലേക്ക് അവരെ വിളിക്കാനും യോനായോട് ദൈവം ആവശ്യപ്പെട്ടപ്പോൾ അതിനുവിപരീതമായ ഒരു ദിശയിലേക്ക് അവൻ ഓടിപ്പോയത്.

ദൈവത്തോടു വിമുഖതകാണിച്ച ഒരു പ്രവാചകന്റെ കഥയാണ് യോനായുടേത്, ദൈവം അവനെ തടസ്സപ്പെടുത്തി മാറ്റിയെടുത്ത കഥകൂടിയാണത്. കുട്ടികൾക്കുള്ള പാഠഭാഗങ്ങളിൽ നാം സാധാരണയായി കാണുന്ന 'ഒരു മനുഷ്യന്റെയും വലിയ ഒരു മത്സ്യത്തിന്റെയും' കഥമാത്രമല്ല ഇത്, അതിലുമേറെ മൂല്യവത്തായ ഒന്നാണ്. നാം തീരെ പ്രതീക്ഷിക്കാത്ത വ്യക്തികളുടെ പക്കലേക്ക് ദൈവം തന്റെ കരുണാഹസ്തം നീട്ടുന്നതിനെക്കുറിച്ചും, ദൈവത്തിന്റെ പ്രവൃത്തികളെക്കുറിച്ച് അവിടുത്തേക്കുള്ള ശ്രദ്ധയോടൊപ്പം, ആ പ്രവൃത്തികൾ നിറവേറ്റുന്നവരെക്കുറിച്ച് ദൈവത്തിനുള്ള കരുതലിനെക്കുറിച്ചും പ്രതിപാദിക്കുന്ന ഒരു പുസ്തകമാണിത്.

“എനിക്കു കൃപവേണം, എന്റെ ശത്രുക്കൾക്കു ന്യായവിധിയും” എന്ന രീതിയിൽ നമ്മുടെ മനസ്സിലുള്ള ചില മോശമായ പ്രകൃതങ്ങളെ തുറന്നു കാണിക്കുന്ന ഒരു കഥയുമാണിത്.

യോനായുടെ പുസ്തകത്തിലൂടെ നാം കടന്നുപോകുമ്പോൾ, ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും അനുകമ്പയെക്കുറിച്ചുമുള്ള ഒരു മുഴുവൻ ചിത്രം നമുക്കുകാണാൻ കഴിയുന്നു, ഏതൊരാളെയും വീണ്ടെടുക്കാൻ ദൈവത്തിനു സാധിക്കുമെന്ന തിരിച്ചറിവ് നമുക്കു ലഭിക്കുന്നു. വിശ്വസിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുന്ന ഏതൊരാൾക്കും സുവിശേഷം ലഭ്യമാണ്.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ദൈവരാജ്യത്തിൽനിന്നും ഏറ്റവും അകലെയാണെന്നു തോന്നപ്പെടുന്ന ആളുകൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാൻ തുടങ്ങാം. അവരോടു ദൈവത്തെക്കുറിച്ചു പറയാനുള്ള വഴികൾ അന്വേഷിക്കുകയും ചെയ്യാം.

വിമുഖതകാണിച്ച ഈ പ്രവാചകന്റെ ജീവിതകഥയിൽനിന്നും നമുക്കു പഠിക്കാം, ദൈവത്തെ അനുസരിക്കാൻ തീരുമാനിക്കാം, അവൻ നമ്മോട് ആവശ്യപ്പെടുന്നത് എന്തുതന്നെയായാലും, അവൻ നമ്മെ നയിക്കുന്ന വഴികൾ ഏതുതന്നെയായാലും മുഴുവൻ ഹൃദയത്തോടെ അതു സ്വീകരിക്കാൻ നമുക്കു തീരുമാനിക്കാം.

# ദിനം 28

**യോനാ 1:1–3**

1അമിത്ഥായുടെ പുത്രനായ
യോനായ്ക്കു യഹോവയുടെ
അരുളപ്പാടു ഇപ്രകാരം ഉണ്ടായി.
2“നീ എഴുന്നേറ്റ് മഹാനഗരമായ
നിനെവേയിലേക്കു ചെന്നു അതി
നെതിരായി പ്രസംഗിക്ക; എന്തെ
ന്നാൽ അവരുടെ ദുഷ്ടത എന്റെ
സന്നിധിയിൽ എത്തിയിരിക്കു
ന്നു”. 3എന്നാൽ യോനാ യഹോ
വയുടെ സന്നിധിയിൽനിന്നു
തർശീശിലേക്കു പലായനം ചെയ്യാ
നാണു പുറപ്പെട്ടത്. അയാൾ
യോഫാവിലേക്കു ചെന്നു, തർശീ
ശിലേക്കു പോകുന്ന ഒരു കപ്പൽ
കണ്ടു. യാത്രക്കൂലി നല്കി യഹോ
വയുടെ സന്നിധിയിൽനിന്നു
തർശീശിലേക്കു പോകുവാൻ അവ
രോടൊപ്പം കപ്പൽ കയറി.

ദൈവം യോനായോടു സംസാരിക്കുന്നു, യോനാ ദൈവത്തിനുവേണ്ടി ചെയ്യേണ്ട ദൗത്യമെന്തെന്ന് വ്യക്തമായി അവനെ അറിയിക്കുന്നു. നിനെവേദേശത്തുപോയി ആ ദേശത്തിനെതിരെ

പ്രസംഗിക്കണമെന്ന് ദൈവം യോനായെ അറിയിച്ചു, കാരണം അവരുടെ ദുഷ്ടത ദൈവസന്നിധിൽ എത്തിച്ചേർന്നിരുന്നു.

ലോകത്തിൽ നടമാടുന്ന അനീതിയും അക്രമവുമൊന്നും ദൈവം കാണാതിരിക്കുന്നില്ല, ദൈവം അവയെ കാണുന്നു തക്കതായ സമയത്ത് ദൈവം പ്രവർത്തിക്കുകയും ചെയ്യുന്നു.

ശക്തമായ ഒരു സാമ്രാജ്യമായിരുന്നുവെങ്കിലും ദുഷ്ടതപ്രവർത്തിക്കുന്ന ഒരു ദേശമായിരുന്നു അത്. (നിനവേയുടെ ദുഷ്ടതയെക്കുറിച്ചറിയാൻ നാഹൂം 3:1–4 വായിക്കുക).

അവരുടെ നീചപ്രവൃത്തികളെക്കുറിച്ചറിഞ്ഞ് ഭയവും വെറുപ്പും നിറഞ്ഞ ഒരു മനസ്സുമായാണ് യോനാ വളർന്നുവന്നത്. അവരെക്കുറിച്ചുള്ള വെറുപ്പ് അത്രമേൽ നിറഞ്ഞതായിരുന്നതുകൊണ്ട് ദൈവം അവരോടു കരുണ കാണിക്കുന്നതിനെക്കുറിച്ചു ചിന്തിക്കാൻപോലും യോനാക്കു കഴിഞ്ഞിരുന്നില്ല. ആകയാൽ ദൈവത്തെ പ്രതിരോധിച്ചുകൊണ്ട് തനിക്കു പോകേണ്ട

ദിശയ്ക്കു വിപരീതമായ ഒരു ദിശയിലേക്ക് അവൻ ഓടിപ്പോയി.

ദൈവവചനം നമുക്കു നിർദ്ദേശങ്ങൾ നല്കുമ്പോൾ, ചിലപ്പോൾ ഭയത്താലോ ചിലപ്പോൾ പിടിവാശിയാലോ, നാം ഓടിപ്പോകാൻ ശ്രമിക്കും – ദൈവം നമ്മിൽനിന്നും ആവശ്യപ്പെടുന്നത് ന്യായമായതിലും കൂടുതലായ ഒരു കാര്യമാണ് എന്ന ചിന്തയാൽ.

ദൈവം നല്കുന്ന കരുണയോടുള്ള ഭയത്താലോ കോപത്താലോ ആയിരിക്കാം യോനായെ ദൈവസാന്നിദ്ധ്യത്തിൽ നിന്നും ഓടിപ്പോകാൻ ഇടയാക്കിയത്. എന്നാലും ദൈവസന്നിധിയിൽനിന്നും ഓടിയൊളിക്കാൻ തനിക്കു കഴിയുമെന്ന് ചിന്തിക്കാൻ യോനായ്ക്കു കഴിഞ്ഞതെങ്ങിനെയാണ്? ദൈവസന്നിധിയിൽ നിന്നും ഓടിയൊളിക്കാൻ നമുക്കാർക്കും കഴിയില്ല.

സങ്കീർത്തനം 139:7–10 ഇപ്രകാരം പറയുന്നു:

7അവിടുത്തെ ആത്മാവിനെ വിട്ട്
ഞാൻ എവിടേക്കുപോകും? അവി

ടുത്തെ സന്നിധിവിട്ട് ഞാൻ എവിടെ ഓടിയൊളിക്കും? 8ഞാൻ സ്വർഗ്ഗത്തിൽക്കയറിച്ചെന്നാൽ അങ്ങ് അവിടെയുണ്ട്; ഞാൻ പാതാളത്തിൽ കിടക്കവിരിച്ചാൽ അവിടെയും അങ്ങ് ഉണ്ട്. 9ഞാൻ ഉഷസ്സിന്റെ ചിറകുകൾ ധരിച്ച് സമുദ്രത്തിന്റെ അറ്റത്തുപോയി പാർത്താൽ 10അവിടെയും തൃക്കരം എന്നെ നടത്തും; അവിടുത്തെ വലങ്കരം എന്നെ പിടിച്ചുകൊള്ളും.

ഓടിപ്പോകാൻ യോനായെ ഇടയാക്കിയ സംഗതികൾ എന്താണ്? യാതൊരു ദയയും കാണിക്കാൻ അർഹതയില്ലെന്ന് യോനാ ഉറച്ചു വിശ്വസിച്ച ഒരു ജനതയോട് ദൈവം കരുണകാണിക്കുന്നു എന്ന ചിന്തയോടു പൊരുത്തപ്പെടാൻ യോനായ്ക്കു കഴിഞ്ഞില്ല. ദൈവം അവരെ ന്യായംവിധിക്കണം എന്നതായിരുന്നു യോനായുടെ ഭാഗം. അതുകൊണ്ടാണ് വിപരീതദിശയിലേക്കു പോകുന്ന ഒരു കപ്പലിൽ പണം കൊടുത്തു കയറിപ്പറ്റിയത്. ദൈവത്തോടു താൻ കാണിച്ച അനുസരണക്കേടിന് യോനായ്ക്കു വലിയ വില

നല്കേണ്ടിവന്നു. ദൈവത്തോടുള്ള അനുസരണക്കേടിന് വിലനല്കാതെ പോകാൻ ആർക്കും കഴിയില്ല - ഒരിക്കലും.

"ദൈവത്തിൽനിന്നും നിങ്ങൾ ഒളിച്ചോടുമ്പോൾ, ആ യാത്രയുടെ അറ്റത്തെത്തുവാൻ നിങ്ങൾക്ക് ഒരിക്കലും കഴിയില്ല, മാത്രമല്ല, യാത്രച്ചിലവ് നിങ്ങൾതന്നെ വഹിക്കേണ്ടിയും വരും. എന്നാൽ ദൈവീകവഴിയിൽ നിങ്ങൾ പോകുമ്പോൾ നിങ്ങളുടെ ലക്ഷ്യസ്ഥാനത്ത് നിങ്ങൾക്ക് എത്തിച്ചേരാൻ കഴിയുമെന്നു മാത്രമല്ല, നിങ്ങളുടെ ചിലവെല്ലാം ദൈവം നല്കുകയും ചെയ്യും" - Donald Grey Barnhouse

ദൈവസന്നിധിയിൽ നിന്നും ഒളിച്ചോടാൻ ഇടയാക്കുന്ന കാര്യം പാപത്തിന്റെ സാന്നിദ്ധ്യമാണ്. വേദപുസ്തകത്തിന്റെ ആരംഭത്തിൽത്തന്നെ നാം ഇതു കാണുന്നു. ആദാമിലൂടെയും ഹവ്വയിലൂടെയും ആദ്യമായി പാപം രംഗപ്രവേശനം നടത്തിയസമയത്ത് അവരുടെ ആദ്യപ്രതികരണം ദൈവത്തിൽ നിന്നും ഒളിക്കുക എന്നതായിരുന്നു.

ദൈവം എന്നെ വിളിക്കുന്നു എന്ന് എനിക്കറിയാമായിരുന്നിട്ടും ഞാൻ അനുസരണക്കേടു കാണിക്കുന്ന ഏതെങ്കിലും കാര്യമുണ്ടോ?

അനുസരണം നീട്ടിവയ്ക്കുന്നതും, ഭാഗികമായി അനുസരിക്കുന്നതും അനുസരണക്കേടുതന്നെയാണ്. അനുസരണക്കേടിന് ഞാൻ നല്കുന്ന വില എന്താണ്?

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**
ദൈവത്തിൽനിന്നും മറ്റുള്ളവരിൽനിന്നും മറഞ്ഞിരിക്കാൻ എന്നെ ഇടയാക്കുന്ന ഏതെങ്കിലും പാപം എന്നിലുണ്ടോ?

**പ്രായോഗികമായി:**
ഇന്നത്തെ കൂട്ടായ്മയിൽ, ദൈവത്തിൽനിന്നും ഒളിച്ചുനില്ക്കണമെന്ന തോന്നൽ നിങ്ങൾക്കു നല്കുന്ന കാര്യങ്ങളെപ്പറ്റിയും, ദൈവത്തിനുവേണ്ടി ശുശ്രൂഷകൾ ചെയ്യുന്നതിൽനിന്നും നിങ്ങളെ പിന്നോക്കം നിർത്തുന്ന കാര്യങ്ങളെപ്പറ്റിയും മറ്റൊരു ശിഷ്യനുമായി സംസാരിക്കുക. മാറ്റം വരുത്തുക.

# ദിനം 29

**യോനാ 1:4–9**

4എന്നാൽ യഹോവ കടലിൽ ഒരു
കൊടുങ്കാറ്റ് അടിപ്പിച്ചു; കപ്പൽ
തകർന്നുപോകത്തക്കവണ്ണം കട
ലിൽ വലിയ കോളിളക്കം ഉണ്ടാ
യി. 5നാവികർ ഭയപ്പെട്ട്, അവരിൽ
ഓരോരുത്തനും തന്റെ ദേവനോടു
നിലവിളിച്ചു. കപ്പലിന്റെ ഭാരം കുറ
യ്ക്കാൻ അവർ ചരക്ക് കടലിൽ
എറിഞ്ഞു. യോനായാകട്ടെ, കപ്പ
ലിന്റെ അടിത്തട്ടിൽ ഉറങ്ങിക്കി
ടന്നു നല്ലവണ്ണം ഉറങ്ങുകയായിരു
ന്നു. 6കപ്പിത്താൻവന്ന് അയാളോട്
ചോദിച്ചു: "നീ എന്താണ് ഉറങ്ങു
ന്നത്? എഴുന്നേറ്റ് നിന്റെ ദേവനെ
വിളിക്കുക; നാം നശിച്ചുപോകാതി
രിക്കേണ്ടതിന് ആ ദേവൻ ഒരു
പക്ഷേ നമ്മെ കടാക്ഷിച്ചേക്കാം".
7പിന്നീട് അവർ പരസ്പരം
പറഞ്ഞു: "വരൂ, ആരുടെ നിമിത്ത
മാണ് ഈ അനർത്ഥം ഭവിച്ച
തെന്നു നോക്കുവാൻ നമുക്കു നറു
ക്കിടാം". അങ്ങനെ അവർ നറു
ക്കിട്ടു; നറുക്ക് യോനായ്ക്കു
വീണു. 8അപ്പോൾ അവർ അയാ

ളോട്, "പറയൂ, ആരുടെ നിമിത്ത മാണ് ഈ അനർത്ഥം നമുക്കു വന്നുഭവിച്ചത്? നിന്റെ തൊഴിലെന്താണ്? നീ എവിടെനിന്നു വരുന്നു? നിന്റെ രാജ്യം ഏതാണ്? നീ ഏതു ജാതിക്കാരൻ?"
9അയാൾ അവരോടു പറഞ്ഞു: "ഞാൻ ഒരു എബ്രായനാണ്, കടലിനെയും കരയെയും സൃഷ്ടിച്ച യഹോവയായ സ്വർഗ്ഗീയദൈവത്തെ ഞാൻ ആരാധിക്കുന്നു".

ഈ കൊടുങ്കാറ്റിനെ ഇളക്കിവിട്ടത് കർത്താവുതന്നെയാണ്. കൊടുങ്കാറ്റിനെ ശാന്തമാക്കിയ യേശുവിനെക്കുറിച്ച് നാം പതിവായി ചിന്തിക്കും, യേശുവിനാൽ അതു സാദ്ധ്യവുമാണ്. എന്നാൽ ദൈവത്തിന് കൊടുങ്കാറ്റിനെ ഇളക്കിവിടുവാനും സാധിക്കും.

കപ്പലും കപ്പലിലുള്ളവരും അകപ്പെട്ടത് അപകടകരമായ ഒരു ഇടത്താണ്, ഇതിനെല്ലാം കാരണം യോനാ ആ കപ്പലിൽ ഉണ്ടായിരുന്നു എന്നതാണ്. ദൈവവചനം അനുസരിക്കുന്നതിലൂടെ നാം നിറവേറ്റുന്നത് വലിയൊരു ഉത്തരവാദിത്തമാണ്, കാരണം, നമ്മുടെ

പാപവും അനുസരണക്കേടും നമ്മുക്കു ചുറ്റുമുള്ളവരേയും മുറിവേൽപ്പിക്കും.

കൊടുങ്കാറ്റ് ആഞ്ഞുവീശുമ്പോൾ യോനാ കപ്പലിന്റെ അടിത്തട്ടിൽ ഗാഢ നിദ്രയിലായിരുന്നു. ദൈവത്തിൽനിന്നും ഒളിച്ചോടുമ്പോഴും യോനായുടെ പ്രവൃത്തികൾ അവന്റെ മനഃസാക്ഷിയെ അലോസരപ്പെടുത്തുന്നില്ലായിരുന്നു. എല്ലാം തലകീഴായി മറിയുമ്പോഴും യോനായ്ക്ക് ഉറക്കം കണ്ടെത്താൻ കഴിയുമായിരുന്നു. ആത്മീകമായ ഒരു നിർവികാരതയാണ് നാമിവിടെ കാണുന്നത്. ഒരുപക്ഷേ, ദൈവത്തിനെതിരെ തന്റെ ഉള്ളിൽ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റിന്റെ സാന്നിദ്ധ്യത്തിൽ പുറമേയുള്ള ഈ കൊടുങ്കാറ്റ് നിസ്സാരമാണെന്ന് അവനു തോന്നുന്നുണ്ടായിരിക്കാം. ദൈവഹിതം ഇന്നതാണെന്നറിഞ്ഞിട്ടും അതിനെതിരെപോയ ഒരു സാഹചര്യം നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ ഈ ഉൾക്കിടിലം എന്തെന്ന് നിങ്ങൾക്ക് അറിയാമായിരിക്കും. ദൈവവചനം നാം നിരസിക്കുകയോ ദൈവസന്നിധിയിൽനിന്നും നാം ഓടിപ്പോവുകയോ ചെയ്യുമ്പോൾ നാം നമ്മെത്തന്നെ തളർത്തുന്നു, നാം നമ്മെ

അന്ധരാക്കുന്നു. എന്നാൽ നാം ദൈവത്തോടുള്ള അനുസരണത്തിൽ നടക്കുമ്പോൾ ദൈവവചനം നമുക്കു സമാശ്വാസം നല്കുന്നു, എന്നാൽ ദൈവഹിതത്തിനെതിരെ നാം പോകുമ്പോൾ നാം തളരുന്നു, കാരണം, നമ്മെവിളിച്ചിട്ടുള്ള വിളിക്കു വിരുദ്ധമായാണ് നാം പോകുന്നതെന്ന ചിന്ത നമ്മിൽ ഉണ്ട്.

യോനായോടു അവന്റെ ദൈവത്തെ വിളിച്ചപേക്ഷിക്കാൻ കപ്പൽ ജീവനക്കാർ ആവശ്യപ്പെട്ടത് ഒരു വിരോധാഭാസമായി തോന്നും. ആ കപ്പലിൽ അവൻ കയറിപ്പറ്റിയതിന്റെ കാരണം തന്നെ, എങ്ങനെയും ദൈവത്തിൽ നിന്നും രക്ഷപെടണം എന്നതായിരുന്നു.

കരയെയും കടലിനെയും സൃഷ്ടിച്ച ദൈവത്തിൽനിന്നുമാണ് താൻ ഓടിപ്പോകുന്നതെന്ന് യോനക്ക് വ്യക്തമായി അറിയാമായിരുന്നിട്ടും, ആ ദൈവത്തിൽനിന്നും കടൽമാർഗ്ഗം ഓടി രക്ഷപെടാമെന്ന് യോനാ ചിന്തിച്ചു. ദൈവത്തെക്കുറിച്ചു തനിക്കുണ്ടായിരുന്ന അറിവിനു വിരുദ്ധമായാണ് അവൻ പ്രവർത്തിച്ചത്.

നാം ദൈവമക്കളാണ്, നാം നിരന്തരം കേൾക്കുന്ന സന്ദേശങ്ങളിലൂടെയും നമ്മുടെ ബൈബിൾപഠനത്തിലൂടെയുമെല്ലാം നാം ദൈവത്തെക്കുറ്ച്ച് ധാരാളമായി അറിയുന്നുണ്ട്. ദൈവത്തെക്കുറിച്ചു നമുക്കുള്ള അറിവിനോടു ചേരുന്ന രീതിയിലാണോ നാം ജീവിക്കുന്നത്? അതോ തിരുവചനങ്ങൾക്കു വിരുദ്ധമായാണോ നാം ചരിക്കുന്നത്?

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നമ്മുടെ ആത്മീയ ജീവിതത്തിന്റെ യഥാർത്ഥ അവസ്ഥ നമുക്കു ബോധ്യപ്പെടാനും, നമ്മുടെ ഹൃദയത്തിന്റെ യഥാർത്ഥ അവസ്ഥ മനസ്സിലാകാനുമായി ഇന്നു നമുക്കു പ്രാർത്ഥയിൽ ദൈവത്തോടുയാചിക്കാം.

# ദിനം 30

**യോനാ 1:10–16**

10അപ്പോൾ അവർ ഭയചകിതരാ
യി, അയാളോട്: “നീ എന്തിനി
ങ്ങനെ ചെയ്തു?” എന്നു ചോദിച്ചു.
അയാൾ യഹോവയുടെ സന്നിധി
യിൽനിന്ന് ഓടിപ്പോവുകയാണ്
എന്ന് അവർ അറിഞ്ഞിരുന്നു.
അക്കാര്യം അയാൾ അവരോടു പറ
ഞ്ഞിരുന്നു. 11കടൽ മേല്ക്കുമേൽ
പ്രക്ഷുബ്ധമായിക്കൊണ്ടിരുന്നതി
നാൽ അവർ അയാളോടു: “കടൽ
ഞങ്ങൾക്കു ശാന്തമായി കിട്ടത്തക്ക
വണ്ണം ഞങ്ങൾ നിന്നോട്
എന്തുചെയ്യണം?” എന്നു ചോദി
ച്ചു. 12“എന്നെ എടുത്തു കടലി
ലേക്കു എറിയുക. അപ്പോൾ കടൽ
ശാന്തമാകും; ഞാൻ നിമിത്തമാണ്
ഈ കൊടുങ്കാറ്റ് ഉണ്ടായതെന്ന്
എനിക്കറിയാം” അയാൾ പറഞ്ഞു.
13എന്നിട്ടും അവർ കപ്പൽ കരയ്ക്ക
ടുപ്പിക്കേണ്ടതിന് ആഞ്ഞു തുഴ
ഞ്ഞുകൊണ്ടിരുന്നു; പക്ഷേ, കടൽ
കൂടുതൽ ക്ഷോഭിച്ചുകൊണ്ടി
രുന്നതിനാൽ അവർക്കതു കഴി
ഞ്ഞില്ല. 14അവർ യഹോവയോടു

**നിലവിളിച്ചു: "യഹോവേ, ഈ മനു
ഷ്യന്റെ ജീവൻ നിമിത്തം ഞങ്ങൾ
നശിച്ചുപോകരുതേ; നിർദ്ദോഷ
രക്തം ചൊരിയിച്ചുവെന്ന പാതകം
ഞങ്ങളുടെമേൽ വരുത്തരുതേ;
യഹോവേ, അങ്ങയുടെ ഇഷ്ടം
പോലെ അങ്ങ് ചെയ്തിരിക്കുന്നു
വല്ലോ". 15അങ്ങനെ അവർ
യോനയെ എടുത്തു കടലിൽ എറി
ഞ്ഞു. കടലിന്റെ കോപം അടങ്ങി.
16അപ്പോൾ അവർ യഹോവയെ
അത്യധികം ഭയപ്പെട്ടു; യഹോ
വയ്ക്ക് അവർ യാഗം കഴിച്ചു;
നേർച്ചകൾ നേരുകയും ചെയ്തു.**

ദൈവത്തോടുള്ള തന്റെ അനുസരണക്കേടിന്റെ ഫലമാണ് ഈ കൊടുങ്കാറ്റും പ്രശ്നങ്ങളുമെല്ലാമെന്ന് യോനായ്ക്ക് അറിയാമായിരുന്നു, എന്നിരുന്നാലും അവർ നറുക്കിട്ടുതീരുമാനിക്കുന്നതുവരെ യോനാ അക്കാര്യത്തെക്കുറിച്ചു തുറന്നു പറഞ്ഞില്ല. കപ്പൽയാത്രക്കാരെ രക്ഷിക്കാനായി തന്റെ ജീവിതം ത്യജിക്കാൻ യോനാ ഒരുക്കമായിരുന്നു, നിനെവേ ദേശക്കാർക്കുവേണ്ടി അതുചെയ്യാൻ അവൻ തയ്യാറായില്ലെങ്കിലും. വിജാതീയരാണെങ്കിലും

അവർക്കു യോനായോട് അനുകമ്പതോന്നിയതുകൊണ്ട് അവർ യോനയെ രക്ഷിക്കാൻ ശ്രമിച്ചു. അതിനായി അവർ കപ്പൽ കരയോടു ചേർക്കാൻ ശ്രമിച്ചു, യോനയെ വെള്ളത്തിൽ എറിയാതെ. യോനായുടെ ദൈവം ജീവിക്കുന്നവനാണെന്ന അറിവും, ആ ദൈവത്തിന്റെ പ്രവാചകനെ കടലിൽ എറിഞ്ഞുകളഞ്ഞാൽ ഉണ്ടാകാൻ പോകുന്ന അനന്തരഫലങ്ങളെക്കുറിച്ചുള്ള ഭയവും അവരിൽ ഉണ്ടായിരുന്നു. കരയിലേക്കെത്താൻ അവർ കഠിനശ്രമം നടത്തിയിട്ടും അവർക്കതു കഴിഞ്ഞില്ല. ദൈവത്തിന്റെ പദ്ധതികൾ തകിടംമറിക്കാൻ നമുക്കു കഴിയില്ല, എത്ര കഠിനമായി നാം ശ്രമിച്ചാലും. കടലിനെ നിയന്ത്രിക്കുന്ന ദൈവം അവരോട് ആവശ്യപ്പെടുന്നത് അവർ നിറവേറ്റി, യോനായെക്കുറിച്ചുള്ള ദൈവഹിതം നിറവേറ്റുംവരെ ആ കടൽ ശാന്തമാകാനും പോകുന്നില്ല.

സഹോദരീ സഹോദരന്മാരെ, നമ്മുടെ ജീവിതത്തിലെ സകലകാര്യങ്ങളും ദൈവനിയന്ത്രണത്തിലാണ്. അവന്റെ പദ്ധതികൾ മാറ്റം വരുത്താൻ കഴിയാത്തവയുമാണ്.

ഇയ്യോബ് 42:2 “അങ്ങേയ്ക്ക് എല്ലാം സാദ്ധ്യമെന്നും അങ്ങയുടെ ഉദ്ദേശമൊന്നും തടയാനാവുകയില്ലെന്നും ഞാൻ അറിയുന്നു.” ദൈവഹിതം നിരസിക്കുന്നത് ജീവിതം എളുപ്പമാക്കില്ല.

യോനയെ എടുത്തു കടലിൽ എറിഞ്ഞപ്പോൾ കടൽ ശാന്തമായി. പെട്ടെന്ന് കടൽ ശാന്തമായത് യോനായുടെ ദൈവം യഥാർത്ഥദൈവമാണ് എന്നുള്ളതിനു തെളിവാണ്, ദൈവകല്പനയെ യോന നിരസിച്ചത് ഗൗരവതരമായ ഒരു വിഷയമാണെന്നുള്ളതിനും. കടലിലെ കൊടുങ്കാറ്റിനെക്കാൾ കൂടുതൽ ദൈവത്തെ ഭയപ്പെടണമെന്ന ചിന്തയോടുകൂടെയുള്ള ഒരു തീരുമാനത്തിൽ, കപ്പൽ ജീവനക്കാർ ദൈവത്തിന് ഒരു യാഗമർപ്പിക്കുകയും അവിടുത്തെ ശുശ്രൂഷിക്കാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു.

സർവ്വശക്തനായ ദൈവത്തെ നാം ഇവിടെ കാണുന്നു. യോനായുടെ അനുസരണക്കേടിനെപ്പോലും ദൈവം ഉപയോഗിച്ചു, യോനായുടെ അനുസരണക്കേടിലൂടെതന്നെ അവൻ സമ്പർക്കത്തിലാകുന്ന ആളുകളുടെയടുത്ത്

ദൈവത്തെക്കുറിച്ചു വെളിപ്പെടുത്താൻ വേണ്ടി. നമ്മുടെ തെറ്റുകളെ ഉപയോഗിച്ചുപോലും മറ്റുള്ളവരോടു ദൈവത്തെ അറിയിക്കുവാൻ ദൈവത്തിനു സാധിക്കും. ഈ പ്രക്രിയ വേദനാകരമായ ഒന്നായിരിക്കും, എന്നാൽ നമ്മുടെ പാപങ്ങൾ അംഗീകരിച്ച് ഏറ്റുപറയുന്നത് ദൈവത്തെ അറിയാത്തവരുടെ മുന്നിലുള്ള ശക്തമായ ഒരു ഉപാധിയാണ്.

ദൈവത്തെ നിരസിക്കുന്ന എതെങ്കിലും മേഖലകൾ നിങ്ങളുടെ ജീവിതത്തിലുണ്ടോ?

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ദൈവത്തിനു കീഴടങ്ങുന്ന ഒരു ഹൃദയം നിങ്ങൾക്കു സ്വന്തമായി നല്കാൻ ഇന്നു ദൈവത്തോടു പ്രാർത്ഥിക്കുക.

ഏതെങ്കിലും ഒരു പാപം നിങ്ങൾ ദൈവമുന്നിൽ അംഗീകരിക്കേണ്ടതുണ്ടോ?

# ദിനം 31

**യോനാ 1:17**

17യോനായെ വിഴുങ്ങുവാൻ ഒരു
മഹാമത്സ്യത്തെ യഹോവ നിയോ
ഗിച്ചിരുന്നു. അങ്ങനെ യോനാ
മൂന്നു പകലും മൂന്നു രാത്രിയും ആ
മത്സ്യത്തിന്റെ വയറ്റിൽ കഴിഞ്ഞു.

കാറ്റിന്റെയും കടലിന്റെയും മത്സ്യത്തിന്റെയും മേൽ അധീശത്വമുള്ളവനാണു ദൈവം. പരമാധികാരിയും സകലത്തിന്റെയും നിയന്ത്രിതാവും അവനാണ്. യോനായെ വിഴുങ്ങുവാൻ ദൈവം ഒരു വലിയ മത്സ്യത്തെ നിയോഗിച്ചു, ആ മത്സ്യത്തിന്റെയുള്ളിൽ യോനാ മൂന്നുരാവും മൂന്നു പകലും അകപ്പെട്ടുപോയി - ഭീകരമായ തണുപ്പും ഏകാന്തതയും ഇരുട്ടുമുള്ള ഒരു സ്ഥലം - അവിടെവച്ച് യോനാ ദൈവത്തെ നേരിടാൻ പോകുന്നു. ദൈവത്തോടുള്ള നമ്മുടെ അനുസരണക്കേട് നമ്മുടെ ജീവിതത്തിൽ ആത്മീയ വീഴ്ചയെ കൊണ്ടുവരുന്നു. ദൈവത്തെ അറിഞ്ഞിട്ടും അവനുവേണ്ടി ജീവിക്കാതിരിക്കാൻ നമുക്കു കഴിയും, എന്നാൽ ദൈവം നമ്മെ വിട്ടുകളഞ്ഞിട്ടില്ല,

യോനയെപ്പോലെ, എന്നു മനസ്സിലാക്കാനും നമുക്കുകഴിയും. അതുകൊണ്ടാണ് യോനയുടെ ജീവൻ രക്ഷിക്കാനായി ദൈവം ഒരു മത്സ്യത്തെ അയച്ചത്.

യോനായുടെ ആത്മീയമന്ദതയിൽനിന്നും അവനെ കുലുക്കിയുണർത്താൻ ദൈവം പദ്ധതിയൊരുക്കി – ഒരു മത്സ്യത്തിന്റെ ഉള്ളിലെ തണുപ്പിലും ഇരുട്ടിലും ഏകാന്തതയിലുമായിരുന്നു അത് എന്നുമാത്രം.

യോനായെ രക്ഷിക്കാൻ ദൈവത്തിനുമുന്നിൽ അനേകവഴികളുണ്ടാകാം – എന്നാൽ ദൈവം ഈ വഴിയാണു തിരഞ്ഞെടുത്തത്, കാരണം ഈ വഴി യോനായുടെ ഹൃദയത്തെ എപ്രകാരം ചലിപ്പിക്കുമെന്ന് ദൈവത്തിന് അറിയാമായിരുന്നു.

ദൈവവഴിയിലേക്കു യോനായെ തിരിച്ചുകൊണ്ടുവരുന്നതെങ്ങനെയെന്നും അതിനായി എത്രസമയമെടുക്കുമെന്നും ദൈവത്തിനു കൃത്യമായി അറിയാമായിരുന്നു. മത്സ്യത്തിന്റെ വയറ്റിൽ യോനാ മുന്നു ദിവസം ചിലവഴി

ച്ചു. ആ സമയങ്ങളിൽ യോനാ എന്തു ചെയ്യുകയായിരുന്നു എന്ന് നമുക്കു നിശ്ചയമില്ല, ചിലപ്പോൾ തന്നെത്തന്നെ ശപിച്ചിരിക്കാം, എങ്കിലും അവസാനം അവൻ പ്രാർത്ഥിക്കാൻ തീരുമാനിച്ചു.

ആത്മീയമായി വഴുതി താഴേക്കു പോകുന്ന ഒരു പാതയിലാണ് നിങ്ങൾ ഉള്ളതെങ്കിൽ, ആത്മീയമായ തണുപ്പും ഇരുട്ടും ഏകാന്തതയുമാണ് നിങ്ങൾക്ക് അനുഭവപ്പെടുന്നതെങ്കിൽ, എന്തായിരിക്കും അതിനുള്ള കാരണം?

അനുസരണക്കേടിന്റെ ക്രമമായ ഒരു രീതി നിങ്ങളിൽ കണ്ടുവരുന്നുണ്ടോ?

ഏതുവഴികളിലൂടെയാണ് ദൈവം നിങ്ങളെ കുലുക്കിയുണർത്താൻ ശ്രമിക്കുന്നത്?

ദൈവം നിങ്ങളിലെ പ്രവൃത്തി ഇനിയും തീർത്തിട്ടില്ല - പ്രവൃത്തി തീരാത്ത അതേ സ്ഥലത്തുവച്ചുതന്നെയായിരിക്കും ദൈവം നിങ്ങളെ നേരിടാൻ പോകുന്നത്. നിങ്ങളെ രക്ഷിക്കാനുള്ള ഒരു പദ്ധതി ദൈവത്തിനുണ്ട്.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങളെ കുലുക്കി ഉണർത്താൻവേണ്ടി ദൈവം ശ്രമിക്കുന്നത് ഏതൊക്കെ വിധത്തിലാണ്? ഇക്കാര്യങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.

# ദിനം 32

**യോനാ 2:1–2**

1യോനാ മത്സ്യത്തിന്റെ വയ
റ്റിൽനിന്നു തന്റെ ദൈവമായ
യഹോവയോടു പ്രാർത്ഥിച്ചു.
2അവൻ പറഞ്ഞു: എന്റെ കഷ്ടത
യിൽ ഞാൻ യഹോവയോടു നില
വിളിച്ചു; അവിടുന്ന് എനിക്കുത്തര
മരുളി. പാതാളത്തിന്റെ അഗാധത
യിൽനിന്നു ഞാൻ നിലവിളിച്ചു;
അവിടുന്ന് എന്റെ സ്വരം കേട്ടു.

ആ മത്സ്യത്തിന്റെ ഉള്ളിലിരുന്നുകൊണ്ട് യോനാ തന്റെ ദൈവമായ കർത്താവിനോടു പ്രാർത്ഥിച്ചു. 'അവന്റെ ദൈവം' എന്ന പ്രയോഗം യോനയ്ക്ക് ദൈവവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന ഒരു പ്രയോഗമാണ്.

ഈ അദ്ധ്യായം മുഴുവൻ യോനായുടെ പ്രാർത്ഥയ്ക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നു. മത്സ്യത്തിന്റെ ഉള്ളിൽനിന്നും തന്നെ രക്ഷിക്കണമെന്നുള്ള ഒരു പ്രാർത്ഥനയല്ല യോനയ്ക്കുണ്ടായിരുന്നത്, മത്സ്യത്തെ ഉപയോഗിച്ച് തന്നെ രക്ഷിച്ചതിലുള്ള നന്ദിസൂചനയാണ്

അവനുണ്ടായിരുന്നത്. മത്സ്യത്തിന്റെ ഉള്ളിൽ തന്നെ കൊണ്ടുചെന്നാക്കി, തണുപ്പും ഇരുട്ടും ഏകാന്തതയും നിറഞ്ഞ ആ സ്ഥലത്തുവച്ച് തന്റെ പ്രവൃത്തികൾ തന്റെ മുന്നിലേക്കു കൊണ്ടുവന്ന്, ദൈവത്തെ തനിക്ക് അഭിമുഖീകരിക്കാൻ ലഭിച്ച അവസരത്തെക്കുറിച്ചാണ് യോനാ നന്ദി പ്രദർശിപ്പിച്ചത്. മുങ്ങിമരിക്കുന്നതിൽനിന്നും യോനയെ രക്ഷിക്കുന്നതിന് ദൈവം ആ മത്സ്യത്തെ ഉപയോഗിച്ചു, യോനയെ മാനസാന്തരത്തിലേക്കു നയിക്കുന്നതിനും ദൈവം ആ മത്സ്യത്തെ ഉപയോഗിച്ചു.

ജീവിതത്തിൽ നാം കടന്നുപോകുന്ന ആ ദുർഘടസമയങ്ങളെത്തന്നെയാണ് നമ്മെ വിശുദ്ധീകരിക്കുന്നതിനുവേണ്ടി ദൈവം ഉപയോഗിക്കുന്നത്, പ്രയാസങ്ങളുടെ ഉള്ളിൽനിന്നും നോക്കുമ്പോൾ അതൊരു ബുദ്ധിമുട്ടായി നമുക്കു തോന്നുമെങ്കിലും. നമ്മെ വിശുദ്ധീകരിക്കുന്നതിനൊപ്പം ദൈവം നമ്മിലെ പാപത്തെയും ഉരിഞ്ഞുകളഞ്ഞ് നമ്മെ മാനസാന്തരപ്പെട്ട ഒരു അവസ്ഥയിലേക്കു കൊണ്ടുവരുന്നു; ദൈവത്തോടു കൂടുതൽ അനുരൂപരാക്കി

നമ്മെ മാറ്റുന്നതിനായി. നാം കടന്നുപോകുന്ന ദുർഘടസമയങ്ങളെ ഉപയോഗിച്ച് ദൈവം നമ്മെ രക്ഷിക്കുന്നു. നാം തിരഞ്ഞെടുത്തവഴിയിൽക്കൂടിത്തന്നെ നടക്കാൻ അവൻ നമ്മെ അനുവദിച്ചാൽ, അതു നമ്മുടെ മരണത്തിൽതന്നെ എത്തിച്ചേരുമായിരിക്കും. അതുകൊണ്ട് ദൈവം നമ്മെ വിടുവിക്കണമെന്ന് നാം ആഗ്രഹിക്കുന്ന നമ്മുടെ ജീവിതത്തിലെ ദുർഘടഘട്ടങ്ങൾ ദൈവം നമുക്കു പ്രദാനം ചെയ്യുന്ന കരുതൽ ഉപാധികളാണ്. എന്തുകൊണ്ടെന്നാൽ നമ്മെ അവനിലേക്ക് അടുപ്പിക്കാൻ ദൈവം അത്തരം കാര്യങ്ങളെ ഉപയോഗിക്കുന്നു, മാനസാന്തരത്തിന്റെ ഒരു ഇടത്തിലേക്കു നമ്മെ നയിക്കാനും, അതു വഴി പാപത്തിൽ നിന്നും തിരിഞ്ഞ് ദൈവത്തിലേക്കു മാറുവാനുള്ള ഒരു അവസരം നമുക്കു ലഭിക്കുവാനായി.

ജീവിതത്തിൽ നാം ബുദ്ധിമുട്ടുകളിലൂടെ കടന്നുപോകുമ്പോൾ പലപ്പോഴും മറ്റുള്ളവരുടെ പാപത്തിലേക്കു ദൃഷ്ടി പായിക്കുന്നതിനുള്ള പ്രലോഭനമാണ് നമുക്കുണ്ടാകുന്നത്. എന്നാൽ നാം കാണേണ്ടത് നമ്മുടെ പാപവും, നമ്മുടെ ഹൃദയത്തിന്റെ അവസ്ഥയും, നമുക്ക്

ദൈവത്തെ എത്രമാത്രം ആവശ്യമുണ്ട് എന്നതുമാണ്.

നമ്മുടെ ജീവിതത്തിലേക്കു കടന്നുവരുന്ന ദുർഘടങ്ങളെ ദൈവം എല്ലാ സമയത്തും മാറ്റിക്കളയുന്നില്ല, പകരം, അത്തരം സാഹചര്യങ്ങളെ ഉപയോഗിച്ച് ദൈവം പലപ്പോഴും തന്റെ ഉദാത്തമായ പ്രവൃത്തികൾ നമ്മിൽ പ്രവർത്തിക്കുകയാണു ചെയ്യുന്നത്.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

വിഷമസന്ധികളിലൂടെ നിങ്ങൾ കടന്നുപോകുമ്പോൾ, അവയെ മാറ്റിക്കളയാനാണോ നാം ദൈവത്തോട് ആവശ്യപ്പെടുന്നത്? അതോ അത്തരം അവസരങ്ങളിൽ നിങ്ങളുടെ ഹൃദയത്തിലേക്ക് നല്ലവണ്ണം ഒന്നു നോക്കുവാൻ അവസരമൊരുക്കുകയാണോ നിങ്ങൾ ചെയ്യുന്നത്?

# ദിനം 33

യോനായുടെ പ്രാർത്ഥനയിൽ സങ്കീർത്തനങ്ങളിൽ നിന്നുമുള്ള പരാമർശം നമുക്കു കാണാനാകും.

വാക്യം 2 - സങ്കീർത്തനം 120:1
വാക്യം 3 - സങ്കീർത്തനം 69:2, 42:7
വാക്യം 4 - സങ്കീർത്തനം 31:22

യോനായുടെ പരീക്ഷണഘട്ടം അവനെ വചനങ്ങളിലേക്കു നയിച്ചുവെന്ന് നമുക്കിവിടെ കാണാം. നമ്മുടെ പ്രതികരണങ്ങൾ പലപ്പോഴും ഇപ്രകാരമാണ്, നമ്മുടെ മുന്നിൽ യാതൊരുവഴിയും ഇല്ലാതെ നാം പെട്ടുപോയ അവസ്ഥയിൽ ആയിത്തീരുമ്പോഴാണ് ദൈവത്തിലേക്കുതിരിയുന്നതിനെക്കുറിച്ചു ചിന്തിക്കുന്നതും, വചനങ്ങൾ ഓർക്കാൻ നാം ശ്രമിക്കുന്നതും. ദൈവവചനം അറിയാവുന്ന ഒരു വ്യക്തിയായിരുന്നു യോനാ. മത്സ്യത്തിന്റെ ഉള്ളിൽ ആയിരുന്ന അവസ്ഥയിൽ പോലും തന്റെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന വചനങ്ങൾ അവനിലുണ്ടായിരുന്നു. തന്റെ പരീക്ഷണഘട്ടത്തിലെ ഇരുണ്ട സമയത്ത് ആ വചനങ്ങൾ അവനു വെളിച്ചമായിത്തീർന്നു.

വചനസത്യങ്ങളെക്കുറിച്ചുള്ള അറിവ് ഒരാളുടെ ആത്മീയത ഉറപ്പുവരുത്തുന്നില്ല – Skip Heitzig

ദൈവവചനങ്ങൾ യോനായ്ക്കു സുപരിചിതമായിരുന്നെങ്കിലും തന്റെ ജീവിതസാഹചര്യങ്ങളിൽ അവൻ അവയെ പ്രായോഗികമാക്കിയിരുന്നില്ല. അതുപോലെതന്നെ, കുറച്ചുവചനങ്ങൾ മനഃപാഠമാക്കിയതുകൊണ്ടുമാത്രം നമ്മുടെ ജീവിതം ദൈവീകമാകണമെന്നില്ല.

ഹൃദയത്തിൽ ദൈവവചനം സൂക്ഷിച്ചുവയ്ക്കുന്ന ശീലം നിങ്ങൾക്കുണ്ടോ?

നിങ്ങളുടെ ജീവിതത്തെ സ്വാധീനിക്കുകയും നിങ്ങളെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന രീതിയിലാണോ വചനം നിങ്ങളുടെ ഹൃദയത്തിൽ കുടികൊള്ളുന്നത്? അതോ അറിവിന്റെ രൂപത്തിൽ മാത്രമാണോ?

വാക്യം 3

3ഇതാ, അവിടുന്ന് എന്നെ അഗാധതയിലേക്ക്, സമുദ്രമദ്ധ്യത്തിലേ

ക്കുതന്നേ, എറിഞ്ഞുകളഞ്ഞിരിക്കുന്നു;
ജലപ്രവാഹം എന്നെ വലയം ചെയ്തിരിക്കുന്നു.
അങ്ങയുടെ എല്ലാ ഓളങ്ങളും തിരമാലകളും എന്റെമീതെ കടന്നുപോയി.

തന്നെ സമുദ്രത്തിലേക്ക് എടുത്തെറിഞ്ഞ കപ്പൽജീവനക്കാരോട് യോനായ്ക്ക് പരാതിയൊന്നും ഉണ്ടായിരുന്നില്ല. തന്നെ ഇവിടെവരെ എത്തിച്ചത് ദൈവമാണെന്നും, കപ്പൽജീവനക്കാരെ ഉപയോഗിച്ചതും ദൈവമാണെന്നും, ഇതെല്ലാം ദൈവത്തിന്റെ ആലോചനപ്രകാരം നടക്കുന്നതാണെന്നും യോനായ്ക്ക് അറിയാമായിരുന്നു. തന്നെ ഇപ്രകാരമെല്ലാം വലച്ച ദൈവം തന്നോടുചെയ്തത് അനീതിയാണെന്ന ചിന്തയും യോനായ്ക്കുണ്ടായിരുന്നില്ല. ഇത്രയുംകാലം താൻ ദൈവത്തെ ശുശ്രൂഷിച്ചിട്ടും ദൈവം തന്നോട് ഇപ്രകാരം ചെയ്തത് എന്തിനാണെന്ന ചിന്ത യോനായെ എളുപ്പത്തിൽ വലയ്ക്കാമായിരുന്നു.

വാക്യം 4

4അപ്പോൾ ഞാൻ പറഞ്ഞു, അങ്ങയുടെ ദൃഷ്ടിയിൽനിന്ന് ഞാൻ നീക്കപ്പെട്ടിരിക്കുന്നു.
എന്നിരുന്നാലും അങ്ങയുടെ വിശുദ്ധമന്ദിരത്തിലേക്ക് ഞാൻ നോക്കിക്കൊണ്ടിരിക്കും.

ദൈവം യോനായെ അവിടുത്തെ സന്നിധിയിൽനിന്നും നീക്കികളഞ്ഞിരിക്കുന്നു എന്ന് യോനായ്ക്കു മനസ്സിലായി, ഈ അകൽച്ച ശാരീരികമായി മാത്രമല്ല, തന്റെ അനുസരണക്കേടിലൂടെ ആത്മീകമായും തന്നെ അകറ്റിയിരിക്കുന്നു എന്ന് അവനു മനസ്സിലായി. ദൈവവുമായുള്ള ബന്ധം അവനു നഷ്ടമായിരുന്നു.

വാക്യം 7

7എന്റെ പ്രാണൻ മൂർച്ഛിച്ചു വീണപ്പോൾ ഞാൻ യഹോവയെ ഓർത്തു. തിരുസന്നിധിയിലേക്ക്, അങ്ങയുടെ വിശുദ്ധമന്ദിരത്തിലേക്കു തന്നേ, എന്റെ പ്രാർത്ഥന എത്തി.

ഈ സമയമായപ്പോഴത്തേക്ക് യോനാ എളിമപ്പെടുകയും, തനിക്കു

ദൈവത്തെ ആവശ്യമുണ്ടെന്ന ബോധ്യം നേടുകയും ചെയ്തു. താൻ ദൈവത്തിൽനിന്നും തെന്നിമാറുകയാണെന്ന തിരിച്ചറിവ് അവനുണ്ടായി. ദൈവത്തെ ആഗ്രഹിക്കുന്ന ഒരു ഹൃദയത്തോടൊപ്പം ദൈവത്തോടുചേർന്ന് "അങ്ങയുടെ വിശുദ്ധമന്ദിരത്തിലേക്കുതന്നേ, എന്റെ പ്രാർത്ഥന എത്തി" എന്നു പറയുവാൻ യോനായ്ക്കു കഴിഞ്ഞു. തന്റെ ജീവിതത്തിൽ വീഴ്ചയുടെ അടിത്തട്ടിൽ എത്തിയ ഒരു സമയമായിരുന്നതിനാൽ, ഇപ്പോൾ തനിക്കുവേണ്ടത് ദൈവവുമായുള്ള ബന്ധം വീണ്ടെടുക്കുകയാണെന്ന തിരിച്ചറിവും യോനായ്ക്കുണ്ടായി.

വാക്യം 8

> 8വ്യർത്ഥവിഗ്രഹങ്ങളെ വണങ്ങുന്നവർ തങ്ങളോടു ദയാലുവായവനെ പരിത്യജിക്കുന്നു.

വ്യാജദൈവങ്ങളെ/വ്യർത്ഥവിഗ്രഹങ്ങളെ ഭജിക്കുന്നവർ ദൈവത്തെ പുറംതിരിഞ്ഞു കാണിക്കുന്നു. ദൈവത്തെക്കാൾ ഉപരിയായി നാം ആരാധിക്കുന്ന, നമ്മുടെ സ്നേഹഭാജനമാകുന്ന ഏതുകാര്യവും ഒരു വിഗ്രഹമാണ്.

യോനായുടെ മുന്നിലെ വിഗ്രഹം അവന്റെതന്നെ പ്രതിച്ഛായയായിരിക്കാം – ദൈവം തന്നെക്കുറിച്ച് എന്തുവിചാരിക്കും എന്നതിനേക്കാൾ പ്രാധാന്യം തന്റെ ജനത തന്നെക്കുറിച്ച് എന്തു വിചാരിക്കും എന്ന ചിന്തയ്ക്ക് പ്രാധാന്യം നല്കിയതാകാം. ദൈവത്തിന്റെ വിളിയനുസരിച്ച് ഇസ്രായേലിന്റെ ശത്രുവിനോടു സംസാരിക്കാൻ പോയാൽ തന്റെ ദേശം തന്നെ വെറുത്തേക്കാം എന്ന ചിന്ത. തന്റെ ഇമേജ് നന്നായിരിക്കണം എന്നതിനാണ് ദൈവത്തെ അനുസരിക്കണം എന്നതിനേക്കാൾ യോനാ പ്രാധാന്യം കല്പിച്ചത്, തന്റെ ഇമേജ് മോശമാകുന്നതിനെക്കുറിച്ച് ഭയമുണ്ടായിരിക്കാനും സാദ്ധ്യതയുണ്ട്. തന്റെ ശത്രുക്കൾക്കുവേണ്ടത് ന്യായവിധിയാണ് മാനസാന്തരമല്ല എന്ന ചിന്തയും അവനിലുണ്ട്.

തന്റെ വിഗ്രഹങ്ങളെ ഉടച്ചുകളയാമെന്നും ദൈവത്തെ അനുസരിക്കാമെന്നും അവൻ വാഗ്ദാനം ചെയ്യുന്നു. മാനസാന്തരപ്പെട്ടതിനുശേഷം യോനാ തന്റെ ഹൃദയം കഠിനമാക്കുന്നതും നാം കാണുന്നുണ്ട്. ഇക്കാര്യമെല്ലാം ദൈവത്തിനു നിശ്ചയമുണ്ടായി

രുന്നിട്ടും യോനായോടു പ്രതികരിക്കാൻ ദൈവം തയ്യാറായി. ദൈവത്തിന്റെ കരുണയെ ഇതു വെളിപ്പെടുത്തുന്നു. നാം ദൈവത്തിലേക്കു തിരിയുമ്പോൾ ദൈവം നമ്മോടു പൊറുക്കുന്നു, ഏതൊക്കെ വഴികളിൽ നാം വീണ്ടും വീഴും എന്നതെല്ലാം ദൈവത്തിനു നിശ്ചയമായും അറിയാമെങ്കിലും. നമ്മുടെ കർത്താവിന്റെ കൃപ - മഹാശ്ചര്യം തന്നെ!

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

എന്റെ ഹൃദയത്തിൽ എനിക്കുകാണാവുന്ന വിഗ്രഹങ്ങളും വ്യാജങ്ങളും എന്തൊക്കെയാണ്? ദൈവത്തെ നേടുന്നതിലുപരിയായി ഞാൻ കൂടുതൽ പ്രയത്നിക്കുന്നത് എന്തിനുവേണ്ടിയാണ്?

# ദിനം 34

വാക്യം 9

9എന്നാൽ ഞാനാകട്ടെ, സ്തോത്ര
നാദത്തോടെ അങ്ങേയ്ക്ക് യാഗം
അർപ്പിക്കും;
നേർന്നത് ഞാൻ നിറവേറും. രക്ഷ
യഹോവയിൽനിന്നത്രേ.

ആ മത്സ്യത്തിന്റെ ഉള്ളിലായിരിക്കുന്ന സമയത്ത്, വിനയപൂർണ്ണമായ ഒരു തിരിച്ചറിവിലേക്കു യോനാ എത്തിച്ചേരുന്നു - രക്ഷ കർത്താവിൽനിന്നും വരുന്നു. തന്നെയും മറ്റുള്ളവരെയും രക്ഷിക്കാൻ കഴിയുന്നവൻ കർത്താവുമാത്രമാണെന്ന തിരിച്ചറിവ് യോനായിൽ ഉദിക്കുന്നു. നമ്മുടെ രക്ഷ നമുക്കു സ്വായത്തമാക്കാനോ, മറ്റുള്ളവർക്കു രക്ഷ ദാനം ചെയ്യാനോ നമുക്കു കഴിയില്ല. ആരു രക്ഷിക്കപ്പെടണം ആരു രക്ഷിക്കപ്പെടേണ്ട എന്നൊക്കെ തീരുമാനിക്കുന്നതു ദൈവംതന്നെയാണ്. നാമാരും രക്ഷയ്ക്ക് അർഹരുമല്ല. റോമർ 5:8 ഇപ്രകാരം പറയുന്നു: എന്നാൽ നാം പാപികളായിരിക്കുമ്പോൾത്തന്നേ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു; അങ്ങനെ അവിടുന്നു, തനിക്കു

നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തുന്നു. യേശുവിനു പ്രസാദമുണ്ടാകുവാൻ തക്കവിധത്തിൽ നാം നമ്മെത്തന്നെ വിശുദ്ധരാക്കിയിട്ടൊന്നുമല്ല യേശു നമുക്കുവേണ്ടി ജീവൻ ബലിയർപ്പിച്ചത്, നാം പാപികളായിരുന്നപ്പോൾതന്നെ അവൻ നമുക്കുവേണ്ടി മരിച്ചു. രക്ഷിക്കപ്പെടുവാൻ തക്കവണ്ണം നാം യോഗ്യരാണെന്നോ, മറ്റുള്ളവർ നമ്മെക്കാൾ കൂടുതൽ തിന്മപ്രവൃത്തികൾ ചെയ്യുന്നവരാകയാൽ അത്തരത്തിൽ യോഗ്യരല്ലന്നോ നമുക്കു ചിന്തിക്കാൻ സാധിക്കില്ല. രക്ഷയ്ക്കു യോഗ്യരാകാൻ തക്കവണ്ണം നാം ഒന്നും ചെയ്തിട്ടില്ല. എത്ര കൊടിയപാപിക്കും രക്ഷ അവകാശമാക്കാൻ സാധിക്കും, കാരണം അത് ദൈവത്തിന്റെ ഒരു ദാനമാണ്.

വാക്യം 10

10എന്നാൽ യഹോവ മത്സ്യത്തോടു കല്പിച്ചു; അത് യോനായെ കരയിലേക്കു ഛർദ്ദിച്ചു.

തന്റെ സൃഷ്ടികളിന്മേലുള്ള ദൈവത്തിന്റെ പരമാധികാരം ഒരിക്കൽക്കൂടി നാം കാണുന്നു. യോനായെ വിഴുങ്ങാൻ ദൈവം മത്സ്യത്തോടു കല്പിച്ച

തുപോലെ യോനായെ കരയിലേക്കു ഛർദ്ദിക്കാൻ ദൈവം മത്സ്യത്തോടുക ല്പിച്ചു. ദൈവത്തിന്റെ സൃഷ്ടികൾ അവിടുത്തെ അനുസരിക്കുന്നു എന്ന താണ് പ്രമാണം. ദൈവമാണ് ആജ്ഞ നല്കുന്നവൻ. ദൈവമാണ് നിയന്ത്രിതാ വ്. തന്റെ സൃഷ്ടികളിന്മേൽ പരമാധി കാരമുള്ളതും ദൈവത്തിനാണ്.

തനിക്കു മാനസാന്തരപ്പെടുവാനും ദൈവത്തിലേക്കുതിരിയാനും മതിയായ ത്ര സമയം യോനാ മത്സ്യത്തിന്റെ ഉള്ളിൽ കഴിഞ്ഞു. നമ്മുടെ വിശുദ്ധീക രണത്തിനു മതിയായ അത്രയം സമയം നമ്മുടെ ദുർഘടങ്ങളിൽ തുടരാൻ ദൈവം അനുവദിക്കുന്നുവെന്ന ഒരു തത്വം നമുക്കിവിടെ കാണാൻ കഴിയും. ആ ഘട്ടങ്ങളിൽനിന്നും എപ്പോൾ നമ്മെ വിടുവിക്കണമെന്ന് ദൈവത്തിനു വ്യക്തമായി അറിയാം. നാം ദൈവത്തെ ആശ്രയിക്കേണ്ടതുണ്ട്.

ചിലസമയങ്ങളിൽ നമ്മെചൂഴ്ന്നു നില്ക്കുന്ന വിഷമസന്ധികളിൽനിന്നു നമ്മെ വിടുവിക്കാൻ നാം പ്രാർത്ഥിക്കും എന്നാൽ ദൈവത്തിന്റെ രൂപാന്തരപ്രക്രി യകൾ നമ്മിൽ നിറവേറുംവരെ ദൈവം

അത്തരം സന്ധികളെ നമ്മിൽ നില നിർത്തും. യോനായുടെ മാനസാന്തരം മുഴുവനായപ്പോൾ ദൈവം അവനെ വിടുവിച്ചു. താൻ ചെയ്തകാര്യങ്ങളെക്കുറിച്ചുള്ള ഖേദം മാത്രമല്ല യോനായ്ക്കുണ്ടായിരുന്നത്, ദൈവത്തിലുള്ള പൂർണ്ണാശ്രയം അവനു കൈവന്നു.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ദൈവത്തിന്റെ പരമാധികാരവും ദൈവേഷ്ടവും നിങ്ങളുടെ ജീവിതത്തിൽ അനുവദിച്ചുകൊടുക്കുന്നതിനെക്കുറിച്ചു പ്രാർത്ഥിക്കുക. ദൈവത്തിന്റെ പരമാധികാരത്തിനു നിങ്ങളുടെ ഹൃദയം വഴങ്ങിക്കൊടുക്കുവാൻ വേണ്ടിയും പ്രാർത്ഥിക്കുക.

# ദിനം 35

**യോനാ 3:1–2**

1അപ്പോൾ യഹോവയുടെ അരുള
പ്പാട് യോനായ്ക്കു രണ്ടാമതും
ഉണ്ടായി: 2"എഴുന്നേല്ക, മഹാന
ഗരമായ നിനെവേയിലേക്കു
ചെന്ന് ഞാൻ നിന്നോടു പറയുന്നവ
അവിടെ വിളംബരം ചെയ്ക".

രണ്ടാമതും ദൈവവചനം യോനായോട് അറിയിക്കപ്പെട്ടു. ദൈവപദ്ധതിയിൽ നിന്നും ആദ്യം ഓടിപ്പോയവനായിരുന്നെങ്കിലും രണ്ടാമതും അവന് ഒരു അവസരം ദൈവം നല്കി. കഴിഞ്ഞകാലങ്ങളിലെ നിങ്ങളുടെ തെറ്റുകളെ പ്രതി ദൈവം നിങ്ങളെ മാറ്റിനിർത്തിയിരിക്കുകയാണെന്ന് നിങ്ങൾക്ക് ഒരു പക്ഷേ തോന്നുമായിരിക്കാം. ദൈവത്തെ ശുശ്രൂഷിക്കുകയെന്നത് നാം ആർജ്ജിച്ചെടുക്കുന്ന ഒരു സ്ഥാനമഹിമയല്ല. ദൈവശുശ്രൂഷയ്ക്കായി യോഗ്യതനേടിയവർ ആരുമില്ല, എന്നിരുന്നാലും തന്റെ ജോലിനിർവ്വഹിക്കാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു. വീണ്ടും അവസരം നല്കുന്ന ഒരു ദൈവമാണുനമുക്കുള്ളതെന്നത് നന്ദിയോടെ ഓർക്കേണ്ട ഒരു

കാര്യമാണ്. ഓരോപ്രഭാതത്തിലും തന്റെ സ്നേഹം പുതുക്കിനല്കുന്നവനായ ദൈവമാണ് നമ്മുടെ ദൈവം.

നിനെവേ എന്ന മഹാനഗരത്തിൽ ചെന്ന് ദൈവം അവനോടു കല്പിച്ചത് വിളംബരം ചെയ്യാൻ ദൈവം യോനായോട് ആവശ്യപ്പെട്ടു. ദൈവത്തിൽനിന്നുമുള്ള ഒരു സന്ദേശമായിരുന്നു അത്, ദൈവവചനം, അതിനുമാത്രമാണ് മനുഷ്യരെ മാറ്റാൻ കഴിയുന്നത്. നമ്മുടെ വാക്കുകളും നമ്മുടെ പ്രവൃത്തിപദ്ധതികളുമെല്ലാം ഇക്കാര്യത്തിൽ നിഷ്ഫലമാണ്.

വാക്യം 2. നിനെവേയ്ക്കെതിരായി പ്രസംഗിക്കാനാണ് ആദ്യം ദൈവം ആവശ്യപ്പെട്ടതെങ്കിലും, ഇപ്രാവശ്യം നിനെവേയിലേക്കു പോകാനും ദൈവത്തിന്റെ അരുളപ്പാട് കാത്തിരിക്കാനുമാണ് യോനായ്ക്കു കിട്ടിയ നിർദ്ദേശം. മുഴുവൻ സംഗതികളും ഒറ്റയടിക്കു പറയാതെ പടിപടിയായി ദൈവം തന്റെ ഹിതം നമുക്കു മനസ്സിലാക്കി തരുന്നതിന് ഈ ഭാഗം ഒരു ദൃഷ്ടാന്തമാണ്. നിനെവേക്കാർക്കെതിരെ എന്തുസംസാരിക്കണമെന്ന് ദൈവം ആദ്യം അറിയി

ച്ചപ്പോൾ യോനാ അപ്രകാരം ചെയ്യാൻ നിഷേധിച്ചു. നമുക്കു വഹിക്കുവാൻ കഴിയുന്ന ഭാരം മാത്രമാണ് ദൈവം നമ്മോട് ചുമക്കാൻ ആവശ്യപ്പെടുന്നത്. ചിലസമയങ്ങളിലെങ്കിലും മുഴുവൻ കാര്യങ്ങളും വ്യക്തമാക്കിത്തന്നാലേ നാം ദൈവത്തെ അനുസരിക്കൂ എന്ന നിലപാടു സ്വീകരിക്കും. എന്നാൽ നമ്മുടെ മുന്നിൽ അനാവരണംചെയ്ത ആദ്യപടിയെപ്രതിയുള്ള നമ്മുടെ അനുസരണമാണ് ദൈവം നമ്മിൽനിന്നും നോക്കുന്നത്. അനുസരണയുടെ പാതയിൽ നാം സഞ്ചരിക്കുമ്പോൾ കൂടുതൽ പടികൾ അവൻ ഓരോന്നായി നമുക്കുമുന്നിൽ തുറന്നുകാണിക്കുകയും നമ്മുടെ പാതയെ നിരപ്പാക്കുകയും ചെയ്യുന്നു.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

രണ്ടാമതൊരവസരം ദൈവം നല്കാൻവേണ്ടി കാത്തിരിക്കുന്നവരാണോ നിങ്ങൾ?

നിങ്ങളുടെ ഭാവിയെക്കുറിച്ചുള്ള മുഴുവൻ പദ്ധതികളും ചുരുൾനിവർത്തി കാണിച്ചുതന്നാലേ ദൈവത്തെ അനുസരിക്കൂ എന്ന നിലപാടിൽ നിൽക്കുകയാണോ നിങ്ങൾ?

# ദിനം 36

**യോനാ 3:3–4**

3അങ്ങനെ യോനാ എഴുന്നേറ്റു
കർത്താവിന്റെ അരുളപ്പാടനുസ
രിച്ച് നിനെവേയിലേക്കു പുറപ്പെട്ടു.
നിനെവേ മൂന്നുദിവസത്തെ വഴിദൂ
രമുള്ള അതിമഹത്തായ ഒരു പട്ട
ണമായിരുന്നു. 4യോനാ, പട്ടണ
ത്തിൽ കടന്ന് ഒരു ദിവസത്തെ വഴി
നടന്നു. അയാൾ വിളിച്ചുപറഞ്ഞു:
"ഇനി നാല്പതു ദിവസം കഴിയു
മ്പോൾ നിനെവേ നശിപ്പിക്കപ്പെ
ടും."

ദൈവത്തിന്റെ അരുളപ്പാടു നിവർത്തിക്കേണ്ടതിന് യോനാ മഹനഗരമായ നിനെവേയിലേക്കു പോയി. ദൈവം തന്നോടു കൂടുതൽ അരുളപ്പാടുനല്കാൻ കാത്തുനിൽക്കാതെ യോനാ നിനെവേയ്ക്കെതിരെ പ്രസംഗിക്കാൻ തുടങ്ങി. നാല്പതുനാളുകൾ മാത്രമേ നശിപ്പിക്കപ്പെടുന്നതിനുമുമ്പു നിനെവേദേശത്തിനുള്ളൂ എന്ന് അവൻ പ്രഘോഷിച്ചു. ഹെബ്രായഭാഷയിൽ എഴുതിയിരിക്കുന്നതു നോക്കുമ്പോൾ വെറും അഞ്ചുവാക്കുകളേ യോനാ

യുടെ പ്രഖ്യാപനത്തിൽ ഉള്ളൂ. പലകാര്യങ്ങളും യോനാ വിട്ടുകളഞ്ഞു. ആരാണ് ഇക്കാര്യം ചെയ്യുന്നതെന്നും, എന്തുകൊണ്ടാണ് ദൈവം ഇതുചെയ്യുന്നതെന്നും, ഇതുസംഭവിക്കാതിരിക്കാൻ ആ ദേശത്തുള്ളവർ എന്തുചെയ്യണമെന്നൊന്നും യോനാ സംസാരിച്ചില്ല. മാനസാന്തരത്തിലേക്കുള്ള ഒരു വിളിയോ, പ്രത്യാശയ്ക്കുവകനല്കുന്ന ഒരു സൂചനയോ യോനായുടെ പ്രസംഗത്തിലില്ലായിരുന്നു. തന്റെ വായ് കൊണ്ട് യോനാ ദൈവത്തെ അനുസരിക്കുന്നു എന്നിരിക്കിലും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ധാരാളം കാര്യങ്ങൾ പറയാതിരിക്കുന്നുണ്ട്, കാരണം, നിനെവേക്കാർ മാനസാന്തരപ്പെടണമെന്ന ആഗ്രഹം അപ്പോഴും യോനായ്ക്കില്ല. എന്നാലും അദ്ദേഹത്തിന്റെ സന്ദേശത്തിൽ ഒരു കാര്യം വ്യക്തമാണ് - സമയം പരിമിതമാണ്, ന്യായവിധി ആസന്നമായിരിക്കുന്നു. ഇന്നത്തെ കാലഘട്ടത്തെ സംബന്ധിച്ചും ഇതുതന്നെയാണ് വാസ്തവം.

എല്ലാവരും പാപം ചെയ്തിരിക്കുന്നു (റോമർ 3:23), പാപത്തിന്റെ ശമ്പളം മരണവുമാണ് (റോമർ 6:23). ഒരു രക്ഷകന്റെ ഇടപെടലില്ലാതെ, യേശുവി

നെക്കൂടാതെ, നാമെല്ലാവരും ന്യായവിധിയിലേക്കു കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്, നമുക്കുള്ള സമയവും ചെറുതാണ്. ജീവിതം കുമിളപോലെയാണ്.

ജീവിതം ചെറുതാണ്, ന്യായവിധി നിശ്ചയവുമാണ്. മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമെന്നു പറയുന്നത് രക്ഷതന്നെയാണ്.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നമ്മുടെ രക്ഷയെപ്രതി യേശുവിനു നന്ദിപറയാൻ കുറച്ചു സമയം നമുക്കു ചിലവഴിക്കാം. നിങ്ങളോടു ദൈവത്തെ അറിയിക്കാനായി ദൈവം ഉപയോഗിച്ച ആളുകളോടു നന്ദിപറയുകയും ചെയ്യുക.

# ദിനം 37

**യോനാ 3:5–6**

5നിനെവേ നിവാസികൾ ദൈവ
ത്തിൽ വിശ്വസിച്ചു. അവർ ഒരു ഉപ
വാസം പ്രഖ്യാപിച്ചു. എല്ലാവരും,
ചെറിയവൻമുതൽ വലിയവൻവ
രെ, ചാക്കുവസ്ത്രം ഉടുത്തു.
6നിനെവേ രാജാവ് ഈ വാർത്ത
അറിഞ്ഞപ്പോൾ തന്റെ സിംഹാസ
നത്തിൽനിന്നും എഴുന്നേറ്റു രാജ
കീയവസ്ത്രങ്ങൾ മാറ്റി ചാക്കു
ടുത്ത്, ചാരത്തിൽ ഇരുന്നു.

നിനെവേ നിവാസികൾ ദൈവത്തിൽ വിശ്വസിച്ചു. അവർ യോനായെ വിശ്വസിച്ചോ എന്ന് ബൈബിൾ പറയുന്നില്ല, പക്ഷേ അവർ ദൈവത്തിൽ വിശ്വസിച്ചു.

റോമർ 10:17 ഇപ്രകാരം പറയുന്നു:

അങ്ങനെ വിശ്വാസം ദൈവികസന്ദേശത്തിന്റെ കേൾവിയാലും കേൾവി ക്രിസ്തുവിനെക്കുറിച്ചുള്ള വചനത്താലും ഉണ്ടാകുന്നു.

ദൈവത്തിന്റെ വചനം വിശ്വാസം

നല്കുന്നു, അവിടുത്തെ ദയ മാനസാന്തരം കൊണ്ടുവരുന്നു. ദൈവത്തിൽ വിശ്വസിക്കേണ്ടതിന് ആളുകൾക്കു വചനം കേൾക്കാനുള്ള ഒരു അവസരം നല്കേണ്ടതുണ്ട്. വചനം കേൾക്കാതെ ആർക്കും രക്ഷപ്രാപിക്കാൻ സാദ്ധ്യമല്ല. വചനം കേൾക്കുന്നതിലൂടെയാണ് രക്ഷ കടന്നുവരുന്നതെങ്കിലും, വചനം പ്രസംഗിക്കുന്നയാളുടെ വാക്ചാതുരിയോ ശക്തിയോ ഒന്നുമല്ല കാര്യം, ദൈവത്തിന്റെ ശക്തിയാണ്. തന്റെ വചനത്തിലൂടെ ഹൃദയങ്ങളെ മാറ്റുന്നത് ദൈവം തന്നെയാണ്. അർദ്ധമനസ്സോടെയുള്ള ഒരു സന്ദേശമാണ് യോനാ നല്കിയതെങ്കിലും, താൻ പ്രസംഗിച്ച ദൈവവചനമാണ് ദുഷ്ടരായ ഒരു ജനതയുടെ ഹൃദയവും മനസ്സും മാറ്റിയത്. കുട്ടികളെപ്പോലും ജീവനോടെ ചുട്ടെരിക്കുന്നതിലും, മുതിർന്നവരെ ചിത്രവധംചെയ്യുന്നതിലും, മരുഭൂമിയിലെ സൂര്യാതപത്തിൽ നിർത്തി ആളുകളെ കൊന്നൊടുക്കുന്നതിലും പ്രശസ്തികേട്ടവരായിരുന്നു ഈ ജനത.

ഏതു ദുഷ്ടഹൃദയത്തെയും മാറ്റുവാനുള്ള അതിശയകരമായ ഒരു ശക്തി ദൈവവചനത്തിനുണ്ട്. നിനെവേ നിവാ

സികൾ ദൈവത്തിൽ വിശ്വസിക്കുകമാത്രമല്ല ചെയ്തത്, അവർ തങ്ങളുടെ ദുഷ്ടതയിൽനിന്നും മാനസാന്തരപ്പെടുകയും ചെയ്തു.

അഞ്ചാം വാക്യത്തിൽ അവർ ഒരു ഉപവാസം പ്രഖ്യാപിക്കുന്നതും ചാക്കുവസ്ത്രം ധരിക്കുന്നതും കാണാം. ഹൃദയത്തിൽനിന്നുമുള്ള തകർച്ചയുടെയും വിലാപത്തിന്റെയും അടയാളമായിരുന്നു അക്കാലഘട്ടത്തിൽ ചാക്കുവസ്ത്രം. അവരുടെ പാപത്തിന്റെ ഫലനം അവർക്കു ബോധ്യപ്പെട്ടപ്പോൾ അവരുടെ ഹൃദയം തകർന്നു, അവരുടെ പാപത്തെക്കുറിച്ച് അവർ വിലപിച്ചു.

അവരുടെ പ്രവൃത്തികൾ സങ്കീർത്തനം 51:17 നമ്മുടെ ഓർമ്മയിലേക്കു കൊണ്ടുവരുന്നു:

**ഈസോപ്പുകൊണ്ട് എന്നെ ശുദ്ധീകരിക്കേണമേ; അപ്പോൾ ഞാൻ നിർമ്മലനാകും. എന്നെ കഴുകേണമേ; അപ്പോൾ ഞാൻ ഹിമത്തെക്കാൾ വെണ്മയുള്ളവനാകും.**

നിനെവേ നിവാസികളുടെ മാനസാന്തരം അവരുടെ ജീവിതത്തിൽ വന്ന

രൂപാന്തരത്തിലൂടെയും മാറ്റത്തിനായുള്ള അവരുടെ സമർപ്പണത്തെപ്രതിയും വെളിവാക്കപ്പെടുന്നു. വിശ്വാസം പ്രവൃത്തികളിലൂടെ മറനീക്കി പുറത്തുവരുമെന്ന തത്വം ഇവിടെ നമുക്കു കാണാം. തകർന്ന ഹൃദയം നമുക്കുണ്ട് എന്നു പറയുന്നുവെങ്കിലും വീണ്ടും അതേപാപപ്രവൃത്തിയിലേക്കു നാം തിരിച്ചെത്തുന്നുവെങ്കിൽ ശരിയായ മാനസാന്തരദേശത്ത് നാം എത്തിയിട്ടില്ല എന്നു തന്നെ നമുക്കു മനസ്സിലാക്കാൻ കഴിയും.

പാപത്തിൽ നിന്നു തിരിയുകയും ദൈവത്തിലേക്കു സഞ്ചരിക്കുകയും ചെയ്യുന്നതാണു മാനസാന്തരം.

നമ്മുടെ വഴികളിൽനിന്നും തിരിഞ്ഞ് ദൈവീകവഴികളിൽ സഞ്ചരിക്കുമ്പോൾ മാനസാന്തരം യഥാർത്ഥമാകും.

രക്ഷിക്കപ്പെടേണ്ട ആളുകളുടെയടുത്ത് നാം ദൈവവചനം പങ്കുവയ്ക്കുന്നുണ്ടോ?

മാനസാന്തരപ്പെടേണ്ട മേഖലകൾ

എന്റെ ജീവിതത്തിൽ ഉണ്ടോ, എന്റെ വഴികളിൽത്തന്നെ ഞാൻ പറ്റിപ്പിടിച്ചിരിക്കുന്നുണ്ടോ?

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

മാനസാന്തരപ്പെട്ടു എന്ന് ഞാൻ എന്നെത്തന്നെ പറഞ്ഞുപറ്റിക്കുന്ന, മാനസാന്തരത്തിന് അനുയോജ്യമായ പ്രവൃത്തികളുടെ പിൻബലമില്ലാത്ത ഏതെങ്കിലും സംഗതികൾ എന്നിലുണ്ടോ?

എന്റെ ഹൃദയവും എന്റെ പ്രവൃത്തികളും മാറാനായി ഞാൻ ദൈവത്തോട് യാചിക്കേണ്ട മേഖലകൾ ഏതൊക്കെയാണ്?

# ദിനം 38

**യോനാ 3:6–10**

6നിനെവേരാജാവ് ഈ വാർത്ത
അറിഞ്ഞപ്പോൾ തന്റെ സിംഹാസ
നത്തിൽനിന്നും എഴുന്നേറ്റു രാജ
കീയവസ്ത്രങ്ങൾ മാറ്റി ചാക്കു
ടുത്ത് ചാരത്തിൽ ഇരുന്നു.
7രാജാവ് ഒരു വിളംബരം പ്രസിദ്ധ
പ്പെടുത്തി: "നിനെവേരാജാവി
ന്റെയും അവന്റെ പ്രഭുക്കന്മാരു
ടെയും കല്പന: മനുഷ്യനോ
മൃഗമോ കന്നുകാലികളോ
ആട്ടിൻപറ്റമോ ഒന്നും ഒരു
വസ്തുവും ആസ്വദിക്കരുത്.
അവയെ മേയിക്കുകയോ വെള്ളം
കുടിപ്പിക്കുകയോ അരുത്. 8മനു
ഷ്യനും മൃഗവും ചാക്കു പുതയ്ക്ക
ട്ടെ. എല്ലാവരും ദൈവത്തോട്
ഉറക്കെ നിലവിളിക്കട്ടെ. ഓരോ
വ്യക്തിയും ദുർമാർഗ്ഗവും തന്റെ
പക്കലുള്ള അക്രമവും വിട്ടുപിരിയ
ട്ടെ. 9ദൈവം തന്റെ മനസ്സുമാറ്റി
അവിടുത്തെ ഉഗ്രകോപ
ത്തിൽനിന്ന് പിന്തിരിഞ്ഞു നമ്മെ
നശിപ്പിക്കാതിരുന്നേക്കാം ആർക്ക
റിയാം?" 10അവർ ചെയ്തതും,

**ദുർമ്മാർഗ്ഗത്തിന്റെ വഴിയിൽനിന്ന് അവർ പിന്തിരിഞ്ഞതും കണ്ട് ദൈവം, താൻ അവർക്കു വരുത്തും എന്ന് അരുളിച്ചെയ്തിരുന്ന അനർത്ഥത്തെക്കുറിച്ചു അനുതപിച്ചു; അത് അവർക്കു വരുത്തിയതുമില്ല.**

വാക്യം 6. നിനെവേ രാജാവ് തന്റെ സിംഹാസനത്തിൽ നിന്നും എഴുന്നേറ്റ് രാജകീയവസ്ത്രം മാറ്റിയെന്ന് എഴുതിയിരിക്കുന്നു. സിംഹാസനവും രാജകീയവസ്ത്രവും രാജാവിന്റെ അധികാരചിഹ്നങ്ങളാണ്. ആകയാൽ സിംഹാസനവും ഉടയാടയും ഉപേക്ഷിച്ചുവെന്നു പറയുന്നത് രാജാവു തന്റെ അധികാരമെല്ലാം മാറ്റിവച്ച് ഇസ്രായേലിന്റെ ദൈവത്തിനുമുന്നിൽ സ്വയം എളിമപ്പെടുത്തി എന്നതാണ്. രാജാവ് ചാക്കുവസ്ത്രം ധരിച്ചു ചാരം പൂശി തന്റെ സാമ്രാജ്യം മുഴുവനും ഒരു ഉപവാസം പ്രഖ്യാപിച്ചു. മനുഷ്യരും മൃഗങ്ങളും അടക്കം സകലരും അതിൽ പങ്കെടുക്കണമായിരുന്നു.

വാക്യം 8. ഓരോരുത്തനും തന്റെ തിന്മവഴികൾ വിട്ട് ദൈവത്തിലേക്കു

ധൃതിയിൽ തിരിയട്ടെയെന്ന് രാജാവു കല്പിച്ചു, പെട്ടെന്നുതന്നെ മാനസാന്ത രപ്പെടാനുള്ള ഒരുവിളിയായിരുന്നു രാജാവു നല്കിയത്. പിന്നീടുവന്ന 39 ദിനങ്ങൾക്കു ശേഷം ഉപവസിക്കാമെന്ന് നിനെവേ നിവാസികൾ കരുതിയില്ല. അവരുടെ മാനസാന്തരം പെട്ടെന്നുത ന്നെയുള്ളതായിരുന്നു. ഈ പുസ്തക ത്തെക്കുറിച്ച് എടുത്തുപറയേണ്ട ഒരു പരാമർശമെന്നത്, യോനായെക്കുറിച്ചോ വലിയ ഒരു മത്സ്യത്തെക്കുറിച്ചോ ഉള്ള ഒരു കഥയല്ല ഇതിലെ ഉള്ളടക്കമെന്ന താണ്, വെറും അഞ്ചുവാക്കുകൾ മാത്ര മുള്ള ഒരു പ്രസംഗംകേട്ട് ഒരു ദുഷ്ട ദേശം മാനസാന്തരപ്പെട്ടതിന്റെ കഥയാ ണ്.

അശ്ശൂർ ദേശം, (അശ്ശൂരിന്റെ തല സ്ഥാന നഗരമായിരുന്നു നിനെവേ) യോനാപുസ്തകത്തിൽ വിവരിക്കുന്ന സംഗതികൾ നടക്കുന്ന കാലത്തിനും 30 – 50 വർഷങ്ങൾക്കുശേഷം ഇസ്രായേ ലിന്റെ വടക്കൻ ദേശത്തെ (ഇസ്രാ യേൽദേശത്തെ) കടന്നാക്രമിക്കുകയും കീഴടക്കുകയും ചെയ്തു. ഇതിന്റെ അർത്ഥമെന്താണെന്നുവച്ചാൽ, അവ രുടെ മാനസാന്തരം നീണ്ടുനിൽക്കുന്ന

ഒന്നല്ലായിരുന്നു എന്നാണ്. പിന്നീടു നാം ചരിത്രത്തിലൂടെ മനസ്സിലാക്കുന്നത് അശ്ശൂർദേശം അവരുടെ പാപവഴികളിലേക്കു വീണ്ടും തിരിച്ചു സഞ്ചരിച്ചു എന്നുമാണ്. ആത്മാർത്ഥമായുള്ള ഒരു മാനസാന്തരത്തിനുശേഷവും നാം ഇടറുകയും വീഴുകയും ചെയ്തേക്കാം എന്നത് നമുക്കറിയാവുന്ന കാര്യമാണ്. അതുകൊണ്ടുതന്നെയാണ് നമ്മുടെ ശിക്ഷാവിധി സ്വയം ഏറ്റെടുത്തു പരിഹാരക്രിയനടത്തിയ ഒരു രാജാവിനെ നമുക്കു വേണ്ടിവരുന്നത് – യേശുരാജാവിനെ. നമുക്കുതന്നെ നമ്മെ രക്ഷിക്കാൻ സാദ്ധ്യമല്ല, നമ്മുടെ പാപങ്ങൾക്കു പരിഹാരമർപ്പിക്കാൻ വേറെയൊരാളെ നമുക്കുവേണ്ടതുണ്ട്. തിന്മയെ ശിക്ഷയ്ക്കുവിധേയമാക്കേണ്ടതുണ്ടെന്നത് ദൈവസ്നേഹത്തിന്റെ ഒരു ആവശ്യകോപാധിയാണ്. പാപത്തിന്റെ പരിഹാരക്രിയ ദൈവം നടത്തിക്കഴിഞ്ഞു. എന്നാൽ ആ പരിഹാരക്രിയ ചെയ്യേണ്ടതു നിങ്ങളാണോ അതോ യേശുവാണോ എന്ന തീരുമാനമെടുക്കേണ്ടത് നിങ്ങൾ ഓരോരുത്തരുമാണ്.

മാനസാന്തരപ്പെടാനുള്ള ഒരു വഴി അവരുടെമുന്നിലുണ്ടെന്ന് നിനെവേദേ

ശക്കാരോട് ആരും പറഞ്ഞിട്ടില്ലായിരുന്നു, നാല്പതുനാൾ മാത്രമാണ് അവരുടെ നാശത്തിനായി അവശേഷിക്കുന്നതെന്നു മാത്രമാണ് അവരോട് അറിയിക്കപ്പെട്ടത്. എന്നിരുന്നാലും അവർ മാനസാന്തരപ്പെടാൻ തീരുമാനിച്ചു. നിനെവേ രാജാവു പറഞ്ഞതുപോലെ "ദൈവം തന്റെ മനസ്സുമാറ്റി അവിടുത്തെ ഉഗ്രകോപത്തിൽനിന്ന് പിന്തിരിഞ്ഞു നമ്മെ നശിപ്പിക്കാതിരുന്നേക്കാം ആർക്കറിയാം?" (വാക്യം 9).

വാക്യം 10. അവർ ചെയ്ത കാര്യങ്ങളും തിന്മവഴികളിൽനിന്നും അവർ തിരിഞ്ഞതും ദൈവം കണ്ടുവെന്ന് ഈ വാക്യത്തിൽ പറയുന്നു. ദൈവത്തിന് അവരോടു അനുകമ്പതോന്നി, അവരുടെമേൽ നിപതിക്കാനിരുന്ന വിനാശത്തെ അവർക്കുമേൽ കൊണ്ടുവരികയും ചെയ്തില്ല.

മാനസാന്തരം തുടങ്ങുന്നത് ദൈവത്തിൽ നാം വിശ്വാസമർപ്പിക്കുന്നതിൽനിന്നുമാണ്.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

ദൈവവചനത്തോടാണോ നാം പ്രതികരിക്കുന്നത്? അതോ പാപത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ചുള്ള ഭയത്തോടാണോ? ഇതെക്കുറിച്ചു ആത്മപരിശോധന നടത്തി നമുക്കു പ്രാർത്ഥിക്കാം.

# ദിനം 39

**യോനാ 4:1–4**

1എന്നാൽ യോനാ ഇതിൽ നീരസ
പ്പെട്ട് അത്യന്തം കോപിച്ചു.
2അയാൾ യഹോവയോടു
പ്രാർത്ഥിച്ചു: "അയ്യോ! യഹോവേ,
ഇതു തന്നെയല്ലേ എന്റെ ദേശത്തു
വച്ചു ഞാൻ പറഞ്ഞത്? അതുകൊ
ണ്ടായിരുന്നു ഞാൻ തർശീശി
ലേക്കു ധൃതിപ്പെട്ട് ഓടിപ്പോയത്;
അവിടുന്നു കൃപയും കരുണയും
ദീർഘക്ഷമയും മഹാദയയും ഉള്ള
ദൈവമെന്നും അനർത്ഥത്തെക്കു
റിച്ച് അനുതപിക്കുന്നവനാ
ണെന്നും എനിക്കറിയാമായിരുന്നു.
3അതുകൊണ്ട് ഇപ്പോൾ യഹോ
വേ, എന്റെ ജീവനെ എന്നിൽനിന്ന്
എടുക്കേണമേ, ജീവിച്ചിരിക്കുന്നതി
നേക്കാൾ മരിക്കുന്നതാണ്
എനിക്കു നല്ലത്". 4അപ്പോൾ
യഹോവ: "നീ കോപിക്കുവാൻ
മതിയായ കാരണമുണ്ടോ?" എന്നു
ചോദിച്ചു.

നിനെവേയോടുള്ള ദൈവത്തിന്റെ കരുണാമയപ്രകൃതത്തോടും നിനെവേ

യുടെ വീണ്ടെടുപ്പിനോടും യോനാ യ്ക്ക് ആഭിമുഖ്യമുണ്ടായിരുന്നില്ല. യോനാ ഒരു പ്രവാചകനായിരുന്നു; ദൈവവചനം പ്രസംഗിച്ച് തന്റെ കേൾവിക്കാരിൽ ഒരു മാറ്റമുണ്ടാക്കേണ്ട ജോലിയായിരുന്നു അദ്ദേഹത്തിനു നിറ വേറ്റാനുണ്ടായിരുന്നത്. അപ്രകാരം നോക്കുമ്പോൾ തന്റെ ശുശ്രൂഷയുടെ ഏറ്റവും തിളക്കമേറിയ ഒരു സമയമായി രുന്നു താൻ ഇപ്പോൾ ആയിരിക്കുന്ന സമയം. എന്നാൽ ഈ വിജയത്തെക്കു റിച്ച് അങ്ങേയറ്റം നിരാശപ്പെട്ട മനസ്സുള്ള ഒരുവനായി നമുക്ക് യോനായെ കാണാ നാകും.

മത്സ്യത്തിന്റ ഉള്ളിൽ അകപ്പെട്ട് വിനയപ്പെടുത്തുന്ന സാഹചര്യങ്ങളി ലൂടെ യോനാ കടന്നുപോയപ്പോൾ, അവൻ സ്വയം വിനീതനാവുകയും മാന സാന്തരപ്പെടുകയും ദൈവത്തിലേക്കു തിരിയുകയും ചെയ്തു, എന്നാൽ കാര്യ ങ്ങൾ ശുഭപര്യവസായിയാകാൻ തുടങ്ങി യപ്പോൾ തന്റെ ഹൃദയം കഠിനതയി ലേക്കു നീങ്ങുന്നു. ദൈവം ചെയ്യുന്ന നല്ലപ്രവൃത്തികളെക്കുറിച്ച് അവൻ അസന്തുഷ്ടനായിത്തീരുന്നതു നാം കാണുന്നു.

യോനാ ദൈവവിളിക്കു ചെവിനല്കാതിരുന്നതും, ദൈവകല്പനയിൽനിന്നും ഒളിച്ചോടിപ്പോയതും, നിനെവേയിലേക്കു പോകാതിരുന്നതും എന്തുകൊണ്ടായിരിക്കും എന്ന ചിന്ത ആദ്യംമുതൽ തന്നെ നമുക്കുണ്ടായേക്കാം. താൻ നിനെവേയിലേക്കു പോകാതിരുന്നതിന്റെ കാരണം യോനായുടെ വായിൽനിന്നുതന്നെ ഇപ്പോൾ നമുക്കു കേൾക്കാം. തന്റെ പ്രസംഗം പാഴായിപ്പോകുമെന്നുള്ള ഭയമല്ലായിരുന്നു അത്, പകരം ദൈവം ഇസ്രായേലിന്റെ ശത്രുക്കളോടു കരുണകാണിക്കും എന്ന ഉറപ്പായിരുന്നു ഇത്തരമൊരു പ്രതികരണത്തിനു കാരണം. രണ്ടാം വാക്യം അതു വ്യക്തമാക്കുന്നു: "അവിടുന്നു കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ള ദൈവമെന്നും അനർത്ഥത്തെക്കുറിച്ച് അനുതപിക്കുന്നവനാണെന്നും എനിക്കറിയാമായിരുന്നു". ഈ വാക്യം നമുക്കു കാണാൻ കഴിയുന്നത് പുറപ്പാട് 34:6ലാണ്: "യഹോവ മോശെയുടെ മുമ്പിലൂടെ കടന്ന് ഇങ്ങനെ ഘോഷിച്ചു: യഹോവ, യഹോവയായ ദൈവം കരുണയും കൃപയും ഉള്ളവൻ; ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ." ദൈവം തന്നെക്കുറിച്ചു

പ്രസ്താവിച്ച അതേ വാക്കുകൾതന്നെ ഇപ്പോൾ യോനാ ദൈവത്തെ പരിഹസിക്കാൻ വേണ്ടി ദൈവമുന്നിലേക്ക് ഇട്ടുകൊടുക്കുന്നു. നീ വലിയ കരുണയുള്ളവനാണ്, എന്തിനാണു നീ അവരോടു കരുണകാണിക്കുന്നത്? അവർ നിന്റെ കരുണ അർഹിക്കുന്നില്ല. എന്റെയടുത്തു നീ കരുണ കാണിക്കുന്നതു നല്ലകാര്യമാണ്. എന്നാൽ അവരുടെ അടുത്തു നീ കരുണകാണിക്കുന്നത് അത്ര നല്ലതല്ല.

ഞാൻ കരുണയ്ക്കർഹനാണ് എന്നാൽ മറ്റുള്ളവർ അതിനർഹരല്ല എന്ന മനോഭാവം നമ്മിലേക്കു കയറിവരാൻ എളുപ്പമാണ്. അതു തെറ്റാണ്. ദൈവത്തിന്റെ കരുണയും ദയയും അർഹിക്കുന്നവനായി ഒരാളുമില്ല എന്നതാണു വാസ്തവം. എന്നാൽ യേശുക്രിസ്തുവിലൂടെ അവിടുന്ന് നമുക്കെല്ലാവർക്കും തന്റെ കരുണയുടെ കരം നീട്ടിപിടിച്ചിരിക്കുന്നു.

പഴയനിയമത്തിൽ കാണുന്നത് ദൈവത്തിന്റെ ക്രോധവും ന്യായവിധിയുമാണ്, എന്നാൽ പുതിയനിയമത്തിൽ ദൈവത്തിന്റെ കരുണയാണ് എന്ന

ചിന്ത പലയാളുകളും വച്ചു പുലർത്തുന്നുണ്ട്. എന്നാൽ നമുക്കു മനസ്സിലാക്കാൻ കഴിയുന്ന കാര്യമെന്നത്, പഴയ നിയമകാലത്തിലും ദൈവം നഷ്ടാത്മാക്കളെ നേടാൻ അത്യധികം ഉത്സുകനാണെന്നും, അർഹിക്കാത്തവരുടെയടുത്തുപോലും കരുണകാണിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നവനുമാണെന്നുള്ളതാണ്. ദൈവസഹജമായ രണ്ടു സവിശേഷഗുണങ്ങൾ – ദൈവത്തിന്റെ ന്യായവിധിയും ദൈവത്തിന്റെ കരുണയും – രണ്ടു തലത്തിൽനില്ക്കുന്ന വിപരീത ധ്രുവങ്ങളല്ല, പകരം ദൈവവ്യക്തിത്വത്തിന്റെ പ്രധാന ഘടകങ്ങളാണ്.

വാക്യം 3.

"അതുകൊണ്ട് ഇപ്പോൾ യഹോവേ, എന്റെ ജീവനെ എന്നിൽനിന്ന് എടുക്കേണമേ, ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് എനിക്കു നല്ലത്"

ദൈവത്തിന്റെ സല്പേരിനേക്കാൾ തന്റെ സ്വന്തം സൽകീർത്തിയാണ് യോനായെ സംബന്ധിച്ച് പ്രധാനമായിരുന്നത്. നിനെവേ നിവാസികൾ മാനസാ

ന്തരപ്പെട്ടാൽ നിനെവേദേശത്തിനു താൻ കൊടുത്ത മുന്നറിയിപ്പുകൾ പാഴ്‌വാക്കായിപ്പോകുമെന്ന് യോനായക്ക് നിശ്ചയമുണ്ടായിരുന്നു. അങ്ങനെ സംഭവിച്ചാൽ താൻ കൊച്ചാകുമെന്നും അവൻ ധരിച്ചുവച്ചു, അങ്ങനെ സംഭവിക്കുന്നത് ദൈവമഹത്വത്തിനു കാരണമാകും എന്നതു വാസ്തവമായിരുന്നെങ്കിലും.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നിങ്ങളെപ്പറ്റി നിങ്ങൾക്കുതന്നെ എന്തു തോന്നുന്നു? ദൈവത്തിനു മഹത്വം നല്കുന്ന കാര്യങ്ങൾ ചെയ്യാൻ താത്പര്യമുള്ളവരാണോ അതോ നിങ്ങളുടെ താത്പര്യങ്ങൾ മുന്നിൽവച്ചു പെരുമാറുന്നവരാണോ? ഇക്കാര്യത്തെക്കുറിച്ചു ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

# ദിനം 40

**യോനാ 4:5–9**

5അനന്തരം യോനാ നഗരത്തിനു
പുറത്തുചെന്ന് അതിന്റെ കിഴക്കു
ഭാഗത്ത് ഇരുന്നു. അവിടെ അയാൾ
ഒരു കുടിൽ ഉണ്ടാക്കി. നഗരത്തിന്
എന്തു സംഭവിക്കും എന്നു
കാണാൻ അതിന്റെ കീഴെ തണ
ലിൽ കാത്തിരുന്നു. 6യോനായെ
അവന്റെ സങ്കടത്തിൽ ആശ്വസിപ്പി
ക്കുവാൻ അവന്റെ തലയ്ക്ക് ഒരു
തണലായിരിക്കത്തക്കവണ്ണം
ദൈവം ഒരു ചെടി കല്പിച്ചുണ്ടാ
ക്കി. അത് അയാൾക്കു മീതെ
വളർന്നുപൊങ്ങി. ആ ചെടിനി
മിത്തം യോനാ അതീവസന്തുഷ്ട
നായി. 7എന്നാൽ അടുത്ത പ്രഭാ
തത്തിൽ, ആ ചെടിയെ നശിപ്പിക്കു
വാൻ ദൈവം ഒരു പുഴുവിനെ
നിയോഗിച്ചതിനാൽ അതു വാടി
പ്പോയി. 8സൂര്യൻ ഉദിച്ചപ്പോൾ,
ദൈവം അത്യുഷ്ണമുള്ള ഒരു കിഴ
ക്കൻകാറ്റിനെ കല്പിച്ചയച്ചു;
വെയിൽ യോനായുടെ തലയിൽ
തട്ടി. അങ്ങനെ അയാൾ വാടിത്ത
ളർന്നപ്പോൾ മരിക്കാൻ ആഗ്രഹിച്ചു

കൊണ്ട് പറഞ്ഞു: "ജീവിച്ചിരിക്കുന്നതിനെക്കാൾ മരിക്കുന്നതാണ് എനിക്കു നന്ന്". 9ദൈവം യോനായോടു "ആ ചെടിനിമിത്തം നീ കോപിക്കുന്നതു ശരിയോ?" എന്നു ചോദിച്ചു. അപ്പോൾ അയാൾ: "ഞാൻ കോപിക്കുന്നതു ശരിതന്നെയാണ്; അതു മരണത്തോളമായാലും" എന്നു പറഞ്ഞു.

നിനെവേ ദേശക്കാരെയും നമ്മെയും എപ്രകാരം പരിഗണിക്കുന്നുവോ അതേ രീതിയിൽതന്നെയാണ് ദൈവം യോനായെയും പരിഗണിച്ചത്. തന്റെ കോപത്താൽ യോനായെ ഇല്ലായ്മചെയ്യാൻ ദൈവത്തിനു കഴിയുമായിരുന്നു. എന്നാൽ മൃദുവായ രീതിയിൽ അവനെ ഒരു പാഠം പഠിപ്പിക്കാം എന്നാണു ദൈവം കരുതിയത്.

യോനായ്ക്കു തണലായി ഒരു ചെടിയെ ദൈവം കല്പിച്ചു വളർത്തിയെന്ന് ആറാം വാക്യം പറയുന്നു. ഈ ചെടിയെക്കുറിച്ച് യോനാ അതീവസന്തുഷ്ടനായി, കാരണം ആ ചെടി അയാൾക്ക് സമാശ്വാസവും തണലുമായിരുന്നു. നിനെവേക്കാരുടെ വിടുത

ലിൽ യോനാ അതൃപ്തനായിരുന്നുവെങ്കിലും തന്റെ സമാശ്വാസത്തിൽ യോനാ സന്തുഷ്ടനായി. യോനായുടെ സന്തോഷവും കോപവുമെല്ലാം ഭൗതീക കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവയാണ്. തന്റെ ചിന്താഗതിയോടു ചേർന്നാണ് ഇതെല്ലാം പ്രകടമാക്കിയത്, ദൈവത്തിന്റെ ഹിതവും ദൈവത്തിന്റെ ഇഷ്ടവും അടിസ്ഥാനപ്പെടുത്തിയല്ലായിരുന്നു ഇതൊന്നും. നിനെവേ നിവാസികൾ ന്യായവിധിനേരിടണമെന്നതായിരുന്നു യോനായുടെ ഉള്ളിലിരുപ്പ്, അവരെ വെറുതെവിട്ടതിൽ യോനായ്ക്ക് അപ്രീതിയായിരുന്നു. തന്റെ അസ്വസ്ഥത മാറിക്കിട്ടിയതിനാൽ ദൈവം നല്കിയ ചെടിയോട് യോനായ്ക്ക് വലിയ പ്രീതിയുമായിരുന്നു.

വാക്യം 7. ദൈവം ഒരു പുഴുവിനെ അയച്ച് ആ ചെടിയെ നശിപ്പിച്ചുവെന്ന് നാം വായിക്കുന്നു. ഇപ്പോൾ സൂര്യാതപത്തിൽനിന്നും തനിക്കു ലഭിച്ച സമാശ്വാസം എടുത്തുമാറ്റപ്പെട്ടു. ദൈവം ഒരു ചൂടുകിഴക്കൻ കാറ്റിനെ അയച്ചതിനാൽ തണൽമാറി വെയിൽ തട്ടി യോനായുടെ തല അസ്വസ്ഥമായി. യോനാ

യുടെ അസ്വസ്ഥതകൾക്കു മീതെ ദൈവം അത്യുഷ്ണവും നല്കി.

പുഴുവിനെയും ഉഷ്ണക്കാറ്റിനെയും ദൈവം നല്കിയതായി നാം വായിക്കുന്നു. നമ്മുടെ ജീവിതത്തിലും ചിലസമയങ്ങളിൽ ദൈവം ഇതുപോലുള്ള അസ്വസ്ഥതകൾ കൊണ്ടുവരുന്നു, നമ്മെ മാനസാന്തരത്തിലേക്കു നയിക്കുന്നതിനായി. ദൈവത്തിനു നമ്മോടുള്ള കരുതലിൽനിന്നുമാണ് ഇത്തരം അസ്വസ്ഥതകൾ അയക്കപ്പെടുന്നത്, കാരണം, നമ്മുടെ ഹൃദയങ്ങളിൽ മാനസാന്തരം രൂപപ്പെടുന്നതുകാണാനാണ് ദൈവം ആഗ്രഹിക്കുന്നത്.

തന്റെ സ്വസ്ഥത നഷ്ടപ്പെടുത്തുന്ന ഇത്തരം സാഹചര്യങ്ങളെക്കുറിച്ചു കോപവാനായ യോനാ വീണ്ടും മരിക്കണമെന്ന് ആഗ്രഹിച്ചു. ആ സമയത്ത് ദൈവം അവനോട് "ആ ചെടിനിമിത്തം നീ കോപിക്കുന്നതു ശരിയോ?" എന്ന ചോദ്യം ചോദിക്കുന്നു. "ഞാൻ കോപിക്കുന്നതു ശരിതന്നെയാണ്" എന്നു യോനാ മറുപടി പറയുന്നു. തന്റെ ഹൃദയത്തിന്റെ അവസ്ഥയെക്കാളും ആത്മാവിന്റെ അവസ്ഥയെക്കാളും കൂടുതൽ

യോനാ ബോധവാനായിരുന്നത് അവന്റെ സുഖസൗകര്യങ്ങളെക്കുറിച്ചായിരുന്നു.

യോനാ എന്താണ് ഇപ്രകാരം ഒരു ഭ്രാന്തനെപ്പോലെ പെരുമാറുന്നത് എന്ന തോന്നൽ നമുക്കുണ്ടാകാം. എന്നാൽ ഇതേരീതിയിൽതന്നെ നാം പ്രതികരിക്കുന്നത് എത്രസാധാരണമായാണ്? അപരിചിതനായ ഒരാളോടു സുവിശേഷം പങ്കുവയ്ക്കുന്നതിൽ നാം അസൗകര്യം കണ്ടെത്തുന്നത് എത്ര ലാഘവത്തോടെയാണ്? സഭയിലേക്കു വരുവാൻ ഒരു കാർഡു നല്കുന്നതിനു മുമ്പ് "അവർ എന്നെക്കുറിച്ച് എന്തു വിചാരിക്കും" എന്ന ചിന്ത എത്രമാത്രം നമ്മെ വലയ്ക്കാറുണ്ട്?

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നഷ്ടാത്മാക്കളായി തുടരുന്ന നമ്മുടെ സുഹൃത്തുക്കളേക്കാളും ബന്ധുക്കളെക്കാളും അയല്പക്കക്കാരെക്കാളും കൂടുതൽ നമ്മുടെ അസൗകര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നവരാണോ നാം?

**പ്രായോഗികമായി:**

താമസം വയ്ക്കാതെതന്നെ നഷ്ടപ്പെട്ട ഒരു ആത്മാവിലേക്ക് ഇറങ്ങിച്ചെല്ലുക.

# ദിനം 41

**യോനാ 4:10–11**

10അപ്പോൾ യഹോവ അരുളി
ച്ചെയ്തു: “നീ അദ്ധ്വാനിക്കുകയോ
വളർത്തുകയോ ചെയ്യാതെ ഒരു
രാത്രികൊണ്ട് ഉണ്ടായിവരികയും
ഒരു രാത്രികൊണ്ട് നശിച്ചുപോവു
കയും ചെയ്ത ആ ചെടിയെക്കു
റിച്ച് നീ പരിതപിക്കുന്നു. 11അങ്ങ
നെയെങ്കിൽ വലംകൈയേത് ഇടം
കൈയേത് എന്ന് തിരിച്ചറിവി
ല്ലാത്ത ഒരുലക്ഷത്തിയിരുപതിനാ
യിരത്തിൽപരം മനുഷ്യരും
അനേകം മൃഗങ്ങളും ഉള്ള മഹാന
ഗരമായ നിനെവേയോട് എനിക്ക്
സഹതാപം തോന്നരുതോ” എന്നു
ചോദിച്ചു.

താൻ ഒന്നും ചെയ്യാത്ത ആ ചെടിയെക്കുറിച്ചു യോനാ ഇത്രയ്ക്ക് അരിശപ്പെടുന്നതെന്തിനെന്ന ചോദ്യമാണ് ദൈവം ഉന്നയിക്കുന്നത്. അപ്രകാരം നോക്കുമ്പോൾ താൻ സ്വന്തം സദൃശത്തിൽ സൃഷ്ടിച്ച ഒരു ജനതയോട് എത്രയോ അധികം കരുണകാണിക്കേണ്ടതില്ലേ എന്ന ചോദ്യവുമായി ദൈവം

യോനായെ നേരിടുന്നു. നിനെവേ നിവാസികൾ ആത്മീയമായ ഇരുട്ടിലായിരുന്നു, അനേകവിധത്തിൽ ദുഷ്ടത പ്രവർത്തിച്ചിരുന്നവരായിരുന്നു അവരെങ്കിലും ദൈവത്തിന് അവരെക്കുറിച്ചു കരുതൽ ഉണ്ടായിരുന്നു. ഓരോ ആത്മാവിനെക്കുറിച്ചും ദൈവത്തിനു കരുതൽ ഉണ്ട്.

2 പത്രോസ് 3:9

ചിലർ താമസം എന്നു ചിന്തിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദാനം നിറവേറ്റുന്നതിൽ താമസം വരുത്തുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരത്തിലേക്കു വരണമെന്ന് ആഗ്രഹിച്ചുകൊണ്ട് അവിടുന്നു നിങ്ങളോടു ദീർഘക്ഷമ കാണിക്കുകയാണ്.

എല്ലാവരും മാനസാന്തരത്തിലേക്കു വരണമെന്നുള്ളതാണ് ദൈവത്തിന്റെ ആഗ്രഹം. എല്ലാവർക്കുമായുള്ള ദൈവഹിതവും ഇതുതന്നെയാണ്.

യോനായുടെ പുസ്തകത്തിൽ

നിന്നും നമുക്കു മനസ്സിലാക്കാൻ കഴിയുന്ന ഒരു കാര്യമെന്നത്, നമ്മുടെ ശത്രുക്കളെയും ദൈവം സ്നേഹിക്കുന്നു എന്നതാണ്, അവരെ സ്നേഹിക്കാനാണ് ദൈവം നമ്മെയും വിളിക്കുന്നത്. ദൈവത്തോടു പൂർണ്ണമായും നിരപ്പാക്കപ്പെട്ട ഒരു ജീവിതമാണ് ദൈവം ആഗ്രഹിക്കുന്നത്, അതുപോലെതന്നെ മറ്റുള്ളവരോടും.

യോനാ ശത്രുതയോടെ കണ്ടിരുന്ന ജനത്തിനടുത്തേക്ക് യോനായെ ദൈവം മനഃപൂർവ്വം കൊണ്ടുവരുന്നു, യോനാ മനസ്സിലാക്കാതിരുന്ന കാര്യങ്ങൾ അവനെ പഠിപ്പിക്കാനായി. നമ്മെ നിരന്തരം അസഹ്യപ്പെടുത്തുകയും നമുക്കു സ്ഥിരം ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്ന ആളുകൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുമ്പോൾ അതു നമ്മെസംബന്ധിച്ച് പ്രയാസമുളവാക്കുന്ന ഒരു കാര്യമാണ്. നമ്മുടെ ജീവിതത്തിൽ ഇത്തരം സാഹചര്യമോ ആളുകളോ ഇല്ലായിരുന്നെങ്കിൽ നന്നായിരുന്നു എന്നു നമുക്കു തോന്നും. എന്നാൽ യോനായുടെ പുസ്തകം ഒരു ചോദ്യം നമുക്കു മുന്നിലേക്കു വയ്ക്കുന്നു - ദൈവത്തെക്കുറിച്ചും

ദൈവകൃപയെക്കുറിച്ചും നാം പഠിക്കണമെന്നും വളരണമെന്നുമുള്ള ലക്ഷ്യത്തോടെ ദൈവം പദ്ധതിയൊരുക്കി നമ്മുടെ മുന്നിലേക്കു കൊണ്ടുവന്നിരിക്കുന്ന സാഹചര്യങ്ങളും ആളുകളുമല്ലേ ഇവയെല്ലാം? ഇത്തരം സാഹചര്യങ്ങളിലൂടെ ദൈവം നിങ്ങളെ പഠിപ്പിക്കുന്നത് എന്തൊക്കെ കാര്യങ്ങളാണ്? ക്ഷമാശീലത്തിൽ നിങ്ങൾ വളരുന്നുണ്ടോ? ദൈവത്തെക്കുറിച്ചുള്ള അറിവിൽ നിങ്ങൾ വളരുന്നുണ്ടോ?

ബുദ്ധിമുട്ടേറിയ സാഹചര്യങ്ങളും വിഷമമുണ്ടാക്കുന്ന ആളുകളും നമ്മുടെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന കാര്യങ്ങളെ വെളിപ്പെടുത്തുന്നു. അതുവഴി നമ്മുടെ ഹൃദയത്തെ നമുക്കു ദൈവതിരുമുമ്പിലേക്കു കൊണ്ടുവരുവാനും ദൈവത്തിനു നമ്മെ ശുദ്ധീകരിക്കാനും ഇടയാകുന്നു.

നിനെവേ ദേശത്തേക്കു യോനായെ അയച്ചതിലൂടെ ദൈവം യോനായുടെ ഹൃദയത്തിൽ മറഞ്ഞിരുന്ന പാപത്തെ വെളിയിലേക്കു കൊണ്ടുവരുന്നു. അവസാനഭാഗത്ത് യോനാ എപ്രകാരമാണു ദൈവത്തോടു

പ്രതികരിച്ചത് എന്നു നമുക്കറിയില്ല.

എന്നാൽ ഇന്ന്, നമ്മുടെ ഹൃദയരഹസ്യങ്ങളെ ദൈവം പുറംവെളിച്ചം കാണിക്കുമ്പോൾ നമ്മുടെ പ്രതികരണം എപ്രകാരമാണ്?

യോനാ യേശുവിലേക്കു വിരൽചൂണ്ടുന്നുവെന്നതും, യേശു യോനായേക്കാൾ വലിയവനാണ് എന്നതുമാണ് ഏറ്റവും പരമമായ കാര്യം. (മത്തായി 12:40-41).

പാപികളെ രക്ഷിക്കുന്ന കാര്യത്തിൽ യോനാ വിമുഖത കാണിച്ചു, എന്നാൽ യേശുവാകട്ടെ നമുക്കുവേണ്ടി സ്വജീവൻ ബലിയർപ്പിച്ചു.

ദൈവത്തിന്റെ കരുണയും ന്യായവിധിയും പരസ്പരവിരുദ്ധമായ രണ്ടുകാര്യങ്ങളല്ല. ദൈവം കാരുണ്യവാനാണ്, അതേ സമയംതന്നെ പാപം ശിക്ഷയർഹിക്കുന്ന ഒരു കാര്യവുമാണ്. ക്രൂശിന്മേലുള്ള യേശുവിന്റെ ബലിദാനം പാപത്തോടുള്ള ദൈവത്തിന്റെ ന്യായക്രോധത്തെ ശമിപ്പിച്ചുവെന്നത് യേശുവിൽ വിശ്വസ്തരായ നമുക്കുള്ള സുവി

ശേഷമാണ്.

നമ്മുടെ രക്ഷയെക്കുറിച്ചുള്ള അവിശ്വസനീയമായ ഈ യാഥാർത്ഥ്യത്തിലേക്ക് യോനായുടെ പുസ്തകം വിരൽചൂണ്ടുന്നു.

**പ്രാർത്ഥനയിൽ ഓർക്കേണ്ടതിന്:**

നമ്മുടെ ചുറ്റുമുള്ളവരുടെ നഷ്ടാവസ്ഥയെക്കുറിച്ചു കൂടുതൽ ബോധ്യമുള്ള ഒരു ഹൃദയം നമുക്കു നല്കാൻ നമുക്കു പ്രാർത്ഥിക്കാം, നമ്മുടെതന്നെ ആഗ്രഹങ്ങളും മുറിവുകളും നല്കുന്ന അസ്വസ്ഥതയിൽ മുഴുകിയിരിക്കാതെ.

**പ്രായോഗികമായി:**

നാളെ നിങ്ങൾ കൂട്ടായ്മയിലായിരിക്കുമ്പോൾ, ഒരു സന്ദർശകനുമായോ അല്ലെങ്കിൽ സഹായം ലഭിക്കേണ്ട ഒരു ശിഷ്യനുമായോ സമയം ചിലവഴിച്ച് നിങ്ങളുടെ വിശ്വാസം അവരുമായി പങ്കുവയ്ക്കുകയും കർത്താവിൽ ശക്തികണ്ടെത്താൻ അവരെ സഹായിക്കുകയും ചെയ്യുക.